KOTTAYAM PUBLIC LIBRARY

Call No M200 Acc. No 38082

Author ജ്ഞാനാനന്ദസ്വാമി

Title ക്രിസ്തുഭാഗീത

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

859

# അഷ്ടാവക്രഗീത

THE KOTTAYAM PUBLIC LIBRARY
KOTTAYAM
38082

ജ്ഞാനാനന്ദാശ്രമപ്രസിദ്ധീകരണം.

വ്യാഖ്യാതാവ്
സ്വാമി ജ്ഞാനാനന്ദസരസ്വതി

ഒന്നാം പതിപ്പ് കോപ്പി 1500.

1964 ഡിസമ്പർ.

വില 3ക.

അച്ചടി:

ഗീതാ പ്രസ്സ്, തൃശ്ശൂർ.

# അദ്ധ്യായം 1

ജനക ഉവാച—

കഥം ജ്ഞാനമവാപ്നോതി,
കഥം മുക്തിർഭവിഷ്യതി?
വൈരാഗ്യം ച കഥം പ്രാപ്ത-
മേതൽ ബ്രൂഹി മമ പ്രഭോ. 1

സാരം:—ജനകരാജാവു ചോദിക്കയാണു്: എങ്ങിനെയാണു് ജ്ഞാനമുണ്ടാവുന്നതു്? മനോബുദ്ധീന്ദ്രിയങ്ങൾക്ക വിഷയമല്ലല്ലോ അപരോക്ഷമായ ആത്മജ്ഞാനം. മനുഷ്യനു ജ്ഞാനവിഷയമായി പ്രവത്തിപ്പിക്കാനുള്ള കരണങ്ങൾ മനസ്സും ബുദ്ധിയും ഇന്ദ്രിയങ്ങളും മാത്രമേ ഉള്ളു. പ്രസ്തുത മൂന്നുവിധകരണങ്ങളെക്കൊണ്ടും പ്രാപിക്കാവുന്നതല്ല ആത്മജ്ഞാനമെങ്കിൽ പുരുഷപ്രയത്നത്തിന്നു വിധേയമല്ല ജ്ഞാനമെന്നല്ലേ പറയേണ്ടതു്? പുരുഷപ്രയത്നത്തിൽനിന്നതീതമാണു് ആത്മജ്ഞാനമെങ്കിൽ പിന്നെ എങ്ങിനെ അതിനെ പ്രാപിക്കാം? അജ്ഞാനമാണല്ലോ സംസാരബന്ധത്തിന്നു കാരണം. ആത്മജ്ഞാനംകൊണ്ടുമാത്രമേ അതകലുകയും ചെയ്യൂ. ആത്മജ്ഞാനമാകട്ടെ പുരുഷപ്രയത്നംകൊണ്ടു പ്രാപിക്കാവുന്നതുമല്ലെങ്കിൽ പിന്നെ ജന്മസാഫല്യമായ മുക്തി എങ്ങിനെയുണ്ടാവും? മോക്ഷമാണല്ലോ ജന്മസാഫല്യം. അതു സാധിക്കാതെ ആയുസ്സവസാനിക്കുന്നുവെങ്കിൽ കഷ്ടമ

ല്ലേ? അതിനാൽ പരമാചാൎയ്യനായ ഭഗവാനേ! എൻെറ ആയുസ്സവസാനിക്കുന്നതിനിടയ്ക്കു് ആത്മജ്ഞാനവും, അതിൽക്കൂടെ ജന്മസാഫല്യമായ കൈവല്യപ്രാപ്തിയും എങ്ങിനെയുണ്ടായിത്തീരുമെന്നു പറഞ്ഞുതരണേ. ചിലർ പറയുന്നു, തീവ്രവൈരാഗ്യംകൊണ്ടു സംസാരത്തിൽനിന്നു കേവലം നിവൎത്തിക്കുമ്പോഠ ജ്ഞാനമുണ്ടാവുമെന്നു്. ശരിയായിരിക്കാം. എന്നാൽ ഇഷ്ടങ്ങളും സുഖപ്രദങ്ങളുമായ വിഷയഭോഗങ്ങളിൽനിന്നു മനസ്സ് വിട്ടുപോരുന്നില്ല. എത്രയൊക്കെ ശ്രമിച്ചാലും മനസ്സ് ലോകവിഷയങ്ങളെത്തന്നെ ആഗ്രഹിച്ചും സ്മരിച്ചും കഴിയുന്നു. ആ നില മാററാൻ കഴിയുന്നേ ഇല്ല. അതിനാൽ വൈരാഗ്യവും എങ്ങിനെയുണ്ടാവുമെന്നു പറഞ്ഞുതരികതന്നെ വേണം.

അഷ്ടാവക്ര ഉവാച—

മുക്തിമിച്ഛസി ചേത്താത
വിഷയാൻ വിഷവത്ത്യജ
ക്ഷമാൎജ്ജവദയാതോഷ-
സത്യം പീയൂഷവൽ ഭജ. 2

സാരം:—ഇപ്രകാരം ജനകമഹാരാജാവിൻെറ ചോദ്യത്തെ കേട്ടു് അഷ്ടാവക്രമഹൎഷി മറുപടി പറയാൻ തുടങ്ങി. കുഞ്ഞേ! നീ ജന്മസാഫല്യമായ മോക്ഷത്തെ ആഗ്രഹിക്കുന്നുവെങ്കിൽ ആദ്യംതന്നെ വിഷയങ്ങളെ വിഷത്തെയെന്നപോലെ അകററണം. വിഷയങ്ങളും അവയെക്കുറിച്ചുള്ള ആഗ്രഹവും അവയെ കിട്ടാനുള്ള പ്രയത്നവുമാണല്ലോ ഒരാളെ ബന്ധിച്ചിരിക്കുന്നതു്. ബന്ധ

കാരണങ്ങളായ വിഷയങ്ങളോട്ട് ഒട്ടിപ്പററിത്തന്നെ നില്ക്കുന്ന ഒരാൾക്കെങ്ങിനെയാണ് മുക്തനാവാൻ കഴിയുന്നതു്? വിഷയങ്ങളോടുള്ള സ്നേഹംകൊണ്ടാണ് അവയെ വിടാൻ കഴിയാത്തതു്. ഏതൊരു വിഷയവും അനുഭവിച്ചുകഴിഞ്ഞാൽ ദുഃഖമാണ് ഫലമെന്നു് എത്രയോ പ്രാവശ്യം അനുഭവിച്ചറിഞ്ഞിട്ടും പിന്നെയും അവയെ ത്തന്നെ സ്നേഹിക്കുന്നതു് അവിവേകമല്ലേ? വിഷത്തെ ആരെങ്കിലും സ്നേഹിക്കാറുണ്ടോ? തൻെറ ദുഃഖത്തിന്നും നാശത്തിന്നും കാരണമാണ് വിഷമെന്നതുകൊണ്ടല്ലേ വിഷത്തെ ഇഷ്ടപ്പെടാത്തതു്? എന്നാൽ അതുപോലെ തൻെറ ദുഃഖത്തിന്നും നാശത്തിന്നും കാരണമാണ് വിഷയങ്ങളെന്നറിഞ്ഞിട്ടും എന്തുകൊണ്ടവയെ വിഷത്തെപ്പോലെ അകററുന്നില്ല? ശത്രുവിനെ തന്നെ കൊല്ലുന്ന ശത്രുവാണെന്നറിഞ്ഞിട്ടും ഒരാൾ സ്നേഹിക്കുകയും സേവിക്കുകയുമാണ് ചെയ്യുന്നതെങ്കിൽ പിന്നെ അയാളെ ആക്കാണ് രക്ഷിക്കാൻ കഴിയുന്നതു്! ഒരനുഭവത്തെ പ്രാപിക്കാൻ രണ്ടു കായ്യങ്ങളാണ് ചെയ്യേണ്ടതു്. ഒന്നു്, പ്രതികൂലങ്ങളെ അകററുക; മറേറതു് അനുകൂലങ്ങളെ സേവിക്കുക. മോക്ഷമാകുന്ന അനുഭവത്തിന്നു പ്രതികൂലങ്ങളാണ് വിഷയങ്ങൾ. അതുകൊണ്ടു് ആദ്യം അവയെ അകററണം. അതു ചെയ്യാതെ ഒരാൾക്കെത്ര ജന്മം കഴിഞ്ഞാലും മോക്ഷത്തിൻെറ ഗന്ധംപോലും ഉണ്ടാവുന്നില്ല. പ്രതികൂലങ്ങളായ വിഷയങ്ങളെ അകററിക്കഴിഞ്ഞാൽ അനുകൂലങ്ങളായ ക്ഷമ, ആർജ്ജവം, ദയ, സന്തോഷം, സത്യം എന്നിവയെ അമൃതത്തെയെന്നപോലെ സേവി

ക്കകയും വേണം. ഔഷധസേവയും പത്ഥ്യാചരണവും കൂടിച്ചേരുമ്പോഴാണു് രോഗിയുടെ രോഗം ശമിക്കു ന്നതു്. പത്ഥ്യാചരണം പ്രതികൂലത്തെ അകററലും ഔ ഷധസേവ അനുകൂലത്തെ സേവിക്കലുമാണു്. അവ ര ണ്ടും കൂടിച്ചേരുമ്പോഴാണല്ലോ ആരോഗ്യമാകുന്ന അനുഭ വത്തെ പ്രാപിക്കുന്നതു്. ഇതുപോലെ അജ്ഞാനരോഗ നിവൃത്തിക്കും വിഷയനിരാസമാകുന്ന പത്ഥ്യാചരണമാ ണു് ഒന്നാമതായുണ്ടാവേണ്ടിയിരിക്കുന്നതു്. വിഷയങ്ങൾ മോക്ഷപ്രതിബന്ധകരങ്ങളാണെന്നറിഞ്ഞിട്ടും മോക്ഷേ ച്ഛുവായ ഒരാൾ അവയെ ഇഷ്ടപ്പെടുകയും സേവിക്കുകയും ചെയ്യുന്നതാണു് കഷ്ടം. മോക്ഷമാണു് ഈ ജീവിതംകൊ ണ്ടു സാധിക്കേണ്ടതെന്നും അതിനു വിഷയസേവനം ഏ ററവും ആപൽക്കരവും ദുഃഖകാരണവുമാണെന്നും നീ അ റിയുന്നില്ലേ? എന്നിട്ടും എന്തുകൊണ്ടിത്രകാലം വിഷയ ങ്ങളെ നിരസിച്ചില്ല? അതുപോലെ ക്ഷമാജ്ജവാദികൾ മോക്ഷപ്രാപ്തിക്കുള്ള ഉപായങ്ങളാണെന്നറിഞ്ഞിട്ടും എ ന്തുകൊണ്ടവയെ സേവിച്ചില്ല? അറിയാത്ത സംഗതിക്കു് ഒഴികഴിവുണ്ടു്. എന്നാൽ അറിഞ്ഞിട്ടും തെററിനെത്ത ന്നെ പ്രവൎത്തിക്കുന്നവൻെറ മൂഢത ആൎക്കാണു് തീൎക്കാൻ കഴിയുന്നതു്? അതുകൊണ്ടു് ആദ്യം വിഷയങ്ങളെ കേ വലം അകററി നിൎവ്വിഷയനായി ജീവിക്കാൻ ശ്രമിക്കണം. ആ ജീവിതത്തിൽ ക്ഷമാജ്ജവാദികളെ വളൎത്തുകയും വേണം. അങ്ങിനെയുള്ള ഒരാൾക്കേ കാലംകൊണ്ടെങ്കി ലും മുക്തിക്കു് അൎഹതയുള്ളു.

ന പൃത്ഥ്വീ ന ജലം നാഗ്നി-
ന്ന വായുർദ്യൌന്ന വാ ഭവാൻ
ഏഷാം സാക്ഷിണമാത്മാനം
ചിദ്രൂപം വിദ്ധി മുക്തയേ. 3

സാരം:—പൃഥിവ്യാദിപഞ്ചഭൂതങ്ങളുടെ സ്ഥൂലമാത്രകൾ കൂടിച്ചേർന്നുണ്ടായ സ്ഥൂലശരീരമോ, സൂക്ഷ്മമാത്രകൾ കൂടിച്ചേർന്നുണ്ടായ സൂക്ഷ്മശരീരമോ, അവയ്ക്കു രണ്ടിന്നും കാരണമായ അജ്ഞാനമാകുന്ന കാരണശരീരമോ അല്ല; അവയ്ക്കു മൂന്നിനും, അവയുടെ പ്രതിഫലനസമയമായ അവസ്ഥാത്രയത്തിന്നും അതിൽ പ്രകാശിക്കുന്ന സ്ഥൂലസൂക്ഷ്മകാരണപ്രപഞ്ചത്തിന്നും സാക്ഷിമാത്രവും, ചിൽസ്വരൂപിയുമായ ആത്മാവാണു് താനെന്ന ബോധമാണു് മോക്ഷത്തിന്നു ഹേതുവായിട്ടിരിക്കുന്നതു്. സത്യമായ അറിവും അതാണു്. താനല്ലാത്ത ശരീരാദ്യുപാധികളെ താനെന്നു തെററിദ്ധരിച്ചഭിമാനിക്കലാണു് ഒരു പ്രകാരത്തിൽ ബന്ധഹേതു. അതുകൊണ്ടതിനെ അകററുകതന്നെ വേണം. ജാഗ്രദവസ്ഥയിൽ മാത്രമാണു് സ്ഥൂലശരീരത്തിൽ ഞാനെന്ന അഭിമാനം നിലനില്ക്കുന്നതു്. ജാഗ്രദവസ്ഥയെ വിട്ടു സ്വപ്നത്തിലേയ്ക്കു നീങ്ങുമ്പോൾ സ്ഥൂലശരീരം ഇല്ലാതായില്ലേ! താനില്ലാതാവുന്നില്ലല്ലോ. അപ്പോൾ സ്ഥൂലശരീരമല്ല താനെന്നു വ്യക്തമല്ലേ? സ്വപ്നത്തിൽ സൂക്ഷ്മശരീരത്തെ താനെന്നഭിമാനിക്കുന്നുവെങ്കിലും സുഷുപ്തിയിലേയ്ക്കു കടക്കുമ്പോൾ സൂക്ഷ്മശരീരവും ഇല്ലാതാവുന്നു. അപ്പോഴും താനുള്ളതായിട്ടിരിക്കുന്നു. അതുകൊണ്ടു സൂക്ഷ്മശരീരവും താനല്ലെന്നു വരുന്നു. സുഷു

പ്തിയെ വിടുമ്പോഠം കാരണശരീരവും തനല്ലാതായിത്തീരുന്നു. അപ്പോഠം സ്ഥൂലസൂക്ഷ്മകാരണങ്ങളായ പ്രസ്തുത മൂന്നു ശരീരോപാധികളുമല്ല താനെന്നു വ്യക്തമാവുന്നു. താൻ വിട്ടപ്പോഴാണു് സ്ഥൂലസൂക്ഷ്മശരീരങ്ങഠം ഇല്ലാത്തവയായതു്. വീണ്ടും താൻ വന്നപ്പോഠം അവയുള്ളവയായിത്തീരുകയും ചെയ്തു. അതിനാൽ സാന്നിദ്ധ്യംകൊണ്ടാണു് ഇല്ലാത്ത ശരീരങ്ങഠം ഉള്ളവയായിത്തീരുന്നതെന്നും വരുന്നു. സ്ഥൂലശരീരത്തിൻെറ പ്രതിഫലനസമയമാണു് ജാഗ്രദവസ്ഥ. സൂക്ഷ്മശരീരത്തിൻെറ പ്രതിഫലനസമയം സ്വപ്നാവസ്ഥയും. തൻെറ വരവും പോക്കും ഹേതുവായിട്ടാണു് ജാഗ്രദാദി അവസ്ഥകളുണ്ടാവുന്നതെന്നതു നിസ്സംശയമാണല്ലോ. അങ്ങിനെയാണെങ്കിൽ പ്രസ്തുതഅവസ്ഥകഠം തനിക്കുള്ളതാവാൻ പാടുണ്ടോ? ആദിത്യൻെറ വരവും പോക്കും ഹേതുവായിട്ടുണ്ടാവുന്ന പകലും രാത്രിയും ആദിത്യനെ കാണുന്ന മററുള്ളവക്കല്ലാതെ ആദിത്യനുള്ളതല്ലല്ലോ. അതുപോലെ തൻെറ വരവും പോക്കും ഹേതുവായിട്ടുണ്ടാവുന്ന ജാഗ്രദാദി അവസ്ഥകഠം തനിക്കുള്ളതാവാൻ വയ്യ. അപ്പോഠം താൻ ശരീരത്രയമോ അവയുടെ പ്രതിഫലനസ്വരൂപമായ അവസ്ഥാത്രയമോ അല്ല; അവയ്ക്കു സാക്ഷിമാത്രനായ ആത്മാവാണു് എന്നു ബോധിക്കാൻ കഴിയുന്നു. ആ ബോധത്തെ ദൃഢപ്പെടുത്തുമ്പോഠം ശരീരങ്ങളുടേയോ അവസ്ഥകളുടേയോ ധമ്മങ്ങഠം തനിക്കു ബാധകമല്ലാതായിത്തീരും. പിന്നെയെന്തു സംസാരമാണു്? ശരീരത്രയവും അവസ്ഥാത്രയവുമാകുന്ന അതൃത്തിക്കുള്ളിലല്ലേ സംസാരം ഒതുങ്ങി നില്ക്കുന്ന

തു്? അതു തനിക്കു ബാധകമല്ലെന്നു വരുമ്പോഠം സംസാരകാരണമായ അജ്ഞാനം നിലനില്ക്കാൻ വയ്യ. അജ്ഞാനം നശിച്ചാൽ ബന്ധമുണ്ടാവാനും വയ്യ. ബന്ധമില്ലെങ്കിൽ പിന്നെ മോക്ഷത്തിന്നുവേണ്ടിയുള്ള പ്രയത്നവും ആവശ്യമില്ല. അതിനാൽ താൻ ദൃശ്യമല്ലെന്നും എല്ലാററിനും സാക്ഷിമാത്രമായ ദ്രഷ്ടാവു് അല്ലെങ്കിൽ ചൈതന്യമാകുന്ന ആത്മാവാണെന്നുമുള്ള ബോധം ദൃഢപ്പെടുത്തണം. പ്രജ്ഞ ദുർവ്വാസനകളെക്കൊണ്ടു ദൂഷിച്ചിരിക്കുമ്പോഠം ഇങ്ങിനെ ബോധിക്കാനും ആ ബോധത്തെ ദൃഢപ്പെടുത്താനും സാധിക്കില്ല. അതുകൊണ്ടു മുമുക്ഷുവായ ഒരാഠം വിഷയനിരാസവും ക്ഷമാർജ്ജവാദിസേവനവും ചെയ്തു പ്രജ്ഞയെ ശുദ്ധീകരിച്ചു തത്ത്വവിചാരംചെയ്തു തന്നെ അറിഞ്ഞു തെററിദ്ധാരണകളെ നീക്കി താൻ ആത്മാവാണെന്നു ബോധിച്ചു പ്രസ്തുതബോധത്തെ വേണ്ടത്ര ദൃഢപ്പെടുത്തണം.

യദി ദേഹം പൃഥക് കൃത്യ-
മിതി വിശ്രാമ്യ തിഷ്ഠസി
അധുനൈവ സുഖീ ശാന്തോ
ബന്ധമുക്തോ ഭവിഷ്യസി. 4

സാരം:—ശരീരത്രയവും അവസ്ഥാത്രയവുമാകുന്ന ദൃശ്യങ്ങളെ തന്നിൽനിന്നു വേർപെടുത്തി അവയുടെ ദ്രഷ്ടാവാകുന്ന താൻ പ്രസ്തുതദൃശ്യങ്ങളെ വിട്ടു താനാകുന്ന ചൈതന്യത്തിൽ അടങ്ങിയിരിക്കുന്നുവെങ്കിൽ ഇപ്പോഠം ത്തന്നെ സുഖിയും ശാന്തനും മുക്തനുമായിത്തീരും. ഇനി പത്തോ നൂറോ കൊല്ലങ്ങഠംക്കുശേഷമാണു് ഒരാഠം മുക്ത

നാവാൻ പോവുന്നതെങ്കിൽ അപ്പോഴും മുക്തിക്കു കാരണമായി ഉണ്ടാവേണ്ടിയിരിക്കുന്ന സംസ്കാരം ഇതുതന്നെയാണു്. അതിപ്പോഴുംതന്നെ ഒരാൾക്കുണ്ടാവുന്നുവെങ്കിൽ ഇപ്പോൾത്തന്നെ മുക്തനാവുന്നതിനെന്തു വിരോധം? ഇപ്പോൾ ഉണ്ടാവാൻ വയ്യ പ്രസ്തുതസംസ്കാരമെന്നാണെങ്കിൽ ഇനി നൂറു കൊല്ലം കഴിഞ്ഞാൽ ഉണ്ടാവുമെന്നതിനെന്താണു് തെളിവു്? ശ്രദ്ധയും തൃഷ്ണയുമുണ്ടെങ്കിൽ ഇപ്പോൾത്തന്നെയുണ്ടാവാം. അവ രണ്ടുമില്ലെങ്കിൽ എത്ര കാലം കഴിഞ്ഞാലും ഉണ്ടാവാനും വയ്യ. ദ്രഷ്ടാവായ താൻ ദൃശ്യങ്ങളെ വിട്ടു തന്നിൽ അടങ്ങിയാൽ മുക്തനായി. അതു് ഏതൊരു നിമിഷത്തിലും സാധിക്കാവുന്ന കാൎയ്യമാണു് മുമുക്ഷുവിനു്. മോക്ഷേച്ഛ വേണ്ടത്ര ഇല്ലെങ്കിൽ ഏതു കാലത്തും സാധിക്കാനും പോവുന്നില്ല. ദ്രഷ്ടാവു ദൃശ്യമാവാൻ വയ്യ. ദ്രഷ്ടാവായ താനൊഴിച്ചു മററൊന്നില്ലാത്തിടത്തു പലവിധദൃശ്യങ്ങളുടേയും പ്രതീതിയുണ്ടാവുന്നുവെങ്കിൽ അതു തൻെറ ഭ്രാന്തിയല്ലാതെ മററെന്താണു്? ദൃശ്യങ്ങളാണല്ലോ ദ്രഷ്ടാവിനെ ബന്ധിച്ചിരിക്കുന്നതു്. ദൃശ്യങ്ങൾ തൻെറ ഭ്രാന്തിമാത്രമാണെങ്കിൽ തൻെറ ബന്ധവും ബന്ധകാരണവും ഭ്രാന്തിയല്ലാതെ മററെന്താണു്? സത്യത്തെ അറിഞ്ഞുകഴിഞ്ഞാൽ ഏതു നിമിഷത്തിലാണു് ഒരാൾക്കു തൻെറ ഭ്രാന്തിയെ അകററിക്കൂടാത്തതു്? അതിനാൽ ഈ നിമിഷത്തിൽ തന്നെ മുക്തനാവാൻ ഒരു വിഷമവുമില്ല.

ന ത്വം വിപ്രാദികോ വൎണ്ണോ
നാശ്രമീ നാഽക്ഷിഗോചരഃ
അസംഗോസി നിരാകാരോ
വിശ്വസാക്ഷീ സുഖി ഭവ. 5

സാരം:—ഹേ ജനക! നീ ബ്രാഹ്മണാദിവൎണ്ണങ്ങളോ ബ്രഹ്മചൎയ്യാദിആശ്രമങ്ങളോ അല്ല. ഞാൻ ക്ഷത്രിയനാണ്; ഗൃഹസ്ഥനാണ് എന്നൊന്നും അഭിമാനിക്കേണ്ട. അങ്ങിനെയുള്ള അഭിമാനങ്ങളൊക്കെ സ്വരൂപവിസ്മൃതിയാകുന്ന അജ്ഞാനത്തിൽ തോന്നപ്പെടുന്ന ഭ്രാന്തിബോധങ്ങൾമാത്രമാണ്. നീ ശരീരമോ ധൎമ്മമോ അല്ല. ദൃശ്യമേ അല്ല, ദ്രഷ്ടാവാണ്. അതിനാൽ ഇന്ദ്രിയങ്ങളെക്കൊണ്ടോ മനസ്സുകൊണ്ടോ നിന്നെ അറിയാവുന്നതല്ല. മനസ്സും ഇന്ദ്രിയങ്ങളും ശരീരവുമൊക്കെ നിൻെറ ദൃശ്യങ്ങളാണ്. പിന്നെ അവയെങ്ങിനെ നിന്നെ അറിയും? ദ്രഷ്ടാവിന്നു ദൃശ്യങ്ങളെയല്ലാതെ ദൃശ്യങ്ങൾക്കു ദ്രഷ്ടാവിനെ അറിയാൻ സാദ്ധ്യമല്ല. നീ ദൃശ്യങ്ങളുടെ സംബന്ധമില്ലാത്ത അസംഗനും, ആകാരമില്ലാത്ത ചൈതന്യവും, ജഗത്തിന്നു മുഴുവൻ സാക്ഷിയുമാണ്. ഈ ബോധം നിന്നിൽ ദൃഢപ്പെട്ടുകഴിഞ്ഞാൽ നീ സുഖിയായിത്തീരും. നിൻെറ ദൃശ്യങ്ങളായ കല്പിതവസ്തുക്കളുടെ വൎഗ്ഗത്തിൽ ഒന്നാണ് നീയെന്ന തെററിദ്ധാരണയാണ് നിൻെറ ദുഃഖത്തിൻേറയും ബന്ധത്തിൻേറയും ഏകഹേതു. അതിനെ നീക്കാതെ ഒരായിരം ശാസ്ത്രങ്ങൾ പഠിച്ചാലും നീയെങ്ങിനെ സുഖിയായിത്തീരും? അതിനാൽ തെററിദ്ധാരണയെ നീക്കൂ. എന്നാൽ നീ മുക്തനായി. നീ ദ

ശ്യമായ ജഡവസ്തുവല്ല; ദ്രഷ്ടാവായ ചൈതന്യമാണെന്നു ബോധിക്കു. ആ ബോധത്തിനു ദൃഢത കിട്ടിക്കഴിഞ്ഞാൽ പിന്നെ ഒരിക്കലും നിൻെറ സുഖത്തിന്നു മുറിവുണ്ടാവില്ല. ദുഃഖത്തിനോ ബന്ധത്തിനോ നിന്നെ സമീപിക്കാൻപോലും സാദ്ധ്യവുമല്ല. അതിനാൽ നീ ദ്രഷ്ടാവായ ചൈതന്യമാണെന്ന ബോധത്തെ ഉറപ്പിക്കു.

ധർമ്മാധർമ്മൌ സുഖം ദുഃഖം
മാനസാനി ന തേ വിഭോ
ന കർത്താസി ന ഭോക്താസി
മുക്ത ഏവാസി സർവ്വദാ. 6

സാരം:—ധർമ്മം അധർമ്മം, സുഖം ദുഃഖം എന്നീ ദ്വന്ദ്വങ്ങൾ മനസ്സിൻെറ ധർമ്മങ്ങളാണു്. നീ മനസ്സോ മനസ്സിൻെറ ധർമ്മങ്ങളോ അല്ല. മനസ്സിന്നും വിഭുവായ ആത്മാവാണു്. ആ ബോധം നിന്നിൽ ദൃഢപ്പെടാത്തതുകൊണ്ടാണു് നിനക്കു് അങ്ങിനെയുള്ള അനുഭവമുണ്ടാവാത്തതു്. താൻ മനസ്സാണെന്ന തെററായ ബോധവും അഭിമാനവും ഹേതുവായിട്ടാണു് മനസ്സിൻെറ ധർമ്മങ്ങളായ സുഖദുഃഖാദികളെല്ലാം തന്നെ ബാധിക്കുന്നതു്. ആത്മാവായ നിനക്കു മനസ്സും മനോധർമ്മങ്ങളും കേവലം ദൃശ്യങ്ങളാണു്. ദ്രഷ്ടാവായ നീ ദൃശ്യമായിത്തീരുന്നതെങ്ങിനെ? അതുപോലെ അഹങ്കാരംകൊണ്ടാണു് നീ കർത്താവും ഭോക്താവുമാണെന്നഭിമാനിക്കുന്നതു്. അഹങ്കാരവും ദൃശ്യമാണെന്നിരിക്കേ ആത്മാവായ നീയെങ്ങിനെ അഹങ്കാരമായിത്തീരും? അഹങ്കാരത്തിൻെറ ധർമ്മങ്ങളാണു് കർത്തൃത്വ-ഭോക്തൃത്വങ്ങൾ. സാക്ഷിമാത്രനായ നീ

നക്കെങ്ങിനെ അവയെല്ലാം ബാധകമാവും? ഒരിക്കലും ബാധകമാവാൻ വയ്യ. അതിനാൽ നീ മനസ്സോ മനസ്സിൻെറ ധർമ്മങ്ങളോ അഹങ്കാരമോ അഹങ്കാരത്തിൻെറ ധർമ്മങ്ങളോ അല്ല; നിരുപാധികനും എല്ലാററിനും സാക്ഷിമാത്രനുമായ ആത്മാവാണു്. ബന്ധമെന്ന അവസ്ഥ നിനക്കുണ്ടായിട്ടേ ഇല്ല. നീ എപ്പോഴും മുക്തനാണു്.

ഇതിൽനിന്നു മനസ്സും മനസ്സിൻെറ വൃത്തികളും അഹങ്കാരവും അഹങ്കാരത്തിൻെറ വൃത്തികളും അടങ്ങുമ്പോൾ സാക്ഷിമാത്രനും നിരുപാധികനുമായ ആത്മാവായിത്തീരും അല്ലെങ്കിൽ ജീവന്മുക്തനായിത്തീരുമെന്നു വ്യക്തമാവുന്നു. എന്നാൽ സാധനാനുഷ്ഠാനങ്ങളെക്കൊണ്ടു് അങ്ങിനെ സംഭവിക്കുമ്പോഴല്ലാതെ വാങ്മാത്രം കൊണ്ടു് ആയിത്തീരുന്നില്ലെന്നു ബോധിക്കുകയും വേണം. ശാസ്ത്രനിർദ്ദിഷ്ടങ്ങളായ പല സാധനാനുഷ്ഠാനങ്ങളേയും ചെയ്തു് ആദ്ധ്യാത്മികമായി കുറെ ഉയർന്ന നിലയിലെത്തിയ സാധകനു നിസ്സംശയത്വം ദൃഢപ്പെടാനുള്ള ഉപദേശമാണു് ഈ ഗ്രന്ഥപ്രയോജനമെന്നു മറക്കാൻ വയ്യ. അപ്പോൾ സാധാരണജനങ്ങളോടല്ല, ആദ്ധ്യാത്മികാനുഭവങ്ങളിൽ ഉയർച്ച വന്ന ഒരാളോടാണു് പറയുന്നതെന്നു ധരിക്കണം. അതിനാൽ മനോനിഗ്രഹത്തിനും അഹങ്കാരലയത്തിനും ആവശ്യങ്ങളായ സാധനകളെല്ലാം ചെയ്യുകതന്നെ വേണമെന്നു താല്പര്യം.

ഏകോ ദ്രഷ്ടാസി സർവ്വസ്യ
മുക്തപ്രായോസി സർവ്വദാ
അയമേവ ഹി തേ ബന്ധോ
ദ്രഷ്ടാരം പശ്യസീതരം. 7

സാരം:—നീയല്ലാത്ത എല്ലാം നിനക്കു ദൃശ്യങ്ങളാണു്. ദൃശ്യങ്ങളാണെന്ന കാരണത്താൽ അവയുടെയെല്ലാം ദ്രഷ്ടാവാണു് നീ. ദ്രഷ്ടാവു ദൃശ്യങ്ങളിൽനിന്നൊക്കെ വേറെയാണു്. എല്ലാ ദൃശ്യങ്ങളിൽനിന്നും അതീതനാണു് നീയെന്ന കാരണത്താൽ ഒന്നിനോടും നിനക്കു യാതൊരു സംബന്ധവുമുണ്ടാവാൻ വയ്യ. ഒന്നിനോടും ബന്ധമില്ലെന്ന കാരണത്താൽ നീയെപ്പോഴും മുക്തനാണു്. എന്നിരുന്നാലും ഈ പരമാൎത്ഥം നീയറിയുന്നില്ല. അറിയുന്നില്ലെന്നതുകൊണ്ടു് ഇല്ലാത്ത ബന്ധം വന്നുചേരുന്നുമില്ല. തെററിദ്ധാരണകൊണ്ടു 'ഞാൻ ബദ്ധനാണെ'ന്നു വിചാരിക്കുമ്പോഴും മുക്തനാണു്. ഒരു സ്ത്രീ തന്റെ കണ്ഠാഭരണം കണ്ഠത്തിലുണ്ടെന്ന കഥ മറന്നു കണ്ഠാഭരണത്തെ വീടു മുഴുവൻ തിരയാനും, തന്റെ വിലപ്പിടിച്ച കണ്ഠാഭരണം നഷ്ടപ്പെട്ടുവെന്നു കരുതി വ്യസനിക്കാനും തുടങ്ങിയെന്നു വെയ്ക്കുക. എന്നാൽ അപ്പോഴും ആഭരണം കഴുത്തിൽത്തന്നെയുണ്ടു്. വളരെനേരം തിരഞ്ഞു കിട്ടാതെ നിരാശപ്പെട്ടു വ്യസനിക്കുമ്പോൾ ഒരാൾ നഷ്ടപ്പെട്ട കണ്ഠാഭരണം കഴുത്തിലുണ്ടെന്നു ബോദ്ധ്യപ്പെടുത്തിയെന്നിരിക്കട്ടെ. എന്നാൽ അതോടെ വ്യസനവും തീൎന്നു. അപ്പോൾ വ്യസനത്തിനുള്ള ഹേതു തന്റെ തെററിദ്ധാരണമാത്രമാണെന്നു വ്യക്തമാണല്ലോ. അല്ലാതെ കണ്ഠാഭരണം പോവലും കിട്ടലുമൊന്നുമുണ്ടായിട്ടില്ല. ഇതുപോലെ നിത്യമുക്തനും എല്ലാററിന്നും സാക്ഷിമാത്രനും ദ്രഷ്ടാവുമായ നീ ദൃശ്യങ്ങളുടെ ഇടയിൽ കിടന്നു കുടുങ്ങിയെന്നും ബദ്ധനാണെന്നും തെററിദ്ധരിച്ചിരിക്കയാണു്. ആ തെ

ററിദ്ധാരണയാണു് നിൻെറ എല്ലാ ദുഃഖത്തിനും ഹേതു. ദൃശ്യങ്ങളിൽനിന്നകന്നുകൊണ്ടുള്ള സാക്ഷിമാത്രസ്ഥിതിയെ ബോധിക്കുമ്പോഠം മുക്തനായെന്നു ധരിക്കും. അപ്പോഠം എല്ലാ ദുഃഖങ്ങളും നീങ്ങി സുഖിയുമായിത്തീരും. എന്നാൽ ബദ്ധനും മുക്തനുമെന്ന ഭാവം തെററായ ധാരണയിൽ മാത്രമാണുള്ളതു്. നിത്യമുക്തനായ നീ ഒരിക്കലും ബദ്ധനോ മുക്തനോ രണ്ടുമാവുന്നില്ല. നീ എപ്പോഴും മുക്തനാണു്. എന്നാൽ ഞാൻ ബദ്ധനാണെന്ന തെററിദ്ധാരണയുടെ അടിസ്ഥാനകാരണം ദ്രഷ്ടാവായ നീ നിന്നെ മറന്നു ദൃശ്യമാണെന്നു ബോധിച്ചതാണു്. ദൃശ്യങ്ങളിൽ ഒന്നുമല്ല; എല്ലാററിൻേറയും ദ്രഷ്ടാവാണു് ഞാനെന്നു ബോധിക്കുന്നതോടെ തെററിദ്ധാരണ നീങ്ങും. അപ്പോഠം ബദ്ധനായിട്ടില്ലെന്നും ബോദ്ധ്യമാവും.

അഹം കർത്തേത്യഹം മാന-
മഹം കൃഷ്ണാഹിദംശിതഃ
നാഹം കർത്തേതി വിശ്വാസാ-
മൃതം പീത്വാ സുഖീ ഭവ. 8

സാരം:—ഞാൻ കർത്താവാണു്; ഭോക്താവാണു്. എന്നിങ്ങനെയുള്ള തെററിദ്ധാരണയാകുന്ന തീക്ഷ്ണവിഷബാധകൊണ്ടു നീ മൂർച്ഛിച്ചു മയങ്ങിയിരിക്കയാണു്. അതിൽനിന്നുണരാൻപററിയ ശരിയായ ഔഷധം ഞാൻ കർത്താവോ ഭോക്താവോ അല്ല; സാക്ഷിമാത്രനും ദ്രഷ്ടാവുമാണെന്ന വിശ്വാസമാകുന്ന അമൃതത്തിൻെറ പാനംതന്നെയാണു്. പക്ഷേ അതു കഴിക്കാറാവണം. ഞാൻ കർത്താവല്ലെന്നു വിശ്വസിക്കാറാവണമെങ്കിൽ കർമ്മങ്ങഠം ആവശ്യമി

ല്ലാതാവണം. കമ്മങ്ങളാവശ്യമില്ലാതാവണമെങ്കിൽ കമ്മഫലങ്ങളിൽ ഇച്ഛയില്ലാതാവണം. കമ്മഫലങ്ങളിൽ ഇച്ഛയില്ലാതാവണമെങ്കിൽ ജ്ഞാനവൈരാഗ്യങ്ങൾ വളരണം. ജ്ഞാനവൈരാഗ്യങ്ങൾ വേണ്ടത്ര വളരാത്ത ഒരാൾക്ക വിഷമമാണെന്നു താല്പൎയ്യം. അതുപോലെ ഭോക്താവല്ലെന്നു വിശ്വസിക്കാറാവണമെങ്കിൽ ഭോജ്യങ്ങൾ ആവശ്യമില്ലാതാവണം. ഭോജ്യങ്ങൾ ആവശ്യമില്ലാതാവണമെങ്കിൽ താൻ ശരീരാദിദൃശ്യങ്ങളല്ല; ദ്രഷ്ടാവാണെന്ന ബോധം ദൃഢപ്പെട്ടകയും വേണം. അങ്ങിനെ ജ്ഞാനവൈരാഗ്യങ്ങൾ വളൎന്നു താൻ ദ്രഷ്ടാവാണെന്ന ബോധത്തിന്നു ദൃഢത വരുമ്പോൾ അകത്താവും അഭോക്താവുമാണെന്ന വിശ്വാസത്തിൽക്കൂടെ കമ്മഭോജ്യങ്ങളകന്നു സുഖിയായിത്തീരും.

ഏകോ വിശുദ്ധബോധോഹ-
മിതി നിശ്ചയവഹ്നിനാ
പ്രജ്വാല്യാfജ്ഞാനഗഹനം
വീതശോകഃ സുഖീ ഭവ. 9

സാരം:—ഞാൻ ജീവനാണു്, ജീവിയാണു്, ദേഹമാണു്, മനുഷ്യനാണു്, ഇന്ന വൎണ്ണമാണു്, ഇന്ന ആശ്രമമാണു് എന്നിങ്ങനെ പല പ്രകാരത്തിലാണു് ഒരാളുടെ അജ്ഞാനം. അജ്ഞാനസ്വരൂപങ്ങളായ പലവിധ അഭിമാനങ്ങൾക്കു് അനുരൂപങ്ങളായ കമ്മങ്ങളും അവയിലൊക്കെ കർത്തൃത്വാഭിമാനങ്ങളും എല്ലാം ഉണ്ടാവും. അങ്ങിനെ ആയിരക്കണക്കിലുള്ള അജ്ഞാനക്കാട്ടപടലങ്ങളാകുന്ന തന്റെ ആവരണങ്ങളെ 'ഞാൻ ഏകവും വി

ശുദ്ധബോധാകാരവുമായ ചൈതന്യമാണു" എന്ന അഗ്നികൊണ്ടു ദഹിപ്പിക്കണം. എന്നാൽ സുഖിയായിത്തീരും.

അങ്ങിനെ സാധിക്കണമെങ്കിൽ ആദ്യംതന്നെ താൻ ഏകനാണെന്നും തന്നിൽനിന്നന്യമായി മറെറാന്നില്ലെന്നും ബോദ്ധ്യം വരണം. അനന്തങ്ങളായ നാനാത്വങ്ങൾ തന്നെ ചുററി ആവരണം ചെയ്തിരിക്കുമ്പോൾ തന്നിൽനിന്നന്യമായി മറെറാന്നില്ലെന്നു ധരിക്കുന്നതെളുപ്പമല്ല. തത്വവിചാരംചെയ്തു വസ്തുബോധത്തിൻെറ ദൃഢതയിൽ നാനാത്വം ലയിച്ചിട്ടുണ്ടാവണം. രണ്ടാമതു താൻ ചൈതന്യമാണെന്നും വിജ്ഞാനാകാരമാണെന്നും ബോദ്ധ്യം വരികയും വേണം. ജ്ഞാനത്തിന്നു വിഷയമാണു് എല്ലാം. അതേ സമയത്തു ജ്ഞാനം മറെറാന്നിനും ലക്ഷ്യമല്ലതാനും. അതിനാൽ താൻ എല്ലാററിൻെറയും ദ്രഷ്ടാവും ചൈതന്യവുമാണെന്നും മററെല്ലാം തൻെറ ദൃശ്യങ്ങളും ജഡങ്ങളുമാണെന്നും വ്യക്തമാവുന്നുണ്ടു്. ഇങ്ങിനെയുള്ള അറിവും അതിൽ വേണ്ടത്ര ദൃഢതയും വന്ന ഒരാൾക്കു് ആ ജ്ഞാനാഗ്നികൊണ്ടു് അജ്ഞാനവനത്തെ നശിപ്പിച്ചു് എല്ലാ ദുഃഖങ്ങളെയും അകററി സുഖിയായിത്തീരാൻ സാധിക്കും.

യത്ര വിശ്വമിദം ഭാതി
കല്പിതം രജ്ജുസപ്പ്വൽ
ആനന്ദപരമാനന്ദഃ
സബോധസ്ത്വം സുഖം ചര. 10

സാരം:—മന്ദാന്ധകാരത്തിൽ ഒരു കയറിനെ കണ്ടി ട്ടു ഭയങ്കരസപ്പ്മാണെന്നു തെററിദ്ധരിച്ചു ഭയപ്പെട്ടുവെന്നു വിചാരിക്കുക. എന്നാൽ കയറാകുന്ന ഒരു മൂലവസ്തു അ വിടെ ഉണ്ടായതുകൊണ്ടാണു് സപ്പ്മെന്ന തെററിദ്ധാര ണയുണ്ടായതു്. കയറവിടെ ഇല്ലായിരുന്നുവെങ്കിൽ സ പ്പ്ബോധമുണ്ടാവാൻ വയ്യ. ഇല്ലാത്ത ഒന്നിൻെറ പ്രതീ തിയുണ്ടായിത്തീരണമെങ്കിൽ ഉള്ളതായ ഒരു വസ്തു അതി നവലംബമായിട്ടുണ്ടാവണം. എങ്കിലേ ഇല്ലാത്തതിൻെറ പ്രതീതിയുണ്ടാവാൻ വയ്യൂ. അനുനിമിഷം മാറിമാറി ക്കൊണ്ടിരിക്കുന്ന ഈ ദൃഷ്ടപ്രപഞ്ചം അതിൻെറ വിചിത്ര ങ്ങളായ മാററങ്ങളെക്കൊണ്ടുതന്നെ ഇല്ലാത്തതാണെന്നും കേവലം പ്രതീതമാണെന്നും വ്യക്തമാവുന്നുണ്ടു്. അങ്ങി നെയാണെങ്കിൽ പ്രപഞ്ചത്തിൻെറ പ്രതീതിക്കാസ്പദമാ യ ഒരു പദാൎത്ഥമുണ്ടാവണം. മാത്രമല്ല, അതു മാററമോ ക്ഷയവൃദ്ധികളോ ഉൽപ്ത്തിലയങ്ങളോ ഇല്ലാത്തതുമായി രിക്കണം. എങ്കിലേ അവയെല്ലാമുള്ള നാമരൂപങ്ങറം അപ്പഴപ്പോറം ഉണ്ടാവാനും ഇല്ലാതാവാനും ഇടയാവുകയു മുള്ളു. നാമരൂപങ്ങളെല്ലാം ജഡങ്ങളാണു്. എന്നാലും പ്രകാശിക്കുന്നു. ചേതനാത്മകമാണ്ര് അവയുടെ മൂലവ സ്തുവെന്നു് അതുകൊണ്ടു തെളിയുന്നു. എല്ലാ നാമരൂപ പദാൎത്ഥങ്ങളിലും സുഖത്തെയാണന്വേഷിക്കുന്നതു്. അതു കൊണ്ടു മൂലവസ്തു ആനന്ദമയമാണെന്നും കരുതാം. അ പ്പോറം സത്തും ചിത്തും ആനന്ദവുമാകുന്ന ലക്ഷണങ്ങ ളോടുകൂടിയ അഖണ്ഡബ്രഹ്മമാണു് പ്രപഞ്ചത്തിന്നാസ്പ ദമായ മൂലചൈതന്യമെന്നു വ്യക്തമാവുന്നു. കയറിൽ പാ

ന്നപോലെ സച്ചിദാനന്ദലക്ഷണബ്രഹ്മത്തിൽ ചിത്തവിഭ്രാന്തികൊണ്ടുള്ള തോന്നൽമാത്രമാണു് പ്രപഞ്ചമെന്നു താല്പയ്യം. പാമ്പിൻെറ പ്രതീതി നീങ്ങുമ്പോഠം കയറു പ്രകാശിക്കുന്നതുപോലെ പ്രപഞ്ചപ്രതീതി നീങ്ങുമ്പോഠം ബ്രഹ്മസ്വരൂപം പ്രകാശിക്കുകയും ചെയ്യും. പ്രപഞ്ചപ്രതീതി നീങ്ങി ബ്രഹ്മഭാവം പ്രകാശിക്കുമ്പോഠം പ്രപഞ്ചധമ്മങ്ങളായ അനൃതജഡദുഃഖഭാവങ്ങളും നീങ്ങി ബ്രഹ്മധമ്മങ്ങളായ സച്ചിദാനന്ദഭാവങ്ങഠം പ്രകാശിക്കുകയും ചെയ്യും. എന്നാൽ മന്ദാന്ധകാരത്തിൽ കയറിൽ തോന്നപ്പെട്ട സപ്പപ്രതീതി നീങ്ങാൻ ദീപപ്രകാശം ആവശ്യമാണു്. അതുപോലെ അജ്ഞാനാന്ധകാരംഹേതുവായി ചിൽസ്വരൂപത്തിൽ തോന്നപ്പെട്ട പ്രപഞ്ചപ്രതീതി നീങ്ങാൻ ജ്ഞാനപ്രകാശം ആവശ്യവുമാണു്. അഗ്നിക്കു പ്രകാശം ഉണ്ടാക്കിത്തീക്കേണ്ടതല്ല; സ്വാഭാവികമായിട്ടുള്ളതാണു്. എന്നിരുന്നാലും പ്രകാശിക്കാൻ എണ്ണയും തിരിയുമൊക്കെ ആവശ്യമാണു്. അതുപോലെ ജ്ഞാനവും ഉണ്ടാക്കിത്തീക്കേണ്ടതല്ല, സ്വതവേ ഉള്ളതാണു്. എന്നിരുന്നാലും പ്രകാശിക്കാൻ ശാസ്ത്രവിചാരവും സൽസംഗവും സാധനാനുഷ്ഠാനവുമൊക്കെ വേണംതാനും. അങ്ങിനെ ശാസ്ത്രവിചാരാദി സാധനാനുഷ്ഠാനങ്ങളെച്ചെയ്തു ജ്ഞാനത്തെ പ്രകാശിപ്പിച്ചു പ്രപഞ്ചപ്രതീതിയെ അകററിയാൽ സച്ചിദാനന്ദലക്ഷണവും അദ്വൈതവുമായ ബ്രഹ്മത്തെ അറിഞ്ഞു സുഖിയായിത്തീരാം.

മുക്താഭിമാനീ മുക്തോ ഹി
ബദ്ധോ ബദ്ധാഭിമാന്യപി
കിംവദന്തീ ഹ സത്യേയം
'യാ മതിസ്സാ ഗതിഭവേൽ.' 11

സാരം:—മുക്തനാണെന്നഭിമാനിക്കുന്നവൻ മുക്തനും, ബദ്ധനാണെന്നഭിമാനിക്കുന്നവൻ ബദ്ധനുമാണു്. ചുരുക്കത്തിൽ മനസ്സിൻെറ സങ്കല്പവും വിശ്വാസവും എന്താണോ, അതാണനുഭവസ്വരൂപമായിത്തീരുന്നതു്. എന്നാൽ ഇപ്പോൾത്തന്നെ മുക്തനെന്നഭിമാനിച്ചാൽ പോരേ? എല്ലാവിധ സംസാരബന്ധങ്ങളും വേരോടെ അററുപോവില്ലേ? എന്നാണെങ്കിൽ സംസാരബന്ധങ്ങളുററുപോവുമെന്നുതന്നെ പറയാം. എന്നാൽ ബദ്ധാഭിമാനത്തെ നിലനിൎത്തുന്ന അനേകം വാസനാബീജങ്ങൾ തന്നിലുള്ളപ്പോൾ മുക്തനാണെന്ന അഭിമാനമുണ്ടാവാനോ, അതു ദൃഢപ്പെടാനോ പോവുന്നില്ല. അതിനാൽ മുക്തിക്കു വിരുദ്ധങ്ങളായ സംസ്കാരങ്ങളെയെല്ലാം അകററണം. വിരുദ്ധസംസ്കാരംകൊണ്ടാണല്ലോ മുമുക്ഷുതയുണ്ടായാലും മുക്തനാവാതിരിക്കാൻ കാരണം. അതിനാൽ വിപരീതസംസ്കാരങ്ങളെ അകററുകതന്നെ വേണം. അതിനു ശാസ്ത്രവിചാരം തുടങ്ങിയ സാധനകളെല്ലാം അനുഷ്ഠിക്കുകയും വേണം. അങ്ങിനെ ദൃഢങ്ങളായ സാധനാനുഷ്ഠാനങ്ങളെക്കൊണ്ടു മുക്തിക്കു തടസ്ഥമായ വിജാതീയഭാവങ്ങൾ മുഴുവൻ നീങ്ങി തികച്ചും പാകത വരുമ്പോഴാണു് ബദ്ധാഭിമാനം നീങ്ങി മുക്താഭിമാനം പ്രകാശിക്കുന്നതു്. അപ്പോൾ പ്രകാശിക്കുന്നതുകൊണ്ടേ പ്രയോജനമുള്ളു. അതിനുമാത്രമേ ദൃഢതയും കിട്ടു.

മനസ്സിൻെറ സങ്കല്പം എന്താണോ, അതാണനുഭവമായിത്തീരുന്നതെന്നു പറഞ്ഞുവല്ലോ. 'ഞാൻ മുക്തനാണെ'ന്നു സങ്കല്പിച്ചാൽ പോരേ? എന്നാണെങ്കിൽ

പോരായ്കയില്ല. പക്ഷേ പ്രസ്തുതസങ്കല്പത്തിന്നു ദൃഢത കിട്ടണമെങ്കിൽ മനസ്സിൻെറ വിപരീതസംസ്കാരങ്ങൾ നീങ്ങുകകൂടി വേണം. ഇല്ലെങ്കിൽ മുക്തനാണെന്നു പറയലും ബദ്ധൻെറ അനുഭവങ്ങളെ അനുഭവിക്കലുമാണു് ഫലം. അതിനാൽ മുക്തനാണെന്നഭിമാനിക്കാൻ തുടങ്ങുന്നതിനുമുമ്പു ബദ്ധനാണെന്ന അഭിമാനത്തേയും അതിനെ നിലനിത്താൻ ആസ്പദങ്ങളായ കാരണങ്ങളേയും അകററലാണാവശ്യം. അതിനാകട്ടെ ശാസ്ത്രവിചാരവും സാധനാനുഷ്ഠാനവും അവശ്യം കൂടിയേ തീരൂ.

ആത്മാ സാക്ഷീ വിഭുഃ പൂൎണ്ണഃ
ഏകോ മുക്തശ്ചിദക്രിയഃ
അസംഗോ നിസ്പൃഹഃ ശാന്തോ
ഭ്രമാൽ സംസാരവാനിവ. 12

സാരം:— വാസ്തവത്തിൽ താൻ ആത്മാവാണു്. ആത്മാവിന്നു ബന്ധമോ ദുഃഖമോ അജ്ഞാനമോ ഒന്നുമില്ലതാനും. മാത്രമല്ല, സംസാരത്തെ മുഴുവൻ കൈകാൎയ്യംചെയ്യുന്ന മനോബുദ്ധീന്ദ്രിയങ്ങൾക്കു സാക്ഷിയാണു് ആത്മാവു്. അവയുടെ എല്ലാ വിക്രിയകളേയും സാക്ഷിരൂപേണ കാണുകയും അറിയുകയും ചെയ്യുന്നു. എന്നല്ല, അവയുടെ നിയന്താവുമാണു് ആത്മാവു്. ഇന്ദ്രിയങ്ങൾ, മനസ്സു്, ബുദ്ധി എന്നീ കരണങ്ങൾ ആത്മാവിൻെറ പ്രേരണയ്ക്കനുസരിച്ചാണു് ചേഷ്ടിക്കുന്നതെന്നു പറയണം. അതിനാൽ സംസാരത്തിൻെറ മുഴുവൻതന്നെയും പ്രഭുവാണു് ആത്മാവു്. തിരമാലകൾ സമുദ്രത്തിൽനിന്നുണ്ടായി സമുദ്രത്തിൽ വളൎന്നു സമുദ്രത്തിൽത്തന്നെ ലയിക്കുന്ന

ത്തുപോലെ പ്രപഞ്ചം മുഴുവൻ ആത്മാവിൽനിന്നുണ്ടായി ആത്മാവിൽത്തന്നെ വളൎന്നു് ആത്മാവിൽത്തന്നെ ലയിക്കുന്നു. ഈ കാരണത്താലും ആത്മാവു പ്രപഞ്ചത്തിന്റെ അല്ലെങ്കിൽ സംസാരത്തിന്റെ മുഴുവൻ വിഭുവാണു്. അതേസമയത്തു പൂൎണ്ണവുമാണു്. സംസാരത്തിൽ എല്ലാ വസ്തുക്കളും അപൂൎണ്ണങ്ങളാണു്. എന്നാൽ ബ്രഹ്മം അല്ലെങ്കിൽ ആത്മാവു പൂൎണ്ണവും അദ്വൈതവും നിത്യമുക്തവും ചേതനാത്മകവും കൎമ്മങ്ങൾക്കും കൎമ്മഫലങ്ങൾക്കും അതീതവും നാമരൂപങ്ങളോടു യാതൊരുവിധസംബന്ധമില്ലാത്തതും ഇച്ഛ തുടങ്ങിയ വികാരങ്ങളില്ലാത്തതും അതുകാരണത്താൽ ശാന്തവുമാണു്. ഭ്രാന്തികൊണ്ടു സംസാരബദ്ധനെന്നപോലെ ആയിത്തീൎന്നിരിക്കുകയാണു്. വാസ്തവത്തിൽ ബദ്ധനല്ല; നിത്യമുക്തനാണുതാനും. ഇങ്ങിനെ നിരൂപിച്ചു താൻ ആത്മാവാണെന്നും ആത്മാവിനു് ഒന്നിനോടും യാതൊരുവിധസംബന്ധവുമില്ലാത്തതിനാൽ താൻ നിത്യമുക്തനാണെന്നും ബോധിക്കുമ്പോൾ എല്ലാ ബന്ധങ്ങളുമകന്നു മുക്തനായിത്തീരും.

കൂടസ്ഥം ബോധമദ്വൈത-
മാത്മാനം പരിഭാവയ
ആഭാസോഽഹം ഭ്രമം മുക്ത്വാ
ഭാവം ബാഹ്യമഥാന്തരം. 13

സാരം:— ശരീരമനോബുദ്ധീന്ദ്രിയങ്ങളാകുന്ന കരണങ്ങളിലും അവയുടെ ധൎമ്മങ്ങളിലും ഞാനെന്നും എന്റേതെന്നുമുള്ള അഭിമാനസ്വരൂപമായ ജീവനാണു് താനെന്ന തെററിദ്ധാരണയെ നീക്കി അവയെല്ലാം സാ

ക്ഷിമാത്രവും ബോധാകാരവുമായ ആത്മാവാണ് താനെന്നു ഭാവനചെയ്തുറപ്പിക്കണം. ആത്മാവു ജ്ഞാനസ്വരൂപവും അദ്വൈതവുമാണ്. അദ്വൈതമാണെന്നു ബോദ്ധ്യംവരുമ്പോൾ താൻ എങ്ങും നിറഞ്ഞവനും തന്നിൽനിന്നന്യമായി മററൊന്നില്ലാത്തതുമാണെന്നു വിശ്വസിക്കാറാവും. അപ്പോൾ ജഗത്തുതന്നെ ചിത്തവിഭ്രാന്തികൊണ്ടുള്ള പ്രതീതിമാത്രമാണെന്നും പരമാൎത്ഥത്തിൽ ഇല്ലാത്തതാണെന്നും ബോദ്ധ്യമാവും. ദൃശ്യങ്ങളെല്ലാംതന്നെയും ഇല്ലാത്തതാണെന്നും ദ്രഷ്ടാവായ താനൊഴിച്ചു മററൊന്നുംതന്നെ ഇല്ലെന്നും സിദ്ധമാവും. ഈ സ്ഥിതിതന്നെ പരമനിൎഭയസ്ഥാനം. ജീവഭാവത്തെ നിരസിച്ചുകൊണ്ടുള്ള ആത്മാനുസന്ധാനംകൊണ്ടു് ഈ നില കൈവരികയും ചെയ്യും.

ദേഹാഭിമാനപാശേന
ചിരം ബദ്ധോഽസി പുത്രക
ബോധോഹം ജ്ഞാനഖൾഗേന
തന്നികൃത്യ സുഖീ ഭവ. 14

സാരം:—ശരീരാഭിമാനമാകുന്ന കയറുകൊണ്ടു നീ വളരെക്കാലമായി കെട്ടപ്പെട്ടുകിടക്കുകയാണ്. അനേകകാലദേശങ്ങളിൽ അനേകയോനികളിൽ ജനിച്ചു മരിച്ചപ്പോഴൊക്കെയും നീ ശരീരാഭിമാനംകൊണ്ടു ബദ്ധനും ആൎത്തനുമായിരുന്നു. ഇപ്പോഴും അങ്ങിനെത്തന്നെയാണുള്ളതു്. അപ്പഴപ്പോൾ പ്രാപിക്കുന്ന ശരീരമാണ് ഞാനെന്ന തെററിദ്ധാരണയാടനുള്ളതു്. അനേകം ശരീരങ്ങൾ നശിച്ചുകഴിഞ്ഞിട്ടും താൻ നശിക്കാതെ ബാക്കി

യായിരിക്കുന്നു എന്നുള്ളതുകൊണ്ടെങ്കിലും താൻ ശരീരമ ല്ലെന്നു ബോധിക്കാൻ കഴിയുന്നില്ല. ഇങ്ങിനെ എത്രാ യിരം ശരീരങ്ങൾ കഴിഞ്ഞാലാണു് ഒരാൾക്കു തന്റെ സ്വരൂപബോധമുണ്ടാവുന്നതു്! ശരീരാദിഉപാധികളുടെ ദ്രഷ്ടാവായ ബോധമാണു് താനെന്നു ബോധ്യം വന്നു് അനുസന്ധാനംചെയ്തുറപ്പിക്കുകതന്നെ വേണം. എങ്കി ലേ പ്രസ്തുത അഭിമാനക്കയറു പൊട്ടി ബന്ധമുക്തനായി ത്തീരൂ. ആയതു് എത്ര വേഗം സാധിക്കുന്നുവോ, അ ത്രയും വേഗം മുക്തനായിത്തീരാം. ആയതിനെത്ര കാലം താമസിക്കുന്നുവോ, അത്രയും കാലം ബദ്ധനായി ത്തന്നെ കഴിയുകയും വേണം. അതുകൊണ്ടു് ഇനിയും താമസിക്കാതെ ഇപ്പോൾത്തന്നെ സ്വരൂപാനുസന്ധാന മാകുന്ന ഖൾഗംകൊണ്ടു ശരീരാഭിമാനക്കയറിനെ മുറി ക്കാൻ ശ്രമിക്കൂ. അതു മുറിഞ്ഞുകഴിഞ്ഞാൽ സുഖിയായി.

നിസ്സംഗോ നിഷ്ക്രിയോഽസി ത്വം
സ്വപ്രകാശോ നിരഞ്ജനഃ
അയമേവ ഹി തേ ബന്ധ-
സ്സമാധിമനുതിഷ്ഠസി. 15

സാരം:—വാസ്തവത്തിൽ നീ നിസ്സംഗനും നിഷ് ക്രിയനും സ്വപ്രകാശനും നിരഞ്ജനനുമാണു്. പക്ഷേ അതു നീയറിയുന്നില്ല. ഒന്നിനോടും ഒരുപ്രകാരത്തിലുള്ള സംബന്ധവും നിനക്കില്ല. ഒരു കർമ്മവും നീ ചെയ്യുന്നു മില്ല. അതിനാൽ എപ്പോഴും നീ അകർത്താവാണു്. ഒന്നിനോടും ബന്ധപ്പെടാതിരിക്കുന്നവനുമാണു്. എന്നി രുന്നാലും നീ പലതിനോടും ബന്ധപ്പെട്ടിരിക്കുന്നുവെന്നും

പലതിൻെറയും കർത്താവാണെന്നും തെററിദ്ധരിക്കുന്നു. അതുപോലെ നിൻെറ ചൈതന്യത്തിലാണ് ഈ ജഗത്തു മുഴുവൻ വിളങ്ങുന്നതു്. ജഗത്തിനെ മുഴുവൻ പ്രകാശിപ്പിക്കുന്ന പ്രകാശം നിന്നിലുണ്ടു്. നീ സ്വയംപ്രകാശനാണ്. എന്നിട്ടും ആ പരമാത്ഥമറിയാതെ നിനക്കു നിന്നെക്കാണാൻ മറെറാരു പ്രകാശം വേണമെന്നു തെററിദ്ധരിക്കുന്നു. അങ്ങിനെതന്നെ എല്ലാററിനെയും ശുദ്ധീകരിക്കുന്ന പരമപരിശുദ്ധവസ്തുവാണ് നീ. എന്നിരുന്നാലും നീ നിൻെറ ശുദ്ധിക്കുവേണ്ടി മററു ചിലതിനെ ആശ്രയിക്കുന്നു. അനുഭൂതിയുടെ പരമകാഷ്ഠയാണ് നീ. എന്നിട്ടും എന്തോ പുതുതായൊന്നനുഭവിക്കാനുണ്ടെന്നു കരുതി സമാധിപരിശീലനം ചെയ്യുന്നു. ഇതൊക്കെത്തന്നെയാണ് നിൻെറ ബന്ധം. സ്വരൂപസ്ഥിതിയെ ബോധിക്കുമ്പോൾ ഇതൊക്കെ നീങ്ങി നീ സാക്ഷാൽ കൈവല്യമാണെന്നറിഞ്ഞു സുഖിയായിത്തീരും.

ത്വയാ വ്യാപ്തമിദം വിശ്വം
ത്വയി പ്രോതം യഥാത്ഥതഃ
ശുദ്ധബുദ്ധസ്വരൂപസ്ത്വം
മാ ഗമഃ ക്ഷുദ്രചിത്തതാം. 16

സാരം:—നിന്നാൽ നിറയപ്പെട്ടിരിക്കുന്നു ഈ ജഗത്തു മുഴുവൻ. വാസ്തവത്തിൽ നീ നിന്നെത്തന്നെ അറിയാതെ തെററിദ്ധരിച്ചിരിക്കയാണ്. നീയല്ലാതൊന്നുമില്ല. നിന്നിൽ തോന്നപ്പെടുന്നതാണ് നാമരൂപങ്ങളെല്ലാം. ആഭരണങ്ങൾ സ്വർണ്ണത്തിലും പാത്രങ്ങൾ മണ്ണിലും വസ്ത്രങ്ങൾ നൂലിലും തോന്നപ്പെടുന്ന പ്രതീതിയല്ലാ

തെ മററെന്താണു്! അങ്ങിനെ തോന്നപ്പെട്ടപ്പോഴും മാലയിലെ കുരുക്കളെന്നപോലെ എല്ലാം നിന്നിൽ കോക്കപ്പെട്ടിരിക്കുന്നു. നാമരൂപങ്ങളോരോന്നും വേറെ വേറെയാണു്. ഒന്നിനും അന്യോന്യസംബന്ധമില്ല. എന്നാൽ നീയാകുന്ന ചൈതന്യത്താൽ എല്ലാം കൂട്ടിയോജിപ്പിക്കപ്പെട്ടിരിക്കുന്നു. യാതൊന്നിൻേറയും ചേച്ഛയില്ലാത്ത ശുദ്ധബോധമാണു് നിൻെറ സ്വരൂപം. വാസ്തവത്തിൽ മൂഢതകൊണ്ടു നീ നിന്നെ നിസ്സാരനെന്നു തെററിദ്ധരിച്ചിരിക്കയാണു്.

അതിനാൽ നാമരൂപങ്ങളാകുന്ന വസ്തുക്കളെ വിചാരം ചെയ്തു ശുദ്ധചൈതന്യമാണെന്നും, ശുദ്ധചൈതന്യം ദ്രഷ്ടാവായ താൻതന്നെയാണെന്നും ബോധിച്ചു തൻെറ നിസ്സാരതാഭാവത്തെ അകററിയാൽ സുഖിയായിത്തീരും. ഞാൻ അല്പനും ജഡപദാത്ഥങ്ങളുടെ കൂട്ടത്തിൽപ്പെട്ട ഒരു വസ്തുവുമാണെന്ന മൌഢ്യംകൊണ്ടാണു് നീ ദുഃഖിയായിട്ടിരിക്കുന്നതു്. നിൻെറ സ്വരൂപസ്ഥിതിയെക്കുറിച്ചു ശരിയായ ബോധമുണ്ടാവുമ്പോഠം നീ സുഖിയുമായിത്തീരും.

നിരപേക്ഷോ നിർവ്വികാരോ
നിർഭരശ്ശീതളാശയഃ
അഗാധബുദ്ധിരക്ഷുബ്ധോ
ഭവ ചിന്മാത്രവാസനഃ. 17

സാരം:—നിരുപാധികനും കേവലസ്വരൂപിയുമായ നിനക്കു യാതൊരു പദാത്ഥത്തിൻേറയും അപേക്ഷയില്ല. എന്നാലും ഞാൻ ദേഹമാണെന്ന തെററായ അഭിമാനം

38082

ഹേതുവായിട്ടു നീ പല പദാൎത്ഥങ്ങളിലും അപേക്ഷയുള്ളവനും എന്തൊക്കെ കിട്ടിയാലും അതുകൊണ്ടൊന്നും തൃപ്തിയില്ലാത്തവനുമായിത്തീരുന്നു. അതുകാരണത്താൽ എപ്പോഴും നിൻെറ മനസ്സ വികാരങ്ങളെക്കൊണ്ടു പ്രക്ഷുബ്ധമായിരിക്കുന്നു. ഒരിക്കലും ശാന്തിയോ സംതൃപ്തിയോ നിനക്കില്ല. ഇല്ലാത്ത ചുമതലകളെല്ലാം ഉള്ളതായി ബോധിക്കുന്നു. അതുകൊണ്ടു മനസ്സെപ്പോഴും തപിച്ചുകൊണ്ടേ ഇരിക്കുന്നു. ഞാൻ ശരീരമല്ല; ബോധാകാരമായ ചൈതന്യമാണു്. എന്നു ബോദ്ധ്യം വന്നാൽ ഈ നിലയെല്ലാം മാറും. അപ്പോഠം നീ നിരപേക്ഷകനും നിൎവ്വികാരനും, യാതൊരു ചുമതലയുമില്ലാത്തവനും ശീതളാശയനും അവസാനമില്ലാത്ത അറിവിൻെറ കേന്ദ്രവും പരമപ്രശാന്തനുമായിത്തീരും. അങ്ങിനെയായിത്തീരുമ്പോഠം നിന്നെപ്പോലെ സുഖിയായിട്ടു് ആരുംതന്നെ ലോകത്തിലില്ലെന്ന നില വരും. ആ പരമാനുഭൂതിക്കു തടസ്ഥമായിട്ടിരിക്കുന്നതു ശരീരാഭിമാനമാണു്. അതുകൊണ്ടു് അതിനെ അകററി ആത്മാഭിമാനത്തെ വളൎത്താൻ ശ്രമിക്കു.

സാകാരമനൃതം വിദ്ധി
നിരാകാരം തു നിശ്ചലം
ഏതൽതത്വോപദേശേന
ന പുനൎഭവസംഭവഃ. 18

സാരം:—ആകൃതിയും ചലനവുമുള്ള വസ്തുക്കളെല്ലാം അസത്യങ്ങളാണു്. ചലനമുണ്ടെങ്കിൽ പരിണാമമുണ്ടു്. പരിണാമമുണ്ടെങ്കിൽ ഇടയ്ക്കിടയ്ക്കു മാറിക്കൊണ്ടിരിക്കുന്ന ആ വസ്തു സത്യമാവാൻ വയ്യ. സത്യവസ്തുവിനു മാററ

38082

മോ ഏററക്കുറവോ ഉണ്ടാവുന്നില്ല. എല്ലാ സമയത്തും ഒരുപോലിരിക്കുന്നതിന്നേ സത്യമെന്നു പേരുണ്ടാവാൻ വയ്യ. അങ്ങിനെയായിത്തീരണമെങ്കിൽ ആ വസ്തുവിന്നു ചാലനമുണ്ടാവാൻ വയ്യ. അങ്ങിനെത്തന്നെ രൂപവുമുണ്ടാവാൻ വയ്യ. രൂപത്തിന്നു പരിച്ഛേദവും ആദ്യന്തങ്ങളുമുണ്ടാവണമല്ലോ. രൂപമില്ലാത്തതിന്നു നാമവുമുണ്ടാവാൻ വയ്യ. നാമരൂപങ്ങളില്ലാത്തതിന്നു ഗുണകർമ്മങ്ങളുമുണ്ടാവാൻ അർഹതയില്ല. അതിനാൽ നാമരൂപങ്ങളോ ഗുണകർമ്മങ്ങളോ ഇല്ലാതെ കാലദേശാദ്യത്തിൽകളെപ്പോലും ഉല്ലംഘിച്ചു സർവ്വത്ര പരിപൂർണ്ണവും നിശ്ചലവുമായിരിക്കുന്നു സത്യവസ്തു. അതുതന്നെ സർവ്വസാക്ഷിയും അന്തർയ്യാമിയും ദ്രഷ്ടാവും വിജ്ഞാനമയവുമായിരിക്കുന്ന ആത്മാവു് അല്ലെങ്കിൽ ബ്രഹ്മം. അതുകൊണ്ടു ബ്രഹ്മം അല്ലെങ്കിൽ ദ്രഷ്ടാവായിരിക്കുന്ന ആത്മാവുമാത്രം സത്യം; മററെല്ലാം മിത്ഥ്യ. ഈ ബോധത്തെ ദൃഢപ്പെടുത്താൻ കഴിഞ്ഞാൽ പിന്നീടു സംസാരത്തിൽ ജനിക്കേണ്ടിവരില്ല.

യഥൈവാദർശമദ്ധ്യസ്ഥേ
രൂപേഽന്തഃ പരിതസ്തു സഃ
തഥൈവാസ്മിൻ ശരീരേഽന്തഃ
പരിതഃ പരമേശ്വരഃ. 19

സാരം:—കണ്ണാടിക്കുള്ളിൽ കാണുന്ന രൂപത്തിൻെറ അകത്തും പുറത്തും കണ്ണാടി മാത്രമേ ഉള്ളു; അല്ലാതെ തോന്നപ്പെടുന്ന രൂപമില്ല. ചിത്തവിഭ്രാന്തികൊണ്ടു തോന്നപ്പെടുന്നതാണു് രൂപം. അതുപോലെ ഈ ശരീരവും ഇതിൻെറ അകവും പുറവുമെല്ലാം പരചൈതന്യത്താൽ

നിറയപ്പെട്ടതാണു്. ഘടത്തിൻെറ എല്ലാവശവും എപ്രകാരം മണ്ണു മാത്രമാണോ, തിരയുടെ എല്ലാവശവും എപ്രകാരം സമുദ്രജലം മാത്രമാണോ, അതുപോലെ കാണപ്പെടുന്ന ശരീരത്തിൻെറയും എല്ലാവശവും പരമേശ്വരചൈതന്യമല്ലാതെ മറെറാന്നുംതന്നെയില്ല.

ഏകം സൎവ്വഗതം വ്യോമ
ബഹിരന്തൎയ്യഥാ ഘടേ
നിത്യം നിരന്തരം ബ്രഹ്മ
സൎവ്വഭൂതഗണേ തഥാ. 20

സാരം:—എങ്ങും നിറഞ്ഞ അനന്തമായ ആകാശം എപ്രകാരം മുറിവില്ലാതെ ഘടത്തിൻെറ അകത്തും പുറത്തും ഒരുപോലെ വ്യാപിച്ചിരിക്കുന്നുവോ, അതുപോലെ അഖണ്ഡപരിപൂൎണ്ണമായ ബ്രഹ്മംതന്നെ ചരാചരങ്ങളാകുന്ന സകല ഭൂതങ്ങളുടേയും അകവും പുറവും ഒരുപോലെ നിറഞ്ഞു വ്യാപിച്ചിരിക്കുന്നു. ഘടത്തെമാത്രം നോക്കുന്നവൎക്കു ഘടാന്തൎഗ്ഗതമായ ആകാശം പരിച്ഛിന്നവും മഹാകാശത്തിൽനിന്നു വേറെയുമാണെന്നു തോന്നാം. എന്നാൽ ഘടത്തെ വിട്ടു് ആകാശത്തെ നോക്കുമ്പോൾ മഹാകാശത്തിന്നു പരിച്ഛേദമുണ്ടായിട്ടില്ലെന്നും ഒരേ ആകാശംതന്നെ എല്ലായിടത്തും വ്യാപ്തമായിരിക്കുന്നതെന്നും ബോദ്ധ്യമാവുകയും ചെയ്യും. അതുപോലെ ഭൂതങ്ങളെ മാത്രം നോക്കുന്ന ഒരാൾക്കു് ഓരോ ഭൂതത്തിലുമുള്ള ആത്മസ്വരൂപം പരിച്ഛിന്നമാണെന്നും അഖണ്ഡബ്രഹ്മത്തിൽനിന്നു വേറെയാണെന്നും തോന്നാം. എന്നാൽ ഭൂതങ്ങളെ വിട്ടു ബ്രഹ്മത്തെ നോക്കാൻ തുടങ്ങുമ്പോൾ—

ശരീരത്തെ മറന്നു് ആത്മാവിനെ അറിയുമ്പോൾ—ബ്രഹ്മം അഖണ്ഡമാണെന്നും പരിച്ഛേദമുണ്ടായിട്ടില്ലെന്നും ഒരേ ബ്രഹ്മം തന്നെയാണു് എങ്ങും വ്യാപ്തമായിട്ടിരിക്കുന്നതെന്നും ബോദ്ധ്യമാവുകയും ചെയ്യും. ഒന്നാമദ്ധ്യായം ഇവിടെയാണവസാനിക്കുന്നതു്.

4-5-20

# അദ്ധ്യായം 2

ജനക ഉവാച:—

അഹോ നിരഞ്ജനഃ ശാന്തോ
ബോധോഽഹം പ്രകൃതേഃ പരഃ
ഏതാവന്തമഹം കാലം
മോഹേനൈവ വിഡംബിതഃ. 1

സാരം:—ജനകൻ പറഞ്ഞു: ആശ്ചര്യമെന്നു പറയട്ടെ, നിസ്സംഗവും പ്രശാന്തവും പ്രകൃതിക്കതീതവുമായ ബോധമാണു് ഞാനെന്നു് ഇപ്പോൾ അറിഞ്ഞു. ഇത്രയും കാലം കേവലം എന്റെ വിഷയങ്ങളായ ശരീരാദികളെ ഞാനെന്നഭിമാനിച്ചു് അവയുടെ ധർമ്മങ്ങൾക്കു് അടിമപ്പെട്ടുതന്നെ കഴിഞ്ഞു. അങ്ങിനെ അജ്ഞാനത്താൽ വഞ്ചിതനായ എനിക്കു് ഇപ്പോഴെങ്കിലും സ്വരൂപബോധമുണ്ടായല്ലോ. ഭാഗ്യമെന്നു പറയട്ടെ! ഞാൻ ധന്യനും കൃതകൃത്യനുമായി.

യഥാ പ്രകാശയാമ്യേകോ
ദേഹമേതം തഥാ ജഗൽ
അതോ മമ ജഗൽ സവ്വ-
മഥവാ ന ച കിഞ്ചന. 2

സാരം:—ഈ ശരീരം വിളങ്ങുന്നതു് എൻെറ പ്രകാശംഹേതുവായിട്ടാണു്. എൻെറ പ്രകാശം ഇതിൽ പ്രസരിക്കുന്നില്ലെങ്കിൽ—ഞാനിതിൽ പ്രകാശിക്കുന്നില്ലെങ്കിൽ—ഈ ശരീരംതന്നെ ഇല്ലാതാവും. എന്നാൽ എൻെറ പ്രകാശംഹേതുവായി പ്രകാശിക്കുന്നു എന്നുള്ളതിൽ കൂടുതലായി ഞാനും ശരീരവും തമ്മിൽ യാതൊരു സംബന്ധവുമില്ല. അതുപോലെ ഈ ജഗത്തു മുഴുവൻ പ്രകാശിക്കുന്നതും എൻെറ പ്രകാശംകൊണ്ടുതന്നെയാണു്. ആ സ്ഥിതിക്കു് ഈ ശരീരത്തോടു് എനിക്കെന്തൊരു ബന്ധമാണോ ഉള്ളതു്, അതു ജഗത്തിലുള്ള എല്ലാ വസ്തുക്കളോടുമുണ്ടു്. ശരീരം എൻെറ ദൃശ്യമാണു്; അതുപോലെ ജഗത്തും എൻെറ ദൃശ്യംതന്നെ. അപ്പോൾ ശരീരത്തെമാത്രം ഞാനെന്നും എൻേറതെന്നും അഭിമാനിക്കുന്നതിനൎത്ഥമില്ല. ഒന്നുകിൽ ശരീരമടക്കമുള്ള ജഗത്തു മുഴുവൻ ഞാനും, എൻേറതുമാണു്. അല്ലെങ്കിൽ ശരീരമടക്കമുള്ള ജഗത്തിൽ ഒന്നുപോലും ഞാനോ എൻേറതോ അല്ല. ഈ പരമാൎത്ഥം ഇതുവരെയും എനിക്കറിയാൻ കഴിഞ്ഞില്ല. പരമാൎത്ഥത്തെ അറിഞ്ഞതുകൊണ്ടു ഞാനിന്നു ധന്യനായി.

സശരീരമഹോ വിശ്വം
പരിത്യജ്യ മയാധുനാ
കുതശ്ചിൽ കൌശലാദേവ
പരമാത്മാ വിലോക്യതേ. 3

സാരം:—മുൻപറയപ്പെട്ട പരമാത്മബോധമാകുന്ന യുക്തികൊണ്ടു് ഈ ശരീരമടക്കമുള്ള ജഗത്തിൻെറ മുഴുവൻ ബന്ധത്തിൽനിന്നും എനിക്കു രക്ഷപ്പെടാൻ കഴിഞ്ഞു. ജഗത്തിൻെറ യാതൊരു ബാധയും ഇപ്പോഴെനിക്കില്ല; അതിനാൽ പരമാത്മദശനത്തിന്നുള്ള തടസ്ഥങ്ങൾ മുഴുവൻ തീൻ. യാതൊരു പ്രതിബന്ധത്തിൻേറയും ബാധയില്ലാതെ എപ്പോൾ വേണമെങ്കിലും എനിക്കു് അന്തൎയ്യാമിയായ പരമാത്മാവിൻെറ—എൻെറ— സ്വരൂപം ദശിക്കാമെന്ന നിലവന്നു. അഹോ! ഭാഗ്യം എന്നല്ലാതെന്തു പറയട്ടെ!

യഥാ ന തോയതോ ഭിന്നാ-
സ്തരംഗാഃ ഫേനബുൽബുദാഃ
ആത്മനോ ന തഥാ ഭിന്നം
വിശ്വമാത്മവിനിൎഗ്ഗതം. 4

സാരം:—സമുദ്രത്തിൽ കാണുന്ന തിര, നുര, കുമിള തുടങ്ങിയവ പ്രത്യേകനാമരൂപങ്ങളോടുകൂടിയിരുന്നാലും വാസ്തവത്തിൽ സമുദ്രജലമല്ലാതെ മററൊന്നുമല്ല. അതുപോലെ എന്നിൽനിന്നുണ്ടായ ഈ ജഗത്തു മുഴുവൻ എന്തെല്ലാം നാമരൂപങ്ങളോടുകൂടിയിരുന്നാലും എന്നിൽനിന്നന്യമല്ല, ഞാൻതന്നെയാണു് പല നാമരൂപങ്ങളായി ജഗത്തായി പ്രകാശിക്കുന്നതു്. അല്ലെങ്കിൽ എന്നിൽത്തന്നെ തോന്നപ്പെടുന്ന ഭ്രാന്തി പ്രതീതിമാത്രമാണു്. വാസ്തവത്തിൽ ഞാനല്ലാതെ ഒന്നുംതന്നെയില്ല.

THE KOTTAYAM PUBLIC LIB... KOTTAYAM

തന്തുമാത്രോ ഭവേദേവ
പടോ യദ്വദ്വിചാരിതഃ
ആത്മതന്മാത്രമേവേദം
തദ്വദ്വിശ്വം വിചാരിതം. 5

സാരം:—വസ്ത്രത്തെ നൂലിൽനിന്നു് അന്യമായൊരു പദാൎത്ഥമായിട്ടാണു് സാധാരണ ജനങ്ങൾ വിചാരിച്ചുവരുന്നതു്. എന്നാൽ സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം നൂലല്ലാതെ വസ്ത്രമെന്നൊരു പദാൎത്ഥമില്ലെന്നു ബോദ്ധ്യമാവും. മണ്ണല്ലാതെ ഘടമെന്ന പദാൎത്ഥമോ, സ്വൎണ്ണമല്ലാതെ കടകമെന്ന പദാൎത്ഥമോ എപ്രകാരം സംഭവിക്കുന്നില്ലയോ, അതുപോലെ ശരിയായി പരിശോധിക്കുന്നപക്ഷം ആത്മാവല്ലാതെ ജഗത്തെന്ന ഒരു വസ്തുവുണ്ടായിട്ടില്ലെന്നു ബോധിക്കാൻ കഴിയും. ശരിയായ വസ്തുവിചാരം ചെയ്യാത്തതുകൊണ്ടാണു് മണ്ണിൽനിന്നു വേറെയായി ഘടത്തേയും പൊന്നിൽനിന്നു വേറെയായി കടകത്തേയും നൂലിൽനിന്നു വേറെയായി വസ്ത്രത്തേയും ബോധിക്കുന്നതു്. അതുപോലെ വസ്തുവിചാരമില്ലാത്തതുകൊണ്ടാണു് ആത്മാവിൽനിന്നു വേറെയായി ജഗത്തിനേയും ബോധിക്കുന്നതു്. വാസ്തവത്തിൽ ആത്മാവല്ലാതെ ഒന്നുംതന്നെ ഉണ്ടായിട്ടില്ല.

യഥൈവേക്ഷുരസേ ക്ലുപ്താ
തേന വ്യാപ്തൈവ ശൎക്കരാ
തഥാ വിശ്വം മയി ക്ലുപ്തം
മയാവ്യാപ്തം നിരന്തരം. 6

സാരം:—പഞ്ചസാര എപ്രകാരം കരിമ്പിൻനീരിൽ അടങ്ങിയതും കരിമ്പിൻനീരിനാൽ സർവ്വത്ര വ്യാപിക്കപ്പെട്ടതുമാണോ, അതുപോലെ ജഗത്തു മുഴുവൻ എന്നിൽ അടങ്ങിയതും, ജഗത്തിൻെറ സമസ്തഘടകങ്ങളും എന്നാൽ വ്യാപിക്കപ്പെട്ടതുമാണു്.

ആത്മാഽജ്ഞാനാൽ ജഗൽ ഭാതി
ആത്മജ്ഞാനാൽ ന ഭാസതേ
രജ്ജ്വജ്ഞാനാദഹിർഭാതി
തജ്ഞാനാൽ ഭാസതേ നഹി. 7

സാരം:—ആത്മാവിനെ ശരിയായി അറിയാത്തതുകൊണ്ടാണു് ജഗൽപ്രതീതി നിലനില്ക്കുന്നതു്. ആത്മബോധമുണ്ടാവുമ്പോൾ ജഗൽപ്രതീതി നിലനില്ക്കാനും വയ്യ. എന്തുകൊണ്ടെന്നാൽ ആത്മാവിനെത്തന്നെയാണു് ജഗത്തായി ബോധിക്കുന്നതു്. അതിനാൽ ജഗത്തായി ബോധിക്കപ്പെട്ട വസ്തു ആത്മാവാണെന്നറിയുമ്പോൾ പിന്നെയെങ്ങനെ ജഗത്തുണ്ടാവും? കയറായും പാമ്പായും തോന്നപ്പെടുന്ന വസ്തു ഒന്നാണു്; രണ്ടല്ല. കയറിൻെറ ബോധമുള്ളപ്പോൾ പാമ്പോ, പാമ്പിൻെറ ബോധമുള്ളപ്പോൾ കയറോ പ്രതിഫലിക്കുന്നില്ല. അതുപോലെ ജഗത്തായും ആത്മാവായും തോന്നപ്പെടുന്ന വസ്തു വാസ്തവത്തിൽ ആത്മാവാകുന്ന ഒരു വസ്തുമാത്രമാണു്. അതിനാൽ ആത്മബോധമുണ്ടാവുമ്പോൾ പിന്നെയെങ്ങനെ ജഗൽഭ്രാന്തിയുണ്ടാവും?

പ്രകാശോ മേ നിജം രൂപം
നാതിരിക്തോസ്മ്യഹം തതഃ
യദാ പ്രകാശതേ വിശ്വം
തദാഽഹം ഭാസ ഏവ ഹി. 8

സാരം:—പ്രകാശമാണു് എന്റെ സ്വാഭാവികസ്വരൂപം. പ്രകാശമെന്നതു് എന്നിൽനിന്നോ, ഞാൻ പ്രകാശത്തിൽനിന്നോ വേറെയല്ല. എന്റെ പ്രകാശത്തിൽ മററുള്ളവ പ്രകാശിക്കുകയെന്നല്ലാതെ, എന്നെ പ്രകാശിപ്പിക്കാൻ മറെറാന്നിന്റേയും അപേക്ഷയില്ല. കാരണം ഞാൻ സ്വയംപ്രകാശനാണു്. അതിനാൽ എപ്പോഴെങ്കിലും ജഗത്തു പ്രകാശിക്കുന്നുവെങ്കിൽ ഞാൻ ജഗദാകാരേണ പ്രകാശിക്കുന്നു എന്നേ അർത്ഥമുള്ളു. അല്ലാതെ എന്നിൽനിന്നന്യമായി ഒരു ജഗത്തില്ല.

അഹോ വികല്പിതം വിശ്വ-
മജ്ഞാനാൽ മയി ഭാസതേ
രൂപ്യം ശുക്തൌ ഫണീ രജ്ജൌ
വാരി സൂര്യകരേ യഥാ. 9

സാരം:—മുത്തുച്ചിപ്പിയിൽ വെള്ളിയും, കയറിൽ പാമ്പും, ചഞ്ചലങ്ങളായ ആദിത്യകിരണങ്ങളിൽ മൃഗതൃഷ്ണാജലവും തോന്നപ്പെട്ടുംപോലെയാണു് എന്നെ ജഗത്തായി കാണുന്നതു്. എന്റെ സ്വരൂപവിജ്ഞാനമില്ലാത്തതുകൊണ്ടാണു് ജഗത്താകുന്ന വികല്പം എന്നിൽ വിളങ്ങുന്നതു്. ഞാൻ എന്നെ ശരിക്കറിയുമ്പോൾ പിന്നെ ജഗത്തെന്നൊരു വസ്തുവില്ല. അതെനിക്കു ബോദ്ധ്യമായി.

മത്തോ വിനിർഗ്ഗതം വിശ്വം
മയ്യേവ ലയമേഷ്യതി
മൃദി കുംഭോ ജലേ വീചിഃ
കനകേ കടകം യഥാ. 10

സാരം:—വാസ്തവത്തിൽ ജഗത്തിന്നു് അസ്തിത്വമില്ല. എന്നാൽ ഭ്രാന്തികൊണ്ടു മൃഗതൃഷ്ണയെ ജലാശയമായി ബോധിക്കുംപോലെ മൂഢന്മാർ ജഗത്തിന്നു സത്തയുണ്ടെന്നു തെററിദ്ധരിക്കുന്നു. അങ്ങിനെ ധരിച്ചാലും മണ്ണിൽനിന്നു വേറെയായി ഘടത്തിന്നും, ജലത്തിൽനിന്നു വേറെയായി തിരയ്ക്കും, സ്വർണ്ണത്തിൽനിന്നു വേറെയായി കടകത്തിന്നും സത്തയുണ്ടെന്നു കരുതുംപോലെയാണു്. വാസ്തവത്തിൽ അവയ്ക്കു പ്രത്യേകസത്തയില്ലെന്നെല്ലാവക്കും അറിവുള്ളതാണല്ലോ. അതുപോലെ എന്നിൽനിന്നുണ്ടായിയെന്നു തോന്നപ്പെടുന്ന ജഗത്തിന്നും ഞാനല്ലാതെ പ്രത്യേകസത്തയൊന്നുമില്ല. ഇനി അജ്ഞതകൊണ്ടു് ഉണ്ടെന്നു തോന്നിയാലും ജഗത്തു് എന്നിൽത്തന്നെ ലയിക്കുന്നു. എന്നിൽ ലയിച്ചുകഴിഞ്ഞാൽ പിന്നെ ഞാനല്ലാതെ ജഗത്തില്ലല്ലോ. അതുപോലെ ജഗത്തുണ്ടാവുന്നതിന്നു മുമ്പും ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളു. അപ്പോൾ പൂർവ്വാപരകാലങ്ങളിലില്ലാത്തതും മദ്ധ്യകാലത്തുമാത്രം എന്നിൽനിന്നുണ്ടായിയെന്നും എന്നിൽത്തന്നെ ലയിക്കുന്നുവെന്നും തോന്നപ്പെടുന്നതുമായ ജഗത്തു വാസ്തവത്തിൽ ഞാനല്ലാതെ മറെറന്താണു്? അതിനാൽ ജഗത്തുണ്ടായിട്ടേ ഇല്ല.

അഹോ അഹം നമോ മഹ്യം
വിനാശോ യസ്യ നാസ്തി മേ
ബ്രഹ്മാദിസ്തംബപര്യന്ത-
ജഗന്നാശേപി തിഷ്ഠതഃ. 11

സാരം:—ആശ്ചര്യമെന്നു പറയട്ടെ! സൂക്ഷ്മമായി പരിശോധിക്കുമ്പോൾ നാശമില്ലാത്ത ഒരേ ഒരു വസ്തു ഞാൻ മാത്രമാണു്. ബ്രഹ്മാവുമുതൽ പരമാണുവടക്കമുള്ള എല്ലാം നശിക്കുന്നു. അപ്പോഴും നാശമില്ലാതെ ഞാൻമാത്രം സ്ഥിരമായി നില്ക്കുന്നു. ഉൽപത്തി തുടങ്ങിയ കാലധർമ്മങ്ങളുടെ ബാധയില്ലാത്ത ഒരേ ഒരു വസ്തു ഞാൻ മാത്രമാണു്. ആ സ്ഥിതിക്കു് എന്നെയല്ലാതെ മററാരെയാണു് ഞാൻ നമസ്കരിക്കേണ്ടതു്. ശാശ്വത സ്വരൂപിയായ എനിക്കായിക്കൊണ്ടു നമസ്കാരം.

അഹോ അഹം നമോ മഹ്യം
ദക്ഷോ നാസ്തീഹ മത്സമഃ
അസംസ്പൃശ്യശരീരേണ
യേന വിശ്വം ചിരം ധൃതം. 12

സാരം:—ആശ്ചര്യങ്ങളിൽവെച്ചു് ആശ്ചര്യമാണു് ഞാൻ. എന്തുകൊണ്ടെന്നാൽ എന്നെപ്പോലെ ശക്തിയും സാമർത്ഥ്യവുമുണ്ടായിട്ടാരുംതന്നെ ഇല്ല. അതത്ഭുതമല്ല താനും. എന്നിൽനിന്നു കിട്ടിയ ശക്തിസാമർത്ഥ്യങ്ങളേ മററുള്ളവക്കുള്ളു. ആ സ്ഥിതിക്കു് അവരെങ്ങനെ എന്നെപ്പോലെയാവും. എന്റെ ഉപാധിയാണെന്നു പറയപ്പെട്ടുവരുന്ന ശരീരത്തിനുപോലും എന്നെ സ്പർശിക്കാൻ വയ്യ. അങ്ങിനെയുള്ള ഞാൻ അളവില്ലാത്ത ലോകങ്ങളെ വള

രെക്കാലമായി ധരിച്ചുകൊണ്ടിരിക്കുന്നു. സവ്വത്തിന്നും ഞാനാണു് ആധാരം. അതേസമയത്തു് ഒരു വസ്തുവിനെപ്പോലും ഞാൻ സ്പൎശിക്കുന്നുമില്ല. ഇതിൽപ്പരം അത്ഭുതം മറെറന്താണു്? എൻെറ മഹിമ ആൎക്കും കണക്കാക്കാൻ കഴിയാത്തതും സവ്വാതിശായിയുമെന്നല്ലാതെന്തു പറയട്ടെ. അപ്രകാരമുള്ള എനിക്കായ്ക്കൊണ്ടു നമസ്കാരം.

അഹോ അഹം നമോ മഹ്യം
ഏകോ/ഹം ദേഹവാനപി
കചചിന്ന ഗന്താ നാ/ഗന്താ
വ്യാപ്യ വിശ്വമവസ്ഥിതഃ. 13

സാരം:—ഞാൻ ഏകനാണു്. വാസ്തവത്തിൽ എന്നിൽനിന്നന്യമായിട്ടൊന്നുംതന്നെയില്ല. അങ്ങിനെ ഏകനും അദ്വിതീയനുമായ ഞാൻ ശരീരവാനാണെങ്കിൽക്കൂടി എവിടേയ്ക്കും വരികയോ പോവുകയോ ചെയ്യുന്നില്ല. എങ്കിലും ജഗത്തു മുഴുവൻ എന്നാൽ നിറയപ്പെട്ടുമിരിക്കുന്നു. അഹോ! എന്തൊരു മഹിമയാണെൻേറതു്! അപ്രകാരമുള്ള എനിക്കായ്ക്കൊണ്ടു നമസ്കാരം.

അഹോ അഹം നമോ മഹ്യം
യസ്യ മേ നാസ്തി കിഞ്ചന
അഥവാ യസ്യ മേ സവ്വം
യദ്വാങ്മനസഗോചരം. 14

സാരം:—ഇനിയും എൻെറ മഹിമ ആലോചിക്കുംതോറും അനന്തമെന്നു തോന്നപ്പെടുന്നു. എൻേറതായി ഒന്നുംതന്നെയില്ല. എന്നാൽ അതേ സമയത്തു് എൻേറ

തല്ലാത്തതായും ഒന്നുംതന്നെയില്ല. എന്തൊരത്ഭുതമാണു്! അപ്രകാരമുള്ള എനിക്കായ്ക്കൊണ്ടു നമസ്കാരം.

ജ്ഞാനം ജ്ഞേയം-തഥാ ജ്ഞാതാ
ത്രിതയം നാസ്തി വാസ്തവം
അജ്ഞാനാൽ ഭാതി യത്രേദം
സോ/ഹമസ്മി നിരഞ്ജനഃ. 15

സാരം:—അറിവു് അറിയപ്പെടുന്ന വസ്തു അറിയുന്നവൻ എന്നീ മൂന്നിനേയും അടക്കി ത്രിപുടിയെന്നു പറയുന്നു. ത്രിപുടിയെന്നതു വാസ്തവത്തിൽ ഇല്ലാത്തതാണു്. ഭ്രാന്തികൊണ്ടു് ഉള്ളതായി തോന്നപ്പെടുന്നു എന്നുമാത്രം. എന്തുകൊണ്ടെന്നാൽ ബ്രഹ്മം അദ്വൈതമാണെന്നിരിക്കെ—തന്നിൽനിന്നന്യമായി മറ്റൊന്നില്ലെന്നിരിക്കെ—പിന്നെ ആരാണറിയുന്നതു്, എന്തിനെയാണറിയുന്നതു്? അതിനാൽ കർത്തൃകർമ്മക്രിയകളും ജ്ഞാതൃജ്ഞേയജ്ഞാനങ്ങളുമൊക്കെ ഭ്രാന്തികൊണ്ടുള്ള തോന്നലല്ലാതെ മറ്റൊന്നുമല്ല. ഭ്രാന്തികൊണ്ടാണെങ്കിലും പ്രസ്തുത തോന്നൽ ഏതൊരു വസ്തുവിൽ പ്രകാശിക്കുന്നുവോ ആ നിസ്സംഗവസ്തുവാണു് ഞാൻ. ജ്ഞാതാവോ, ജ്ഞേയമോ, ജ്ഞാനമോ അല്ലെങ്കിൽ കർത്താവോ, കർമ്മമോ, കർത്തവ്യമോ അതുമല്ലെങ്കിൽ ദ്രഷ്ടാവോ, ദൃശ്യമോ, ദർശനമോ അല്ല, അവ മൂന്നും ഏതൊരു നിർല്ലേപചൈതന്യത്തിൽ പ്രകാശിക്കുന്നുവോ, ആ അഖണ്ഡചൈതന്യമാണു് ഞാൻ.

ദ്വൈതമൂലമഹോ ദുഃഖം
നാന്യത്തസ്യാസ്തി ഭേഷജം
ദൃശ്യമേതന്മൃഷാ സൎവ്വ-
മേകോഽഹം ചിദ്രസോഽമലഃ. 16

സാരം:—എല്ലാവിധ ദുഃഖത്തിന്നും ഏകഹേതു ദ്വൈതബോധം മാത്രമാണു്. ജീവനെന്നും ഈശ്വരനെന്നുമുള്ള ബോധമാണു് ദ്വൈതം. ജീവൻ കൎത്താവും ഭോക്താവുമാണെന്നും ഈശ്വരൻ നിയന്താവും സാക്ഷിയുമാണെന്നും പ്രപഞ്ചം ജീവന്റെ കൎമ്മവും ഭോജ്യവുമാണെന്നും ധരിക്കുന്നു. ഈ ബോധംതന്നെ ദ്വൈതം. അതുഹേതുവായിട്ടു് ഇല്ലാത്ത ജീവത്വം ഉള്ളതായിത്തീരുകയും, ആ ഇല്ലാത്ത ജീവന്നു് അനേകപ്രകാരത്തിലുള്ള കൎത്തവ്യങ്ങളും ഭോക്തവ്യങ്ങളും പ്രാപ്തവ്യങ്ങളും ഉണ്ടായിത്തീരുകയും ചെയ്യുന്നു. കൎമ്മങ്ങളുടെ ബാഹുല്യംഹേതുവായിട്ടു് ഇല്ലാത്ത ജനനമരണങ്ങളും വൎദ്ധിക്കുന്നു. ഓരോ ജന്മത്തിലും അനേകം കൎത്തവ്യങ്ങളും ഭോക്തവ്യങ്ങളും പീഡിപ്പിക്കുന്നു. ഇതിന്നെല്ലാം ഹേതു ദ്വൈതബോധം മാത്രമാണു്. തന്നിൽനിന്നന്യമായി മറ്റൊന്നുംതന്നെ ഉണ്ടായിട്ടില്ലെന്നും ദൃശ്യമെല്ലാം ഭ്രാന്തിപ്രതീതിയാണെന്നുമുള്ള പരമാൎത്ഥം ബോദ്ധ്യപ്പെട്ടു ചിദാനന്ദരസാമൃതസ്വരൂപിയായ താനാകുന്ന നിൎമ്മലാത്മാവിനെ അറിയുന്നതുകൊണ്ടു മാത്രമേ മുൻപറയപ്പെട്ട ഉപദ്രവങ്ങളിൽനിന്നെല്ലാം രക്ഷപ്പെടാൻ സാധിക്കൂ.

ബോധമാത്രോഹമജ്ഞാനാ-
ദുപാധിഃ കല്പിതോ മയി
ഏവം വിമൃശതോ നിത്യം
നിർവ്വികല്പേ സ്ഥിതിർമ്മമ. 17

സാരം:—എല്ലാററിൻേറയും ദ്രഷ്ടാവായിരിക്കുന്ന ഞാൻ ബോധമാത്രസ്വരൂപനും നിരുപാധികനുമാണു്. എന്നാൽ എൻെറ ഈ പരമാത്മസ്ഥിതിയെ അറിയാതെ തെററിദ്ധാരണഹേതുവായിട്ടു ശരീരം ഞാനെന്ന ബോധത്തോടെ എന്നിൽ കല്പിക്കപ്പെട്ടു. വാസ്തവത്തിൽ ഞാൻ ശരീരമല്ല; ശരീരമെന്നൊന്നു യഥാർത്ഥത്തിൽ ഉണ്ടായിട്ടും ഇല്ല. കേവലം ഒരു കല്പനാദൃശ്യം മാത്രമാണു് ശരീരം. ആ നിലയ്ക്കു് അതു നില്ക്കുന്നതു് എന്നിലുമാണു്. എന്നിങ്ങിനെ തൻെറ സ്വരൂപത്തെക്കുറിച്ചു തീക്ഷ്ണമായി മനനം ചെയ്യുന്ന ഒരാൾക്കു കാലംകൊണ്ടു താൻ എപ്പോഴും നിർവ്വികല്പസ്ഥിതിയിലാണുള്ളതെന്നും തനിക്കു യാതൊരു വികല്പവും സംഭവിച്ചിട്ടില്ലെന്നും ബോധിക്കാൻ കഴിയും. പ്രമാദംകൊണ്ടു വന്നുചേൎന്ന തെററിദ്ധാരണഹേതുവായിട്ടാണു് തനിക്കു വികല്പങ്ങളും ഉപാധിസംബന്ധങ്ങളുമുണ്ടായിയെന്നു തോന്നപ്പെട്ടതെന്നും, വാസ്തവത്തിൽ യാതൊന്നും സംഭവിച്ചിട്ടില്ലെന്നും അറിയാറാവും. അപ്പോൾ അതുവരെ നഷ്ടപ്പെട്ടതെന്നു തോന്നിയിരുന്ന നിർവ്വികല്പസ്ഥിതിക്കു മറവില്ലാതാവുകയും ചെയ്യും.

ന മേ ബന്ധോസ്തി മോക്ഷോ വാ
ഭ്രാന്തിഃ ശാന്താ നിരാശ്രയാ
അഹോ മയി സ്ഥിതം വിശ്വം
വസ്തുതോ ന മയി സ്ഥിതം. 18

സാരം:—വാസ്തവത്തിൽ എനിക്കു ബന്ധമോ മോക്ഷമോ രണ്ടുമില്ല, ഉണ്ടായിട്ടുമില്ല. ഞാൻ നിത്യമുക്തനാണു്. എന്നിൽനിന്നന്യമായി എന്നെ ബന്ധിക്കുന്ന ഒന്നുംതന്നെയില്ല. ഒരിക്കലും ബന്ധമേ ഉണ്ടായിട്ടില്ലെങ്കിൽ പിന്നെയെന്തു മോക്ഷമാണു്! ഞാൻ ബദ്ധനാണെന്നും എനിക്കു മുക്തനാവണമെന്നുമുള്ള ഒരു ഭ്രാന്തിയാണുണ്ടായിരുന്നതു്. ആ ഭ്രാന്തിയും വാസ്തവത്തിൽ ഉള്ളതായിരുന്നുവെന്നു പറയാൻ വയ്യ. എന്തുകൊണ്ടെന്നാൽ ഭ്രാന്തിക്കും ഒരവലംബം വേണമല്ലോ. അതില്ലെങ്കിൽ പിന്നെ ഭ്രാന്തിയും ഉണ്ടായിയെന്നെങ്ങിനെ വിശ്വസിക്കും? ബദ്ധനായിട്ടു് ഒരാറുംതന്നെ ഉണ്ടായിട്ടില്ല. പിന്നെ ഭ്രാന്തിയും ആൎക്കുണ്ടായിയെന്നു പറയും? അങ്ങിനെയൊരാളെപ്പറയാനില്ലാത്തതുകൊണ്ടു ഭ്രാന്തിയുണ്ടായിയെന്നുള്ളതും വെറും തോന്നൽ മാത്രമാണു്; അല്ലാതെ വാസ്തവമല്ല. ഏതായാലും ഇപ്പോറം അതെല്ലാം അടങ്ങി. ജഗത്തെന്ന വസ്തു ഉണ്ടായിട്ടേ ഇല്ലെന്നെനിക്കു ബോദ്ധ്യമായി. ഉണ്ടായിയെന്നു തോന്നിയ സമയത്തും എന്നിലാണു് വിശ്വം സ്ഥിതിചെയ്തിരുന്നതു്. വാസ്തവത്തിൽ എന്നിൽ ഞാനല്ലാതെ മറെറാന്നും എപ്പോഴുമുണ്ടായിട്ടില്ല. അപ്പോറം ജഗൽപ്രതീതി വെറും ഭ്രമമല്ലാതെ മറെറന്താണു്? ഏതായാലും ഇപ്പോറം എല്ലാ ഭ്രമവുമടങ്ങി ഞാൻ സ്വരൂപസ്ഥിതനായി. വാസ്തവത്തിൽ ഈ സ്ഥിതിക്കെപ്പോഴും മാററമുണ്ടായിട്ടില്ല. എങ്കിലും ഉണ്ടായെന്ന തോന്നലിൻെറ ബാധയും ഇപ്പോഴില്ലാതായിത്തീൎന്നു.

സശരീരമിദം വിശ്വം
ന കിഞ്ചിദിതി നിശ്ചിതം
ശുദ്ധചിന്മാത്ര ആത്മാ ച
തൽ കസ്മിൻ കല്പനാऽധുനാ. 19

സാരം:—ഈ ശരീരമടക്കമുള്ള പ്രപഞ്ചമൊന്നുംതന്നെ ഉണ്ടായിട്ടില്ലെന്നും ഞാൻ ചിദാനന്ദരസസ്വരൂപനാണെന്നും തീച്ച്പ്പെട്ടുകഴിഞ്ഞു. ഈ സ്ഥിതിയിൽ യാതൊരുവിധ കല്പനയ്ക്കോ ഭ്രമത്തിന്നോ സ്ഥാനമില്ല. അതിനാൽ ഞാൻ എല്ലാവിധകല്പനകളിൽനിന്നും ഭ്രമങ്ങളിൽനിന്നും മുക്തനും ചൈതന്യമാത്രനുമാണെന്നു് അനുഭവപ്പെട്ടു.

ശരീരം സ്വർഗ്ഗനരകൌ
ബന്ധമോക്ഷൌ ഭയം തഥാ
കല്പനാമാത്രമേവൈതൽ
കിം മേ കാര്യം ചിദാത്മനഃ. 20

സാരം:—ഈ ശരീരവും ഇതിൻെറ അനുഭവങ്ങളാകുന്ന സുഖദുഃഖങ്ങളും അല്ലെങ്കിൽ സ്വർഗ്ഗനരകങ്ങളും ബന്ധമോക്ഷങ്ങളും എന്നുവേണ്ട എല്ലാംതന്നെയും എന്നിൽ വെറുതേ ഭ്രാന്തികൊണ്ടു കല്പിക്കപ്പെട്ടവമാത്രമാണു്. അല്ലാതെ കേവലം ചൈതന്യമാത്രനായിരിക്കുന്ന എനിക്കെന്തുണ്ടാവാനാണു്.

അഹോ ജനസമൂഹേऽപി
ന ദ്വൈതം പശ്യതോ മമ
അരണ്യമിവ സംവൃത്തം
ക്വ രതിം കരവാണ്യഹം. 21

സാരം:—അനേകജനങ്ങൾ നിറഞ്ഞ സ്ഥലത്തുകൂടി അദ്വൈതമല്ലാതെ ദ്വൈതത്തിൻെറ പ്രതീതി അല്പം പോലുമില്ലാത്തതിനാൽ എവിടേയും വിജനമായിരിക്കുന്ന വനംപോലെതന്നെ. ഈ സ്ഥിതിക്കു് എനിക്കു് ഇഷ്ടപ്പെടുവാനോ, അനിഷ്ടപ്പെടുവാനോ, ചെയ്യാനോ എന്താണുള്ളതു്? ആശ്ചര്യമെന്നു പറയട്ടെ! എൻെറ കർത്തവ്യവും ഭോക്തവ്യവുമൊക്കെ എവിടെയോ പോയ് മറഞ്ഞു. എന്നേയല്ലാതെ മററൊന്നിനേയും ഞാൻ കാണുന്നേയില്ല.

നാഹം ദേഹോ ന മേ ദേഹോ
ജീവോ നാഹമഹം ഹി ചിൽ
അയമേവ ഹി മേ ബന്ധ
ആസീദ്യാ ജീവിതേ സ്പൃഹാ. 22

സാരം:—ഞാൻ ദേഹമല്ല, ദേഹം എനിക്കവകാശപ്പെട്ടതുമല്ല. ദേഹിയെന്നു പറയപ്പെടുന്ന ജീവനുമല്ല ഞാൻ. ജീവദേഹാദികളേയും അവയുടെ വിക്രിയകളേയും കേവലം സാക്ഷിരൂപേണ അറിയുന്ന ചൈതന്യമാണു് ഞാൻ. അങ്ങിനെ ചൈതന്യമാത്രനായിരിക്കുന്ന എനിക്കെന്തിനോടാണു് സംബന്ധമുള്ളതു്? ഒന്നിനോടും സംബന്ധപ്പെടാതെ എന്നെക്കൊണ്ടുതന്നെ എന്നിൽ സുഖിയായി ആത്മാരാമനായിരിക്കുന്ന എനിക്കെന്തിനെയാണിച്ഛിക്കാനുള്ളതു്? വാസ്തവത്തിൽ ഒന്നുമില്ല. എങ്കിലും ഈ പരമാർത്ഥം അറിയാതെ ഇല്ലാത്ത ജീവിതത്തെ ആഗ്രഹിച്ചു എന്നതുകൊണ്ടാണു് എനിക്കു ബന്ധം തന്നെ ഉണ്ടായി എന്നു തോന്നിയതു്.

അഹോ ഭുവനകല്ലോലൈ-
ർവ്വിചിത്രൈർദ്രാക്ക സമുത്ഥിതം
മയ്യനന്തമഹാംഭോധൌ
ചിത്തിവാതേ സമുദ്യതേ. 23

സാരം:—മനസ്സാകുന്ന കൊടുങ്കാററു വീശിയപ്പോൾ ഞാനാകുന്ന ചിദാനന്ദസമുദ്രത്തിൽ വിചിത്രങ്ങളായ പ്രപഞ്ചത്തിരമാലകൾ പൊങ്ങിമറിഞ്ഞു. അതുതന്നെ സംസാരം. കാററു് അടങ്ങുമ്പോൾ സമുദ്രം പ്രശാന്തമാവുന്നതുപോലെ മനസ്സടങ്ങുമ്പോൾ സംസാരവും ഇല്ലാതാവും. സാർവ്വത്രികപ്രശാന്തിമാത്രം ശേഷിക്കും. അതുതന്നെ എൻെറ സ്വരൂപം.

മയ്യനന്തമഹാംഭോധൌ
ചിത്തവാതേ പ്രശാമ്യതി
അഭാഗ്യാജ്ജീവവണിജോ
ജഗൽപോതോ വിനശ്വരഃ. 24

സാരം:—സാധാരണസമുദ്രത്തിന്നും ഞാനാകുന്ന ചിദ്രസസമുദ്രത്തിന്നും തമ്മിൽ അല്പമായൊരു വ്യത്യാസമുണ്ടു്. കൊടുങ്കാററടിച്ചു തിരമാലകൾ ശക്തിയായി പൊന്തുന്ന സമയത്താണു് സാധാരണസമുദ്രത്തിൽ കപ്പലു മറിഞ്ഞു് അപായം സംഭവിക്കാററു്. എന്നാൽ ചിദാനന്ദസമുദ്രത്തിലെ സ്ഥിതി അതല്ല. മനസ്സാകുന്ന കൊടുങ്കാററടങ്ങി വിഷയത്തിരമാലകളൊതുങ്ങി പ്രശാന്തമാവുമ്പോഴാണു് ജീവനാകുന്ന കച്ചവടക്കാരൻെറ ജഗത്താകുന്ന കപ്പൽ മുങ്ങി അപായം സംഭവിക്കുന്നതു്.

മയ്യനന്തമഹാംഭോധാ-
വാശ്ചര്യം ജീവവീചയഃ
ഉദ്യന്തി ഘ്നന്തി ഖേലന്തി
പ്രവിശന്തി സ്വഭാവതഃ. 25

സാരം:—ഞാനാകുന്ന ചിദാനന്ദമഹാസമുദ്രത്തിൽ —ആശ്ചര്യമെന്നു പറയട്ടെ—ജീവന്മാരാകുന്ന തിരമാലകൾ അകാരണമായി പൊങ്ങിവളരുകയും തമ്മിൽ കൂട്ടിമുട്ടിത്തകരുകയും വിനോദിക്കുകയും ഉല്പത്തിസ്ഥാനത്തെ പ്രാപിച്ചു വിലയിക്കുകയും ചെയ്യുന്നു.

# അദ്ധ്യായം 3

അഷ്ടാവക്ര ഉവാച—
അവിനാശിനമാത്മാന-
മേകം വിജ്ഞായ തത്വതഃ
തവാത്മജ്ഞസ്യ ധീരസ്യ
കഥമർത്ഥാജ്ജനേ രതിഃ. 1

സാരം:—അഷ്ടാവക്രമഹർഷി പറകയാണു്. വിനാശസ്വരൂപമായ ഈ ജഗത്തിൽ ഒരിക്കലും നശിക്കാത്തതും ഒരിക്കലും ഉണ്ടാവാത്തതും അതുകാരണത്താൽ എപ്പോഴും ഉള്ളതും നിത്യശുദ്ധബുദ്ധമുക്തസ്വഭാവവും ഏകവുമായ ആത്മാവിനെ, ഹേ ജനക, നീ അറിഞ്ഞു കഴിഞ്ഞു. ആത്മജ്ഞാനത്തിനുവേണ്ടി വിഷയാകാരമായ

ഈ ജഗത്തിനെ മുഴുവൻ നീ ത്യാഗം ചെയ്തു. അതു കൊണ്ടാണല്ലോ ആത്മജ്ഞാനം സമ്പാദിക്കാൻ കഴിഞ്ഞതു്. അതൊരു വലിയ ധീരതതന്നെയാണു്. അങ്ങിനെ പരമത്യാഗത്തിൻേറയും പരമധൈര്യത്തിൻേറയും ഫലമായി കിട്ടിയ ആത്മജ്ഞാനംകൊണ്ടു ചരിതാത്ഥനായ നിനക്കിനിയെന്താണു് സാധിക്കേണ്ടതു്! ധനസമ്പാദനത്തിലും മററും നിനക്കെങ്ങിനെയാണിനി താല്പയ്യമുണ്ടാവുന്നതു്? സംതൃപ്തിയുടേയും സമാധാനത്തിൻേറയും ആനന്ദത്തിൻേറയും കൃതാത്ഥതയുടേയും പൂണ്ണതയാണല്ലോ ആത്മാവു്. അതിനെ അറിഞ്ഞു് അതായിക്കഴിഞ്ഞ ഒരാഠംക്കെങ്ങിനെ മറെറാന്നിൻെറ അപേക്ഷയുണ്ടാവും? ഒരിക്കലും ഉണ്ടാവാൻ അഹ്തയില്ല.

ആത്മാജ്ഞാനാദഹോ പ്രീതി-
ർവ്വിഷയേ ഭ്രമഗോചരേ
ശുക്തേരജ്ഞാനതോ ലോഭോ
യഥാ രജതവിഭ്രമേ. 2

സാരം:—മുത്തുച്ചിപ്പിയെയാണു് വെള്ളിയായിക്കാണുന്നതു്. വാസ്തവത്തിൽ വെള്ളിയല്ല; ചിപ്പിയാണു് എന്നറിഞ്ഞുകഴിഞ്ഞാൽ പിന്നെ ആക്ഃാണതിൽ ആഗ്രഹമുണ്ടാവുന്നതു്? അറിയാതിരിക്കുംകാലത്തോളം ആഗ്രഹമുണ്ടായെന്നുവന്നാൽ അതു സ്വാഭാവികവുമാണു്. അതുപോലെ കാണപ്പെടുന്ന ഈ ജഗത്തു് ആത്മാവാണു്. ആത്മാവിനെത്തന്നെയാണു് ആത്മാവിൽ ജഗദാകാരേണ കാണുന്നതു്. അങ്ങിനെ കാണപ്പെടുവാൻ ഹേതു ഭ്രമം മാത്രമാണു് എന്നറിയുമ്പോഠം പിന്നെ ആക്ഃാണു്

കാമിനീകാഞ്ചനാദിജഗദ്വസ്തുക്കളിൽ പ്രീതിയുണ്ടാവുന്നതു്? ആത്മാവിനെ അറിയാതിരിക്കുംകാലത്തോളം മാത്രമാണു് വിഷയങ്ങളിൽ പ്രീതിയും ആഗ്രഹവുമുണ്ടാവുന്നതു്. ആത്മാവിനെ അറിഞ്ഞാൽ—ആത്മാവല്ലാതെ മറെറാന്നുമില്ലെന്നറിഞ്ഞാൽ—പിന്നെ ആക്കും വിഷയപ്രീതി നിലനില്ക്കാൻ വയ്യ. അതിനാൽ, ഹേ ജനക, നിനക്കും ഇനി വിഷയപ്രീതിയുണ്ടാവില്ല.

വിശ്വം സ്ഫുരതി യത്രേദം
തരംഗാ ഇവ സാഗരേ
സോഽഹമസ്മീതി വിജ്ഞായ
കിം ദീന ഇവ ധാവസി. 3

സാരം:—സമുദ്രത്തിൽ തിരമാലകളെന്നപോലെ ഈ ലോകം മുഴുവൻ തന്നിലാണു് പ്രകാശിക്കുന്നതെന്നറിഞ്ഞാൽ പിന്നെ നിഴലിനെ പിടിക്കാനോടുന്ന ബാലനെന്നപോലെ എങ്ങിനെയാണു് ഓരോ പദാത്ഥങ്ങളുടേയും പിന്നാലെ ഓടുന്നതു്? നിഴൽ തന്നിൽനിന്നു വേറെയാണെന്നും അതു തനിക്കു വിനോദിക്കാൻ പററുന്ന ഒരു ഉപകരണമാണെന്നും തെററിദ്ധരിച്ചാണു് ചപലനായ ബാലൻ നിഴലിൻെറ പിന്നാലെ ഓടുന്നതു്. അതുപോലെ ജഗത്തു തന്നിൽനിന്നു വേറെയാണെന്നും അതു തനിക്കു സുഖിക്കാൻ പററുന്ന ഉപകരണമാണെന്നും തെററിദ്ധരിച്ചാണു് അജ്ഞന്മാർ പദാത്ഥസമ്പാദനത്തിനും പദാത്ഥഭുക്തിക്കും വെമ്പുന്നതു്. വാസ്തവത്തിൽ അതു തന്നിൽനിന്നു വേറെയല്ലെന്നും തന്നിൽത്തന്നെ തോന്നപ്പെ

ട്ടുന്ന ഭ്രാന്തിദൎശനമാണെന്നും ബോദ്ധ്യം വന്നാൽ പിന്നെ ആരാണു് ജഗൽപദാൎത്ഥങ്ങളെ കിട്ടാൻവേണ്ടി പ്രയത്നിക്കുകയോ അഥവാ അവയെ ചിന്തിക്കുകപോലുമോ ചെയ്യുന്നതു്?

ശ്രുത്വാ വിശുദ്ധചൈതന്യ-
മാത്മാനമതിസുന്ദരം
ഉപസ്ഥേഽത്യന്തസംസക്തോ
മാലിന്യമധിഗച്ഛതി. 4

സാരം:—സൌന്ദൎയ്യത്തിന്റേയും ശുദ്ധിയുടേയും ആനന്ദത്തിന്റേയും അറിവിന്റേയും പൂൎണ്ണതയാണു് ആത്മാവു്. അതാണു് താനെന്നു ഗുരുമുഖത്തിൽനിന്നു ശരിയായി ശ്രവണം ചെയ്യുന്ന പുണ്യാത്മാവു പിന്നെ എങ്ങിനെയാണു് വിഷയാസക്തികൊണ്ടു മലിനനായിത്തീരുന്നതു്? താൻ ആത്മാവാണെന്നറിയുമ്പോൾ വിഷയപ്രീതി നിലനില്ക്കാൻ വയ്യ. വിഷയപ്രീതിയും വിഷയഭുക്തിയുമില്ലെങ്കിൽ പിന്നെ തന്റെ ശുദ്ധിയെ കുറയ്ക്കുന്ന മാലിന്യമുണ്ടാവാൻ വയ്യ.

സൎവ്വഭൂതേഷു ചാത്മാനം
സൎവ്വഭൂതാനി ചാത്മനി
മുനേൎജ്ജ്ഞാനത ആശ്ചൎയ്യം
മമതാമനുവൎത്തതേ. 5

സാരം:—ആത്മാവിനെ ശരിക്കറിഞ്ഞ പുണ്യാത്മാവിന്നു തന്നിൽനിന്നന്യമായി മറ്റൊന്നില്ലെന്നു ബോദ്ധ്യമാവുന്നു. ആ ബോധം ഉറയ്ക്കുമ്പോൾ എല്ലാ ഭൂതങ്ങളെയും തന്നിലും എല്ലാ ഭൂതങ്ങളിലും തന്നെയും സ്പഷ്ട

മായി കാണുമെന്നതിനു സംശയമില്ല. അങ്ങിനെ അദ്വൈതത്തെമാത്രം വീക്ഷിക്കുകയും ദ്വൈതത്തിൽ ത്തന്നെ മുഴുകിയും കഴിയുന്ന മഹാത്മാവിന്നു ശരീരാദി ഉപാധികളിൽ എങ്ങിനെയാണു് അഹന്തയോ മമതയോ ഉണ്ടാവുന്നതു്? ഒരിക്കലുമുണ്ടാവാൻ വയ്യ. എങ്കിലുമുണ്ടാവുമെന്നു പറകയാണെങ്കിൽ അതൊരു ആശ്ചര്യം തന്നെയാണു്. അതിനാൽ, ഹേ ജനക, ആത്മജ്ഞാനസമ്പന്നനായ നിനക്കിനി ശരീരാദികളിൽ അല്പംപോലും അഭിമാനമുണ്ടാവാൻ വയ്യ.

ആസ്ഥിതഃ പരമാദ്വൈതം
മോക്ഷാർത്ഥേഽപി വ്യവസ്ഥിതഃ
ആശ്ചര്യം കാമവശഗോ
വികലഃ കേളിശിക്ഷയാ. 6

സാരം:—ഭേദം മൂന്നു പ്രകാരത്തിലാണു്. സജാതീയം, വിജാതീയം, സ്വഗതം ഇങ്ങിനെ. മാവെന്ന വൃക്ഷത്തിന്നു പിലാവു്, പന തുടങ്ങിയ മററു വൃക്ഷങ്ങളിൽനിന്നു്—അവയും വൃക്ഷങ്ങളാണെങ്കിലും—ഭേദമുണ്ടു്. വൃക്ഷമെന്ന സമുദായത്തിന്നിടയിൽത്തന്നെ ഉള്ള ഭേദമാണു് അതെന്ന കാരണത്താൽ അതിനെ സജാതീയഭേദമെന്നു പറയുന്നു. പിന്നെ തന്നിൽത്തന്നെ ചില ഭേദങ്ങളുണ്ടു്. മാവിനുതന്നെ പൂവു്, കായ, ഇല തുടങ്ങി പല ഘടകങ്ങളുണ്ടു്. അവയോരോന്നും വേറെ വേറെയാണു്. പൂവുപോലെയല്ല കായ, കായപോലെയല്ല ഇല. ഇങ്ങിനെ അനേകഭേദങ്ങൾ പ്രസ്തുത ഘടകങ്ങൾക്കു തമ്മിലുണ്ടു്. എന്നാൽ പ്രസ്തുത ഭേദങ്ങളെ

ല്ലാം മാവാകുന്ന തന്നിൽത്തന്നെ ഉള്ളവയാണെന്ന കാരണത്താൽ അതിനെ സ്വഗതഭേദമെന്നു പറയുന്നു. കൂടാതെ മാവിനും കല്ലു തുടങ്ങിയ അന്യവസ്തുക്കൾക്കും തമ്മിലുള്ള ഭേദം വ്യക്തവുമാണല്ലോ. അതിനെ വിജാതീയഭേദമെന്നും പറയുന്നു. ഇങ്ങിനെ മൂന്നുതരത്തിലാണു് വസ്തുക്കൾ തമ്മിലുള്ള ഭേദം. പ്രസ്തുത ഭേദങ്ങളെക്കൊണ്ടാണു് പദാൎത്ഥങ്ങളെ പ്രത്യേകം വേർതിരിച്ചറിയുന്നതു്. ഭേദമെന്നൊന്നില്ലെങ്കിൽ രണ്ടു വസ്തുക്കളുണ്ടാവാൻ വയ്യ. ഒന്നേ ഉണ്ടാവാൻ വയ്യൂ. എന്നാൽ അതാണു് ബ്രഹ്മത്തിൻെറ സ്ഥിതി. അതുകൊണ്ടാണു് ബ്രഹ്മം അദ്വൈതമാണെന്നു സമൎത്ഥിക്കപ്പെട്ടതു്.

ബ്രഹ്മം അല്ലെങ്കിൽ സദ്വസ്തു ഒന്നേ ഉള്ളു; രണ്ടല്ലെന്ന കാരണത്താൽ സജാതീയഭേദമില്ല. അങ്ങിനെ തന്നെ ബ്രഹ്മം നിരവയവമാണെന്ന കാരണത്താൽ സ്വഗതഭേദവുമില്ല. സദ്വസ്തുവിൽനിന്നന്യമായൊരു വസ്തുവുണ്ടെങ്കിൽ അതു് അസത്താവണമല്ലോ. അസത്തെന്നു പറഞ്ഞാൽ ഇല്ലാത്തതെന്നും അൎത്ഥമാണു്. അതിനാൽ സദ്വസ്തുവിൽനിന്നന്യമായി മറെറാരു വസ്തുവില്ല. അതിനാൽ ബ്രഹ്മത്തിന്നു വിജാതീയഭേദവുമില്ല. ഇങ്ങിനെ സജാതീയവിജാതീയസ്വഗതങ്ങളായ ഭേദങ്ങൾ മൂന്നുമില്ലെന്ന കാരണത്താൽ ബ്രഹ്മം അദ്വൈതമാണു്.

ബ്രഹ്മം അദ്വൈതമാണെന്നും ബ്രഹ്മത്തിൽനിന്നന്യമായി ഒന്നുംതന്നെയില്ലെന്നും ബോദ്ധ്യം വന്നു ഭ്രാന്തികൃതങ്ങളായ ഭേദഭാവങ്ങളെ മുഴുവൻ നീക്കി ബ്രഹ്മഭാവത്തിൽത്തന്നെ മുഴുകി മുക്തനും ബ്രഹ്മസ്വരൂപിയുമായി

ത്തീരാൻ തൃഷ്ണ വളൎന്നു ബ്രഹ്മനിഷ്ഠനായി ജീവിക്കാൻ തുടങ്ങിയ ഒരാളെങ്ങിനെ കാമാദിവികാരങ്ങൾക്കു വശഗനായിത്തീരും? അങ്ങിനെ സംഭവിക്കുന്നുവെങ്കിൽ അതു് ആകാശത്തു മരം മുളയ്ക്കുംപോലെ ആശ്ചൎയ്യംതന്നെയാണു്. അദ്വൈതബോധം ഉറയ്ക്കാതിരിക്കുംകാലത്തോളമേ ഒരാൾക്കു ഭ്രാന്തിജനിതങ്ങളായ വികാരങ്ങളും അവയുടെ പീഡയുമുണ്ടാവൂ. ദ്വൈതപ്രതീതിയില്ലാതായാൽ പിന്നെയെന്തു വികാരമാണു്! അങ്ങിനെ സംഭവിക്കില്ലെന്നു താല്പൎയ്യം. വികാരങ്ങളുദിക്കുന്നുവെങ്കിൽ അദ്വൈതബോധമുറച്ചിട്ടില്ലെന്നൎത്ഥം. അദ്വൈതബോധമുറയ്ക്കാതെ ബ്രഹ്മനിഷ്ഠനാവാൻ വയ്യ. ബ്രഹ്മനിഷ്ഠനായാൽ ഭ്രാന്തിയില്ലാത്തതിനാൽ വികാരങ്ങളുമുണ്ടാവാൻ വയ്യ.

ഉൽഭൂതം ജ്ഞാനദുൎമ്മിത്ര-
മവധാൎയ്യാതിദുൎബ്ബലഃ
ആശ്ചൎയ്യം കാമമാകാംക്ഷേൽ
കാലമന്തമനുശ്രിതഃ. 7

സാരം:—അദ്വൈതബോധത്തിൽ ദൃഢതയും ബ്രഹ്മനിഷ്ഠയുമൊക്കെ കൈവന്ന ഒരാൾക്കു വിഷയാഭിലാഷമോ വികാരപീഡയോ ഉണ്ടാവുന്നില്ലെന്നതു ശരിതന്നെ. എന്നാൽ ആ നില കൈവരാതിരിക്കുംകാലത്തോളം അവയൊന്നുമുണ്ടാവാതിരിക്കാനും വയ്യ. വിഷയവാഞ്ഛയും വികാരങ്ങളുമൊക്കെയുള്ളപ്പോൾ ആത്മജ്ഞാനത്തിൽ ദൃഢതയുണ്ടാവാനും വയ്യല്ലോ. ആ സ്ഥിതിക്കു് അജ്ഞനും ദുൎബ്ബലനുമായ സാധാരണ ഒരാൾക്കു് എങ്ങിനെ ആത്മജ്ഞാനവും ബ്രഹ്മനിഷ്ഠയുമുണ്ടാവുമെന്നാണെങ്കിൽ പറയാം.

ആത്മജ്ഞാനത്തിന്റെ ശത്രുവാണ് വിഷയാഭിലാഷമെന്നു പ്രസിദ്ധമാണ്. തന്റെ അനുഭവംകൊണ്ടും കുറെയൊക്കെ ഓരോരുത്തക്കും അറിയാം. ആത്മജ്ഞാനം കൊണ്ടു മാത്രമേ സുഖസമാധാനങ്ങളും രക്ഷയും കിട്ടൂ എന്നും എല്ലാവക്കും അറിയാം. ആ സ്ഥിതിക്കു് ആത്മജ്ഞാനത്തിൽ ശ്രദ്ധയും തൃഷ്ണയും വളത്താൻ വിരോധമില്ലാത്തതാണ്. അവ വളരുന്നപക്ഷം വിഷയേച്ഛയും വികാരങ്ങളും ക്രമേണ അടങ്ങുകയും ചെയ്യും. മരണംവരെയും പലക്കും വിഷയേച്ഛ അടങ്ങാതിരിക്കുന്നതു് ആത്മജ്ഞാനത്തിൽ ശ്രദ്ധയും തൃഷ്ണയും ഇല്ലാത്തതുകൊണ്ടുമാത്രമാണ്.

ഇഹാമുത്രവിരക്തസ്യ
നിത്യാനിത്യവിവേകിനഃ
ആശ്ചര്യം മോക്ഷകാമസ്യ
മോക്ഷാദേവ ബിഭീഷികാ. 8

സാരം:—ഇഹപരങ്ങളായ ലോകങ്ങളിൽ തീവ്രവൈരാഗ്യം, ആത്മാനാത്മവിവേകം, ദൃഢമായ മോക്ഷേച്ഛ എന്നിവയൊക്കെയുണ്ടായിട്ടും ചിലപ്പോഠം ചില സാധകന്മാക്കു മോക്ഷത്തിന്റെ അനുഭൂതിയിൽ ഭയമുണ്ടായിക്കാണാറുണ്ടു്. അതു് അത്യാശ്ചര്യമെന്നല്ലാതെന്തു പറയട്ടെ! 'ഞാൻ' എന്ന അഭിമാനസ്വരൂപമായ വ്യക്തിബോധമാണ് ജീവൻ. ജീവത്വം അല്ലെങ്കിൽ വ്യക്തിത്വംതന്നെയാണ് ബന്ധഹേതുവും. അതിനാൽ പ്രസ്തുതവ്യക്തിത്വത്തിന്റെ വിലയംതന്നെയാണ് മോക്ഷം. വ്യക്തിവിലയനം അത്യന്തം ആനന്ദപ്രദവും അമൃതാത്മകവു

മാണു്. എന്നിരുന്നാലും വ്യക്തിബോധമാകുന്ന അസത്തത്വത്തിലുള്ള ചിരകാലാദ്ധ്യാസം നീങ്ങാത്തതുകൊണ്ടു വ്യക്തിവിലയത്തിൽ താൻ നശിക്കുന്നുവെന്നു തെററിദ്ധരിച്ചു ചിലർ ഭയപ്പെടുന്നു. വസ്തുബോധത്തിൽ ദൃഢത വരാത്തതുകൊണ്ടാണങ്ങിനെ സംഭവിക്കുന്നതു്.

ധീരസ്തു ഭോജ്യമാനോപി
പീഡ്യമാനോഽപി സർവ്വദാ
ആത്മാനം കേവലം പശ്യൻ
ന തുഷ്യതി ന കുപ്യതി. 9

സാരം:—ആത്മജ്ഞാനത്തിൽ ദൃഢത കിട്ടിക്കഴിഞ്ഞാലത്തെ അവസ്ഥ ഒന്നു പ്രത്യേകംതന്നെയാണു്. ആ അവസ്ഥ ഈ ലോകത്തിൽ മററൊന്നുകൊണ്ടും കിട്ടാൻ പോവുന്നില്ല. ജ്ഞാനിക്കു സുഖവും ദുഃഖവും ഒരു പോലെയാണു്. എല്ലാററിലും ആത്മാവിനെമാത്രമേ അവൻ കാണുന്നുള്ളു. അതിനാൽ സുഖാനുഭവങ്ങളിൽ സന്തോഷിക്കുകയോ, ദുഃഖാനുഭവങ്ങളിൽ ക്രോധിക്കുകയോ രണ്ടും ചെയ്യുന്നില്ല.

ചേഷ്ടമാനം ശരീരം സ്വം
പശ്യത്യന്യശരീരവൽ
സംസ്തവേ ചാപി നിന്ദായാം
കഥം ക്ഷുഭ്യേന്മഹാശയഃ? 10

സാരം:—വ്യവഹാരോപകരണമായ തൻെറ ശരീരത്തെത്തന്നെ തന്നോടു ബന്ധപ്പെടാത്ത മററൊരാളുടെ ശരീരത്തെപ്പോലെയാണു് ജ്ഞാനി കാണുന്നതു്. പിന്നെ ആ ശരീരംമുഖേനയുള്ള അനുഭവങ്ങളെങ്ങിനെ അദ്ദേഹ

ത്തിനു ബാധകമാവും? സുഖദുഃഖങ്ങളോ നിന്ദാസ്തുതികളോ എന്തൊക്കെ വന്നാലും അവയൊന്നും തനിക്കുള്ളതായിട്ടോ തന്നോട്ടു ബന്ധപ്പെട്ടതായിട്ടോ അറിയുന്നില്ല ജ്ഞാനി. പിന്നെ ശരീരധമ്മങ്ങളെങ്ങിനെ ചാലിപ്പിക്കും? സംഭാവ്യമല്ലെന്നു താല്പയ്യം.

മായാമാത്രമിദം വിശ്വം
പശ്യൻ വിഗതകൌതുകഃ
അപി സന്നിഹിതേ മൃത്യൌ
കഥം ത്രസ്യതി ധീരധീഃ. 11

സാരം:—ദൃഷ്ടമായ ഈ ജഗത്തു കേവലം മായയാണു്; വെറും ഭ്രമംമാത്രമാണെന്നു ജ്ഞാനിക്കു നല്ലപോലെ അറിയാം. പിന്നെ ഈ ലോകത്തിലെ ഏതൊരനുഭവമാണു് അദ്ദേഹത്തിൻെറ ശ്രദ്ധയെ ആകഷിക്കുന്നതു്? ഒന്നുംതന്നെ ആകഷിക്കുന്നില്ല. ഇവിടെ എന്തു സംഭവിച്ചാലും ജ്ഞാനിക്കു യാതൊരു കൌതുകവുമില്ല. ഈ സ്ഥിതി മരണത്തിൽപ്പോലും അദ്ദേഹത്തിനു തുല്യമാണു്. ശരീരം താനല്ലെന്നുമാത്രമല്ല, ശരീരമുണ്ടെന്നു തോന്നുന്നതുതന്നെ കേവലം മായാഭ്രാന്തിയാണെന്നും, അതിനാൽ ആ ശരീരത്തിൻെറ നാശമാകുന്ന മരണം അതുപോലെ വെറും ഭ്രമമല്ലാതെ മറെറാന്നുമല്ലെന്നും ജ്ഞാനിക്കു നല്ലപോലെ അറിയാം. ശരീരത്തിന്നും ശരീരധമ്മങ്ങൾക്കും സാക്ഷിമാത്രനാണു്. പിന്നെ മരണം തനിക്കെങ്ങിനെ ബാധകമാവും? അതിനാൽ മരണത്തിൽപ്പോലും നിർഭയനും സുഖിയുമാണു് ജ്ഞാനി.

നിസ്സ്പൃഹം മാനസം യസ്യ
നൈരാശ്യേപി മഹാത്മനഃ
തസ്യാത്മജ്ഞാനതൃപ്തസ്യ
തുലനാ കേന ജായതേ? 12

സാരം:—രാഗത്തിന്നും വിരാഗത്തിന്നും, സുഖത്തിന്നും ദുഃഖത്തിന്നും, ധമ്മത്തിന്നും അധമ്മത്തിന്നും, നന്മയ്ക്കും തിന്മയ്ക്കും, ഭാവത്തിന്നും അഭാവത്തിന്നും എല്ലാം അതീതമാണു് ജ്ഞാനിയുടെ ചിത്തം. തന്റെ ആത്മജ്ഞാനംകൊണ്ടും ആത്മാനുഭൂതികൊണ്ടും പൂണ്ണതൃപ്തനാണു് ജ്ഞാനി. ഒന്നിലും അദ്ദേഹത്തിനപേക്ഷയില്ല. അപ്രകാരമുള്ള ജ്ഞാനത്തോടു തുല്യമായി എന്തുണ്ടീ ലോകത്തിൽ? ഒന്നുംതന്നെയില്ല.

സ്വഭാവാദേവ ജാനാനോ
ദൃശ്യമേതന്ന കിഞ്ചന
ഇദം ഗ്രാഹ്യമിദം ത്യാജ്യം
സ കിം പശ്യതി ധീരധീഃ 13

സാരം:—ഈ ദൃശ്യപ്രപഞ്ചം ഒരിക്കലും ഉണ്ടായിട്ടില്ലാത്തതും ഭ്രാന്തിമാത്രപ്രതീതവുമാണെന്നു സ്വാഭാവികമായി അറിഞ്ഞുകൊണ്ടിരിക്കുന്ന ജ്ഞാനിക്കെങ്ങിനെ ഈ പ്രപഞ്ചപദാത്ഥങ്ങളിൽ തള്ളേണ്ടതും കൊള്ളേണ്ടതുമെന്നാഭാവമുണ്ടാവും? ഒരിക്കലും ഉണ്ടാവാൻ വയ്യ. ഉണന്നൊരാൾക്കു സ്വപ്നദൃഷ്ടപദാത്ഥങ്ങളിൽ എപ്രകാരം ഗ്രാഹ്യത്യാജ്യഭാവമുണ്ടാവുന്നില്ലയോ, അതുപോലെ മായാസ്വപ്നമാകുന്ന അവസ്ഥാത്രയത്തിൽനിന്നുണന്ന ജ്ഞാനിക്കും പ്രപഞ്ചപദാത്ഥങ്ങളിലൊന്നിലും ഗ്രാഹ്യമോ ത്യാജമോ

ആയ ഭാവം ജനിക്കാൻ വയ്യ. ജ്ഞാനിക്കു ജഗത്തിലെ പ്പോഴും സത്യബുദ്ധിയില്ലെന്നു താല്പര്യം.

അന്തസ്ത്യക്തകഷായസ്യ
നിർദ്വന്ദ്വസ്യ നിരാശിഷഃ
യദൃച്ഛയാഗതോ ഭോഗോ
ന ദുഃഖായ ന തുഷ്ടയേ. 14

സാരം:—ചിത്തത്തിൽനിന്നു വിഷയവാസന മുഴു വൻ നീങ്ങിയവനും, അതുകാരണത്താൽ ശീതോഷ്ണാദി ദ്വന്ദ്വപീഡകളെപ്പോലും മറന്നവനും, ഒന്നിലും അല്പം പോലും ആഗ്രഹമില്ലാത്തവനുമാണ് ജ്ഞാനി. അങ്ങി നെയുള്ള ജ്ഞാനിക്കു ഭോഗംകൊണ്ടും ത്യാഗംകൊണ്ടും സുഖമോ ദുഃഖമോ രണ്ടുമില്ല. അതിനാൽ ഭോഗിയുമല്ല; ത്യാഗിയുമല്ല ജ്ഞാനി. ഭോഗങ്ങളെ ഇച്ഛിക്കില്ല, യാദൃ ച്ഛികമായി വന്നതിനെ ഉപേക്ഷിക്കയുമില്ല. അങ്ങിനെ യാദൃച്ഛികമായി വന്നുചേൎന്ന ഭോഗത്തിൻെറ ഭുക്തികൊ ണ്ടു സുഖമോ ദുഃഖമോ രണ്ടും ജ്ഞാനിക്കുണ്ടാവുന്നുമില്ല.

# അദ്ധ്യായം 4

അഷ്ടാവക്ര ഉവാച—

ഹന്താത്മജ്ഞസ്യ ധീരസ്യ
ഖേലതോ ഭോഗലീലയാ
ന ഹി സംസാരവാഹീകൈ-
ർമ്മൂഢൈഃ സഹ സമാനതാ. 1

സാരം:—ആത്മജ്ഞാനസമ്പന്നനും അതു കാരണത്താൽ കൃതകൃത്യനുമായ മഹാത്മാവിൻെറ ജീവിതംതന്നെ മററുള്ളവക്ക്ാശ്ചര്യകരമാണു്. അജ്ഞന്മാക്കു വളരെ ഗൌരവമേറിയതും വിലപിടിച്ചതുമായ ജീവിതവും ജീവിതത്തിലെ അനുഭവങ്ങളുമെല്ലാം ജ്ഞാനിക്കു് ഒരു നേരമ്പോക്കുമാത്രമാണു്. സുഖത്തേയും ദുഃഖത്തേയുമൊന്നും അവർ വേർതിരിച്ചറിയുകപോലും ചെയ്യുന്നില്ല. ശരീരാഭിമാനികളായ മൂഢന്മാർ ജീവിതത്തെ ഒരു ഭാരമെന്നപോലെ വലിച്ചു കൊണ്ടുപോവലാണു്. സാധാരണജനങ്ങളുടെ ദൃഷ്ടിയിൽ ഇങ്ങിനെയുള്ള ജ്ഞാനികളും അജ്ഞന്മാരും ഒരുപോലെയാണു് ജീവിക്കുന്നതെന്നിരുന്നാലും അവരെങ്ങിനെ സമാനരാവും? കിട്ടാത്ത വിഷയങ്ങളെ അന്വേഷിച്ചും കിട്ടിയ വിഷയങ്ങളിൽ അലംഭാവം വരാതേയും അതൃപ്തരായിത്തന്നെ കഴിയുന്നു ഓരോ നിമിഷവും അജ്ഞന്മാർ. അതേ സമയത്തു ജ്ഞാനികളാകട്ടെ വിഷയങ്ങളെ അറിയുകപോലും ചെയ്യാതെ സുഖികളും തൃപ്തന്മാരുമായി കഴിയുന്നു. അതിനാൽ അനു

ഭവംകൊണ്ടു് അന്യോന്യവിരുദ്ധവും അത്യന്തവിദൂരവുമായ രണ്ടു മണ്ഡലങ്ങളിൽ വൎത്തിക്കുന്ന ജ്ഞാനിയും അജ്ഞാനിയും ജീവിതത്തിന്റെ ആകൃതികൊണ്ടു സാമ്യമുണ്ടെന്നു തോന്നിയാലും എങ്ങിനെ സമന്മാരാവും? ഒരിക്കലും ആവാൻ വയ്യ.

യൽ പദം പ്രേപ്സവോ ദീനാഃ
ശക്രാദ്യാഃ സൎവ്വദേവതാഃ
അഹോ തത്രസ്ഥിതോ യോഗീ
ന ഹൎഷമുപഗച്ഛതി. 2

സാരം:—സ്വൎഗ്ഗാദ്യനുഭവങ്ങളെക്കൊണ്ടുകൂടി സംതൃപ്തന്മാരാവാതെ ദുഃഖികളായിത്തന്നെ കഴിയുന്ന ഇന്ദ്രാദി ദേവന്മാർപോലും തങ്ങളുടെ ദുഃഖനിവൃത്തിക്കും ചാരിതാൎത്ഥ്യത്തിന്നുംവേണ്ടി ഏതൊരു പദത്തെ ഇച്ഛിക്കുന്നുവോ, ആ ജീവന്മുക്തപദത്തിൽ ജ്ഞാനി സ്വയം ആരൂഢനാണു്. എന്നാൽ അതുകൊണ്ടു് അദ്ദേഹത്തിന്നു പറയത്തക്ക പ്രത്യേകമായ ഒരാഹ്ലാദാവേശമൊട്ടില്ലതാനും. ആ സ്ഥിതിക്കു ജ്ഞാനിയുടെ അനുഭൂതിസ്വരൂപമായ ആ ദിവ്യപദം എത്രമാത്രം ദിവ്യമാണെന്നെങ്ങിനെ പറയാം? അത്ഭുതമാണു്, ജീവന്മുക്തികൊണ്ടു ജീവത്വം തന്നെ ഇല്ലാതായിത്തീൎന്ന ജ്ഞാനി ജീവാഭിമാനികളായ സാധാരണജനങ്ങളുടെ ഇടയിൽ അവരെപ്പോലെ കഴിയുന്നു എന്നതു്. അസാമാന്യവും ദിവ്യദിവ്യവുംതന്നെ ജ്ഞാനിയുടെ സ്ഥിതി.

തജ്ജ്ഞസ്യ പുണ്യപാപാഭ്യാം
സ്പർശോ ഹ്യന്തൎന്ന ജായതേ
നഹ്യാകാശസ്യ ധൂമേന
ദൃശ്യമാനാപി സംഗതിഃ. 3

സാരം:—അതുപോലെ ജ്ഞാനിയെ കൎമ്മങ്ങളും ബാധിക്കുന്നില്ല. അജ്ഞന്മാർ ഒന്നും ചെയ്യാതിരുന്നാലും അവരുടെ മനസ്സ് എപ്പോഴും പലവിധകൎമ്മങ്ങളിലും കൎമ്മഫലങ്ങളിലും ചുററിപ്പിണഞ്ഞുകൊണ്ടിരിക്കും. അതിനാൽ ചെയ്യാത്ത കൎമ്മങ്ങൾകൂടി അജ്ഞന്മാരെ മിക്കപ്പോഴും ബന്ധിച്ചുകൊണ്ടിരിക്കുന്നു. പുണ്യപാപാത്മകങ്ങളായ കൎമ്മഫലങ്ങളിൽകൂടി ഒഴുകിക്കൊണ്ടിരിക്കും അജ്ഞന്റെ ജീവിതം. എന്നാൽ ജ്ഞാനിയാകട്ടെ എന്തൊക്കെ ചെയ്താൽകൂടി ഒന്നിനോടും ബന്ധപ്പെടാതിരിക്കുന്നു. ജ്ഞാനിയുടെ മനസ്സെപ്പോഴും കൎമ്മത്തെയോ കൎമ്മഫലങ്ങളെയോ സ്പൎശിക്കുന്നില്ലെന്ന കാരണത്താൽ ധൂമം ആകാശത്തെയെന്നപോലെ പുണ്യമോ പാപമോ രണ്ടും ജ്ഞാനിയെ ബാധിക്കുന്നില്ല.

ആത്മൈവേദം ജഗൽ സൎവ്വം
ജ്ഞാതം യേന മഹാത്മനാ
യദൃച്ഛയാ വൎത്തമാനം
തം നിഷേദ്ധും ക്ഷമേത കഃ. 4

സാരം:—മഹാത്മാവായ ജ്ഞാനി ജഗത്തിനെ മുഴുവൻ ആത്മാവായി കാണുന്നു. ആത്മാവിൽനിന്നന്യമല്ല ജഗത്തെന്നു ജ്ഞാനിക്കു ബോദ്ധ്യം വന്നുകഴിഞ്ഞിരിക്കു

ന്നു. ആ സ്ഥിതിക്കു സ്വീകരിക്കേണ്ടതും ഉപേക്ഷിക്കേണ്ടതുമെന്താണുള്ളതു്? ഒന്നുംതന്നെയില്ല. ജ്ഞാനിയുടെ ദൃഷ്ടിയിൽ സ്വീകരിക്കേണ്ടതോ ഉപേക്ഷിക്കേണ്ടതോ ആയിട്ടൊന്നുമില്ല. താനൊന്നും ചെയ്യേണ്ടതായുമില്ല. ചെയ്യാൻ പാടില്ലാത്തതായുമില്ല. അങ്ങിനെ വിധിനിഷേധങ്ങൾപോലും ജ്ഞാനിക്കു ബാധകമല്ല. അത്രമാത്രം സാമ്യഭാവം വന്നു സ്വരൂപസ്ഥിതനായിക്കഴിഞ്ഞ മഹാത്മാവിന്നു വിധിനിഷേധങ്ങളെ കല്പിക്കാനാക്കാണു് ശക്തിയുള്ളതു്?

ആബ്രഹ്മസ്തംബപര്യന്തേ
ഭൂതഗ്രാമേ ചാതുർവ്വിധേ
വിജ്ഞസ്യൈവ ഹി സാമർത്ഥ്യ-
മിച്ഛാനിച്ഛാവിവർജ്ജതേ. 5

സാരം:—അല്ലെങ്കിൽ ജരായുജം, അണ്ഡജം, സ്വേദജം, ഉത്ഭിജ്ജം എന്നീ നാലു പ്രകാരത്തിൽ ബ്രഹ്മാവു മുതൽ പുൽക്കൊടിവരെയുള്ള എണ്പത്തിനാലു ലക്ഷം ജീവിവർഗ്ഗങ്ങളിലും തുല്യമായ സാമ്യഭാവത്തെ വളർത്തി രാഗദ്വേഷങ്ങളും ഇഷ്ടാനിഷ്ടങ്ങളുമില്ലാതാക്കാൻ ജ്ഞാനിക്കല്ലാതെ മററാർക്കു കഴിയും? ആർക്കും സാദ്ധ്യമല്ല.

ആത്മാനമദ്വയം കശ്ചിൽ
ജാനാതി ജഗദീശ്വരം
യദ്വേത്തി തൽ സ കുരുതേ
ന ഭയം തസ്യ കുത്രചിൽ. 6

സാരം:—അദ്വൈതപരമാനന്ദമൂർത്തിയും ജഗദാധാരവുമായ ആത്മാവിനെ അറിഞ്ഞു് ആത്മസ്വരൂപിയാ

യിത്തീൻ ജ്ഞാനിക്കു ഭയം, വ്യസനം, ക്രോധം തുടങ്ങിയ ഭാവങ്ങളൊന്നുമൊരു കാലത്തുമുണ്ടാവുന്നില്ല. ഭയമാണു് ലോകത്തിൽ ഏററവും വലിയ ആപത്തു്. ഭയമില്ലാത്തവർ ലോകത്തിൽ ആരെങ്കിലും ഉണ്ടോ എന്നുപോലും സംശയമാണു്. എന്നാൽ ജ്ഞാനി ഭയത്തിന്നും അതീതനാണു്.

# അദ്ധ്യായം 5

അഷ്ടാവക്ര ഉവാച—

ന തേ സംഗോഽസ്തി കേനാപി
കിം ശുദ്ധസ്ത്യക്തുമിച്ഛസി?
സംഘാതവിലയം കുർവ്വ-
ന്നേവമേവ ലയം വ്രജ. 1

സാരം:—അഷ്ടാവക്രമഹർഷി പറകയാണു്. ഹേ ജനക! നിനക്കൊന്നിനോടും യാതൊരുവിധസംബന്ധവുമില്ല. ശരീരം, മനസ്സ്, ഇന്ദ്രിയങ്ങൾ, പ്രാണൻ, ബുദ്ധി എന്നീ കരണങ്ങളിൽനിന്നെല്ലാം നീ അതീതനാണു്. പിന്നെ അവയുടെ വൃത്തികളോ കർമ്മങ്ങളോ നിന്നെ എങ്ങിനെ ബന്ധിക്കും? ഒന്നിന്റെയും ഒരു പ്രകാരത്തിലുള്ള ചേർച്ചയുമില്ലാത്തതിനാൽ കേവലം അദ്വൈതനായ നീ പരമപരിശുദ്ധനാണു്. അങ്ങിനെയുള്ള നീ ശുദ്ധിക്കുവേണ്ടി എന്തിനെയാണു് ത്യജിക്കേണ്ട

തായിട്ടിരിക്കുന്നതു്? ഒന്നുംതന്നെയില്ല. നീയാകുന്ന ബോധത്തിൽനിന്നു പൊന്തിയവയാണു് എല്ലാം. അവയെയെല്ലാം നീയാകുന്ന കാരണബോധത്തിൽ വിലയിപ്പിച്ചു ഞാനെന്ന ബോധത്തെയും ലയിപ്പിച്ചാൽ മുക്തനായിക്കഴിഞ്ഞു.

ഉദേതി ഭവതോ വിശ്വം
വരിധേരിവ ബുൽബുദഃ
ഇതി ജ്ഞാത്വൈകമാത്മാന-
മേവമേവ ലയം വ്രജ. 2

സാരം:— ജലാശയത്തിൽനിന്നു കുമിളകളെന്നതുപോലെ തന്നിൽനിന്നാണു് ജഗത്തു മുഴുവനുമുണ്ടാവുന്നതു്. ആദിത്യൻഹേതുവായിട്ടുണ്ടാവുന്ന മേഘങ്ങൾ ആദിത്യനെത്തന്നെ മറയ്ക്കുംപോലെയാണു് തന്നിൽനിന്നുണ്ടാവുന്ന ജഗത്തു തന്നെ ബന്ധിച്ചു ദുഃഖിയാക്കുന്നതു്. കുമിളയുടെ ഉണ്ടാവലും വളച്ച്യും ലയവും എപ്രകാരം ജലാശയത്തിൽമാത്രമാണോ, അതുപോലെ ജഗത്തിൻെറ ഉണ്ടാവലും വളച്ച്യും ലയവുമെല്ലാം തന്നിൽത്തന്നെയാണു്. തന്നിൽനിന്നുണ്ടായ ജഗത്തിനെ തന്നിൽത്തന്നെ ലയിപ്പിച്ചു താനും തൻെറ സ്വരൂപാനുഭൂതിയിൽ ലയിച്ചുകഴിഞ്ഞാൽ മുക്തനായിക്കഴിഞ്ഞു.

പ്രത്യക്ഷമപ്യവസ്തുത്വാ-
ദ്വിശ്വം നാസ്ത്യമലേ ത്വയി
രജ്ജുസർപ്പ ഇവ വ്യക്ത-
മേവമേവ ലയം വ്രജ. 3

സാരം:—ഇന്ദ്രിയങ്ങൾക്കു പ്രത്യക്ഷമാണു് ജഗത്തെന്നിരുന്നാലും പരമാത്മത്തിൽ ഉള്ളതല്ല. ഇന്ദ്രിയങ്ങളുടെ ചേഷ്ടയില്ലാതാവുമ്പോൾ ജഗത്തില്ല. അതിനാൽ ജഗത്തു നിന്നിൽനിന്നുണ്ടായിയെന്ന പ്രതീതിയുള്ളപ്പോഴും പരമാത്മത്തിൽ ഉണ്ടായിട്ടില്ല. രജ്ജുസപ്പംപോലെ പ്രതീതിമാത്രമേ ഉള്ളു. അല്ലെങ്കിൽ അദ്വൈതസ്വരൂപിയായ നിന്നിലെന്തു ജഗത്താണുള്ളതു്? നിന്നിൽനിന്നന്യമായി ഒന്നുംതന്നെ ഉണ്ടായിട്ടില്ലെന്നിരിക്കേ എവിടെനിന്നാണു് ജഗത്തുണ്ടാവുന്നതു്? അതിനാൽ കയറിൽ തോന്നപ്പെടുന്ന സപ്പഭ്രാന്തിപോലെയുള്ള പ്രതീതിമാത്രമാണു് ജഗൽഭ്രമം. വസ്തുബോധത്തിൽ അതു നിലനില്ക്കാൻ വയ്യ. വസ്തുബോധമുണ്ടാവുമ്പോൾ പാമ്പു കയറിലെന്നപോലെ തന്നിൽത്തന്നെ ലയിക്കും ജഗൽഭ്രമം. അങ്ങിനെ ജഗൽഭ്രമവും അതിനെ അനുഭവിക്കുന്ന താനാകുന്ന ബോധവും തൻെറ പരമാത്മബോധസ്വരൂപത്തിൽ അടങ്ങുമ്പോൾ മുക്തനായി.

സമദുഃഖസുഖഃ പൂർണ്ണ<br>
ആശാനൈരാശ്യയോഃ സമഃ<br>
സമജീവിതമൃത്യുഃ സ-<br>
ന്നേവമേവ ലയം വ്രജ. 4

സാരം:—ഇല്ലാത്ത ജഗത്തു് ഉള്ളതാണെന്നു തോന്നി അതിനോടു ബന്ധപ്പെടുകഹേതുവായി തോന്നപ്പെടുന്ന സുഖദുഃഖങ്ങളിലും ആശാനിരാശകളിലും ജീവിതമരണങ്ങളിലും തോന്നപ്പെടുന്ന വിഷയഭാവമാണു് ജഗൽഭ്രാന്തി ലയിക്കാൻ തടസ്ഥമായിട്ടിരിക്കുന്നതു്. അവ

യിലെല്ലാം സാമ്യഭാവം വന്ന ഒരാൾക്കു് എന്തു ജഗൽഭ്രാന്തിയാണു്? ഒന്നുമുണ്ടാവുന്നില്ല. അതിനാൽ ഹേ ജനക! നീ പറയപ്പെട്ടവയിലെല്ലാം ഭേദബുദ്ധിയില്ലാതെ സാമ്യഭാവത്തെ വളർത്തി വന്നുചേൎന്നുവെന്നു തോന്നിയ ജഗൽഭ്രമത്തെ ലയിപ്പിച്ചു കൎത്താവായ തന്നെയും സ്വരൂപാനുഭൂതിയിൽ ലയിപ്പിക്കു. എന്നാൽ മുക്തനായി.

# അദ്ധ്യായം 6

അഷ്ടാവക്ര ഉവാച—

ആകാശവദനന്തോഽഹം
ഘടവൽ പ്രാകൃതം ജഗൽ
ഇതി ജ്ഞാനം തഥൈതസ്യ
ന ത്യാഗോ ന ഗ്രഹോ ലയഃ. 1

സാരം:—മഹാകാശമെന്നപോലെ ഞാൻ അനന്തനായിട്ടിരിക്കുന്നു. മഹാകാശത്തിൻെറതന്നെ ഏതോ നിസ്സാരമായ ഒരു മൂലയ്ക്കു തുച്ഛമായ ഘടാകാശമെന്ന കല്പനം എപ്രകാരമുണ്ടാവുന്നുവോ, അതുപോലെ അവസാനമില്ലാത്ത എന്നിൽത്തന്നെ അല്പമായ അംശത്തിൽ ജഗത്തെന്ന ഒരു കല്പനം തോന്നപ്പെടുന്നതായി അജ്ഞന്മാർ തെററിദ്ധരിക്കുന്നു. ഘടാകാശപ്രതീതിക്കു് എപ്രകാരം ഘടം കാരണമാണോ, അതുപോലെ ജഗൽപ്രതീതിക്കു പ്ര

38082

കൃതി കാരണമാണെന്നും പറയപ്പെട്ടുവരുന്നു. അതിനാൽ പ്രകൃതികാര്യമാണു് ജഗത്തെന്നാണു് വ്യവഹാരം. വാസ്തവത്തിൽ എന്നിൽ ഞാനല്ലാതെ ജഗത്തെന്നോ പ്രകൃതിയെന്നോ പറയപ്പെടുന്ന വസ്തുക്കൾതന്നെ ഇല്ല. എന്നാൽ അജ്ഞാനദൃഷ്ടിയിൽ ജഗത്തിൻെറ പ്രതീതിയുള്ളപ്പോഴും, ഘടാകാശം എപ്രകാരം മഹാകാശത്തിൽനിന്നു വേറെയല്ലയോ, അതുപോലെ എന്നിൽനിന്നു വേറെയൊട്ടല്ലതാനും. ഘടപ്രതീതികൊണ്ടു തോന്നപ്പെടുന്ന ഒരു മിത്ഥ്യാപ്രതീതിമാത്രമാണു് ഘടാകാശം. അല്ലാതെ വാസ്തവത്തിൽ ഘടാകാശമെന്ന ഒരു വസ്തുവില്ലെന്നു പറയേണ്ടതില്ലല്ലോ. അതുപോലെ പ്രകൃതിപ്രതീതി കൊണ്ടു തോന്നപ്പെടുന്ന ഒരു മിത്ഥ്യാവസ്തുമാത്രമാണു് ജഗത്തു്. മൂന്നു കാലത്തും ജഗത്തിന്നു യാതൊരുവിധ അസ്തിത്വവുമില്ല. ആ സ്ഥിതിക്കു ജഗത്തിനെ സ്വീകരിക്കുകയെന്നും ത്യാഗം ചെയ്യുകയെന്നും ലയിപ്പിക്കുകയെന്നുമൊക്കെപ്പറഞ്ഞാൽ എന്താണർത്ഥം? ഘടം ഇല്ലാതാവുമ്പോൾ ഘടാകാശം എപ്രകാരം ഇല്ലാതായിത്തീരുന്നുവോ, അതുപോലെ പ്രകൃതിപ്രതീതിയില്ലാതായിത്തീരുമ്പോൾ പ്രകൃതികാര്യമെന്നു തോന്നപ്പെട്ട ജഗൽപ്രതീതിയും ഇല്ലാതാവും. അതിനാൽ ഇല്ലാത്ത ജഗത്തിനെ സ്വീകരിക്കുകയോ ഉപേക്ഷിക്കുകയോ ലയിപ്പിക്കുകയോ ഒന്നും ചെയ്യേണ്ടതില്ല. ഇതാണു് ജ്ഞാനിയുടെ നിശ്ചയം.

മഹോദധിരിവാഹം സ
പ്രപഞ്ചോ വീചിസന്നിഭഃ
ഇതി ജ്ഞാനം തദൈതസ്യ
ന ത്യാഗോ ന ഗ്രഹോ ലയഃ 2

സാരം:—അല്ലെങ്കിൽ ഞാൻ മഹാസമുദ്രമെന്നപോലെ അനന്തനാണു്. ജഗത്താകട്ടെ ഞാനാകുന്ന സമുദ്രത്തിൽ തിരയെന്നപോലെയുമിരിക്കുന്നു. സമുദ്രവും തിരയും എപ്രകാരം രണ്ടല്ലയോ, അതുപോലെ ഞാനും ജഗത്തും രണ്ടല്ല. ഒരു പ്രത്യേകസാഹചര്യത്തിൽ സമുദ്രജലംതന്നെ തിരയുടെ ആകൃതിയിൽ തോന്നപ്പെടുംപോലെ പ്രത്യേകസാഹചര്യത്തിൽ—അജ്ഞാനാവസ്ഥയിൽ—എൻെറതന്നെ ചില അംശത്തിൽ ഇല്ലാത്ത ജഗത്തിൻെറ പ്രതീതിയുണ്ടാവുന്നു എന്നുമാത്രം. സമുദ്രത്തിൽനിന്നു വേറെയായി തിരയെന്ന ഒരു പ്രത്യേകവസ്തു എപ്രകാരം ഉണ്ടായിട്ടില്ലയോ, അതുപോലെ എന്നിൽനിന്നു വേറെയായി ജഗത്തെന്ന ഒരു പ്രത്യേകവസ്തു ഉണ്ടായിട്ടേ ഇല്ല. ആ സ്ഥിതിക്കു് ഇല്ലാത്ത ജഗത്തിൻെറ സ്വീകാരവും നിരാസവും ലയവുമെല്ലാം ജഗത്തെന്നപോലെത്തന്നെ ഇല്ലാത്തതാണു്. അതിനാൽ അവയൊന്നും തന്നെ ആവശ്യമില്ല എന്നുമാണു് ഒരു ജ്ഞാനിയുടെ നിശ്ചയം.

അഹം സ ശുക്തിസങ്കാശോ
രൂപ്യവദ്വിശ്വകല്പനാ
ഇതി ജ്ഞാനം തഥൈതസ്യ
ന ത്യാഗോ ന ഗ്രഹോ ന ലയഃ. 3

സാരം:—അതുമല്ലെങ്കിൽ മുത്തുച്ചിപ്പിതന്നെ വെള്ളിയായി തോന്നപ്പെടുംപോലെ ഞാൻതന്നെ ജഗത്തായി തോന്നപ്പെടുകയാണു്. അല്ലാതെ ജഗത്തെന്ന ഒരു വസ്തുവുണ്ടായിട്ടില്ല. വസ്തുസ്വരൂപത്തിൻെറ ശരിയായ

ബോധമില്ലായ്മയാണ് ചിപ്പിയിൽ രജതബോധത്തിന്നു ഹേതു. അതുപോലെ ഞാനാകുന്ന വസ്തുസ്വരൂപത്തിൻെറ ശരിയായ ബോധമില്ലായ്മയാണ് ജഗൽപ്രതീതിക്കു ഹേതു. അതിനാൽ ഇല്ലാത്ത ജഗത്തിനെ സ്വീകരിക്കുകയോ ഉപേക്ഷിക്കുകയോ ലയിപ്പിക്കുകയോ ഒന്നും ചെയ്യേണ്ടതില്ല എന്നും ഒരു ജ്ഞാനിയുടെ നിശ്ചയമാണ്.

അഹം വാ സർവ്വഭൂതേഷു
സർവ്വഭൂതാന്യഥോ മയി
ഇതി ജ്ഞാനം തദൈതസ്യ
ന ത്യാഗോ ന ഗ്രഹോ ലയഃ. 4

സാരം:—അല്ലെങ്കിൽ ജഗത്തെന്നു പറയപ്പെടുന്ന വസ്തുവിൻെറ സർവ്വഘടകങ്ങളിലും—സർവ്വഭൂതങ്ങളിലും—ഞാനുണ്ട്. വാസ്തവത്തിൽ ഞാൻ എല്ലാ ഭൂതങ്ങളിലുമുണ്ടെന്നല്ല, എല്ലാ ഭൂതങ്ങളും എന്നിൽ നില്ക്കുന്നുവെന്നാണ് പറയേണ്ടതു്. ആ സ്ഥിതിക്കു ഞാനും ഭൂതങ്ങളും രണ്ടല്ല. എന്നോടുകൂടാതെ ഭൂതങ്ങളൊന്നുമില്ല. എന്നാൽ ഭൂതങ്ങളൊന്നുമില്ലെങ്കിലും എൻെറ സ്ഥിതിക്കു മറവോ കുറവോ ഇല്ലതാനും. അതുകൊണ്ടും എന്നിൽ തോന്നപ്പെടുന്ന പ്രതീതിമാത്രമാണ് ജഗത്തെന്നു വ്യക്തമാണ്. ആ സ്ഥിതിക്കും ജഗത്തിനെ സ്വീകരിക്കുകയെന്നോ ഉപേക്ഷിക്കുകയെന്നോ ലയിപ്പിക്കുകയെന്നോ പറയുന്നതിനർത്ഥമില്ലെന്നു പറയേണ്ടതില്ലല്ലോ. സദ്വസ്തുവായ ഞാനല്ലാതെ മററൊന്നുംതന്നെ എപ്പോഴുമുണ്ടായിട്ടില്ല എന്നുമാണ് ഒരു ജ്ഞാനിയുടെ നിശ്ചയം.

# അദ്ധ്യായം 7

ജനക ഉവാച—

മയ്യനന്തമഹാംഭോധൌ
വിശ്വപോത ഇതസ്തതഃ
ഭ്രമതി സ്വാന്തവാതേന
ന മമാഽസ്ത്യസഹിഷ്ണുതാ. 1

സാരം:—പൂർവ്വാദ്ധ്യായത്തിൽ ആചാര്യനായ അഷ്ടാവക്രമഹർഷി ജ്ഞാനിയുടെ നിശ്ചയത്തെ ഉൽബോധിപ്പിച്ചപ്പോൾ ജനകൻ തന്റെ അനുഭവത്തെ പറയുകയാണ്. ജ്ഞാനിയുടെ നില ആശ്ചര്യമാണ്. ഇതുവരെ എന്നെ ബാധിച്ചും ഉപദ്രവിച്ചുമിരുന്ന ജഗത്തിന്റെ യാതൊരു ബാധയും ഇപ്പോഴില്ലാതായിരിക്കുന്നു. ഞാനാകുന്ന മഹാസമുദ്രത്തിൽ ജഗത്ത് ഒരു വെറും തോണിയെന്നപോലെ ഒരു നിസ്സാരവസ്തുവായിമാത്രം തോന്നപ്പെടുന്നു. മാത്രമല്ല, അതു മനസ്സാകുന്ന കാററിനാൽ അങ്ങിങ്ങു ചലിപ്പിക്കപ്പെടുന്നുണ്ടെങ്കിലും എനിക്കു യാതൊരു ബാധയോ അസ്വാസ്ഥ്യമോ ഇല്ല. ആശ്ചര്യം!

മയ്യനന്തമഹാംഭോധൌ
ജഗദ്വീചിഃ സ്വഭാവതഃ
ഉദേതു വാഽസ്തമായാതു
ന മേ വൃദ്ധിർന്ന ച ക്ഷതിഃ. 2

സാരം:—ഞാനാകുന്ന മഹാസമുദ്രത്തിൽ ജഗത്താകുന്ന തിരമാലകൾ ഉയർന്നാലും താണാലും—ഉണ്ടായാലും

ഇല്ലാതായാലും—എനിക്കതുകൊണ്ടു വൃദ്ധിയോ ക്ഷയമോ രണ്ടുമില്ല. എന്നിൽനിന്നു വേറെയായി ജഗത്തെന്നൊരു പ്രത്യേകവസ്തുവിൻെറ ഭാവാഭാവങ്ങളെത്തന്നെ ഞാനറിയുന്നില്ലെന്നു താല്പര്യം.

മയ്യനന്തമഹാംഭോധൌ
വിശ്വം നാമ വികല്പനാ
അതിശാന്തോ നിരാകാര
ഏതദേവാഹമാസ്ഥിതഃ. 3

സാരം:—സച്ചിദാനന്ദമഹാസമുദ്രമാകുന്ന എന്നിൽ ജഗത്തെന്നതൊരു വെറും കല്പനമാത്രമാണു്; അല്ലാതെ സത്യമല്ല. ജഗത്തുണ്ടെന്നു തോന്നുമ്പോഴും ഞാനല്ലാതെ വേറെ സത്തയില്ല. ജഗത്തിൻെറ സത്തയും ഞാൻ മാത്രമാണെങ്കിൽ പിന്നെ എന്നിൽനിന്നു വേറെയെന്തു ജഗത്താണു്? ഞാനാകട്ടെ അത്യന്തശാന്തനും നിരാകാരനുമാണു്. ശാന്തിയെന്നതു് എൻെറ സ്വരൂപമാണു്. പിന്നെ എനിക്കെങ്ങിനെ ക്ഷോഭമുണ്ടാവും? അതിനാൽ എന്തൊക്കെ സംഭവിച്ചുവെന്നു തോന്നിയാലും എൻെറ പരമശാന്തസ്ഥിതിക്കു യാതൊരു മാററവുമില്ല.

ആത്മാഭാവേഷു നോ ഭാവ—
സ്തത്രാഽനന്തേ നിരഞ്ജനേ
ഇത്യസക്തോഽസ്പൃഹഃ ശാന്ത
ഏതദേവാഽഹമാസ്ഥിതഃ. 4

സാരം:—ആത്മാവോടുകൂടാതെ വിഷയങ്ങൾക്കു സത്തയോ ഉദയമോ ഇല്ല. വിഷയപ്രപഞ്ചം ഉദിക്കുന്നതും അസ്തമിക്കുന്നതും ആത്മാവിലാണു്. എങ്കിലും നിരഞ്ജന

സ്വരൂപിയായ ആത്മാവിന്നു വിഷയങ്ങളുമായി യാതൊരു സംബന്ധവുമില്ല ഈ പരമാത്ഥത്തെ അറിഞ്ഞു് എന്നിൽനിന്നു വേറെയായി വിഷയങ്ങളെന്ന വസ്തുക്കൾ തന്നെ ഇല്ലെന്നു ബോദ്ധ്യപ്പെട്ടുത്താൻ അസക്തനും നിസ്പൃഹനുമായി പരമശാന്തിയിൽതന്നെ എപ്പോഴും മുഴുകിക്കൊണ്ടിരിക്കുന്നു.

അഹോ ചിന്മാത്ര ഏവാഹ-
മിന്ദ്രജാലോപമം ജഗൽ
അതോ മമ കഥം കുത്ര
ഹേയോപാദേയകല്പനാ. 5

സാരം:—ഞാൻ ചൈതന്യമാത്രവും എല്ലാററിൻെറയും സത്തയുമായിട്ടിരിക്കുന്നു. സത്താമാത്രത്വം അല്ലെങ്കിൽ ബോധമാത്രത്വം അതുമല്ലെങ്കിൽ ചൈതന്യമാത്രത്വമൊഴിച്ചു യാതൊരു ഭാവവും എനിക്കില്ല. ആശ്ചയ്യമെന്നു പറയട്ടെ, മുമ്പു വിശ്വസിച്ചിരുന്നതെല്ലാം കേവലം അസത്യമാണെന്നു ബോദ്ധ്യമായി. സത്യമാണെന്നു തോന്നിയിരുന്ന ജഗത്തു് ഇന്ദ്രജാലംപോലെയോ ഗന്ധവ്വനഗരംപോലെയോ മിത്ഥ്യയും മൂന്നു കാലത്തുമില്ലാത്തതുമാണു്. ആ സ്ഥിതിക്കു് എനിക്കു തള്ളേണ്ടതും കൊള്ളേണ്ടതുമായിട്ടെന്താണുള്ളതു്? ഒന്നുംതന്നെയില്ല. ഞാനെപ്പോഴും സ്വരൂപാവസ്ഥയാകുന്ന പരമശാന്തിയിൽതന്നെ ലയിച്ചിരിക്കുന്നു.

# അദ്ധ്യായം 8

അഷ്ടാവക്ര ഉവാച—

തദാ ബന്ധോ യദാ ചിത്തം
കിഞ്ചിദ്വാഞ്ഛതി ശോചതി
കിഞ്ചിന്മുഞ്ചതി ഗൃഹ്ണാതി
കിഞ്ചിദ്ധൃഷ്യതി കുപ്യതി. 1

സാരം:—അഷ്ടാവക്രൻ പറകയാണു്. ദൃശ്യങ്ങളായ പദാർത്ഥങ്ങൾ ദ്രഷ്ടാവായ തന്നിൽനിന്നു വേറെയാണെന്നും അവ സത്യമാണെന്നും നല്ലതാണെന്നും ഒക്കെ തോന്നുമ്പോഴാണു് അവയിൽ ആഗ്രഹമുണ്ടാവുന്നതു്. ആഗ്രഹമുണ്ടായിക്കഴിഞ്ഞാൽ പിന്നെ പല ഭാവങ്ങളുമുണ്ടാവും. ചിലപ്പോൾ വ്യസനവും ക്രോധവും ചിലതിനെ ഉപേക്ഷിക്കലും സ്വീകരിക്കലും ധാർഷ്ട്യവും കോപവുമെല്ലാമുണ്ടാവും. അതുതന്നെയാണു് ബന്ധം. സ്വരൂപാവസ്ഥയെ അറിഞ്ഞു പരമശാന്തിയിൽതന്നെ സ്ഥിതിചെയ്യുന്ന ഒരാളുടെ ദൃഷ്ടിയിൽ ദൃശ്യങ്ങൾതന്നെയില്ല. പിന്നെയെന്തു ബന്ധമാണു്? എന്നാൽ സ്വരൂപാവസ്ഥയെ വിട്ടു ദൃശ്യങ്ങളെ തന്നിൽനിന്നു വേറെയായി കണ്ടുകൊണ്ടിരിക്കുന്ന അജ്ഞനാകട്ടെ ബന്ധമുണ്ടെന്നു പറയുകയും വേണം.

തദാ മുക്തിര്യദാ ചിത്തം
ന വാഞ്ഛതി ന ശോചതി
ന മുഞ്ചതി ന ഗൃഹ്ണാതി
ന ഹൃഷ്യതി ന കുപ്യതി. 2

സാരം:—എന്നാൽ അജ്ഞനും ബദ്ധനുമായ ഒരാൾതന്നെ അവയെയെല്ലാം വിട്ടു സ്വരൂപസ്ഥിതനും പരമശാന്തനുമാവുമ്പോൾ മുക്തനാവുകയും ചെയ്യു. ഒരു നിമിഷംകൊണ്ടുതന്നെ അജ്ഞനു ജ്ഞാനിയായും ബദ്ധനു മുക്തനായും മാറാം. എന്നാൽ സ്വരൂപസ്ഥിതിയെ അറിഞ്ഞു മററു ഭാവങ്ങളിൽനിന്നു നിവത്തിക്കണമെന്നു മാത്രം. അപ്പോൾ ആഗ്രഹം വ്യസനം സന്തോഷം കോപം ഹേയോപാദേയത്വം തുടങ്ങിയവയെല്ലാമില്ലാതായിത്തീരുകയും ചെയ്യും.

തദാ ബന്ധോ യദാ ചിത്തം
സക്തം കാസ്വപി ദൃഷ്ടിഷു
തദാ മോക്ഷോ യദാ ചിത്ത-
മസക്തം സവ്വദൃഷ്ടിഷു. 3

സാരം:—വാസ്തവത്തിൽ ബന്ധവും മോക്ഷവും വളരെ അടുത്ത അനുഭവങ്ങളാണു്. ഒരു ചെറിയ ഭാവവിശേഷംകൊണ്ടു ബദ്ധൻ മുക്തനായും മുക്തൻ ബദ്ധനായും മാറുന്നു. തന്നിൽനിന്നന്യമായി മറെറാന്നിൻെറ ദൃഷ്ടി അല്പമായിട്ടെങ്കിലും ഉണ്ടായാൽ ബന്ധമായി. അങ്ങിനെ തന്നെത്തന്നെ വിട്ടു മറെറാന്നിൻെറയും ദൃഷ്ടിയോ ഭാവമോ അല്പംപോലുമില്ലെങ്കിൽ മുക്തനുമായി.

യദാ നാഹം തദാ മോക്ഷോ
യദാഽഹം ബന്ധനം തദാ
മത്വേതി ഹേലയാ കിഞ്ചിൽ
മാ ഗൃഹാണ വിമുഞ്ച മാ. 4

സാരം:—ഞാനെന്ന അഭിമാനംതന്നെയാണു് ഒരു പ്രകാരത്തിൽ പറഞ്ഞാൽ ബന്ധം. അതു കേവലമില്ലാതായിത്തീരുന്നതു മോക്ഷവും. ഈ പരമാൎത്ഥത്തെ ശരിയായറിഞ്ഞു് അഹങ്കാരത്തെ അകററാൻ കഴിഞ്ഞാൽ മുക്തനായി. പിന്നെ ഒന്നിനെയും ഉപേക്ഷിക്കുകയോ സ്വീകരിക്കുകയോ ചെയ്യേണ്ടതില്ല. പലതിനെയും ഉപേക്ഷിക്കുകയും സ്വീകരിക്കുകയുമൊക്കെ ചെയ്താലും അഹങ്കാരം നീങ്ങിയിട്ടില്ലെങ്കിൽ ബദ്ധൻതന്നെ.

# അദ്ധ്യായം 9

അഷ്ടാവക്ര ഉവാച—

കൃതാകൃതേ ച ദ്വന്ദ്വാനി
കദാ ശാന്താനി കസ്യ വാ
ഏവം ജ്ഞാത്വേഹ നിൎവ്വേദാൽ
ഭവത്യാഗപരോഽവ്രതീ. 1

സാരം:— കൎത്തവ്യാകൎത്തവ്യങ്ങളോ സുഖദുഃഖങ്ങളോ ആകട്ടെങ്കിലും എപ്പോഴെങ്കിലും അവസാനിച്ചതായി പറയാൻ വയ്യ. ലോകമുണ്ടായമുതൽ അല്ലെങ്കിൽ മനുഷ്യനുണ്ടായമുതൽ തുടങ്ങിയതാണു് കൎത്തവ്യങ്ങളെ ചെയ്യാനും ഭോക്തവ്യങ്ങളെ അനുഭവിക്കാനും. ഇനിയും അവസാനിച്ചിട്ടില്ല. എന്നാണിതവസാനിക്കാൻപോവുന്നതു്? അങ്ങിനെതന്നെയാണു് സുഖദുഃഖങ്ങളും. അവ

യൊന്നും അജ്ഞാനമുള്ളേടത്തോളംകാലം അവസാനി ക്കാൻപോവുന്നില്ല. ഈ പരമാൎത്ഥത്തെ അറിഞ്ഞാൽ ത്തന്നെ ഒരാറ്റക്കു വൈരാഗ്യമുണ്ടാവും. അതിനാൽ അവയുടെ അൎത്ഥശൂന്യതയെ അറിഞ്ഞു വൈരാഗ്യത്തെ വളൎത്തി അവയെയെല്ലാം ത്യാഗംചെയ്തു നിരുപാധികനും നിഷ്ക്രിയനുമായിത്തീൎന്നാൽ ഹേ ജനക! നീ സുഖിയാ യിത്തീരും.

കസ്യാപി താത ധന്യസ്യ
ലോകചേഷ്ടാവലോകനാൽ
ജീവിതേച്ഛാ ബുഭുക്ഷാ ച
ബുഭുത്സോപശമം ഗതാ. 2

സാരം:—അത്യന്തസുകൃതികളായ ദുൎല്ലഭം ചിലൎക്കു മാത്രമേ ലോകസ്വഭാവത്തെ ശരിയാംവണ്ണം നിരൂപിച്ച റിയാനും അതുവഴിക്കു വൈരാഗ്യത്തെ പ്രാപിക്കാനും കഴിയുന്നുള്ളു. പലരും പലപ്രകാരത്തിലാണു് ലോക ത്തെയും ലോകാനുഭവങ്ങളെയും അറിയുന്നതു്. അവരവ രുടെ വാസനയ്ക്കനുരൂപമായിട്ടാണു് ഓരോരുത്തരും ജഗ ത്തിനെ വീക്ഷിക്കുന്നതു്. അങ്ങിനെ വരുന്നതിലത്ഭുത മില്ല. തങ്ങളുടെ വാസനകറ്റതന്നെയാണു് ജഗത്തായി പരിണമിക്കുന്നതെങ്കിൽ പിന്നെ വാസനാരൂപമായല്ലാ തെ കാണാൻ വയ്യല്ലോ. വാസനകറ്റ ക്ഷയിച്ച പുണ്യ വാനായ മനുഷ്യൻമാത്രം ജഗത്തിനെ ഉള്ളപോലെ അറിയുന്നു. അങ്ങിനെ അറിയുമ്പോറ്റ വൈരാഗ്യമുണ്ടാ വാതിരിക്കാനും വയ്യ. ജഗത്തു് അതിൻെറ സ്വരൂ പത്തിലറിയപ്പെട്ടുമ്പോറ്റ ആൎക്കും അതിലിച്ഛയുണ്ടാവു

ന്നില്ല. ആദ്യം ജീവിതത്തിലും വിഷയാനുഭവങ്ങളിലും വിരക്തി വന്നു ജീവന്മുക്തിക്കുവേണ്ടി പരിശ്രമിക്കുന്നു. അങ്ങിനെ ജീവന്മുക്തനാവുമ്പോൾ അതിലും ഇച്ഛയില്ലാതെ കേവലം നിരീഹനാകുന്നു. അതുതന്നെ ശരിയായ മുക്തി. അങ്ങിനെയുള്ള സുകൃതികൾ എത്രയോ വിരളമാണുതാനും.

അനിത്യം സൎവ്വമേവേദം
താപത്രിതയദൂഷിതം
അസാരം നിന്ദിതം ഹേയ-
മിതി നിശ്ചിത്യ ശാമ്യതി. 3

സാരം:—ജഗത്തിൻെറ പരമാൎത്ഥസ്ഥിതിയെ അറിഞ്ഞ ഒരാളുടെ സ്ഥിതി ആശ്ചൎയ്യംതന്നെയാണ്. ഇവിടെയുള്ള അനുഭവങ്ങളിലോ ജീവിതത്തിൽപ്പോലുമോ അല്പംകൂടി ഇച്ഛയോ രസമോ അദ്ദേഹത്തിനില്ലാതായിത്തീരും. നാളേയ്ക്കു നിലനില്ക്കുമെന്നു വിശ്വസിക്കാൻ വയ്യാത്ത നിലയിൽ ക്ഷണികവും ഉള്ളപ്പോൾത്തന്നെ ആധിഭൗതികവും ആധ്യാത്മികവും ആധിദൈവികവുമായ താപത്രയംകൊണ്ടു ദൂഷിച്ചതുമാണ്. അനുഭവിച്ചാനന്ദിക്കാവുന്ന ഒന്നുംതന്നെയില്ല. അതുഹേതുവായിട്ട് ഈ ലോകത്തിലെ ഏതൊന്നും നിസ്സാരവും നിന്ദ്യവുമാണ്. പിന്നെ ആൎക്കാണ് അങ്ങിനെയുള്ളതിൽ അഭിരുചിയുണ്ടാവുന്നത്? അതിനാൽ ഇപ്രകാരം അറിഞ്ഞ വിവേകി എല്ലാററിൽനിന്നും കേവലം നിവൃത്തനാവുന്നു.

കോസൗ കാലോ വയഃ കിം വാ
യത്ര ദ്വന്ദ്വാനി നോ നൃണാം
താന്യുപേക്ഷ്യ യഥാപ്രാപ്ത-
വൎത്തീ സിദ്ധിമവാപ്നുയാൽ. 4

380[illegible]

സാരം:—രാഗദ്വേഷങ്ങൾ, സുഖദുഃഖങ്ങൾ, ശീതോഷ്ണങ്ങൾ, പുണ്യപാപങ്ങൾ തുടങ്ങിയ ദ്വന്ദ്വങ്ങൾ എപ്പഴാണു് മനുഷ്യനില്ലാത്തതു്? എപ്പോഴും ഉള്ളവയായിത്തന്നെയിരിക്കുന്നു. ജീവിതത്തിലെ ഏതൊരു വയസ്സിലും ഏതൊരു കാലത്തും അവയെല്ലാമുള്ളതായിത്തന്നെ ഇരിക്കുന്നു. ആ സ്ഥിതിക്കു് എപ്പോഴാണു് ജീവിതം ആദരിക്കത്തക്കതോ അനുഭവിക്കത്തക്കതോ ആയിട്ടിരിക്കുന്നതു്? എപ്പോഴും ഇല്ലെന്നു പറയണം. ഇപ്രകാരം അറിഞ്ഞ വിവേകിയായ മനുഷ്യൻ എല്ലാററിൽനിന്നും കേവലം നിവൃത്തനും അപ്പോൾ മുക്തനുമാവുന്നു.

നാനാമതം മഹർഷീണാം
സാധൂനാം യോഗിനാം തഥാ
ദൃഷ്ട്വാ നിർവ്വേദമാപന്നഃ
കോ ന ശാമ്യതി മാനവഃ. 5

സാരം:—ഒരേ കാൎയ്യത്തെക്കുറിച്ചുതന്നെ പലക്കും പല അഭിപ്രായമാണു് ലോകത്തിൽ. മഹാത്മാക്കളായ ഋഷികൾക്കും യോഗ്യന്മാരായ ആചാൎയ്യന്മാക്കുപോലും ഈ സമ്പ്രദായത്തിനു മാററമില്ലെന്നു വന്നാൽ പിന്നെ എന്തിനാണു് പാണ്ഡിത്യം? പണ്ഡിതന്മാക്കും ഭേദബുദ്ധിക്കു കുറവൊന്നുമില്ല. ഭേദബുദ്ധി നശിക്കാനാണു് ജ്ഞാനം. ജ്ഞാനസമ്പാദനത്തിനാണു് പാണ്ഡിത്യം. അങ്ങിനെയുള്ള പാണ്ഡിത്യംപോലും ഭേദബുദ്ധികൊണ്ടു മലിനവും വാദബഹുളവുമാണെന്നു വന്നാൽ വിവേകമുള്ള ഏതൊരാളാണു് അതിൽനിന്നു നിവൎത്തിക്കാത്തതു്?

33084

അതിനാൽ വിവേകശീലനായ ഒരാഠം ഈ ലോകത്തി ലെല്ലാററിൽനിന്നും കേവലം നിവൃത്തനായി കൈവല്യ സ്ഥിതനാവുന്നു.

കൃത്വാ മൂത്തിപരിജ്ഞാനം
ചൈതന്യസ്യ ന കിം ഗുരുഃ
നിർവ്വേദസമതായുക്ത്യാ
യസ്താരയതി സംസൃതേഃ. 6

സാരം:—ലൌകികജ്ഞാനംപോലെ ആത്മജ്ഞാന ത്തെ ഉപദേശിച്ചു സഫലമാക്കാൻ പ്രാപ്തിയുള്ള ആചാ ര്യന്മാർ വളരെ വിരളമാണു്. അതുകൊണ്ടാണു് പ്രാ യേണ ജനങ്ങഠം ബദ്ധന്മാരായിത്തന്നെയിരിക്കുന്നതെ ന്നു വിചാരിക്കുന്നുവെങ്കിൽ ഹേ ജനക! അതു ശരിയല്ല. ദ്വന്ദ്വബഹുളമായ സംസാരത്തിൽനിന്നു സ്വയം നിവൃ ത്തന്മാരും വിചാരവൈരാഗ്യങ്ങളെക്കൊണ്ടു് ആത്മവസ്തു വെ സാക്ഷാൽക്കരിച്ചു മററുള്ളവരെ ഉൽബോധിപ്പിക്കു ന്നതിൽ പ്രാപ്തന്മാരുമായ ആചാര്യന്മാർ എന്നെങ്കിലും ലോകത്തിലില്ലാതായിട്ടുണ്ടോ? എന്നും ഇല്ലാതായിട്ടില്ല. എപ്പോഴും ഉണ്ടു്. പക്ഷേ അങ്ങിനെയുള്ള ഗുരുനാഥന്മാ രിൽനിന്നു തത്വഗ്രഹണം സാധിച്ചു കൈവല്യപ്രാപ്തി ക്കു ബദ്ധപ്പാടുള്ള ശിഷ്യന്മാരാണു് മിക്കപ്പോഴും ഇല്ലാ തിരിക്കുന്നതു്.

പശ്യ ഭൂതവികാരാംസ്ത്വം
ഭൂതമാത്രാൻ യഥാത്ഥതഃ
തൽക്ഷണാൽ ബന്ധനിർമ്മുക്തഃ
സ്വരൂപസ്ഥോ ഭവിഷ്യസി. 7

സാരം:—പൃഥിവ്യാദിഭൂതങ്ങളുടെ വികാരങ്ങൾ ഈ ലോകത്തിൽ സുലഭങ്ങളാണു്. അല്ലെങ്കിൽ അവയെയാണു് ലോകമെന്നുതന്നെ പറയുന്നതു്. മണ്ണിൻെറ വികാരങ്ങളായ ഘടശരാവാദികൾ മണ്ണല്ലാതെ മറെറന്താണു്? സ്വൎണ്ണത്തിൻെറ വികാരങ്ങളായ കടകകുണ്ഡലാദികളും സ്വൎണ്ണമല്ലാതെ മറെറന്താണു? ഇതു മനസ്സിലാക്കാൻ ആൎക്കാണു് കഴിയാത്തതു്? ഈ പരമാൎത്ഥം ബോദ്ധ്യമായിക്കഴിഞ്ഞാൽ താനെന്നും തൻേറതെന്നും ബോധിക്കുന്ന ഈ ശരീരം പഞ്ചഭൂതങ്ങളുടെയും വികാരമാണെന്നും ശരീരമെന്നൊരു വസ്തുവുണ്ടായിട്ടില്ലെന്നും ബോധിക്കാനെന്താണു് വിഷമം? അങ്ങിനെ ബോധിക്കുന്ന നിമിഷത്തിൽത്തന്നെ അവൻെറ അഹങ്കാരസ്വരൂപമായ അഭിമാനം പൊടിഞ്ഞു സ്വരൂപസ്ഥിതി വന്നുചേരും. പക്ഷേ അങ്ങിനെ ചെയ്യാനുള്ള വിവേകവും പ്രപഞ്ചവിരക്തിയും വേണം. അത്രമാത്രംകൊണ്ടുതന്നെ ഒരാൾ മുക്തനാവും.

വാസനാ ഏവ സംസാര
ഇതി സൎവ്വാ വിമുഞ്ച താഃ
തത്ത്യാഗോ വാസനാത്യാഗാൽ
സ്ഥിതിരദ്യ യഥാ തഥാ. 8

സാരം:—വാസനതന്നെയാണു് സംസാരം. വാസനയോടുകൂടാതെ സംസാരമുണ്ടെന്നു പറയാൻ വയ്യ. അതിനാൽ എല്ലാവിധ വാസനകളുടെയും പരിത്യാഗം സംസാരപരിത്യാഗംതന്നെയാണു്. വാസനകളുടെ നിശ്ശേഷപരിത്യാഗം സാധിക്കുന്ന അതേ നിമിഷത്തിൽ

ത്തന്നെ ഒരാൾ കൈവല്യസ്ഥിതനാവും. അതിനാൽ, ഹേ ജനക, നീ എല്ലാവിധ വാസനകളേയും ത്യജിച്ച യഥാതഥസ്ഥിതനാവണം.

# അദ്ധ്യായം 10

അഷ്ടാവക്ര ഉവാച:—

വിഹായ വൈരിണം കാമ-
മത്ഥം ചാനത്ഥസങ്കുലം
ധമ്മമപ്യേതയോഹേതും
സവ്വത്രാ,നാദരം കുരു. 1

സാരം:—ധമ്മാത്ഥകാമമോക്ഷങ്ങളാകുന്ന നാലാണ് പുരുഷാത്ഥങ്ങൾ. അവയിൽ ധമ്മാത്ഥകാമങ്ങൾ ഈ ലോകത്തുവെച്ചും മോക്ഷം ഈ ലോകത്തെ വിട്ടും അനുഭവിക്കേണ്ടവയാണ്. കാമമാണ് ഈ ലോകത്തെ അനുഭവങ്ങളിൽ അതിപ്രധാനമായിട്ടിരിക്കുന്നത്. കാമങ്ങളെ നിറവേററാനുള്ള ഉപകരണംമാത്രമാണ് അത്ഥം അല്ലെങ്കിൽ ധനം. അത്ഥത്തെ സമ്പാദിക്കാനുള്ള മാഗ്ഗം ധമ്മവും. അതിനാൽ കാമംതന്നെ പ്രധാനമായിട്ടിരിക്കുന്നത്. എന്നാൽ ഈ കാമത്തെ മോക്ഷസമ്പാദനത്തിനുള്ള ഉപകരണമായി ശാസ്ത്രാദികളിൽ പറഞ്ഞിട്ടുണ്ടെങ്കിലും വാസ്തവത്തിൽ മോക്ഷത്തിൻെറ ശത്രുവാണ് കാമം. പ്രാപഞ്ചികങ്ങളായ കാമങ്ങളുള്ളേടത്തോളം

കാലം ഒരാറംക്കു മോക്ഷമില്ലെന്നതു തക്കമററ സംഗതിയാണു്. ആ സ്ഥിതിക്കു് അങ്ങിനെയുള്ള കാമങ്ങളെ സാധിപ്പിക്കുന്ന ഉപകരണമാകുന്ന അത്ഥം അനത്ഥഹേതുവാണെന്നും അത്ഥഹേതുവായ ധമ്മവും മോക്ഷഹേതുവല്ലെന്നും പറയേണ്ടതില്ലല്ലോ. അതിനാൽ ഹേ ജനക, അങ്ങു ധമ്മാദികളാകുന്ന മൂന്നു പുരുഷാത്ഥങ്ങളിലും കേവലം അനാസ്ഥയെ വളത്തി കേവലം മോക്ഷമാകുന്ന പരമപുരുഷാത്ഥത്തിൽമാത്രംആസ്ഥയുള്ളവനായിത്തീരണം.

സ്വപ്നേന്ദ്രജാലവൽ പശ്യ
ദിനാനി ത്രീണി പഞ്ച വാ
മിത്രക്ഷേത്രധനാഗാര-
ദാരദായാദസമ്പദഃ. 2

സാരം:— സ്വപ്നദൃഷ്ടങ്ങളോ ഇന്ദ്രജാലദൃഷ്ടങ്ങളോ ആയ പദാത്ഥങ്ങറം എപ്രകാരം അസത്യങ്ങളാകയാൽ സ്ഥിരമായി നില്ക്കുന്നില്ലയോ; അതുപോലെ ഇവിടെ കാണുന്ന ഏതൊരു പദാത്ഥവും സ്ഥിരമല്ല, മൂന്നോ അഞ്ചോ ദിവസങ്ങറംമാത്രം നിലനില്ക്കുന്നവമാത്രമാണു്. പരമാത്ഥമായ നിലനില്പോ അസ്തിത്വംപോലുമോ അവയ്ക്കൊന്നുമില്ല. അതിനാൽ ബന്ധുക്കളും ഭൂസ്വത്തും പണവും ഗൃഹവും ഭാൎയ്യയും കുടുംബങ്ങളും മററു വിഭവങ്ങളുമെല്ലാം ഒരു വിഭ്രാന്തിമാത്രമാണു്. വിവേകിയായ ഒരാറംക്കവയിലൊന്നും ആസ്ഥയുണ്ടാവില്ല.

യത്ര യത്ര ഭവേൽ തൃഷ്ണാ
സംസാരം വിദ്ധി തത്ര വൈ
പ്രൌഢവൈരാഗ്യമാശ്രിത്യ
വീതതൃഷ്ണഃ സുഖീ ഭവ. 3

സാരം:—അല്പമായിട്ടെങ്കിലും തൃഷ്ണയുള്ളേടത്തോളം കാലം ആരുടേയും സംസാരം അവസാനിക്കലില്ല. സംസാരം അവസാനിക്കാതിരിക്കുംകാലത്തോളം മുക്തിയുടെ ഗന്ധവുമില്ല. ആസ്ഥതന്നെ സംസാരം. അനാസ്ഥ മുക്തിയും. അതിനാൽ, ഹേ ജനക, നീ തീവ്രവൈരാഗ്യത്തെ ആശ്രയിച്ച് എല്ലാ തൃഷ്ണകളിൽനിന്നും കേവലം നിവൃത്തനാവണം. എന്നാൽ സുഖിയായിത്തീരും.

തൃഷ്ണാമാത്രാത്മകോ ബന്ധ-
സ്തന്നാശോ മോക്ഷ ഉച്യതേ
ഭാവാസംസക്തിമാത്രേണ
പ്രാപ്തതുഷ്ടിർമ്മുഹുർമ്മുഹുഃ. 4

സാരം:—പലപ്രകാരത്തിലുള്ള വിഷയതൃഷ്ണതന്നെയാണ് സംസാരം അല്ലെങ്കിൽ ബന്ധം. അതിൻെറ നിവൃത്തി മോക്ഷവും. അതിനാൽ വിഷയതൃഷ്ണയെ അകററൽതന്നെയാണ് സംസാരനിവൃത്തിക്കൊരാൾ അവശ്യം ചെയ്യേണ്ടതായിട്ടിരിക്കുന്നതു്. അനാസ്ഥ ഒന്നുകൊണ്ടുതന്നെ ഒരാൾ മുക്തനും സന്തുഷ്ടനുമായിത്തീരും. നീയും അങ്ങിനെയായിത്തീരട്ടെ.

ത്വമേകശ്ചേതനഃ ശുദ്ധോ
ജഡം വിശ്വമസത്തഥാ
അവിദ്യാപി ന കിഞ്ചിൽ സാ
കാ ബുഭുത്സാ തഥാപി തേ. 5

സാരം:—നീ മാത്രമാണ് ഗുണസംസർഗ്ഗമില്ലാത്ത പരിശുദ്ധവസ്തുവും ചൈതന്യവുമായിട്ടിരിക്കുന്നതു്. നീയൊഴിച്ചു മററെല്ലാം നിൻെറ ദൃശ്യമാണ്. ദൃശ്യമായ

ജഗത്തു മുഴുവൻതന്നെയും ഗുണമയവും ജഡവുമാണ്. സ്വയംബോധസ്വരൂപനായ നിന്നിൽ അജ്ഞാനംപോലും ഇല്ലാത്തതായിട്ടിരിക്കുന്നു. പിന്നെ എന്തിനെയാണ് നിനക്കറിയേണ്ടതായിട്ടിരിക്കുന്നതു?

രാജ്യം സുതാഃ കളത്രാണി
ശരീരാണി സുഖാനി ച
സംസക്തസ്യാപി നഷ്ടാനി
തവ ജന്മനി ജന്മനി. 6

സാരം:—രാജ്യവും രാജകീയസുഖവും മക്കളും ഭാര്യമാരും ശരീരങ്ങളും സുഖങ്ങളുമെന്നുവേണ്ട ലോകത്തിലെ അനുഭവങ്ങളെല്ലാം ജന്മംതോറും നിനക്കുണ്ടാവുകയും നശിക്കുകയും ചെയ്യുന്നുണ്ട്. നീ അവയിലെല്ലാം ആസക്തനായിരുന്നിട്ടും അവയുടെയെല്ലാം അസ്തിത്വം ശൂന്യമാണെന്നല്ലേ തെളിയുന്നതു്? ആ സ്ഥിതിക്കു നിൻെറ തൃഷ്ണയല്ലാതെ മററെന്താണ് നിന്നെ ബന്ധിക്കുന്നതു? അതിനാൽ, ഹേ ജനക, നീ എല്ലാ തൃഷ്ണകളേയും വിട്ട് ഇപ്പോഴത്തന്നെ മുക്തനാവാൻ ശ്രമിക്കു.

അലമൎത്ഥേന കാമേന
സുകൃതേനാപി കൎമ്മണാ
എഭ്യഃ സംസാരകാന്താരേ
ന വിശ്രാന്തമഭൂന്മനഃ. 7

സാരം:—പല പ്രകാരത്തിലുള്ള സമ്പത്തുകളെക്കൊണ്ടോ പലവിധ ആഗ്രഹങ്ങളുടെ പൂൎത്തിയാകുന്ന വിഷയഭോഗങ്ങളെക്കൊണ്ടോ നാനാപ്രകാരത്തിലുള്ള സൽക്കൎമ്മങ്ങളെക്കൊണ്ടോ ഒന്നുംതന്നെ ചിത്തവിശ്രാ

ന്തി കിട്ടാൻപോവുന്നില്ല. അതുകൊണ്ടൊക്കെ ചിത്ത വിശ്രാന്തി കിട്ടുമായിരുന്നെങ്കിൽ ഇതിന്നു മുമ്പുതന്നെ നിൻെറ ചിത്തം വിശ്രാന്തമാവുമായിരുന്നു. കാരണം അവയെല്ലാം ജന്മംതോറും നിനക്കുണ്ടാവുന്നുണ്ട്. എന്നാൽ ഇതുവരേയും നിനക്കു ചിത്തവിശ്രാന്തിയുണ്ടായില്ലെന്നതു് അവകൊണ്ടു ചിത്തം വിശ്രാന്തമാവില്ലെന്നതിൻെറ തെളിവാണു്. ഈ സംസാരക്കൊട്ടുംകാട്ടിൽ വിഷയവിശ്രാന്തിയുടെ പിന്നാലെ ഓടിക്കൊണ്ടിരിക്കുന്ന ചിത്തത്തിനെങ്ങിനെ വിശ്രാന്തി കിട്ടും? അതിനാൽ ഇനിയെങ്കിലും ആ സമ്പ്രദായത്തെ നിൎത്തണം. അൎത്ഥകാമങ്ങളിലോ കൎമ്മങ്ങളിലോ ഭ്രമിക്കാതെ ബോധമാത്രനായ നീ നിന്നിൽത്തന്നെ അടങ്ങി വിശ്രാന്തനും സുഖിയുമായിത്തീരണം.

കൃതം ന കതി ജന്മാനി
കായേന മനസാ ഗിരാ
ദുഃഖമായാസദം കൎമ്മ
തദദ്യാപ്യുപരമ്യതാം. 8

സാരം:—സുഖത്തിൻെറ പേരും പറഞ്ഞു ദുഃഖപരങ്ങളായ എത്ര കൎമ്മങ്ങളെയാണു് ചെയ്യുന്നതു്! എപ്പോഴെങ്കിലും അതിനൊഴിവുണ്ടോ? ശരീരംകൊണ്ടും വാക്കുകൊണ്ടും മനസ്സുകൊണ്ടും ആയാസപരങ്ങളായ അനേകമനേകം കൎമ്മങ്ങളെ ജന്മംതോറും നീ ചെയ്തുവന്നു. അവയെല്ലാം സുഖത്തിനുവേണ്ടിയാണെന്നാണു് വിചാരവും. എന്നാൽ ഇപ്പോഴും ദുഃഖമല്ലേ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതു്? അതിനാൽ ഇപ്പോഴെങ്കിലും കൎമ്മത്തെ അവസാനിപ്പിക്കു. എന്നാൽ സുഖമായിത്തീരും.

# അദ്ധ്യായം 11

അഷ്ടാവക്ര ഉവാച—

ഭാവാഽഭാവവികാരാശ്ച
സ്വഭാവാദിതി നിശ്ചയീ
നിർവ്വികാരോ ഗതക്ലേശഃ
സുഖേനൈവോപശാമ്യതി. 1

സാരം:—ഉണ്ടാവുക, നിലനില്ക്കുക, പലവിധ പരിണാമങ്ങളുണ്ടാവുക, ക്ഷയിക്കുക, നശിക്കുക എന്നീ സമ്പ്രദായങ്ങൾ വിഷയങ്ങളുടെ സ്വഭാവമാണ്. എന്നാൽ വിഷയങ്ങൾക്കല്ലാതെ വിഷയങ്ങളുടെ ദ്രഷ്ടാവും ഭോക്താവുമായ തനിക്ക് അങ്ങിനെയുള്ള ഭാവങ്ങളൊന്നുമില്ലെന്നതും വ്യക്തമാണ്. ഇതറിഞ്ഞുകഴിഞ്ഞ ഒരാൾക്ക വികാരങ്ങളും ക്ലേശങ്ങളുമെങ്ങിനെയുണ്ടാകും? ഒരിക്കലുമുണ്ടാവാൻ വയ്യ. ഈ വസ്തുത അറിഞ്ഞു ബോദ്ധ്യംവന്നാൽ ത്തന്നെ ഒരാളുടെ എല്ലാ ക്ലേശങ്ങളുമടങ്ങി മനസ്സ് ഉപശമത്തെ പ്രാപിച്ച സുഖിയായിത്തീരും. മനസ്സിന്നും ശരീരത്തിന്നുമാണല്ലോ വികാരങ്ങളും പരിണാമങ്ങളുമുണ്ടാകുന്നതു്. താൻ അവയല്ലെന്നും, അവ തന്റെ വിഷയങ്ങളാണെന്നും എല്ലാവരുമറിയുന്നു. പിന്നെ ദ്രഷ്ടാവായിരിക്കുന്ന തനിക്കെങ്ങിനെ വികാരങ്ങളും മാററങ്ങളുമുണ്ടാകും? അവയൊന്നുമുണ്ടാവുന്നില്ലെങ്കിൽ പിന്നെ ദുഃഖത്തിന് എന്തു ഹേതു? ഇങ്ങിനെ പരമാത്ഥത്തെ വിചാരംചെയ്താൽത്തന്നെ എല്ലാ ക്ലേശങ്ങളും നീങ്ങി മനസ്സ് ഉപശമത്തെ പ്രാപിക്കും.

ഈശ്വരഃ സൎവ്വനിൎമ്മാതാ
നേഹാന്യ ഇതി നിശ്ചയീ
അന്തൎഗ്ഗളിതസൎവ്വാശഃ
ശാന്തഃ ക്വാപി ന സജ്ജതേ. 2

സാരം:—അല്ല; കാണുന്നതെല്ലാം സത്യമാണെന്നു വിശ്വസിക്കുന്നു എന്നിരുന്നാലും ചിത്തവിക്ഷോഭത്തിനും അതുവഴി ക്ലേശങ്ങൾക്കും കാരണമില്ല. എല്ലാം ഈശ്വരൻെറ സൃഷ്ടിയാണു്. സൎവ്വതന്ത്രസ്വതന്ത്രനും സൎവ്വശക്തനുമായ ആ ഈശ്വരനെ എതിൎക്കാനോ അതിക്രമിക്കാനോ ആൎക്കും കഴിവില്ലെന്നും പരമാൎത്ഥമാണു്. ആ സ്ഥിതിക്കും ക്ലേശങ്ങൾക്കോ ചിത്തവിക്ഷോഭത്തിന്നോ കാരണമില്ല. നല്ലതോ ചീത്തയോ ആയ ഏതൊരു സംഗതിയും പ്രവൎത്തിക്കാനും ഏതൊരു വസ്തുവിനേയും ഉണ്ടാക്കാനും നശിപ്പിക്കാനും എല്ലാം ഈശ്വരനുമാത്രമേ കഴിവുള്ളു. അങ്ങിനെയാണെങ്കിൽ വരുന്നതനുഭവിക്കാനല്ലാതെ ആൎക്കു് എന്തു കഴിയും? ആൎക്കും ഒന്നും കഴിയില്ലെന്നു പറയണം. ഈ സംഗതി ബോധിച്ചാലും ആശയ്ക്കും നിരാശയ്ക്കും സ്ഥാനമില്ല. ആശാനിരാശകൾ മനസ്സിൽ നിന്നൊഴിഞ്ഞാൽത്തന്നെ ചിത്തവിശ്രാന്തിയും നിസ്സംഗത്വവും കൈവരും.

ആപദഃ സമ്പദഃ കാലേ
ദൈവാദേവേതി നിശ്ചയീ
തൃപ്തഃ സ്വസ്ഥേന്ദ്രിയോ നിത്യം
ന വാഞ്ഛതി ന ശോചതി. 3

സാരം:—സമ്പത്തിനേയും ആപത്തിനേയും സംബന്ധിച്ചുള്ള സുഖദുഃഖാത്മകമായ സ്ഥിതിയും ഈശ്വരായത്തവും കർമ്മഫലസ്വരൂപവുമാണ്. ഈ സംഗതി ബോദ്ധ്യപ്പെട്ടുകഴിഞ്ഞാലും ചിന്തയ്ക്കും ആവലാതിക്കും സ്ഥാനമില്ല. കർമ്മാനുരൂപമായി വന്നുചേരുന്ന അനുഭവങ്ങൾ ആക്കും മാററാനോ നീക്കാനോ കഴിയാത്തവയാണെങ്കിൽ പിന്നെ ആവലാതിപ്പെട്ടിട്ടെന്തു കാര്യം? ആശാനിരാശകളും ആവശ്യമില്ലെന്നു വരും. വരുന്നതിനെ അനുഭവിച്ചു തൃപ്തിപ്പെടാനല്ലാതെ ആക്കും ഒന്നും ചെയ്യാൻ സ്വാതന്ത്ര്യമില്ലെന്നു വന്നാൽ പിന്നെ തൃപ്തിപ്പെടാനല്ലാതെ മററെന്തു ചെയ്യാൻ കഴിയും? ഈ സ്ഥിതി ബോദ്ധ്യംവന്നാലും ഒരാളുടെ ക്ലേശങ്ങളും ചിത്തവിക്ഷോഭവുമടങ്ങി ശാന്തി കിട്ടും.

സുഖദുഃഖേ ജന്മമൃത്യൂ
ദൈവാദേവേതി നിശ്ചയീ
സാദ്ധ്യാദർശീ നിരായാസഃ
കുർവ്വന്നപി ന ലിപ്യതേ. 4

സാരം:— ജനനമരണങ്ങളും അതുപോലെ സുഖദുഃഖങ്ങളും എല്ലാം പ്രാരബ്ധങ്ങളാണ്. അവയെല്ലാം അവശ്യം അനുഭവിച്ചേ തീരൂ. ആക്കും അവയൊന്നും മാററാനോ വ്യത്യാസപ്പെടുത്താനോ കഴിവില്ല. എന്നു വരുമ്പോൾ പിന്നെ എന്താണൊരാൾക്ക ചെയ്യാനുള്ളതു്? പ്രത്യേകമായി ഒന്നുംതന്നെ ചെയ്യാനില്ലെന്നു വരും. അങ്ങിനെ ഉറപ്പു വന്നാലും കരണങ്ങൾക്ക് അടക്കവും പ്രജ്ഞയ്ക്കു വിശ്രാന്തിയും കിട്ടും. കർത്തവ്യമായി ഒന്നുംതന്നെ

തനിക്കില്ലെന്നു വന്നാൽ പിന്നെ ഒന്നും ചെയ്യേണ്ടതു
മില്ലല്ലോ. ഈ സ്ഥിതിയിലെത്തിയാലും കൎമ്മനിവൃത്തി
വന്നു വിശ്രാന്തനായിത്തീരും. അഥവാ വല്ലതും ചെ
യ്യുന്നുവെന്നിരുന്നാലും അതുകൊണ്ടു പറയത്തക്ക ബന്ധ
മൊന്നുമുണ്ടാവാനും വയ്യ. അപ്പോൾ നിസ്സംഗനും നി
വൃത്തനും സുഖിയുമായിത്തീരും.

ചിന്തയാ ജായതേ ദുഃഖം
നാന്യഥേഹേതി നിശ്ചയീ
തയാ ഹീനഃ സുഖീ ശാന്തഃ
സൎവ്വത്ര ഗളിതസ്പൃഹഃ. 5

സാരം:—വിഷയങ്ങളെ സംബന്ധിച്ചുള്ള വിചാര
മാണു് ദുഃഖത്തിന്റെ ഉറവിടം. വിഷയചിന്തയും വി
ഷയഭുക്തിയും വൎദ്ധിക്കുംതോറും ദുഃഖവും നാനാമുഖമായി
വൎദ്ധിക്കുന്നു. ചിത്തം ഒരു പ്രകാരത്തിലും വിഷയങ്ങളെ
സ്പൎശിക്കുന്നില്ലെങ്കിൽ ദുഃഖത്തിന്നു യാതൊരു കാരണവു
മില്ല. വിഷയസ്പൎശമില്ലാതെ കുറച്ചുകാലം ജീവിച്ചാൽ
ത്തന്നെ ശാന്തിയും വൈരാഗ്യവും വളരും അങ്ങിനെ
യായിക്കഴിഞ്ഞാൽ സുഖിയാണെന്നു പറയേണ്ടതില്ലല്ലോ.

നാഹം ദേഹോ ന മേ ദേഹോ
ബോധോഹമിതി നിശ്ചയീ
കൈവല്യമിവ സംപ്രാപ്തോ
ന സ്മരത്യകൃതം കൃതം. 6

സാരം:—ആത്മസ്വരൂപത്തെ അറിഞ്ഞു സ്വയം
ബോധമാത്രനും കൃതകൃത്യനുമായ മഹാത്മാവു താൻ ശ
രീരമാണെന്നോ, ശരീരം തന്റേതാണെന്നോ വിചാരി

ക്കുന്നില്ല. ശരീരത്തെ ഓൎമ്മിക്കുന്നേ ഇല്ല. അങ്ങിനെയുള്ള നിലതന്നെയാണു് കേവലസ്ഥിതി അല്ലെങ്കിൽ മുക്തി. മുക്തനായിക്കഴിഞ്ഞ അദ്ദേഹം ചെയ്തതിനേയോ ചെയ്യാത്തതിനേയോ ഒന്നും ഓൎമ്മിക്കുന്നില്ല. കൎമ്മത്തെത്തന്നെ ഓക്കുന്നില്ല. ബോധമാത്രനായിത്തീൎന്ന അദ്ദേഹം ഒന്നിനേയും അറിയാതെ അദ്വൈതനായിരിക്കുന്നു. ഒന്നിനേയും അറിയാത്തതിനാൽ ഒരു ഭാവവുമില്ലാതെ സ്വയം തൃപ്തനും ചരിതാൎത്ഥനുമായിരിക്കുകയും ചെയ്യുന്നു.

ആബ്രഹ്മസ്തംബപൎയ്യന്ത-
മഹമേവേതി നിശ്ചയീ
നിൎവ്വികല്പഃ ശുചിഃ ശാന്തഃ
പ്രാപ്താപ്രാപ്തവിനിർവൃതഃ. 7

സാരം:—താൻ മാത്രമേ വാസ്തവമായിട്ടുള്ളുവെന്നും തന്നിൽനിന്നന്യമായി മറെറാന്നുംതന്നെ ഉണ്ടായിട്ടില്ലെന്നും ബോധിക്കുന്നു മുക്തനായ പ്രസ്തുത മഹാത്മാവു്. ആ സ്ഥിതിക്കു തന്നിൽനിന്നന്യമായി ഒന്നിനേയും അദ്ദേഹം അറിയുന്നുമില്ല. നിൎഗ്ഗുണബ്രഹ്മംമുതൽ പുൽക്കൊടിവരെ പലതും കാണപ്പെടുന്നുവെങ്കിലും അതെല്ലാം തന്നിൽത്തന്നെ തോന്നപ്പെടുന്ന പ്രതീതിമാത്രങ്ങളാണെന്നും അദ്ദേഹത്തിനറിയാം. അങ്ങിനെയുള്ള സ്ഥിതിയിലെത്തിയ പുണ്യാത്മാവിൻെറ എല്ലാ വികല്പങ്ങളുമകന്നു നിൎവ്വികല്പസ്വരൂപനും ശുദ്ധനും ശാന്തനുമായിത്തീരുന്നു. കിട്ടിയതിലും കിട്ടാത്തതിലും ഒരേ ഭാവമേ അദ്ദേഹത്തിനുള്ളു. അങ്ങിനെയുള്ള മുക്തൻ ചരിതാൎത്ഥനാണു്.

നാനാശ്ചര്യമിദം വിശ്വം
ന കിഞ്ചിദിതി നിശ്ചയീ
നിർവ്വാസനഃ സ്ഫൂർത്തിമാത്രോ
ന കിഞ്ചിദിതി ശാമ്യതി. 8

സാരം:—കാഴ്ചയിൽ പലവിധ വൈചിത്ര്യങ്ങളോടു കൂടിയതാണെങ്കിലും വാസ്തവത്തിൽ അസത്യമാണു് ജഗത്തു്. ഇന്ദ്രജാലവിദ്യകൊണ്ടു തോന്നിക്കപ്പെടുന്ന വിചിത്രവസ്തുക്കളെന്നപോലെ മായാപ്രതിഭാസംമാത്രമാണു് ജഗത്തു്. അല്ലാതെ ജഗത്തെന്നൊരു വസ്തുവില്ല. എന്നു ബോദ്ധ്യം വന്നു ജഗൽപ്രതീതി അല്പംപോലുമില്ലാതെ ശമിച്ച മഹാത്മാവിൻെറ എല്ലാവിധ വാസനകളും ഉപാധിസംബന്ധവും നശിച്ചുവെന്നു പറയണം. അതിനാൽ അദ്ദേഹം നിരുപാധികനും സത്താമാത്രനുമാണു്. ആ സ്ഥിതിയിലെത്തുമ്പോൾ യാതൊരു പ്രതീതിയുമില്ലാതെ കേവലം നിർഗ്ഗുണബ്രഹ്മംതന്നെ ആയിത്തീരുന്നു. അതുതന്നെ മുക്തിസ്വരൂപം.

# അദ്ധ്യായം 12

ജനക ഉവാച—

കായകൃത്യാസഹഃ പൂർവ്വം
തതോ വാഗ്വിസ്തരാസഹഃ
അഥ ചിന്താസഹസ്തസ്മാ-
ദേവമേവാഹമാസ്ഥിതഃ. 1

സാരം:—ജനകൻ പറഞ്ഞു: ശരീരം വാക്ക് മനസ്സ് എന്നീ മൂന്നു കരണങ്ങൾമുഖേനയാണ് ജീവൻെറ വ്യാപാരവും വ്യവഹാരവും നടന്നുവരുന്നത്. ആത്മാവിൽ അവസ്ഥിതി കിട്ടിയാൽ കരണങ്ങളെ വിടും. അപ്പോൾ കരണങ്ങൾ നിശ്ചലങ്ങളായിത്തീരുകയും ചെയ്യും. ആത്മാവിലെ അവസ്ഥിതികൊണ്ടു പണ്ടൊരിക്കലും അനുഭവിച്ചിട്ടില്ലാത്ത അനിർവ്വാച്യമായ നിർവൃതി അനുഭവപ്പെടുമ്പോൾ പ്രസ്തുതകരണങ്ങളുടെ വ്യവഹാരം ദുഃഖകരമായി തോന്നുകയും ചെയ്യും. അതിനാൽ അവയെ കഴിയുന്നതും സ്പർശിക്കാതിരിക്കാൻതന്നെ ശ്രമിക്കും. ആദ്യത്തിൽ ശരീരവും പിന്നീടു വാഗിന്ദ്രിയവും അവസാനം മനസ്സും നിശ്ചലമായിത്തീരും. സർവ്വവ്യവഹാരങ്ങളും നിലച്ചു സകല കരണങ്ങളുമടങ്ങിയ പ്രസ്തുത സന്ദർഭത്തിൽ ആത്മാവിൽ പൂർണ്ണമായി അവസ്ഥിതി ചെയ്യുന്നു. സംസാരത്തിൻെറ യാതൊരു സ്ഫുരണംപോലും അപ്പോഴറിയപ്പെടുന്നില്ല.

പ്രീത്യഭാവേന ശബ്ദാദേ-
രദൃശ്യത്വേന ചാത്മനഃ
വിക്ഷേപൈകാഗ്ര്യരഹിത
ഏവമേവാഹമാസ്ഥിതഃ. 2

സാരം:—വിഷയങ്ങളിലേ മനസ്സിന്നു വിക്ഷേപവും ഏകാഗ്രതയുമൊക്കെയുണ്ടാവാൻ വയ്യ. ശബ്ദാദിവിഷയങ്ങളിൽ തീരെ പ്രീതിയില്ലാതായിത്തീരുമ്പോൾ ചിത്തം അവയെ ഓൎമ്മിക്കാതാവും. രാഗം ദ്വേഷം തുടങ്ങിയ ഏതെങ്കിലും ഒരു ഭാവം ഒരു വസ്തുവിലുണ്ടാവുമ്പോഴേ ചിത്തത്തിന്നു് അതിനെ ഓൎമ്മിക്കാനിടവരു. വിഷയങ്ങളിൽ ഒരു ഭാവവുമില്ലാതായിത്തീരുമ്പോൾ അവയുടെ ഓൎമ്മയും ക്രമേണ ഇല്ലാതാവും. വിഷയങ്ങളുടെ ഓൎമ്മ തന്നെ ഇല്ലാതാവുമ്പോൾ അവയുടെ വിക്ഷേപം കേവലം ഇല്ലാതാവും. എങ്കിലും അപ്പോൾ ആത്മാവിലുള്ള അതിപ്രിയംകൊണ്ടു് ആത്മാവിൽ ഏകാഗ്രതയുണ്ടാവില്ലേ എന്നാണെങ്കിൽ അതുമുണ്ടാവില്ല. ആത്മാവു വിഷയമല്ല. അതിനാൽ മനസ്സിന്നു നില്ക്കാനോ ഏകാഗ്രതപ്പെടാനോ സാദ്ധ്യമല്ല. ഇങ്ങിനെ വിക്ഷേപവും ഏകാഗ്രതയും മുഴുവൻ നീങ്ങുമ്പോൾ വസ്തുവിൽ യഥാതഥമായ സ്ഥിതി കിട്ടും. അതിലാണു് ഞാൻ സ്ഥിതിചെയ്യുന്നതു്.

സമാധിഃ സ്യാദ്ധി വിക്ഷിപ്ത്വാ
വ്യവഹാരഃ സമാധയേ
ഏവം വിലോക്യ നിയമ-
മേവമേവാഹമാസ്ഥിതഃ. 3

സാരം:—മുൻപറഞ്ഞ വിക്ഷേപൈകാഗ്രതകൾ ചിത്തത്തിനുള്ളപ്പോഴാണു് സമാധി ആവശ്യമായിത്തീരുന്നതു്. കുറച്ചു സമയം വിക്ഷേപങ്ങളിൽനിന്നു വേർപെട്ടു വസ്തുസ്വരൂപത്തിൽ അവസ്ഥിതി ചെയ്യലാണല്ലോ സമാധി. അപ്പോൾ സമാധിക്കു മുമ്പും ശേഷവും വിക്ഷേപമുണ്ടെന്നു വ്യക്തമാണു്. അങ്ങിനെ വിക്ഷേപങ്ങൾ ധാരാളമുണ്ടാവുമ്പോഴേ സമാധിയുടെ വ്യവഹാരം തന്നെയുള്ളൂ. എന്നാൽ ഒരിക്കലും വിക്ഷേപമെന്നൊന്നു് ഇല്ല ഒരാൾക്കെങ്കിൽ പിന്നെയെന്തു സമാധിയാണു്? എപ്പോഴും വസ്തുസ്ഥിതിതന്നെയാണു് അയാൾക്കുള്ളതു്. അതിനാൽ സഹജസമാധിയാണു്. ഇപ്രകാരമുള്ള വസ്തുനിയമത്തെ അറിഞ്ഞ ഞാൻ എല്ലാ വിക്ഷേപങ്ങളെയുമകററി എപ്പോഴും സഹജസമാധിയിൽത്തന്നെ കഴിഞ്ഞുവരികയാണു്.

ഹേയോപാദേയവിരഹാ-
ദേവം ഹർഷവിഷാദയോഃ
അഭാവാദദ്യ ഹേ ബ്രഹ്മ-
ന്നേവമേവാഹമാസ്ഥിതഃ. 4

സാരം:—ഒരു വിക്ഷേപവുമില്ലാത്തതിനാൽ ഒരു വിഷയത്തിൻെറയും ഓർമ്മതന്നെയില്ല. അങ്ങിനെ ഒന്നിൻെറയും ഓർമ്മയില്ലെങ്കിൽ പിന്നെ രാഗദ്വേഷങ്ങളുണ്ടാവാൻ വയ്യല്ലോ. രാഗദ്വേഷങ്ങളില്ലാത്തതിനാൽ തള്ളേണ്ടതും കൊള്ളേണ്ടതുമായ ഭാവമോ സുഖദുഃഖങ്ങളോ ഇല്ല. അതിനാൽ, ഹേ ബ്രഹ്മൻ, ഇവയൊന്നുമില്ലാതായിത്തീൎന്ന ഞാൻ എപ്പോഴും സഹജസമാധിസ്ഥ

നായി വസ്തുസ്വരൂപത്തിൽ യഥാതഥമായിത്തന്നെ കഴിഞ്ഞുവരുന്നു.

ആശ്രമാനാശ്രമാദ്ധ്യാനം
ചിത്തസ്വീകൃതവർജ്ജനം
വികല്പം മമ വീക്ഷ്യൈത-
ദേവമേവാഹമാസ്ഥിതഃ. 5

സാരം:—ഞാൻ ഏതെങ്കിലും ആശ്രമത്തിലുള്ളവനാണെന്നോ അല്ലെങ്കിൽ ബ്രഹ്മചര്യാദി ഏതെങ്കിലും ആശ്രമം എനിക്കുള്ളതാണെന്നോ ബോധിക്കുകയോ അഭിമാനിക്കുകയോ ചെയ്യുക; ചിത്തംകൊണ്ടു് എന്തിനെയെങ്കിലും സ്വീകരിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുക; അല്ലെങ്കിൽ എന്തിനെയെങ്കിലും സ്മരിക്കുകയോ സ്മരണയിൽനിന്നു ചിത്തത്തെ പിടിച്ചെടുക്കുകയോ ചെയ്യുക—എന്നിങ്ങിനെയുള്ള വികല്പങ്ങളൊന്നുംതന്നെ അല്പംപോലും എനിക്കില്ലെന്ന കാരണത്താൽ ഞാനെപ്പോഴും വസ്തുസ്വരൂപത്തിൽത്തന്നെ യഥാതഥമാകുംവണ്ണം സ്ഥിതി ചെയ്യുന്നു.

കർമ്മാനുഷ്ഠാനമജ്ഞാനാ-
ദ്യഥൈവോപരമസ്തഥാ
ബുദ്ധ്വാ സമ്യഗിദം തത്വ-
മേവമേവാഹമാസ്ഥിതഃ. 6

സാരം:—കർമ്മങ്ങളുടെ ആചരണം എപ്രകാരം കേവലം അജ്ഞാനസ്വരൂപമാണോ, അതുപോലെ നിരാകരണവും അജ്ഞാനമാണു്. അജ്ഞാനമാകുന്ന ഒന്നിന്റെ രണ്ടു രൂപങ്ങളാണു് പ്രവൃത്തിയും നിവൃത്തിയും.

പ്രവൃത്തിയും നിവൃത്തിയുമല്ല, കർമ്മത്തെ വിസ്മരിക്കലാണ് ജ്ഞാനത്തിന്റെ സ്വരൂപം. ഈ തത്വത്തെ ഞാൻ നല്ലപോലെ അറിഞ്ഞിട്ടുണ്ട്. അതിനാൽ കർമ്മവുമായി എനിക്കു യാതൊരിടപാടുമില്ലാതെ ഞാനെപ്പോഴും യഥാതഥസ്വരൂപത്തിൽത്തന്നെ കഴിഞ്ഞുവരുന്നു.

അചിന്ത്യം ചിന്ത്യമാനോപി
ചിന്താരൂപം ഭജത്യസൗ
ത്യക്ത്വാ തൽഭാവനം തസ്മാ-
ദേവമേവാഹമാസ്ഥിതഃ. 7

സാരം:—യാതൊരു വ്യക്തതയുമില്ലാത്ത കേവലം അവ്യക്തമായ ഒന്നിനെ മനസ്സിനു ചിന്തിക്കാൻ വയ്യ. വാസ്തവത്തിൽ രൂപത്തെയല്ലാതെ രൂപമില്ലാത്ത ഒന്നിനെയും മനസ്സിനു ചിന്തിക്കാൻ വയ്യെന്നുള്ളതാണ് അതിന്റെ സ്വഭാവം. രൂപമില്ലാത്ത ഒന്നിനെക്കുറിച്ചു മനസ്സു ചിന്തിക്കാൻ തുടങ്ങുന്നുവെങ്കിൽ പുതിയ ഒരു രൂപത്തെ ഭാവിച്ചുണ്ടാക്കുന്നുവെന്നർത്ഥമാണ്. അതൊരു പുതിയ വികല്പമായിത്തീരുന്നുവെന്നല്ലാതെ മറെറാന്നും പറയാനില്ല. ഈ സ്ഥിതിക്കു രൂപമില്ലാത്തതും അവ്യക്തവും അചിന്ത്യവുമായ ആത്മസ്വരൂപത്തെ മനസ്സു ചിന്തിക്കുന്നുവെങ്കിൽ ഒരു പുതിയ വിക്ഷേപത്തെ ഉണ്ടാക്കുന്നുവെന്നേ അർത്ഥമുള്ളൂ. ഈ പരമാർത്ഥത്തെയും ഞാനറിഞ്ഞിട്ടുണ്ട്. അതിനാൽ അങ്ങിനെയുള്ള സാഹസവും ചെയ്യാതെ ഞാനെപ്പോഴും എന്റെ സഹജഭാവത്തിൽത്തന്നെ മുഴുകിയിരിക്കുന്നു.

ഏവമേവ കൃതം യേന
സ കൃതാർത്ഥോ ഭവേദസൗ
ഏവമേവ സ്വഭാവോ യഃ
സ കൃതാർത്ഥോ ഭവേദസൗ. 8

സാരം:—പറയപ്പെട്ട തോതിലുള്ള എൻെറ ഈ നിലയിലെത്തിച്ചേൎന്നവനാണു് കൃതകൃത്യനെന്നും ഞാൻ വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ സഹജസ്ഥിതിയൊഴിച്ചു മററെല്ലാം വന്നുചേൎന്നവയാണു്. അതേ കാരണംകൊണ്ടുതന്നെ അവയെല്ലാം വികല്പങ്ങളുമാണു്. കുറച്ചുകൂടി വ്യക്തമാക്കിയാൽ ഈ സ്ഥിതി വരുത്തിത്തീൎക്കേണ്ടതുകൂടിയല്ല. എന്തുകൊണ്ടെന്നാൽ സഹജസ്ഥിതി സ്വാഭാവികമായുള്ളതാണു്. ആ സ്ഥിതിക്കു് അതു വരുത്തിത്തീൎക്കേണ്ടതോ പ്രാപിക്കപ്പെടേണ്ടതോ ആയ ഒരു സ്ഥിതിയല്ല. നിത്യവും സ്വാഭാവികവുമായ ആ സഹജസ്ഥിതി ചിലപ്പോഠം വികല്പങ്ങളെക്കൊണ്ടു് അല്ലെങ്കിൽ വിക്ഷേപങ്ങളെക്കൊണ്ടു മറയപ്പെടുകമാത്രമേ ചെയ്യുന്നുള്ളൂ. അതിനാൽ പ്രസ്തുതമറവിനെ നീക്കലല്ലാതെ മററൊന്നും ചെയ്യേണ്ടതില്ല. അതു ചെയ്യാൻ കഴിഞ്ഞവൻ ധന്യധന്യൻതന്നെ.

# അദ്ധ്യായം 13

ജനക ഉവാച—

അകിഞ്ചനഭവം സ്വാസ്ഥ്യം
കൌപീനത്വേപി ദുർല്ലഭം
ത്യാഗാദാനേ വിഹായാസ്മാ-
ദഹമാസേ യഥാസുഖം. 1

സാരം:—തൻേറതായി എത്ര തുച്ഛമായിട്ടെങ്കിലും ഉള്ള ഒരു വസ്തുവെങ്കിലും ഉള്ളേടത്തോളംകാലം സ്വാസ്ഥ്യ പൂർണ്ണമാവാൻ വയ്യ. ഒരു കൌപീനമെങ്കിലും തൻേറതായിട്ടിരിക്കുന്നുവെങ്കിൽ അവൻ അല്പമായിട്ടെങ്കിലും അസ്വാസ്ഥത അനുഭവിക്കാതിരിക്കാൻ വയ്യ. അകിഞ്ചനോത്ഭവമായ സുഖം ഒന്നു വേറെതന്നെ. അതു മറെറാന്നിൽനിന്നും കിട്ടാൻ വയ്യ. ഈ പരമാത്ഥത്തെ അറിഞ്ഞ ഞാൻ ഒന്നിനെയും സ്വീകരിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്നില്ല. അതിനാൽ എൻെറ യഥാതഥസ്ഥിതിയാകുന്ന സ്വാസ്ഥതയ്ക്കു യാതൊരു കുറവുമില്ല.

കുത്രാപി ഖേദഃ കായസ്യ
ജിഹ്വാ കുത്രാപി ഖിദ്യതേ
മനഃ കുത്രാപി തൽ ത്യക്ത്വാ
പുരുഷാത്ഥേ സ്ഥിതഃ സുഖം. 2

സാരം:—തപസ്സ്, തീത്ഥാടനം, വ്രതാനുഷ്ഠാനം എന്നിവകളെക്കൊണ്ടു ശരീരത്തേയും ജപകീത്തനങ്ങളും ശാസ്ത്രാഭ്യാസവും വാദപ്രതിവാദം തുടങ്ങിയവകൊണ്ടു നാ

വിനേയും, ധ്യാനം, തത്വവിചാരം, ഏകാഗ്രത എന്നീ അഭ്യാസങ്ങളെക്കൊണ്ടു മനസ്സിനെയും പീഡിപ്പിക്കുന്നു. സുഖത്തിൻെറ അല്ലെങ്കിൽ മോക്ഷത്തിൻെറ പേരിലാണിവയെല്ലാം നടക്കുന്നതു്. എന്നാൽ മോക്ഷമോ സുഖമോ എന്തെങ്കിലും കിട്ടുന്നുണ്ടോ അതുകൊണ്ടെന്നാണെങ്കിൽ അതൊന്നുമില്ലെന്നു മാത്രമല്ല, ദുഃഖം അനുഭവപ്പെടുകയും ചെയ്യുന്നുണ്ടു്. ഈ പരമാത്മത്തെ മനസ്സിലാക്കി ഞാൻ ശരീരവാങ്മനസ്സുകളുടെ വ്യാപാരത്തെ മുഴുവൻ നിഷേധിച്ചു് എപ്പോഴും പരമപുരുഷാത്മമാകുന്ന മോക്ഷത്തിൽത്തന്നെ സ്ഥിതിചെയ്തുവരികയാണു്. ശരീരവാങ്മനസ്സുകളുടെ മുറിവില്ലാതെ ഒഴുകിക്കൊണ്ടിരിക്കുന്ന വ്യവഹാരംതന്നെ ബന്ധം. അവയുടെ നിരാസം മോക്ഷവുമെന്നു താല്പര്യം.

കർമ്മനൈഷ്കർമ്മ്യനിർബ്ബന്ധ-
ഭാവാ ദേഹസ്ഥയോഗിനഃ
സംയോഗാഽയോഗവിരഹാ-
ദഹമാസേ യഥാസുഖം. 3

സാരം:—യോഗാഭ്യാസവും തത്വവിചാരവുമൊക്കെ ചെയ്യുന്നുണ്ടെങ്കിലും ശരീരാഭിമാനം നശിക്കുകയെന്നതെളുപ്പമല്ല. ജ്ഞാനത്തിൻെറ ശരിയായ അനുഭവത്തിൽ മാത്രമേ അതു നശിക്കുന്നുള്ളൂ. അങ്ങിനെ ശരീരാഭിമാനം നശിക്കാതിരിക്കുംകാലത്തോളമാണു് ഒരാൾക്കു കർമ്മാകർമ്മങ്ങളിൽ നിർബ്ബന്ധബുദ്ധിയൊക്കെയുണ്ടാവുന്നതു്. എന്നാൽ കർമ്മത്തിൻെറ സ്വീകാരവും നിരാകരണവും ചിത്തത്തിൽനിന്നു പൊന്തുന്ന ഭാവവും അഭാവവുമാണെ

നും അവ രണ്ടും അജ്ഞാനത്തിൻെറ രണ്ടു രൂപങ്ങളാണെന്നും ബോദ്ധ്യം വന്ന ജ്ഞാനി ചിത്തത്തിൻെറ ഭാവാഭാവങ്ങളെ രണ്ടിനേയും വിട്ടു സ്വരൂപത്തിൽത്തന്നെ യഥാതഥമായി അവസ്ഥിതിചെയ്യുന്നു. ഈ പരമാൎത്ഥത്തെ ഗ്രഹിച്ച ഞാനെപ്പോഴും ഭാവാഭാവങ്ങളെ രണ്ടിനെയും തള്ളി സ്വരൂപത്തിൽത്തന്നെ അവസ്ഥിതി ചെയ്യുന്നു.

കൃതം കിമപി നൈവ സ്യാ-
ദിതി സഞ്ചിന്ത്യ തത്വതഃ
യദാ യൽ കൎത്തുമായാതി
തൽ കൃത്വാഽസേ യഥാസുഖം. 4

സാരം:—എന്നാൽ ആയുഷ്കാലം മുഴുവൻ അങ്ങിനെ കഴിച്ചുകൂട്ടാൻ കഴിയുന്നുണ്ടോ? ചിലപ്പോഴെങ്കിലും എന്തെങ്കിലും ചിലതു ചേഷ്ടിക്കേണ്ടിവരില്ലേ എന്നാണെങ്കിൽ ഇല്ലെന്നു പറയാൻ വയ്യ. പ്രാരബ്ധരൂപേണ എന്തെങ്കിലും ചിലതു ചേഷ്ടിക്കേണ്ടിവന്നാലും ഞാൻ ചെയ്യുന്നുവെന്ന ഭാവം എനിക്കില്ല. അതിനാൽ ഞാനൊന്നിൻെറയും കൎത്താവാവുന്നില്ല. വാസനാപ്രചോദനംകൊണ്ടു കൎമ്മേന്ദ്രിയങ്ങരം യന്ത്രങ്ങളെന്നപോലെ ചിലപ്പോരം ചേഷ്ടിച്ചാൽക്കൂടി എനിക്കതിൽ യാതൊരു സംബന്ധവുമില്ല. അതിനാൽ എൻെറ സുഖത്തിനു് എപ്പോഴും കുറവുമില്ല. അതിനാൽ പ്രാരബ്ധവശാൽ ചിലതു ചേഷ്ടിക്കേണ്ടിവന്നാലും ഞാൻ കൎത്താവായിത്തീരുകയോ എൻെറ സ്വരൂപസ്ഥിതിക്കും അതുഹേതുവായിട്ടുള്ള

സുഖത്തിനും കുറവു വരികയോ ചെയ്യാതെത്തന്നെ ഞാൻ സ്വരൂപസ്ഥനായും സുഖിയായുംതന്നെ കഴിയുന്നു.

അത്ഥാനത്ഥൌ ന മേ സ്ഥിത്യാ
ഗത്യാ ന ശയനേന വാ
തിഷ്ഠൻ ഗച്ഛൻ സ്വപംസ്തസ്മാ-
ദഹമാസേ യഥാസുഖം. 5

സാരം:—ഒരിടത്തു നിൽക്കുക ഇരിക്കുക കിടക്കുക ഉറങ്ങുക മറെറാരിടത്തേയ്ക്കു പോവുക വരിക എന്നിങ്ങനെ ചെയ്യുന്നതുകൊണ്ടു് എനിക്കു പ്രത്യേകമായി യാതൊരു ഗുണവും ദോഷവും വരാനില്ല; വരുന്നുമില്ല. അതിനാൽ ഞാനാവക കാൎയ്യങ്ങളെക്കുറിച്ചു ചിന്തിക്കലേ പതിവില്ല. അങ്ങിനെ ചിലപ്പോഠ ചിലതു ചെയ്യുന്നതുകൊണ്ടു് എനിക്കു ഗുണവും ദോഷവും രണ്ടും വരാനില്ല. ചെയ്യാത്തതുകൊണ്ടും വരാനില്ല. അങ്ങിനെയുള്ള യാന്ത്രികവ്യവഹാരങ്ങളെക്കൊണ്ടു് എൻെറ സുഖത്തിനൊരു കുറവുമില്ല. അതിനാൽ ചിലപ്പോഠ അങ്ങിനെയൊക്കെ ചെയ്തും ചെയ്യാതെയും ഞാനെൻെറ സുഖത്തിൽത്തന്നെ എപ്പോഴും ലീനനായിക്കഴിയുന്നു.

സ്വപതോ നാസ്തി മേ ഹാനിഃ
സിദ്ധിൎയ്യത്നവതോപി വാ
നാശോല്ലാസൌ വിഹായാസ്മാ-
ദഹമാസേ യഥാസുഖം. 6

സാരം:—ഒരു പ്രവൃത്തിയും ചെയ്യാതെ രാവും പകലും വെറുതെ കിടന്നുറങ്ങുന്നുവെന്നതുകൊണ്ടു് എനിക്കു യാതൊന്നും നഷ്ടപ്പെടാനില്ല. ധാരാളം ജോലി ചെയ്ത

തുകൊണ്ടു് ഒന്നും ലാഭിക്കാനുമില്ല. പദാർത്ഥങ്ങളിൽ അപേക്ഷതന്നെയില്ലാത്തതിനാൽ ലാഭചേതങ്ങളെ ഞാനറിയുന്നേ ഇല്ല. അതുകൊണ്ടും എൻെറ സുഖത്തിന്നു യാതൊരു കുറവുമില്ല. അതിനാൽ ചിലപ്പോഠം എന്തെങ്കിലും ചിലതു ചെയ്തുകൊണ്ടും ചിലപ്പോഠം ഒന്നും ചെയ്യാതെയും ഞാനെൻെറ സ്വരൂപസ്ഥിതിയിൽത്തന്നെ എപ്പോഴും മുഴുകിക്കഴിയുന്നു.

സുഖാദിരൂപാ നിയമം
ഭാവേഷ്വാലോക്യ ഭൂരിശഃ
ശുഭാശുഭേ വിഹായാഽസ്മാ-
ദഹമാസേ യഥാസുഖം. 7

സാരം:—വിഷയങ്ങളിൽ തോന്നപ്പെടുന്ന സുഖദുഃഖഭാവങ്ങഠം കേവലം മനസ്സിൻെറ കല്പനമാത്രമാണു്. അല്ലാതെ പദാർത്ഥങ്ങളെ അപേക്ഷിച്ചേ അല്ല. ഒരാഠക്ക സുഖമെന്നു തോന്നുന്ന പദാർത്ഥം മററൊരാഠക്ക ദുഃഖമായും ഒരു സമയത്തു് ദുഃഖമാണെന്നു തോന്നിയ പദാർത്ഥം മററൊരു സമയത്തു സുഖമായും ഒരു സ്ഥലത്തു സുഖമായിട്ടുള്ളതു മററൊരു സ്ഥലത്തു ദുഃഖമായും കണ്ടുവരുന്നുണ്ടു്. ഈ സമ്പ്രദായംകൊണ്ടുതന്നെ പദാർത്ഥങ്ങളോ കാലദേശങ്ങളോ അല്ല, മനസ്സിൻെറ കല്പനമാത്രമാണു്, സുഖദുഃഖഹേതുവെന്നു വ്യക്തമാവുന്നുണ്ടു്. എനിക്ക മനസ്സിൽ യാതൊരു കല്പനയുമില്ലാത്തതിനാൽ വൈഷയികമായ സുഖദുഃഖങ്ങളെ അറിയുകപോലും ചെയ്യാതെ ഞാനെപ്പോഴും സ്വരൂപാവസ്ഥയിൽത്തന്നെ സുഖിയായിക്കഴിയുന്നു.

# അദ്ധ്യായം 14

ജനക ഉവാച—

> പ്രകൃത്യാ ശൂന്യചിത്തോ യഃ
> പ്രമാദാൽ ഭാവഭാവനഃ
> നിദ്രിതോ ബോധിത ഇവ
> ക്ഷീണസംസരണോ ഹി സഃ. 1

സാരം:—ജനകരാജാവു പറയുകയാണ്. ആത്മജ്ഞാനാനുഭൂതികൊണ്ടു സംസാരവിഭ്രാന്തിയും അതുഹേതുവായിട്ടുള്ള ദുഃഖങ്ങളും നിശ്ശേഷം അവസാനിച്ച ജ്ഞാനിക്കു ചിത്തമെന്ന ഉപാധിതന്നെ മിക്കവാറും ഇല്ലെന്നു പറയണം. കേവലം നശിച്ചിട്ടില്ലാത്ത ചില വാസനാബീജങ്ങൾ അവശേഷിച്ചിരിക്കുന്നതുകൊണ്ടാണല്ലോ ശരീരം നിലനില്ക്കുന്നതു്. അങ്ങനെയുള്ള ദുർബ്ബലങ്ങളായ വാസനാബീജങ്ങൾ ചിലപ്പോൾ അനുകൂലമായ സാഹചര്യമുണ്ടാവുമ്പോൾ വികസിച്ചുവെന്നു വന്നേയ്ക്കാം. അങ്ങനെ സംഭവിക്കുമ്പോഴാണ് അദ്ദേഹത്തിന്നു ചിത്തം കേവലം നശിച്ചിട്ടില്ലെന്നറിയാൻ കഴിയുന്നതു്. അങ്ങനെ ചിലപ്പോൾ ചിത്തവും ചിത്തത്തിൽ ചില വാസനകളും വികസിച്ചാൽതന്നെയും അതു കേവലം യാദൃച്ഛികമാണ്. ജ്ഞാനിയുടെ വൃത്തി എപ്പോഴും അന്തർമ്മുഖിയാണ്. ബാഹ്യപ്രപഞ്ചത്തിൽ നടക്കുന്ന സംഗതിതന്നെ അദ്ദേഹം അറിയുന്നില്ല. എന്തെങ്കിലും ചില വിക്ഷേപങ്ങൾ യാദൃച്ഛികമായിട്ടുണ്ടായാലും അവയും താനേ

മായി യാതൊരു സംബന്ധവുമില്ല. ഗാഢനിദ്രയിൽനിന്നുണത്ത്പ്പെട്ടവൻ എപ്രകാരം ഉണന്ന് ഉടനെ ബാഹ്യപ്രപഞ്ചവുമായി ബന്ധപ്പെടുന്നില്ലയോ, അതുപോലെയാണ് ജ്ഞാനിയുടെ എപ്പോഴുമുള്ള അവസ്ഥ. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിൻെറ സംസാരബന്ധങ്ങളെല്ലാം ശിഥിലങ്ങളായിട്ടിരിക്കയാണ്.

കാ ധനാനി കാ മിത്രാണി
കാ മേ വിഷയദസ്യവഃ
കാ ശാസ്ത്രം കാത്മവിജ്ഞാനം
യദാ മേ ഗളിതാ സ്പൃഹാ. 2

സാരം:— ഇഹപരങ്ങളായ ലോകങ്ങളിലുള്ള എന്തിനെക്കുറിച്ചെങ്കിലും അല്പമായിട്ടെങ്കിലും ആഗ്രഹമുള്ളേടത്തോളം കാലമാണ് ധനവും ബന്ധുക്കളും വിഷയങ്ങളും ശാസ്ത്രജ്ഞാനവും ആത്മജ്ഞാനവുമെല്ലാം സമ്പാദിക്കപ്പെടേണ്ടവയായിട്ടിരിക്കുന്നതു്. ഒന്നിലും അല്പംപോലും ആഗ്രഹമില്ലെന്നുവന്നാൽ അയാൾക്കെന്താണ് സമ്പാദിക്കപ്പെടേണ്ടതായിട്ടിരിക്കുന്നതു്? എല്ലാത്തിലുംവെച്ച് വലുതും അവശ്യം ആരും സമ്പാദിക്കേണ്ടിയിരിക്കുന്നതുമായ ഒന്നാണ് ആത്മജ്ഞാനം. എന്നാൽ അതുപോലും മോക്ഷാപേക്ഷയോടുകൂടിയതാണ്. മോക്ഷത്തിൽപ്പോലും ഇച്ഛയില്ല ഒരാൾക്കെന്നുവന്നാൽ അയാൾ മുക്തനും കൃതകൃത്യനുമാണെന്നാണത്ഥം. മുക്തനായിക്കഴിഞ്ഞ ഒരാൾക്കു സവ്വത്തിൻേറയും സത്തയാണ് താനെന്ന ബോധ്യം വന്ന സ്ഥിതിക്കു തന്നിലില്ലാത്തതോ, തന്നേക്കാൾ വലുതോ, തനിക്കാവശ്യമുള്ളതോ, തന്നെ രമിപ്പിക്കുന്നതോ

ആയ ഒരു വസ്തുവുമില്ല. പിന്നെയെന്തിനെയാണയാൾ ആഗ്രഹിക്കുകയോ സമ്പാദിക്കുകയോ ചെയ്യേണ്ടതു്? ഒന്നുമില്ലെന്നു പറയണം. അതിനാൽ എൻെറ അനുഭൂതിയെ അപേക്ഷിച്ചു്, ധനാദികളൊക്കെ എത്രയോ തുച്ഛവസ്തുക്കളാണു്. എനിക്കതിലൊന്നും അല്പംപോലും ഇച്ഛയുമില്ല.

വിജ്ഞാനേ സാക്ഷിപുരുഷേ
പരമാത്മനി ചേശ്വരേ
നൈരാശ്യേ ബന്ധമോക്ഷേ ച
ന ചിന്താ മുക്തയേ മമ. 3

സാരം:—ബുദ്ധിവൃത്തികൾക്കു സാക്ഷിയും പരമപുരുഷനും പരമാത്മാവും ആത്മസ്വരൂപിയുമായ ഈശ്വരനും വൈരാഗ്യത്തിൻേറയും ബന്ധമോക്ഷങ്ങളുടേയും സ്വരൂപവും അറിയപ്പെട്ടുകഴിഞ്ഞാൽ ഒരാൾക്കു മുക്തിയിൽപ്പോലും ഇച്ഛയില്ലാതായിത്തീരും. എന്തുകൊണ്ടെന്നാൽ ഇവയുടെയെല്ലാം സ്വരൂപം ശരിക്കറിയപ്പെട്ടുകഴിയുമ്പോൾ ഒരാൾ മുക്തനായിക്കഴിയും. അജ്ഞാനമാണല്ലോ ബന്ധഹേതു. ജ്ഞാനംകൊണ്ടുമാത്രമേ അതു നശിക്കു. ജ്ഞാനംകൊണ്ടു നശിക്കുകയും ചെയ്യും. മുൻപറയപ്പെട്ട വസ്തുവിൻെറ ശരിയായ സ്വരൂപജ്ഞാനംതന്നെയാണു് ജ്ഞാനം. ആ സ്ഥിതിക്കു് അതുണ്ടായിക്കഴിയുമ്പോൾ ബന്ധം നശിക്കുന്നതത്ഭുതമല്ലല്ലോ. അവയുടെയെല്ലാം സ്വരൂപത്തെ ഞാൻ ശരിയായറിയുന്നുവെന്ന കാരണത്താൽ എനിക്കു മുക്തിയിൽപ്പോലും അപേക്ഷയില്ല.

അന്തൎവ്വികല്പശൂന്യസ്യ
ബഹിഃസ്വച്ഛന്ദചാരിണഃ
ഭ്രാന്തസ്യേവ ദശാസ്താസ്താ-
സ്താദൃശാ ഏവ ജായതേ. 4

സാരം:—സാധാരണജനങ്ങൾ ആത്മജ്ഞാനിയായ മഹാത്മാവിനെ കാണുമ്പോൾ ഭ്രാന്തനാണെന്നുപോലും തെററിദ്ധരിച്ചേയ്ക്കാം. എന്തുകൊണ്ടെന്നാൽ അത്രമാത്രം സ്വച്ഛന്ദങ്ങളായിരിക്കും അദ്ദേഹത്തിൻെറ എല്ലാ ആചാരങ്ങളും. വിധിനിഷേധങ്ങൾക്കും ധൎമ്മാധൎമ്മങ്ങൾക്കുമെല്ലാം അതീതനാണു് ജ്ഞാനി. അതിനാൽ ഇന്നതു ചെയ്യാമെന്നോ, ഇന്നതു ചെയ്തുകൂടെന്നോ ഒന്നുമില്ല ജ്ഞാനിക്കു്. സാധാരണജനങ്ങൾക്കുള്ളതുപോലെ കൎത്തവ്യങ്ങളും പ്രാപ്തവ്യങ്ങളും ഭോക്തവ്യങ്ങളുമില്ല ജ്ഞാനിക്കു്. ഭേദബുദ്ധി കേവലം നശിച്ചിരിക്കയാൽ ത്യാഗസ്വീകാരങ്ങളുമില്ല. അങ്ങനെയുള്ളാളെ ലോകദൃഷ്ടിയിൽ ഭ്രാന്തനെന്നല്ലാതെ മറെറന്താണു് പറയേണ്ടതു്? എങ്കിലും അല്പംപോലും ഭേദഭാവം ഒന്നിലും അദ്ദേഹത്തിന്നുണ്ടായിരിക്കയില്ല. അങ്ങനെയുള്ള മഹാത്മാക്കളെ അതുപോലുള്ളവൎക്കുമാത്രമേ കണ്ടറിയാൻ സാധിക്കു.

# അദ്ധ്യായം 15

അഷ്ടാവക്ര ഉവാച—

യഥാതഥോപദേശേന
കൃതാത്ഥഃ സത്വബുദ്ധിമാൻ
ആജീവമപി ജിജ്ഞാസുഃ
പരസ്തത്ര വിമുഹ്യതി. 1

സാരം:—അഷ്ടാവക്രമഹഷി പറകയാണ്. തപസ്സ്, സ്വാധ്യായം, തീത്ഥാടനം, വ്രതാനുഷ്ഠാനം, ക്രിയായോഗം തുടങ്ങിയ അനുഷ്ഠാനങ്ങളെക്കൊണ്ടു രജസ്തമസ്സുകൾ ചുരുങ്ങി സത്വം വളൻ ചിത്തശുദ്ധിയും സാധനചതുഷ്ടയസമ്പത്തിയും സാധിച്ച പുണ്യവാനായ പുരുഷൻ ആചാര്യലക്ഷണങ്ങളെല്ലാം തികഞ്ഞ ശ്രോത്രിയ ബ്രഹ്മനിഷ്ഠനായ ഗുരുവിൽനിന്നു വസ്തുസ്വരൂപത്തെ അപരോക്ഷവാക്യങ്ങൾവഴിക്കു് ഉപദേശസ്വരൂപേണ ഉള്ളപോലെ ഗ്രഹിച്ചു ചരിതാത്ഥനായിത്തീരുന്നു. അങ്ങനെ പൂവ്വസാധനകളെക്കൊണ്ടു ചിത്തത്തിന്നു പാകത വരുത്തി അനുഭൂതിരസികനായ ആചാര്യനിൽനിന്നു് ഉപദേശസ്വരൂപേണ ഗ്രഹിക്കുമ്പോഴല്ലാതെ ആത്മജ്ഞാനം ആക്കും പ്രായോഗികമായിത്തീരുന്നില്ല. ആദ്യസാധനകളെക്കൊണ്ടു ചിത്തശുദ്ധിയെ കൈവരുത്താതേയും സാധനചതുഷ്ടയത്തെ സമ്പാദിക്കാതേയും ഗുരൂപദേശത്തെ പ്രാപിക്കാതേയും ആയുഷ്ക്കാലം മുഴുവൻ അന്വേഷിച്ചാലും ആത്മജ്ഞാനം കിട്ടാവുന്നതല്ലെന്നുതന്നെ പറയണം.

മോക്ഷോ വിഷയവൈരസ്യം
ബന്ധോ വൈഷയികോ രസഃ
ഏതാവദേവ വിജ്ഞാനം
യഥേച്ഛസി തഥാ കുരു. 2

സാരം:—തീവ്രവൈരാഗ്യംകൊണ്ടു പ്രജ്ഞ ഒരിക്കലും വിഷയങ്ങളുമായി കൂടിച്ചേരാനിടവരാതെ വിട്ടുനില്ക്കുന്നു എന്നു വന്നാൽത്തന്നെ മിക്കവാറും മുക്തനായെന്നു പറയണം. അങ്ങനെതന്നെ എത്രയൊക്കെ ജ്ഞാനമുണ്ടായാലും പ്രജ്ഞയിൽ എപ്പോഴും വിഷയങ്ങൾ പൊന്തിക്കൊണ്ടിരിക്കുന്നുവെങ്കിൽ അതുതന്നെയാണ് ബന്ധമെന്നും പറഞ്ഞാൽ തെററില്ല. ഈ സംഗതി ദൃഢമായി ബോധ്യംവന്നാൽത്തന്നെ അയാൾ ജ്ഞാനിയായെന്നു പറയാം. ഹേ ജനക! അറിയാനുള്ളതിൻെറ അല്ലെങ്കിൽ അനുഷ്ഠിക്കാനുള്ളതിൻെറ രത്നച്ചുരുക്കമാണ് ഇതെന്നു ബോധ്യമായാൽത്തന്നെ കാലംകൊണ്ട് അവൻ ജ്ഞാനിയും മുക്തനുമാവും.

വാഗ്മി പ്രാജ്ഞമഹോദ്യോഗം
ജനം മൂകജഡാലസം
കരോതി തത്വബോധോഽയ-
മതസ്ത്യക്തോ ബുഭുക്ഷുഭിഃ. 3

സാരം:—സാധാരണജനങ്ങളുടെ ദൃഷ്ടിയിൽ തത്വബോധത്തിന്നൊരു ദോഷമുണ്ട്. അതുകൊണ്ടാണോ സർവ്വസാധാരണമായി എല്ലാവരും ആകർഷിക്കപ്പെടാത്തതെന്നുപോലും കരുതണം. തത്വബോധോദയത്തിന്നു മുമ്പു വളരെ വാഗ്മിയും പ്രാസംഗികനുമായിരുന്ന ഒരാൾ

ബോധോദയത്തിനുശേഷം കേവലം മൂകനായിരിക്കുന്നതു കാണാം. പറയേണ്ടതായിട്ടോ, പറയത്തക്കതായിട്ടോ ഒന്നുംതന്നെ അയാളുടെ ദൃഷ്ടിയിലില്ല. ആ സ്ഥിതിക്കെന്താണു് പറയേണ്ടതു്? അതുപോലെ ബുദ്ധിമാൻ ജഡനായും ധാരാളം പ്രവൎത്തിക്കുന്ന പ്രവൎത്തകൻ അലസനായും പരിണമിക്കുന്നു. കാരണം അവൎക്കു് അറിയേണ്ടതോ പ്രവൎത്തിക്കേണ്ടതോ ആയി ഒന്നുംതന്നെ ഇല്ലെന്നു ബോധ്യമാവുന്നു. അതിനാൽ കേവലം മൗനികളായിത്തീരുന്നു. വാചാലൻ മൂകനും ബുദ്ധിമാൻ ജഡനും പ്രവൎത്തകൻ അലസനുമായിത്തീരുകയെന്നതു വമ്പിച്ച നഷ്ടമായിട്ടാണു് സാധാരണജനങ്ങൾ കണക്കാക്കിവരുന്നതു്. അതാണു് തത്വബോധം അവരെ ആകൎഷിക്കാത്തതെന്നു പറഞ്ഞാൽ തെററില്ല. എത്രതന്നെ പ്രവൎത്തിച്ചാലും മതിയാവാത്തവരാണു് ലൗകികന്മാർ. കൎമ്മത്തെ അവർ ആവലാതിപ്പെട്ടുമെങ്കിലും കൎമ്മമില്ലാതിരിക്കാൻ അവൎക്കു വിഷമമാണു്. മാത്രമല്ല, കുറച്ചു സമയം ഒന്നും ചെയ്യാതിരിക്കേണ്ടിവന്നാൽ അതു വമ്പിച്ച നഷ്ടമായി അവർ കരുതുകയും ചെയ്യുന്നു. അതിനാൽ അങ്ങനെയുള്ളവരെ ആകൎഷിക്കാത്തതിൽ അത്ഭുതപ്പെടാനില്ല.

ന ത്വം ദേഹോ ന തേ ദേഹോ
ഭോക്താ കൎത്താ ന വാ ഭവാൻ
ചിദ്രൂപോഽസി സദാ സാക്ഷീ
നിരപേക്ഷഃ സുഖം ചര. 4

സാരം:—നീ ദേഹമല്ല, ദേഹം നിന്റേതുമല്ല. നിന്റെ അനേകവിധദൃശ്യങ്ങളിൽ ഒരു ദൃശ്യംമാത്രമാണു് ദേഹം. ദ്രഷ്ടാവായ നീ ദൃശ്യമാവാൻ വയ്യെന്നു പറയേണ്ടതില്ലല്ലോ. അതുപോലെ ദൃശ്യങ്ങളും ദ്രഷ്ടാവായ നീയും തമ്മിൽ പറയത്തക്ക ബന്ധമൊന്നുമില്ലാത്തതിനാൽ ദേഹം നിനക്കവകാശപ്പെട്ടതുമല്ല. ആ സ്ഥിതിക്കു ദേഹം കൊണ്ടു ചെയ്യുന്ന കർമ്മങ്ങൾക്കു നീ കർത്താവുമാവാൻ വയ്യ. ദേഹത്തിന്റെ അനുഭവങ്ങൾക്കു ഭോക്താവുമല്ല നീ. നീ ബോധമാത്രസ്വരൂപനാകയാൽ ഒന്നിനും കർത്താവോ ഭോക്താവോ ഒന്നുമാവുന്നില്ല. എല്ലാററിനും സാക്ഷിമാത്രനാണു്. അതിനാൽ ഒന്നുംതന്നെ നിന്നെ ബാധിക്കുന്നില്ല. ഈ ബോധത്തെ നിലനിർത്തി ഒന്നിലും അപേക്ഷയില്ലാതെ നിരപേക്ഷനായി ജീവിതം നയിക്കുന്നപക്ഷം നീ സുഖിയായിത്തീരും.

രാഗദ്വേഷൌ മനോധർമ്മൌ
ന മനസ്തേ കദാചന
നിർവ്വികല്പോഽസി ബോധാത്മാ
നിർവ്വികാരഃ സുഖം ചര. 5

സാരം:—ബോധമാത്രസ്വരൂപനും ചേതനാത്മകനമാണു് നീ. ആ സ്ഥിതിക്കു നിനക്കു മനസ്സ്, ബുദ്ധി തുടങ്ങിയ കരണങ്ങളോ അവയുടെ വൃത്തികളോ വികാരങ്ങളോ ഒന്നുമുണ്ടാവാൻ കാരണമില്ല. മനസ്സിന്റെ വികാരങ്ങളാണു് രാഗദ്വേഷങ്ങളും കാമക്രോധങ്ങളും മററും. മനസ്സെന്ന തത്വമേ ഇല്ലാത്ത നിനക്കെങ്ങനെ അവയുണ്ടാവും? അതുപോലെ ബുദ്ധിവൃത്തികളാണു് ജാഗ്ര

ദാദ്യവസ്ഥകൾ. ബുദ്ധിയെന്ന തത്വമില്ലാത്ത നിനക്ക് അവയും ഉണ്ടാവാൻ കാരണമില്ല. ജാഗ്രദാദ്യവസ്ഥകളിലാണല്ലോ സ്ഥൂലാദിജഗത്തിൻെറ പ്രതീതിയുള്ളതു്. അവസ്ഥകളേ ഇല്ലെന്നു വരുമ്പോൾ പിന്നെയെന്തു ജഗൽപ്രതീതിയാണു്? ജഗത്തിൻെറ പ്രതീതിപോലും അല്പമായിട്ടുകൂടി ഇല്ലെന്നു വരുന്നപക്ഷം ഒരു വികല്പത്തിന്നും കാരണമില്ല. ആ സ്ഥിതിക്കു നീ കേവലം നിവ്വികല്പസ്വരൂപിയാണു്. അങ്ങനെ ബോധിച്ചു നിവ്വികല്പനും നിവ്വികാരനുമായിക്കഴിയുന്നപക്ഷം നീ സുഖിയായിത്തീരും. എന്നാൽ നിശ്ചിന്തനും നിരുപാധികനുമായി നിനക്കു സഞ്ചരിക്കാൻ കഴിയും.

സവ്വഭൂതേഷു ചാത്മാനം
സവ്വഭൂതാനി ചാത്മനി
വിജ്ഞായ നിരഹങ്കാരോ
നിമ്മമസ്ത്വം സുഖം ചര. 6

സാരം:—മുൻപറയപ്പെട്ട ബോധത്തിൽ ദൃഢതയുണ്ടാവുമ്പോൾ തന്നിലാണു് ജഗത്തു മുഴുവൻ നില്ക്കുന്നതെന്നും താൻ എല്ലാററിലുമുണ്ടെന്നും എല്ലാം തന്നിലുമുണ്ടെന്നും ബോദ്ധ്യമാവും. അങ്ങനെ താനും ജഗത്തും രണ്ടല്ലാത്ത നിലയിൽ അഭേദഭാവം സ്ഫുരിക്കുമ്പോൾ ശരീരാദ്യുപാധികളിലുള്ള അഹന്താമമതകൾ നിശ്ശേഷം ലയിക്കും. അഹന്താമമതകൾ കേവലം അടങ്ങിയ അമൃതാത്മകഭാവത്തിൽ സുഖമായി ജീവിതത്തെ നയിക്കു.

വിശ്വം സ്ഫുരതി യത്രേദം
തരംഗാ ഇവ സാഗരേ
തൽ ത്വമേവ ന സന്ദേഹ-
ശ്ചിന്മൂർത്തേ! വിജ്വരോ ഭവ. 7

സാരം:—സമുദ്രത്തിൽ പലവിധ തിരമാലകളും നുരകളും കുമിളകളുമെല്ലാം പൊന്തി പ്രകാശിക്കാറുണ്ട്. എന്തൊക്കെ പ്രകാശിച്ചാലും അവയെല്ലാം സമുദ്രത്തിലാണ്; സമുദ്രജലവുമാണ്. അതുപോലെ നീ അറിയുന്ന ജഗത്തു മുഴുവൻ നിന്നിലാണ് പ്രകാശിക്കുന്നതു്; അവയെല്ലാം നിൻെറതന്നെ സ്വരൂപങ്ങളുമാണ്. തിരമാലകളുടെ ഉൽപത്തിയും വളർച്ചയും ക്ഷയവും നാശവുമെല്ലാം സമുദ്രത്തിലാണ്. അതുപോലെ നീ കാണുന്ന ജഗത്തിൻെറയും ഉണ്ടാവലും വളർച്ചയും ക്ഷയവും നാശവുമെല്ലാം നിന്നിൽത്തന്നെയാണ്. സമുദ്രത്തോടുകൂടാതെ തിരയില്ലാത്തതുപോലെ നിന്നോടുകൂടാതെ ജഗത്തുമില്ല. സമുദ്രത്തിൽ കാണുന്ന വീച്യാദികളായിത്തീരുന്നതു സമുദ്രം തന്നെയാണ്. അതുപോലെ നിന്നിൽ കാണുന്ന ജഗത്തായിത്തീരുന്നതു നീയല്ലാതെ മറെറാന്നുമല്ല. യാതൊരു സംശയവുമില്ല. അതിൽ ഹേ ബോധസ്വരൂപ! നിന്നിൽനിന്നന്യമായി ഒരു ജഗത്തുണ്ടായിട്ടില്ലെന്നറിഞ്ഞു ശാന്തനായിരിക്കു.

ശ്രദ്ധസ്വ താത! ശ്രദ്ധസ്വ
നാത്ര മോഹം കുരുഷ്വ ഭോഃ
ജ്ഞാനസ്വരൂപോ ഭഗവാ-
നാത്മാ ത്വം പ്രകൃതേഃ പരഃ. 8

സാരം:—മകനേ! ശ്രദ്ധിക്കു, ശ്രദ്ധിക്കു. തെററിദ്ധരിക്കരുതു്. തെററിദ്ധാരണകൊണ്ടാണ് ഈ ജഗൽഭ്രാന്തി നിന്നെ പിടികൂടിയതു്. അശ്രദ്ധാവാനായിരിക്കുന്നപക്ഷം ആ ചിത്തവിക്ഷേപം ഇനിയും നിന്നെ

ഉപദ്രവിച്ചേയ്ക്കാം. വാസ്തവത്തിൽ നീ അങ്ങനെയുള്ള വിഭ്രമങ്ങളേയും അതുഹേതുവായിട്ടുണ്ടാവുന്ന ക്ലേശങ്ങളേയും അനുഭവിക്കേണ്ടവനല്ല. വിജ്ഞാനമാത്രസ്വരൂപനും സർവൈശ്വര്യങ്ങൾക്കും ഏകാസ്പദവും വിക്ഷേപാവരണങ്ങളാകുന്ന പ്രകൃതിധർമ്മങ്ങൾക്കതീതനുമായ സാക്ഷാൽ ആത്മാവാണ് നീ. അതിനാൽ ഒരു ഭ്രാന്തിയും നിനക്കുണ്ടാവാൻ അർഹതയില്ല. എങ്കിലും അശ്രദ്ധഹേതുവായിട്ടുണ്ടാവുന്ന ചിത്തവിക്ഷോഭവും അതുകാരണത്താൽ സ്ഫുരിക്കുന്ന വിക്ഷേപങ്ങളുമാണ് ഇതിനെല്ലാം ഏകകാരണം. അതിനാൽ ശ്രദ്ധയോടുകൂടിയിരിക്കു. ചിത്തം ചലിക്കാനിടവരാതിരിക്കട്ടെ.

ഗുണൈസ്സംവേഷ്ടിതോ ദേഹ-
സ്തിഷ്ഠത്യായാതി യാതി ച
ആത്മാ ന ഗന്താ നാഽഗന്താ
കിമേനമനുശോചസി. 9

സാരം:— സത്വാദി ത്രിഗുണങ്ങളാൽ നിബിഡവും ആവൃതവുമായ ഈ ശരീരം പ്രസ്തുതഗുണങ്ങളുടെ പ്രചോദനംഹേതുവായിട്ടു യാന്ത്രികപുരുഷനെന്നപോലെ വരിക, പോവുക, നടക്കുക, ഇരിക്കുക തുടങ്ങിയ ചേഷ്ടകൾ ചെയ്യുന്നു എന്നുമാത്രം. ആ വക വ്യാപാരങ്ങളും നീയുമായി യാതൊരു സംബന്ധവുമില്ല. ചൈതന്യമാത്രനും ആത്മാവുമായ നീ ഒന്നുംതന്നെ ചെയ്യുന്നില്ല. എന്നിരുന്നിട്ടും ജഡമായ ശരീരത്തിൻെറ യാദൃച്ഛികങ്ങളായ ചേഷ്ടകളിൽ ഞാനെന്നും എൻേറതെന്നുമുള്ള തെററായ അഭിമാനംഹേതുവായിട്ടാണ് വെറുതെ ആവശ്യമില്ലാത്ത

ദുഃഖങ്ങളെല്ലാമനുഭവിക്കേണ്ടിവരുന്നതു്. ശരീരത്തെക്കുറിച്ചു് ഓൎമ്മിക്കുന്നേ ഇല്ലെങ്കിൽ നീ സുഖിയായിത്തീരും. ശരീരത്തിൻെറ ഒരു ചേഷ്ടയെക്കുറിച്ചും നീ അഭിമാനിക്കുകയോ അനുശോചിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. അങ്ങനെ ചെയ്യുന്നപക്ഷം നിൻെറ സുഖത്തിന്നു് എപ്പോഴും യാതൊരു മുറിവും സംഭവിക്കുന്നതുമല്ല.

ദേഹസ്തിഷ്ഠതു കല്പാന്തം
ഗച്ഛത്വദ്യൈവ വാ പുനഃ
ക്വ വൃദ്ധിഃ ക്വ ച വാ ഹാനി-
സ്തവ ചിന്മാത്രരൂപിണഃ. 10

സാരം:—ശരീരം ഉണ്ടായാലും ഇല്ലെങ്കിലും, നിലനിന്നാലും നശിച്ചാലും ബോധമാത്രസ്വരൂപനായ നിനക്കു ഗുണമോ ദോഷമോ രണ്ടും സംഭവിക്കാനില്ല. നിൻെറ ചിത്തം ചലിക്കാതിരിക്കാൻമാത്രം സൂക്ഷിച്ചാൽ മതി. ചൈതന്യമാത്രനും ആത്മാവുമായ നീ ഉണ്ടാവുകയോ നശിക്കുകയോ ക്ഷയിക്കുകയോ വൎദ്ധിക്കുകയോ ഒന്നും ചെയ്യുന്നില്ല. പിന്നെ നീയല്ലാത്തതും നിൻേറതല്ലാത്തതുമായ ശരീരത്തിൻെറ ക്ഷയവൃദ്ധികളെപ്പററിയോ നാശോൽപത്തികളെപ്പററിയോ നീയെന്തിനാവലാതിപ്പെടണം? അതിനാൽ ശരീരം ഇന്നുതന്നെ നശിക്കുകയോ കല്പാവസാനംവരെ നിലനില്ക്കുകയോ ചെയ്യട്ടെ. അതിനെക്കുറിച്ചു ചിന്തിക്കപോലും ചെയ്യാതെ സ്വരൂപസ്ഥിതനായിരിക്കുന്നപക്ഷം നീ സുഖിയായിത്തീരും.

ത്വയ്യനന്തമഹാംഭോധൌ
ജഗദ്വീചിഃ സ്വഭാവതഃ
ഉദേതു വാഽസ്തമായാതു
ന തേ വൃദ്ധിൎന്ന ച ക്ഷതിഃ. 11

സാരം:—അനന്തമായ സമുദ്രത്തിൽ അല്പങ്ങളായ കുമിളകളെന്നപോലെ നീയാകുന്ന സച്ചിദാനന്ദമഹാസമുദ്രത്തിൽ ജഗൽപ്രതീതികളാകുന്ന കുമിളകൾ ഉണ്ടാവുകയോ നശിക്കുകയോ ചെയ്യട്ടെ; അതുകൊണ്ടു നിനക്കു വിശേഷിച്ചു ഗുണമോ ദോഷമോ വൃദ്ധിയോ, ക്ഷയമോ ഒന്നുംതന്നെ ഉണ്ടാവാനില്ല. അതിനെക്കുറിച്ചു് ഓർമ്മിക്കാതിരുന്നാൽ മതി; എന്നാൽ നീ സുഖിയായിത്തീരും.

താത! ചിന്മാത്രരൂപോഽസി
ന തേ ഭിന്നമിദം ജഗൽ
അതഃ കസ്യ കഥം കുത്ര
ഹേയോപാദേയകല്പനാ. 12

സാരം:—മകനേ! നീ ചൈതന്യമാത്രസ്വരൂപനാണു്. ദൃഷ്ടമായിരിക്കുന്ന ഈ ജഗത്തു നിന്നിൽനിന്നു് അല്പംപോലും വേറെയല്ല. നിൻെറതന്നെ ഒരംശമാണു് ജഗദാകാരേണ വിളങ്ങുന്നതു്. അതിനാൽ നിനക്കു കിട്ടേണ്ടതായോ നീ തള്ളേണ്ടതായോ ഒന്നുംതന്നെ ജഗത്തിലില്ല. പിന്നെ എന്തിനെയാണു് നീ തള്ളുന്നതും കൊള്ളുന്നതുമൊക്കെ?

ഏകസ്മിന്നവ്യയേ ശാന്തേ
ചിദാകാശേഽമലേ ത്വയി
കുതോ ജന്മ കുതഃ കർമ്മ
കുതോഽഹങ്കാര ഏവ ച. 13

സാരം:—അദ്വൈതവും നാശരഹിതവും പ്രശാന്തവും പരമനിഗ്ഗുണവുമായ യാതൊരു ചിദാകാശമുണ്ടോ, അതാണ് നീ. നിനക്കൊരിക്കലും ഉൽപത്തിയോ നാശമോ സംഭവിച്ചിട്ടില്ല, സംഭവിക്കുന്നുമില്ല. നീ എപ്പോഴും ഉള്ളവനായും എങ്ങും നിറഞ്ഞവനായുംതന്നെ ഇരിക്കുന്നു. ആ സ്ഥിതിക്കു നിനക്കെങ്ങനെ ജന്മമുണ്ടാവും? ജനനമില്ലെങ്കിൽ മരണവുമില്ലെന്നു പറയേണ്ടതില്ലല്ലോ. ജനനമരണങ്ങളില്ലെങ്കിൽ അവയ്ക്കാസ്പദമായ കമ്മമോ, കമ്മങ്ങളിൽ കത്തൃത്വാദിമാനാസ്പദമായ ജീവത്വമോ ഒന്നുമുണ്ടാവാൻ വയ്യ. അങ്ങനെയെല്ലാമുണ്ടെന്ന വെറും ഭ്രമംമാത്രമാണുള്ളത്. അതിനെ വിട്ടാൽ മതി, നീ സുഖിയായിത്തീരും.

യത്ത്വം പശ്യസി തത്രൈക-
സ്ത്വമേവ പ്രതിഭാസസേ
കിം പൃഥക് ഭാസതേ സ്വണ്ണാൽ
കടകാംഗദനൂപുരം. 14

സാരം:—നീ എന്തിനെയൊക്കെ നിൻെറ വിഷയമായിക്കാണുന്നുവോ, അതെല്ലാം നിന്നെത്തന്നെയാണ്. തൻെറ നിഴലിനെ തന്നിൽനിന്നു വേറെയായ മറെറാരു വസ്തുവെന്നു വീക്ഷിക്കുംപോലെയാണ് നീ വിഷയങ്ങളെ വീക്ഷിക്കുന്നത്. വാസ്തവത്തിൽ നീയല്ലാതെ മറെറാന്നും തന്നെ എപ്പോഴുമുണ്ടായിട്ടില്ല. ആഭരണങ്ങൾക്ക് എന്തൊക്കെ പേരു പറഞ്ഞാലും അതൊന്നും സ്വണ്ണത്തിൽനിന്നു വേറെയല്ല. അതുപോലെ നിൻെറ വിഷയങ്ങൾക്ക് എന്തൊക്കെ പേരു പറഞ്ഞാലും അതൊന്നും നിന്നിൽനിന്നു വേറെയല്ല. സ്വണ്ണമാകുന്ന സത്തയിൽ

കാണപ്പെടുന്ന പ്രതിഫലനങ്ങൾമാത്രമാണ് ആഭരണങ്ങൾ. അതുപോലെ നീയാകുന്ന സത്തയിൽ തോന്നപ്പെടുന്ന സ്ഫുരണങ്ങൾ മാത്രമാണ് വിഷയങ്ങൾ. സ്വർണ്ണത്തിൽനിന്നന്യമായി ആഭരണമെന്ന ഒരു വസ്തു എപ്രകാരമില്ലയോ, അതുപോലെ നിന്നിൽനിന്നന്യമായി വിഷയമെന്ന ഒരു വസ്തുവും വേറെയില്ല; എല്ലാം നീതന്നെ.

അയം സോഹം അയം നാഹം
വിഭാഗമിതി സന്ത്യജ
സർവ്വമാത്മേതി നിശ്ചിത്യ
നിസ്സങ്കല്പസ്സുഖീ ഭവ. 15

സാരം:—ശരീരാദി ഉപാധികളെ തൊട്ടുകാട്ടി ഇതു ഞാനാണ്?; ഇതൊഴിച്ചു മറെറാന്നും ഞാനല്ല. എന്ന ഭേദഭാവത്തെ ആദ്യംതന്നെ നീ ഉപേക്ഷിക്കണം. എന്തുകൊണ്ടെന്നാൽ നീയല്ലാതെ ഒന്നുംതന്നെ സംഭവിച്ചിട്ടില്ല എന്നുള്ളതുകൊണ്ടുതന്നെ. ആത്മാവിനെ വിസ്മരിക്കുമ്പോഴാണ് ഞാനെന്നും നീയെന്നുമുള്ള വ്യവഹാരമുണ്ടാവുന്നതു്. ആത്മാവൊഴിച്ചു മറെറാന്നുംതന്നെ ഉണ്ടായിട്ടില്ല. ആ ബോധമുണ്ടാവുമ്പോൾ ഞാനും നീയുമെന്ന വ്യവഹാരംതന്നെ ഇല്ലാതാവും. എല്ലാററിനേയും ആത്മാവായിമാത്രം കാണാൻ തുടങ്ങുമ്പോൾ നീ സങ്കല്പങ്ങളററവനും അതുഹേതുവായി സുഖിയുമായിത്തീരും.

ത്വയ്യേവാऽജ്ഞാനതോ വിശ്വം
ത്വമേവ പരമാത്ഥതഃ
ത്വത്തോऽന്യോ നാസ്തി സംസാരീ
നാऽസംസാരീ ച കശ്ചന. 16

സാരം:—നിൻെറ അജ്ഞാനമാണു് പ്രപഞ്ചം. അതായതു നിൻെറ സ്വരൂപവിസ്മൃതിയാകുന്ന അജ്ഞാനം പ്രപഞ്ചാകാരേണ നില്ക്കുന്നു എന്നു താല്പര്യം. നിനക്കു സ്വരൂപസ്മൃതിയുണ്ടാവുന്നതോടെ അതില്ലാതായിത്തീരുകയും ചെയ്യും. പരമാൎത്ഥത്തിൽ ഉള്ളതു നീ ഒന്നുമാത്രം. നിന്നിൽ വേറെയായി സംസാരിയും മുക്തനും ഒന്നുമില്ല. അതെല്ലാം നിൻെറ അജ്ഞാനത്തിൻെറ രൂപവിശേഷങ്ങൾമാത്രമാണു്. നിനക്കു സ്വരൂപസ്മൃതിയുണ്ടാവുന്നതോടെ ബന്ധവും മുക്തിയും പ്രപഞ്ചവും എല്ലാം ഇല്ലാതായിത്തീരും. നീ ഒന്നുമാത്രമേ വാസ്തവത്തിൽ ഉള്ളതായിരിക്കുന്നുള്ളൂ എന്നു നിനക്കു ബോദ്ധ്യമാവുകയും ചെയ്യും.

ഭ്രാന്തിമാത്രമിദം വിശ്വം
ന കിഞ്ചിദിതി നിശ്ചയീ
നിൎവ്വാസനഃ സ്ഫൂൎത്തിമാത്രോ
ന കിഞ്ചിദിവ ശാമ്യതി. 17

സാരം:—പ്രപഞ്ചം പ്രപഞ്ചമെന്നിങ്ങനെ ഭ്രാന്തിമാത്രമായ ഒരു വ്യവഹാരമല്ലാതെ പ്രപഞ്ചമെന്ന ഒരു വസ്തു എവിടെയും ഇല്ല. ഉണ്ടായിട്ടുമില്ല. സ്വപ്നത്തിൽ കാണപ്പെടുന്ന വസ്തുക്കളുടെ ഭ്രാന്തിമാത്രവ്യവഹാരമല്ലാതെ സത്തയില്ലെന്നു വ്യക്തമാണല്ലോ. അതിനാൽ അവയൊന്നും ആരെയും ബന്ധിക്കാൻ കാരണമാവുന്നുമില്ല. അതുപോലെ ഈ ജാഗ്രദവസ്ഥയിലും പ്രപഞ്ചമെന്ന വസ്തു എവിടെയുമില്ല. വ്യവഹാരംമാത്രമേ ഉള്ളൂ. അതാകട്ടെ ഭ്രാന്തിമാത്രമാണുതാനും. സത്തയില്ലാതെ

വെറുതെ വ്യവഹരിക്കപ്പെടുന്ന ഭ്രാന്തിമാത്രമായ ഒരു വസ്തു ഒരിക്കലും ഒരാളെയും ബന്ധിക്കാൻ കഴിവുള്ളതല്ല. അതിനാൽ പ്രപഞ്ചം ഒരിക്കലും എന്നെ ബന്ധിക്കുന്നില്ല. ഉള്ളവനായ ഞാനും ഇല്ലാത്തതായ പ്രപഞ്ചവും തമ്മിൽ യാതൊരു സംബന്ധവുമില്ല എന്നു ബോദ്ധ്യപ്പെട്ടു നിശ്ചയിച്ച ഒരാളുടെ വാസനകളെല്ലാം അതേ നിമിഷത്തിൽത്തന്നെ നശിക്കുന്നു. എന്നുമാത്രമല്ല, വാസനകളുടെ വിലയംകൊണ്ടു വ്യക്തിത്വംതന്നെ ഉണ്ടെന്നു പറഞ്ഞുകൂടാ. ചുരുക്കിപ്പറഞ്ഞാൽ അയാൾ ജീവന്മുക്തനായി. കേവലം ബ്രഹ്മമായി എന്നു പറയണം.

> ഏക ഏവ ഭവാംഭോധാ-
> വാസീരസി ഭവിഷ്യസി
> ന തേ ബന്ധോഽസ്തി മോക്ഷോ വാ
> കൃതകൃത്യഃ സുഖം ചര. 18

സാരം:—മുമ്പും ഇപ്പോഴും പിന്നെയും എന്നുവേണ്ടാ എപ്പോഴും ഈ സംസാരത്തിൽ നീയൊരാളല്ലാതെ മറ്റാരുംതന്നെ ഉണ്ടായിട്ടില്ല. നിന്നിൽനിന്നന്യമായി മറ്റൊന്നുമില്ലാത്തതിനാൽ മറ്റൊരാളുണ്ടാവാനും അർഹതയില്ല. നിത്യമുക്തനും അഖണ്ഡസച്ചിദാനന്ദസ്വരൂപനുമായ നിനക്കു ബന്ധമുണ്ടായിട്ടേ ഇല്ല. പിന്നെ എന്തു മോക്ഷമാണു് കിട്ടേണ്ടതു്? നീ ബദ്ധനാണെന്ന തോന്നലിന്നു മോക്ഷമുണ്ടായാൽ മതി. എന്നാൽ നീ കൃതകൃത്യനും സുഖിയുമായിത്തീരും. അതിനാൽ നിശ്ചിന്തനും സുഖിയുമായിരിക്കുക.

മാ സങ്കല്പവികല്പാഭ്യാം
ചിത്തം ക്ഷോഭയ ചിന്മയ!
ഉപശാമ്യ സുഖം തിഷ്ഠ
സ്വാത്മന്യാനന്ദവിഗ്രഹേ. 19

സാരം:—പലവിധത്തിലുള്ള സങ്കല്പവികല്പങ്ങളെക്കൊണ്ടു മനസ്സിനെ ക്ഷോഭിപ്പിക്കാതിരിക്കുക. നീ ആനന്ദമാത്രനും ചേതനാസ്വരൂപനുമാണ്. താനാകുന്ന ആനന്ദസ്വരൂപത്തിന്റെ വിസ്മരണംകൊണ്ടാണ് നിന്റെ ചിത്തവിക്ഷോഭങ്ങളെല്ലാം. നിന്നിൽത്തന്നെ നീ സ്ഥിതിചെയ്യുന്നുവെങ്കിൽ നീ ശാന്തനും സുഖിയും മുക്തനുമാണ്.

ത്യജൈവ ധ്യാനം സർവ്വത്ര
മാ കിഞ്ചിൽ ഹൃദി ധാരയ
ആത്മാ ത്വം മുക്ത ഏവാസി
കിം വിമൃശ്യ കരിഷ്യസി. 20

സാരം:—ഒരു വിചാരവും ഇല്ലാതാവണം. എന്തെങ്കിലും അല്പമായിട്ടെങ്കിലും വിചാരിക്കുന്നുവെങ്കിൽ മനസ്സു വികസിക്കുന്നു എന്നർത്ഥമാണ്. നല്ല കാര്യത്തെപ്പററി വിചാരിച്ചുകൂടെ എന്നാണെങ്കിൽ നല്ലതിനെപ്പററിയോ ചീത്തയെപ്പററിയോ എന്തിനെപ്പററിയായാലും വിചാരമെന്ന ഒന്നുണ്ടെങ്കിൽ മനസ്സു വികസിക്കുന്നു എന്നർത്ഥമാണ്. അതിനാൽ ഒരു വിചാരവുമില്ലാതെ മനസ്സിനെ നശിപ്പിക്കാൻതന്നെ ശ്രമിക്കണം. മനസ്സു നിലനില്ക്കുന്നേടത്തോളംകാലം സംസാരവും അല്പമായിട്ടെങ്കിലും ഉണ്ടെന്നുതന്നെ പറയണം. മനസ്സിനെ നശി

പ്പിക്കാൻ പററിയ ഏററവും നല്ല അഭ്യാസം നിശ്ചിന്തനംതന്നെയുമാണു്. അല്ലെങ്കിൽ എന്തെങ്കിലുമൊക്കെ വിചാരിച്ചിട്ടെന്താണു് വേണ്ടതു്. നിത്യമുക്തനും ആത്മാവുമായ നിനക്കെന്താണു് വിചാരിക്കാനുള്ളതു്? ചിന്തനംകൊണ്ടു് ഒന്നുംതന്നെ കിട്ടാനില്ല. അതിനാൽ നിഷ്പ്രയോജനവും എന്നാൽ അനത്ഥമുണ്ടാക്കുന്നതുമായ കാര്യത്തെ ചെയ്യാതിരിക്കുന്നതു് എററവും നല്ലതാണു്.

## അദ്ധ്യായം 16

അഷ്ടാവക്ര ഉവാച—

ആചക്ഷ്വ ശൃണു വാ താത
നാനാശാസ്ത്രാണ്യനേകശഃ
തഥാപി ന തവ സ്വാസ്ഥ്യം
സവ്വവിസ്മരണാദൃതേ. 1

സാരം:—ശാസ്ത്രങ്ങളെ പലതിനെയും പഠിക്കുകയും വ്യാഖ്യാനിക്കുകയും ഒക്കെ ചെയ്തോളു. നല്ലതുതന്നെ. പക്ഷേ അതുകൊണ്ടൊന്നും ചിത്തവിശ്രാന്തിയാകുന്ന നിർവൃതി കിട്ടാൻപോവുന്നില്ല. അതിനു് എല്ലാം മറക്കുകയാണു് വേണ്ടതു്. പഠിക്കുകയെന്നു പറഞ്ഞാൽ നിലവിലുള്ളതിനു പുറമെ പുതുതായി ചിലതിനെക്കൂടി ഓ

മ്മികാറൊക്കത്തീക്കുക എന്നത്ഥമാണു്. ഓമ്മിക്കുന്നതെല്ലാം വിഷയങ്ങളെയുമാണു്. വിഷയങ്ങളെ ഓമ്മിച്ചതുകൊണ്ടു ചിത്തവിശ്രാന്തി കിട്ടാൻപോവുന്നില്ല. വിഷയങ്ങളുടെ വിസ്മൃതിയാണു് വിശ്രാന്തിക്കുള്ള ഹേതു. അതിനാൽ എല്ലാററിനെയും മറക്കാൻ ശ്രമിക്കു.

ഭോഗം കമ്മ സമാധിം വാ
കുരു വിജ്ഞ തഥാപി തേ
ചിത്തം നിരസ്തസവ്വാശ-
മത്യത്ഥം രോചയിഷ്യതി. 2

സാരം:—വിഷയഭോഗങ്ങളെ അനുഭവിക്കൽ, അല്ലെങ്കിൽ അവയെ സാധിക്കാനുള്ള പ്രവൃത്തികളെ ചെയ്യൽ, അതുമല്ലെങ്കിൽ ആദ്ധ്യാത്മികധമ്മാനുഷ്ഠാനമാകുന്ന സമാധിപരിശീലനം ഇങ്ങനെ മൂന്നു തരത്തിലേ കാലയാപനം ചെയ്യുന്നുള്ളു. അഭിജ്ഞനായ ഹേ ജനകാ! പ്രസ്തുത മൂന്നു സമ്പ്രദായങ്ങളും ചിത്തവിശ്രാന്തിക്കോ ലക്ഷ്യപ്രാപ്തിക്കോ ആത്മനിർവ്വതിക്കോ പററുന്നവയല്ല. എല്ലാ ആഗ്രഹങ്ങളുമകന്നു ചിത്തം വിഷയങ്ങളെ വിസ്മരിക്കലാണു് അതിനു് ആവശ്യമായിട്ടിരിക്കുന്നതു്. അതിനാൽ വിവേകികാം അങ്ങനെയാണു് ചെയ്തുവരുന്നതും. നീയും സവ്വ ആശകളെയും വിട്ടു ചിത്തത്തെ ആകാശംപോലെ നിവ്വിഷയമാക്കു.

ആയാസാൽ സകലോ ദുഃഖീ
നൈതൽ ജാനാതി കശ്ചന
അനേനൈനെവോപദേശേന
ധന്യഃ പ്രാപ്നോതി നിർവ്വതിം.

സാരം:—കർമ്മം എങ്ങനെയും എല്ലാവൎക്കും ദുഃഖ പ്രദമാണു്. നല്ല കർമ്മമായാലും ചീത്ത കർമ്മമായാലും അതിൻെറ ക്ലേശം തുല്യമാണു്. ഉദ്ദിഷ്ടഫല കിട്ടാതിരിക്കുകകൂടി ചെയ്താൽ പിന്നെ പറയേണ്ടതുമല്ല ദുഃഖം മാത്രമാണു് ഫലം. ഉദ്ദിഷ്ടഫലം കിട്ടിയാലും ദുഃഖത്തിന്നു കുറവുണ്ടെന്നു വിചാരിക്കേണ്ട. അതിന്നു യാതൊരു കുറവുമില്ല. ഇതൊക്കെ എല്ലാവൎക്കും അറിയാം. എങ്കിലും ആരും കർമ്മത്തെ ഉപേക്ഷിക്കുന്നതായിക്കാണുന്നില്ല. അത്ഭുതമെന്നു പറയട്ടെ; അറിഞ്ഞുകൊണ്ടുതന്നെ എല്ലാവരും ദുഃഖത്തെ വരിക്കുന്നു. കർമ്മത്തെ ഉപേക്ഷിക്കണമെന്ന ഒരൊററ ഉപദേശത്തെമാത്രം സഫലമാക്കിയാൽ മതി. എന്നാൽത്തന്നെ അവൻ ധന്യനും നിർവൃതനുമായിത്തീരും.

വ്യാപാരേ വിദ്യതേ യസ്തു
നിമേഷോന്മേഷയോരപി
തസ്യാഽലസ്യധുരീണസ്യ
സുഖം നാഽന്യസ്യ കസ്യചിൽ. 4

സാരം:—ആത്മസ്വരൂപത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ച മഹാത്മാവു് എല്ലാ കർമ്മങ്ങൾക്കും കർമ്മഫലങ്ങൾക്കും അതീതനാണു്. ഒരു കർമ്മവും അദ്ദേഹത്തെ ബാധിക്കുകയോ ബന്ധിക്കുകയോ ചെയ്യുന്നില്ല. കൺപോളകളെ അടയ്ക്കലും തുറക്കലുമാകുന്ന തുച്ഛകർമ്മത്തിൽ—നിമേഷോന്മേഷത്തിൽപോലും—അദ്ദേഹം അലസനാണു്. കാരണം അത്രയും നിസ്സാരമായ കർമ്മംകൂടി അദ്ദേഹത്തെ ഖേദിപ്പിക്കുന്നു. അപ്പോൾ പിന്നെ വലിയ കർമ്മങ്ങളുടെ

കഥ പറയാനില്ലല്ലോ. എന്നാൽ അങ്ങനെ സൎവ്വകൎമ്മങ്ങളിൽനിന്നും കൎമ്മഫലങ്ങളിൽനിന്നും വിനിൎമ്മുക്തനായ അദ്ദേഹത്തിനുള്ള സുഖം ലോകത്തിൽ മററാൎക്കുംതന്നെ ഇല്ലതാനും. അതിനാൽ കൎമ്മം ചെയ്താലല്ല, ചെയ്യാതിരുന്നാലാണു് സുഖം.

ഇദം കൃതമിദം നേതി
ദ്വന്ദ്വൈൎമ്മുക്തം യദാ മനഃ
ധൎമ്മാൎത്ഥകാമമോക്ഷേഷു
നിരപേക്ഷം തദാ ഭവേൽ. 5

സാരം:—ഇതു ചെയ്യപ്പെട്ടു; എന്നാൽ അതു ചെയ്തു കഴിഞ്ഞില്ല; അതുംകൂടി ചെയ്യണം—എന്നിങ്ങനെ ദ്വന്ദ്വാകാരമായ കൎമ്മത്തിൽനിന്നു നിശ്ശേഷം വിട്ടുപോന്ന മനസ്സു ധൎമ്മാൎത്ഥകാമമോക്ഷങ്ങളാകുന്ന പുരുഷാൎത്ഥങ്ങളിൽപ്പോലും അപേക്ഷയില്ലാതെ കേവലം നിഷ്കാമവും നിശ്ചിന്തവും അതിനാൽ ഉൽബുദ്ധവുമായി ലക്ഷ്യത്തെ അറിയാൻ തുടങ്ങും.

വിരക്തോ വിഷയദ്വേഷ്ടാ
രാഗീ വിഷയലോലുപഃ
ഗ്രഹമോക്ഷവിഹീനസ്തു
ന വിരക്തോ ന രാഗവാൻ. 6

സാരം:—വിരക്തൻ വിഷയങ്ങളെ ആകമാനം വെറുത്തുകൊണ്ടിരിക്കുന്നു. രാഗിയാകട്ടെ വിഷയലോലുപനായുമിരിക്കുന്നു. വിഷയങ്ങളുടെ സ്വീകാരതിരസ്കാരങ്ങൾ രണ്ടുപേൎക്കും ശക്തിയായി നിലനിന്നുകൊണ്ടിരിക്കുന്നു. എന്നാൽ സ്വരൂപസ്ഥിതിയിൽ ദൃഢത വന്ന

ജ്ഞാനിയാകട്ടെ വിരക്തനോ രാഗിയോ രണ്ടുമല്ല. അതിനാൽ അദ്ദേഹത്തിനു വിഷയങ്ങളെ സ്വീകരിക്കുകയെന്നോ ഉപേക്ഷിക്കുകയെന്നോ ഉള്ള രണ്ടു ഭാവങ്ങളുമില്ല. വിഷയങ്ങളുടെ ഓർമ്മതന്നെയില്ല. എന്നാലല്ലേ സ്വീകാരതിരസ്കാരങ്ങളെല്ലാമുണ്ടാവൂ. ജ്ഞാനി വിഷയങ്ങൾക്കതീതനാണെന്നു താല്പര്യം.

ഹേയോപാദേയതാ താവൽ
സംസാരവിടപാങ്കുരഃ
സ്പൃഹാ ജീവതി യാവദ്വൈ
നിർവ്വിചാരദശാസ്പദം. 7

സാരം:—നേർവഴിയിൽക്കൂടെ തത്വവിചാരം ചെയ്തു തത്വബോധത്തിൽ ദൃഢത വരുത്തുകയെന്നതു സാധകനു് ഒഴിവാക്കാൻ പാടില്ലാത്ത ഒന്നാണു്. അങ്ങിനെ ചെയ്യാതിരിക്കുംകാലത്തോളം സംസാരവൃക്ഷത്തിൻെറ വിത്തായ ദ്വന്ദ്വഭാവം അവനിൽനിന്നു വിട്ടുമാറില്ല. ചിലതു നല്ലതാണെന്നും ചിലതു ചീത്തയാണെന്നും നല്ലതിനെ സ്വീകരിക്കണമെന്നും ചീത്തയെ തള്ളണമെന്നും ഒക്കെ തോന്നിക്കൊണ്ടിരിക്കും. അങ്ങിനെയുള്ള തോന്നലുകളുള്ളേടത്തോളംകാലം സംസാരബന്ധം അവസാനിക്കാൻ പോവുന്നില്ല. വസ്തുബോധത്തിൽ ദൃഢത വരാത്തതുകൊണ്ടു തലപൊക്കുന്ന ഭേദബുദ്ധിയാണു് അതിനൊക്കെ കാരണം. അതിനാൽ വസ്തുബോധത്തിൽ ദൃഢതയുണ്ടാക്കുകയെന്നതു സാധകൻെറ അതിപ്രധാന കർത്തവ്യമാണു്.

38082

പ്രവൃത്തൌ ജായതേ രാഗോ
നിവൃത്തൌ ദ്വേഷ ഏവ ഹി
നിർദ്വന്ദ്വോ ബാലവദ്ധീമാ-
നേവമേവ വ്യവസ്ഥിതഃ. 8

സാരം:—പ്രവൃത്തനായ ഒരാൾക്കു സംസാരത്തിൽ രാഗവും നിവൃത്തനായാൽ ദ്വേഷവും സ്വാഭാവികമായുണ്ടാവും. രാഗദ്വേഷങ്ങൾ ഏതു രൂപത്തിലുള്ളവയായാലും ബന്ധകാരണങ്ങളാണെന്നു പറയേണ്ടതില്ലല്ലോ. അതിനാൽ ജ്ഞാനി പ്രവൃത്തനോ നിവൃത്തനോ രണ്ടുമല്ല. അദ്ദേഹത്തിന്നു സംസാരത്തിൽ രാഗമോ ദ്വേഷമോ രണ്ടുമില്ല. എല്ലാ ദ്വന്ദ്വഭാവങ്ങളിൽനിന്നും അതീതനാണു് ജ്ഞാനി.

ഹാതുമിച്ഛതി സംസാരം
രാഗീ ദുഃഖജിഹാസയാ
വീതരാഗോ ഹി നിർദ്ദുഃഖ-
സ്തസ്മിന്നപി ന ഖിദ്യതേ. 9

സാരം:—സംസാരത്തെ ഉപേക്ഷിക്കണമെന്നു വിചാരിക്കുന്നവൻ വാസ്തവത്തിൽ രാഗിയാണു്. സംസാരത്തിൽ അവന്നു പ്രീതിയില്ലായ്കയില്ല. എന്നാൽ ദുഃഖം അനുഭവിക്കാതെ കഴിയണമെന്നുണ്ടു്. അതിനാണു് സംസാരത്തെ ഉപേക്ഷിക്കാനിച്ഛിക്കുന്നതു്. എന്നാൽ സംസാരത്തെ ഉപേക്ഷിക്കാനുള്ള ഇച്ഛപോലുമില്ലാതെ രസത്തോടുകൂടി അതിനെ അനുഭവിക്കുന്നവൻ അത്യന്തരാഗിയാണെന്നേ വ്യത്യാസമുള്ളൂ. ജ്ഞാനിക്കു രാഗമോ ദ്വേഷമോ രണ്ടുമില്ല. അതിനാൽ അദ്ദേഹം സംസാര

ത്തെ ഉപേക്ഷിക്കുകയോ സ്വീകരിക്കുകയോ രണ്ടും ചെയ്യുന്നില്ല. സംസാരത്തെ അറിയുകപോലും ചെയ്യാതെ കഴിഞ്ഞുകൂട്ടുകയാണ് ജ്ഞാനി.

യസ്യാഽഭിമാനോ മോക്ഷേഽപി
ദേഹേഽപി മമതാ തഥാ
ന ച ജ്ഞാനീ ന വാ യോഗീ
കേവലം ദുഃഖഭാഗസൌ. 10

സാരം:— ഞാൻ ദേഹമാണ് അല്ലെങ്കിൽ ദേഹിയാണ്, ബദ്ധനാണ് എന്നുള്ള അഭിമാനം എപ്രകാരം ബന്ധത്തിന്നും ദുഃഖത്തിന്നും ഹേതുവാണോ, അതുപോലെ ഞാൻ ജ്ഞാനിയാണ് അല്ലെങ്കിൽ യോഗിയാണ്, മുക്തനാണ് എന്ന അഭിമാനവും ബന്ധദുഃഖകാരണങ്ങൾതന്നെ. അഭിമാനമാണ് ബന്ധഹേതു. അല്ലാതെ അതിൻെറ ആകൃതിവ്യത്യാസമല്ല. ഏതു രൂപത്തിലുള്ള അഭിമാനമായാലും ബന്ധഹേതുതന്നെ. അജ്ഞാനാഭിമാനം എപ്രകാരം ബന്ധകാരണമാണോ അതുപോലെ ജ്ഞാനാഭിമാനവും ബന്ധകാരണംതന്നെ. ഒരു പ്രകാരത്തിലുള്ള അഭിമാനവും ഇല്ലാതായിത്തീരലാണ് ജ്ഞാനിയുടെ ലക്ഷണം. സംസാരം സുഖഹേതുവാണെന്ന വിശ്വാസവും പ്രവൃത്തിയും എപ്രകാരം ബന്ധകാരണമാണോ അതുപോലെ ദുഃഖഹേതുവാണെന്ന വിശ്വാസവും നിവൃത്തിയും ബന്ധകാരണംതന്നെ. പക്ഷേ മറെറാരു രൂപത്തിലാണ് ബന്ധിക്കപ്പെടുന്നതെന്നുമാത്രം. അതിനാൽ ജ്ഞാനിയോ യോഗിയോ ആയ ഒരാൾക്ക് ഒരു പ്രകാരത്തിലുള്ള അഭിമാനവുമുണ്ടാവില്ല. ഏതെങ്കിലും

രൂപത്തിലുള്ള അഭിമാനം അല്പമായിട്ടെങ്കിലും ഉള്ളേട ത്തോളംകാലം ആരും ജ്ഞാനിയോ യോഗിയോ മുക്ത നോ ആവുന്നില്ല. അവൻ ദുഃഖഭോക്താവാണു്.

ഹരോ യദ്യുപദേഷ്ടാ തേ
ഹരിഃ കമലജോപി വാ
തഥാപി ന തവ സ്വാസ്ഥ്യം
സർവ്വവിസ്മരണാദൃതേ. 11

സാരം:—തന്റെ ഗുരുവിന്റെ യോഗ്യതയെപ്പറ ഞ്ഞു് അഭിമാനിക്കാറുണ്ടു് വേറെ ചിലർ. ഗുരുവിനെ ന്തെല്ലാം യോഗ്യതകളുണ്ടായാലും ശിഷ്യന്റെ പ്രവൃത്തി യാണു് അവനു് അനുഭവത്തെ കൊടുക്കുന്നതു്. ഗുരുവി ന്റെ അനുഗ്രഹം മാത്രംകൊണ്ടു് എല്ലാ അനുഭവങ്ങളു മുണ്ടാവുമെന്നു പറഞ്ഞു യാതൊരനുഷ്ഠാനവും ചെയ്യാതി രിക്കുന്നു പിന്നെ ചിലർ. മൂഢതയെന്നല്ലാതെന്തു പറ യട്ടെ. സാക്ഷാൽ ശ്രീ. പരമേശ്വരനോ മഹാവിഷ്ണുവോ ബ്രഹ്മദേവനോതന്നെ ഒരാൾക്കു ഗുരുവായിത്തീൻ എന്നു വന്നാലും സർവ്വവിസ്മൃതിയാകുന്ന കേവലഭാവംകൊണ്ട ല്ലാതെ ഹേ ജനക! ആക്കും വിശ്രാന്തികിട്ടാൻ പോവു ന്നില്ല. അതിനാൽ പ്രസ്തുത കേവലീഭാവത്തിന്നുവേണ്ടി നിരന്തരം പരിശ്രമിക്കുകതന്നെ വേണം. എങ്കിലേ ചി ത്തവിശ്രാന്തി വന്നു സ്വരൂപസ്ഥിതി കിട്ടാൻപോവു ന്നുള്ളു.

# അദ്ധ്യായം 17

അഷ്ടാവക്ര ഉവാച—

തേന ജ്ഞാനഫലം പ്രാപ്തം
യോഗാഭ്യാസഫലം തഥാ
തൃപ്തഃ സ്വച്ഛേന്ദ്രിയോ നിത്യ-
മേകാകീ രമതേ തു യഃ. 1

സാരം:—ഒന്നിൻേറയും അപേക്ഷയില്ലാതെത്തന്നെ സംതൃപ്തനും ഇന്ദ്രിയങ്ങൾക്കു വിശ്രാന്തിവന്നവനും നിരപേക്ഷനായി തന്നിൽ തന്നെക്കൊണ്ടുതന്നെ ഏകാകിയായി രമിക്കുന്നവനുമാണു് ജ്ഞാനത്തിൻേറയോ യോഗാഭ്യാസത്തിൻേറയോ ഫലത്തെ പ്രാപിച്ചവനെന്നു പറയണം. അവയാണു് ജ്ഞാനത്തിൻേറയും യോഗത്തിൻേറയും ഫലമെന്നു താല്പര്യം. അല്ലാതെ ഞാൻ ജ്ഞാനിയാണെന്നോ യോഗിയാണെന്നോ പറയലോ അഭിമാനിക്കലോ അല്ലെന്നു ചുരുക്കം.

ന കദാചിൽ ജഗത്യസ്മിം-
സ്തത്വജ്ഞോ ഹന്ത ഖിദ്യതേ
യത ഏകേന തേനേദം
പൂൎണ്ണം ബ്രഹ്മാണ്ഡമണ്ഡലം. 2

സാരം:—തത്വജ്ഞാനസമ്പന്നനായ മഹാത്മാവു് —ആത്മജ്ഞാനി—ഒരിക്കലും ദുഃഖിക്കുന്നില്ല. ദുഃഖസമ്പൂൎണ്ണമാണു് ഈ ജഗത്തെന്നു പ്രസിദ്ധമാണു്. എന്നിരുന്നാലും ജ്ഞാനിക്കു് അതു ബാധകമല്ല. എന്തുകൊ

ണ്ടെന്നാൽ താനാകുന്ന ഏകതത്വത്താൽ ഈ ബ്രഹ്മാണ്ഡം മുഴുവൻ നിറയപ്പെട്ടിരിക്കുന്നു എന്നു ജ്ഞാനിക്കു ബോധ്യമാണു്. പിന്നെ എന്തു ഭയവ്യസനങ്ങളാണു് അദ്ദേഹത്തെ ബാധിക്കുന്നതു്?

ന ജാതു വിഷയാഃ കേ/പി
സ്വാരാമം ഹർഷയന്ത്യമീ
സല്ലകീപല്ലവപ്രീത-
മിവേഭം നിംബപല്ലവാഃ. 3

സാരം:—ആത്മാരാമനും കൃതകൃത്യനുമായ ജ്ഞാനിയെ ഒരു വിഷയത്തിന്നും രസിപ്പിക്കാൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ ആത്മാരാമത്വംകൊണ്ടുള്ള നിർവൃതി മററൊന്നുകൊണ്ടും കിട്ടാൻ പോകുന്നില്ല. ചിലപ്പോൾ ചില വിഷയങ്ങളെ അനുഭവിക്കുന്നു എന്നതു് അനസ്യൂതമായി നിർഗ്ഗളിക്കുന്ന ആത്മനിർവൃതിക്കു തടസ്ഥമാണെന്ന കാരണത്താൽ വിഷയസ്വീകൃതി ദുഃഖംകൂടിയാണു്. ആ സ്ഥിതിക്കു വിഷയങ്ങളെങ്ങനെ ആത്മാരാമനായ ജ്ഞാനിയെ രസിപ്പിക്കും? പനംതളിരു് തിന്നു രസിക്കുന്ന ആനയ്ക്കു വേപ്പിൻതളിരു് ഇഷ്ടപ്പെടാത്തതുപോലെ ആത്മാരാമനു വിഷയരസവും ഇഷ്ടമാവാൻ വയ്യ.

യസ്തു ഭോഗേഷു ഭുക്തേഷു
ന ഭവത്യധിവാസിതഃ
അഭുക്തേഷു നിരാകാംക്ഷീ
താദൃശോ ഭവദുർല്ലഭഃ. 4

സാരം:—എന്തെങ്കിലും ചില വിഷയങ്ങൾ എപ്പോഴെങ്കിലും ചിലപ്പോൾ അനുഭവിച്ചാലും ആ അനുഭവിക്കുന്ന സമയത്തുകൂടി അതിൽ താല്പര്യമോ തൃഷ്ണയോ ഇല്ലാതെയും വിഷയങ്ങളെ അനുഭവിക്കാനിടവരാത്ത സമയത്ത് അവയെക്കുറിച്ചുള്ള ചിന്തയോ ആഗ്രഹമോ ഇല്ലാതെയും ഉള്ളവർ വളരെ ചുരുക്കമാണു്. ആത്മസ്വരൂപത്തിലുള്ള ദൃഢതകൊണ്ടു മാത്രമേ അങ്ങനെയുള്ള നില കൈവരൂ. ആത്മജ്ഞാനത്തിൽ ദൃഢാനുഭൂതിയുള്ളവർ ഏതു കാലത്തും ചുരുക്കമാണു്.

ബുഭുക്ഷുരിഹ സംസാരേ
മുമുക്ഷുരപി ദൃശ്യതേ
ഭോഗമോക്ഷനിരാകാംക്ഷീ
വിരളോ ഹി മഹാശയഃ. 5

സാരം:—വിഷയങ്ങളിൽ ആഗ്രഹമുള്ളവരാണു് പലരും. എന്നാൽ മോക്ഷേച്ഛുക്കളും ചിലരൊക്കെ ഉണ്ടെന്നു പറഞ്ഞാൽ തെററില്ല. അതിനാൽ ബുഭുക്ഷുക്കളും മുമുക്ഷുക്കളും മിക്കവാറും സുലഭമാണു് ലോകത്തിൽ. എന്നാൽ പ്രസ്തുത രണ്ടു വർഗ്ഗത്തിൽപ്പെട്ടവരും ദുഃഖനിവൃത്തന്മാരല്ല. ബുഭുക്ഷുക്കൾക്കു വിഷയാശയാണു് ദുഃഖഹേതുവെന്നു പറയാവുണ്ടു്. എന്നാൽ മുമുക്ഷുക്കൾക്കു മോക്ഷാശയും ദുഃഖഹേതുതന്നെ. ആശയെന്നതുള്ളേടത്തോളം കാലം ദുഃഖം അവസാനിക്കുന്നില്ല. എന്തിനെക്കുറിച്ചുള്ള ആശയെന്നു ചോദ്യമില്ല. എന്തിനെക്കുറിച്ചുള്ളതായാലും ആശ ആക്കും ദുഃഖഹേതുതന്നെ. വിഷയഭോഗത്തിലും മോക്ഷത്തിലും ഒന്നിലും ആശയില്ലാത്ത നിരപേക്ഷത

വളരെ ദുർല്ലഭംതന്നെ. പ്രസ്തുത നിരപേക്ഷത കൈവന്ന വനാണ് വാസ്തവത്തിൽ ജ്ഞാനി. കേവലം നിരപേക്ഷനും ആത്മാരാമനുമായ ജ്ഞാനി ഏതു കാലത്തും ദുർല്ലഭംതന്നെ.

ധമ്മാത്ഥകാമമോക്ഷേഷു
ജീവിതേ മരണേഽപി വാ
കസ്യാഽപ്യുദാരചിത്തസ്യ
ഹേയോപാദേയതാ ന ഹി. 6

സാരം:— ധമ്മാത്ഥകാമമോക്ഷങ്ങളാകുന്ന പുരുഷാത്ഥങ്ങൾപോലും അജ്ഞന്മാക്കുള്ളവയാണ്. അവയിലൊന്നും ജ്ഞാനിക്കു യാതൊരു ചിന്തയോ ഇച്ഛയോ ഇല്ല. ജീവിതമരണങ്ങളിൽപ്പോലും ജ്ഞാനി ഗ്രാഹ്യത്യാജ്യഭാവങ്ങളെ കാണുന്നില്ല. ജീവിക്കുന്നതും മരിക്കുന്നതുമെല്ലാം ഒരുപോലെത്തന്നെ ജ്ഞാനിക്കു്. എന്തിലും സമ്പൂർണ്ണമായ നിരപേക്ഷതയാണ് ജ്ഞാനിയുടെ മുഖ്യലക്ഷണം.

വാഞ്ഛാ ന വിശ്വവിലയേ
ന ദ്വേഷസ്തസ്യ ച സ്ഥിതൌ
യഥാ ജീവികയാ തസ്മാൽ
ധന്യ ആസ്തേ യഥാസുഖം. 7

സാരം:— സംസാരം നശിക്കുന്നു എന്നതുകൊണ്ടു സന്തോഷമോ നിലനില്ക്കുന്നു എന്നതുകൊണ്ടു് അസുഖമോ രണ്ടുമില്ല ജ്ഞാനിക്കു്. അദ്ദേഹം നിരപേക്ഷനും ആത്മാരാമനുമാണ്. സംസാരം നിലനിന്നാലും നശിച്ചാലും ജ്ഞാനിക്കൊന്നുമില്ല. സംസാരത്തെ അറിയുക

പോലും ചെയ്യാതെ ജീവിക്കുന്നു ജ്ഞാനി. കഴിഞ്ഞതിനെപ്പററി ഓർമ്മയോ വരാൻപോവുന്നതിൽ പ്രതീക്ഷയോ രണ്ടുമില്ല ജ്ഞാനിക്കു്. വന്നുചേന്ന വത്തമാനാനുഭവങ്ങളിലും ചിന്തയില്ല ജ്ഞാനിക്കു്. പ്രാരബ്ധാനുരൂപേണ വന്നുചേരുന്നതിനെ യാതൊരു നിരൂപണവും കൂടാതെ അനുഭവിക്കുന്നു. അതാണു് ജ്ഞാനിയുടെ ജീവിതസ്വഭാവം. പരമസുഖമാണു് പ്രസ്തുതജീവിതമെന്ന കാരണത്താൽ ജ്ഞാനി പ്രസ്തുതജീവിതംകൊണ്ടുതന്നെ ധന്യനും കൃതകൃത്യനുമാണു്.

കൃതാർത്ഥോ൨നേന ജ്ഞാനേനേ-
ത്യേവം ഗളിതധീഃ കൃതീ
പശ്യൻ ശൃണ്വൻ സ്പൃശൻ ജിഘ്ര-
ന്നശ്നന്നാസ്തേ യഥാസുഖം. 8

സാരം:—സ്വരൂപജ്ഞാനംകൊണ്ടുതന്നെ കൃതാർത്ഥനും സുഖിയുമാണു് ജ്ഞാനി. സ്വരൂപജ്ഞാനംകൊണ്ടു് അദ്ദേഹത്തിൻെറ കത്തൃത്വഭോക്തൃത്വങ്ങളും അഹന്താമമതകളും കേവലം ലയിക്കുകയും ചെയ്യുന്നു. എങ്കിലും സാധാരണ എല്ലാവരെയുംപോലെ അദ്ദേഹവും കാണുകയും കേൾക്കുകയും സ്പർശിക്കുകയും ഘ്രാണിക്കുകയും രസിക്കുകയും ചെയ്തുകൊണ്ടു സുഖിയായികഴിയുന്നു. ജ്ഞാനിക്കും പഞ്ചേന്ദ്രിയവൃത്തികളുണ്ടാവാം. എന്നാൽ അവ മററുള്ളവരെപ്പോലെ കത്തൃത്വഭോക്തൃത്വങ്ങളോടും അഹന്താമമതകളോടുംകൂടിയല്ല നടക്കുന്നതെന്ന കാരണത്താൽ നിരുപദ്രവങ്ങളും സുഖപ്രദങ്ങളുമാണു്.

ശൂന്യാ ദൃഷ്ടിർവൃഥാ ചേഷ്ടാ
വികലാനീന്ദ്രിയാണി ച
ന സ്പൃഹാ ന വിരക്തിർവ്വാ
ക്ഷീണസംസാരസാഗരേ. 9

സാരം:—സംസാരം കേവലം നഷ്ടപ്പെട്ടുകഴിഞ്ഞവനാണു് ജ്ഞാനി. അതിനാൽ അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ മററുള്ളവർ ഭയപ്പെടുന്ന സംസാരസമുദ്രമെന്ന ഒരു വസ്തുതന്നെ ഇല്ല. അതുകൊണ്ടു് അദ്ദേഹത്തിൻെറ നോട്ടത്തിന്നോ പ്രവൃത്തിക്കോ ഇന്ദ്രിയവ്യാപാരങ്ങൾക്കോ യാതൊരു ലക്ഷ്യമോ ഉദ്ദേശമോ ഇല്ല. കരണങ്ങൾ അവയുടെ സ്വാഭാവികപ്രകൃതിക്കനുസരിച്ച ചേഷ്ടിക്കുന്നു എന്നുമാത്രം. അദ്ദേഹത്തിന്നു് ഒന്നിലും ആശയോ വിരക്തിയോ ഇല്ല. പ്രാരബ്ധാനുരൂപേണ എന്തോ ചിലതൊക്കെ നടക്കുന്നുവെങ്കിലും അവയും താനും തമ്മിൽ യാതൊരു സംബന്ധവുമില്ലാത്ത തോതിലാണു് ജ്ഞാനിയുടെ ജീവിതം.

ന ജാഗർത്തി ന നിദ്രാതി
നോന്മീലതി നിമീലതി
അഹോ പരദശാ കാഽപി
വർത്തതേ മുക്തചേതസഃ. 10

സാരം:—മുക്തപുരുഷൻെറ അവസ്ഥ ലോകവാസികളെ ആകമാനം അത്ഭുതപ്പെടുത്തത്തക്കതാണു്. എന്തുകൊണ്ടെന്നാൽ സാധാരണ ലോകത്തിൽ ഒരാളുടെ സ്ഥിതി ഒന്നുകിൽ ഉണൎന്നിരിക്കയാണു്; അല്ലെങ്കിൽ ഉറങ്ങുകയാണെന്നേ കാണാറുള്ളു. എന്നാൽ മുക്തൻ പ്രസ്തുത

രണ്ടു നിലയിലുമല്ല. പ്രപഞ്ചബോധമോ ലോകവ്യവഹാരമോ ഇല്ലാത്തതിനാൽ അദ്ദേഹം ഉണൎന്നിരിക്കയാണെന്നു പറയാൻ വയ്യ. തമസ്സോ ആലസ്യമോ ഇല്ലാത്തതിനാൽ ഉറങ്ങുകയുമല്ല. പിന്നെ എന്തൊരവസ്ഥയാണു് മുക്തൻേറതെന്നു ചിന്തിക്കുമ്പോഠം സാധാരണക്കാൎക്കൊരു പിടിയും കിട്ടില്ല. സാധാരണക്കാൎക്കും മനസ്സിലാക്കാൻ കഴിയാത്ത ഏതോ ഒരു പരാവസ്ഥയിലാണു് മുക്തനെപ്പോഴും വിഹരിക്കുന്നതു്.

സൎവ്വത്ര ദൃശ്യതേ സ്വസ്ഥഃ
സൎവ്വത്ര വിമലാശയഃ
സമസ്തവാസനാമുക്തോ
മുക്തഃ സൎവ്വത്ര രാജതേ. 11

സാരം:— ആത്മജ്ഞാനസമ്പന്നനും മുക്തനുമായ മഹാത്മാവു് എപ്പോഴും എവിടേയും സ്വരൂപസ്ഥിതനാണു്. സ്വരൂപവിസ്മൃതിയെന്ന ഒരവസ്ഥതന്നെ അദ്ദേഹത്തിനില്ല. സ്വരൂപവിസ്മൃതിയില്ലെങ്കിൽ ആവരണമെന്ന ചിത്തമാലിന്യം അദ്ദേഹത്തിനില്ലെന്നൎത്ഥമാണല്ലോ. ആവരണദോഷമില്ലാത്തതിനാൽ വിക്ഷേപവുമില്ല. വിക്ഷേപാവരണങ്ങളുടെ ബാധയില്ലാത്തതിനാൽ എപ്പോഴും പ്രസന്നവും നിൎമ്മലവുമാണദ്ദേഹത്തിൻെറ അന്തഃകരണം. അതു കാരണത്താൽ കൎമ്മവാസനകഠം മുഴുവൻ നശിച്ചവനുമാണു്. അങ്ങിനെയുള്ള മുക്തപുരുഷൻ എവിടേയും ശോഭിക്കുന്നു.

പശ്യൻ ശൃണ്വൻ സ്പൃശൻ ജിഘ്ര-
ന്നശ്നൻ ഗൃഹ്ണൻ വദൻ വ്രജൻ
ഈഹിതാനീഹിതൈർമ്മുക്തോ
മുക്ത ഏവ മഹാശയഃ. 12

സാരം:—മുക്തനായ മഹാത്മാവും ചിലപ്പോൾ ചിലതിനെ കാണുകയോ കേൾക്കുകയോ തൊടുകയോ ഘ്രാണിക്കുകയോ എടുക്കുകയോ പറയുകയോ എവിടെക്കെങ്കിലും സഞ്ചരിക്കുകയോ ചെയ്തു എന്നു വന്നേയ്ക്കാം. എന്നാൽ അങ്ങിനെ ചെയ്യുന്നതിലും ചെയ്യാത്തതിലും അദ്ദേഹത്തിന്നിച്ഛയോ ദ്വേഷമോ രണ്ടുമില്ല. അങ്ങിനെയൊക്കെ ചെയ്യുന്നതും ചെയ്യാതിരിക്കുന്നതും അദ്ദേഹത്തിന്നൊരുപോലെയാണ്. അതുപോലെ അവയിലൊന്നും കർത്തൃത്വത്തിൻെറയോ അകർത്തൃത്വത്തിൻെറയോ രണ്ടിൻെറയും അഭിമാനവും അദ്ദേഹത്തിനില്ല.

ന നിന്ദതി ന ച സ്തൌതി
ന ഹൃഷ്യതി ന കുപ്യതി
ന ദദാതി ന ഗൃഹ്ണാതി
മുക്തഃ സർവ്വത്ര നീരസഃ. 13

സാരം:—മുക്തപുരുഷൻ ലോകത്തിലെ ഒരു പദാർത്ഥത്തിലും ഒരനുഭവത്തിലും അല്പംപോലും രസിക്കുന്നില്ല. ഒന്നിനും അദ്ദേഹത്തെ രസിപ്പിക്കാൻ കഴിയുകയുമില്ല. എപ്പോഴും എന്തിലും എവിടേയും സമരസനാണ്. അതു കാരണത്താൽ ഒന്നിനേയും സ്തുതിക്കുകയോ നിന്ദിക്കുകയോ രണ്ടും ചെയ്യുന്നില്ല. ഒന്നിൽ സന്തോഷിക്കുകയോ മറെറാന്നിൽ ക്രോധിക്കുകയോ രണ്ടും

ചെയ്യുന്നില്ല. ഇഷ്ടം അനിഷ്ടമെന്ന രണ്ടു ഭാവങ്ങഠം തന്നെ അദ്ദേഹത്തിനില്ല. അതുകാരണത്താൽ അദ്ദേഹം ആൎക്കും ഒന്നും കൊടുക്കുന്നില്ല. ആരോടും ഒന്നും വാങ്ങുന്നുമില്ല. സൎവ്വത്ര സാമ്യഭാവത്തിൽ മുഴുകുന്നു മുക്തൻ.

സാനുരാഗാം സ്ത്രിയം ദൃഷ്ട്വാ
മൃത്യും വാ സമുപസ്ഥിതം
അവിഹ്വലമനാഃ സ്വസ്ഥോ
മുക്ത ഏവ മഹാശയഃ. 14

സാരം:—തന്നിൽ അനുരാഗവതിയായ സ്ത്രീയെ കാണുമ്പോഴും ആസന്നമായ തന്റെ മൃത്യുവിനെ അറിയുമ്പോഴുംകൂടി മുക്തന്റെ മനസ്സു ചലിക്കാനോ ക്ഷോഭിക്കാനോ ഇടയാവുന്നില്ല. അപ്പോഠംപോലും സ്വരൂപസ്ഥിതിക്കു യാതൊരു മാററവും അദ്ദേഹത്തിനു സംഭവിക്കുന്നില്ല. അങ്ങിനെയുള്ള മഹാത്മാവിന്റെ അവസ്ഥ അത്ഭുതംതന്നെ.

സുഖേ ദുഃഖേ നരേ നാൎയ്യാം
സമ്പത്സു ച വിപത്സു ച
വിശേഷോ നൈവ ധീരസ്യ
സൎവ്വത്ര സമദൎശിനഃ. 15

സാരം:—ഭയം വ്യസനം ക്രോധം തുടങ്ങിയ ഭാവങ്ങളുടെ സ്മരണംപോലുമില്ലാത്തതിനാൽ അത്യന്തധീരനും എല്ലായിടത്തും എപ്പോഴും സാമ്യതാഭാവത്തിൽ മുഴുകിയവനുമായ മഹാത്മാവിനു സുഖത്തിലോ ദുഃഖത്തിലോ പുരുഷനിലോ സ്ത്രീയിലോ സമ്പത്തിലോ ആപത്തിലോ ഒന്നിലും യാതൊരു വിശേഷവുമില്ല. എല്ലാം

ഒരുപോലെത്തന്നെ. സുഖത്തെ സുഖമായോ ദുഃഖത്തെ ദുഃഖമായോ അദ്ദേഹം അറിയുന്നില്ല. എല്ലാററിനേയും ബ്രഹ്മമായിമാത്രം കാണുന്ന ഒരാൾക്കെങ്ങിനെ ചിലതിൽ വ്യത്യസ്തഭാവമുണ്ടാവും?

ന ഹിംസാ നൈവ കാരുണ്യം
നൌദ്ധത്യം ന ച ദീനതാ
നാശ്ചര്യം നൈവ ച ക്ഷോഭഃ
ക്ഷീണസംസരണേ നരേ. 16

സാരം:—സംസാരജീവിതം അവസാനിച്ചവനാണു് മുക്തനെന്നതിനാൽ സംസാരത്തിലെ ഒരു ഭാവവും അദ്ദേഹത്തെ ബാധിക്കുന്നില്ല. ഹിംസയും കാരുണ്യവും രണ്ടും അദ്ദേഹത്തിനൊരുപോലെയാണു്. അദ്ദേഹം രണ്ടിനേയും ചെയ്യുന്നുമില്ല. അതുപോലെ അഹംഭാവമോ അല്ലെങ്കിൽ ദൈന്യതയോ രണ്ടുമില്ല. അതുപോലെ എന്തു സംഭവിച്ചാലും ഒന്നിലും ആശ്ചര്യമില്ല. ഒന്നിലും ക്ഷോഭവുമില്ല. അങ്ങിനെയുള്ള മഹാത്മാവിൻെറ ജീവിതം ആശ്ചര്യമാണു്.

ന മുക്തോ വിഷയദ്വേഷ്ടാ
ന വാ വിഷയലോലുപഃ
അസംസക്തമനാഃ നിത്യം
പ്രാപ്തം പ്രാപ്തമുപാശ്നുതേ. 17

സാരം:—മുക്തപുരുഷൻ ലോകവിഷയങ്ങളെ ആഗ്രഹിക്കുന്നില്ല. എന്നാൽ വിഷയങ്ങളോടു് അദ്ദേഹത്തിന്നു വെറുപ്പുമില്ല. എന്തെങ്കിലും വിഷയത്തെ അനുഭവിച്ചാലും ഇല്ലെങ്കിലും അദ്ദേഹം നിസ്സംഗനാണു്.

എപ്പോഴും ഒന്നിനോടും യാതൊരു സംബന്ധവും തനിക്കില്ല. യാദൃച്ഛികമായി വന്നുചേൎന്ന വിഷയത്തെ ഉപേക്ഷിക്കുകയോ അല്ലെങ്കിൽ വരാത്തതിനെ ആഗ്രഹിക്കുകയോ രണ്ടും ചെയ്യുന്നില്ല.

സമാധാനാസമാധാന-
ഹിതാഹിതവികല്പനാഃ
ശൂന്യചിത്തോ ന ജാനാതി
കൈവല്യമിവ സംസ്ഥിതഃ. 18

സാരം:...എപ്പോഴും അദ്വൈതഭാവത്തിൽ മുഴുകിയിരിക്കുന്ന മുക്തനെന്ന കാരണത്താൽ അദ്ദേഹത്തിൻെറ ചിത്തംതന്നെ ശൂന്യപ്രായമാണു്. ചിത്തമേ ഇല്ലെങ്കിൽ പിന്നെ വികല്പങ്ങളെങ്ങിനെയുണ്ടാവും? ശാന്തി ക്ഷോഭം നന്മ തിന്മ എന്നീ വികല്പങ്ങളൊന്നും അദ്ദേഹത്തെ ബാധിക്കുന്നില്ല. അദ്വൈതഭാവത്തെയൊഴിച്ചു മററൊന്നിനേയും അദ്ദേഹമറിയുന്നില്ല.

നിൎമ്മമോ നിരഹങ്കാരോ
ന കിഞ്ചിദിതി നിശ്ചിതഃ
അന്തൎഗ്ഗളിതസൎവ്വാശഃ
കുൎവ്വന്നപി കരോതി ന. 19

സാരം:—ശരീരാദി ഉപാധികളിൽ ഞാനെന്നോ ഗൃഹകുടുംബാദികളിൽ എൻേറതെന്നോ ഉള്ള അഹന്താമമതകഠം അല്പംപോലുമില്ലാത്തവനും സംസാരം അല്ലെങ്കിൽ പ്രപഞ്ചം മൂന്നു കാലത്തും ഇല്ലാത്തതാണെന്ന ദൃഢമായ വിശ്വാസം ഉറച്ചവനും അതുകാരണത്താൽ യാതൊരുവിധ ആഗ്രഹത്തിൻെറയും ഒരു കണികപോലും

ഇല്ലാത്തവനുമായ മഹാത്മാവു് ഒന്നുംതന്നെ ചെയ്യാൻ പോവുന്നില്ല. അഥവാ വല്ലതും ചെയ്താലും ചെയ്യാത്ത ഫലമേ ഉള്ളതാനും. ഒന്നുംതന്നെ അദ്ദേഹത്തെ ബന്ധിക്കുന്നില്ല.

മനഃപ്രകാശസമ്മോഹ-
സ്വപ്നജാഡ്യവിവർജ്ജിതഃ
ദശാം കാമപി സമ്പ്രാപ്തോ
ഭവേൽ ഗളിതമാനസഃ. 20

സാരം:—മനസ്സു മുതലായ കരണങ്ങൾ ഉണർന്നു പ്രവർത്തിക്കുന്ന ജാഗ്രദവസ്ഥയോ മനസ്സിൻെറ സമ്മോഹസ്വരൂപമായ സ്വപ്നാവസ്ഥയോ കരണങ്ങൾ ജാഡ്യതയെ പ്രാപിക്കുന്ന സുഷുപ്തിയോ മൂന്നുമില്ല മുക്തനു്. പ്രസ്തുത മൂന്നവസ്ഥകളിലാണു് അജ്ഞാനസ്വരൂപം നിലനില്ക്കുന്നതു്. അവസ്ഥാത്രയമില്ല മുക്തനെന്ന കാരണത്താൽ അജ്ഞാനത്തിൻെറയോ സംസാരത്തിൻെറയോ സ്ഫുരണംപോലുമില്ല. സംസാരാകാരമായിത്തീരുന്ന ചിത്തവും ലയിച്ചില്ലാതായിത്തീരുന്നു. അതിനാൽ അവസ്ഥാത്രയത്തെയും കരണത്രയത്തെയും അതിക്രമിച്ചു സാധാരണജനങ്ങൾക്കറിയാൻ കഴിയാത്ത ഏതോ ഒരു പരാവസ്ഥയിൽ സ്ഥിതിചെയ്യുന്ന മുക്തനായ മഹാത്മാവു്.

# അദ്ധ്യായം 18

അഷ്ടാവക്ര ഉവാച—

യസ്യ ബോധോദയേ ജാഗ്രൽ
സ്വപ്നവൽ ഭവതി ഭ്രമഃ
തസ്മൈ സുഖൈകരൂപായ
നമശ്ശാന്തായ തേജസേ. 1

സാരം:—അഷ്ടാവക്രമഹർഷി പറകയാണ്. അദ്വൈതമായ യാതൊരു ബ്രഹ്മതത്വത്തിൻെറ ശരിയായ ബോധം പ്രകാശിക്കുമ്പോഴാണോ ജാഗ്രദവസ്ഥയും സ്വപ്നാവസ്ഥയും തമ്മിൽ വ്യത്യാസമില്ലാതായിത്തീരുന്നതു്, അല്ലെങ്കിൽ ജാഗ്രത്തിലെ സ്ഥൂലപ്രപഞ്ചവും സ്വപ്നത്തിലെ സൂക്ഷ്മപ്രപഞ്ചമെന്നപോലെ അസത്യവും ഭ്രമംമാത്രവുമെന്നു ബോദ്ധ്യമായിത്തീരുന്നതു്, ആനന്ദാത്മകവും എല്ലാവിധവിഷമഭാവങ്ങളുമടങ്ങി പ്രശാന്തവും ജ്യോതീരൂപവുമായ ആ ബ്രഹ്മതത്വത്തിനായ്ക്കൊണ്ടു നമസ്കാരം.

ആജ്ജയിത്വാഽഖിലാനത്ഥാൻ
ഭോഗാനാപ്നോതി പുഷ്കലാൻ
ന ഹി സർവ്വപരിത്യാഗ-
മന്തരേണ സുഖീ ഭവേൽ. 2

സാരം:—എല്ലാവിധസമ്പത്തുകളേയും ഒരുപക്ഷേ ഒരാൾക്കു സമ്പാദിക്കാൻ കഴിഞ്ഞേയ്ക്കാം. മനുഷ്യഭോഗ്യങ്ങളായ ഭോഗങ്ങളെയൊക്കെ അനുഭവിക്കാനും സാധിച്ചേയ്ക്കാം. അതിനുതന്നെ എത്രയോ അദ്ധ്വാനവും

സാഹസവും വേണം. അങ്ങനെയൊക്കെയായാലും അതുകൊണ്ടും സുഖമുണ്ടാവുകയെന്നതു സംഭാവ്യമല്ല. അൎത്ഥങ്ങളും ഭോഗങ്ങളും ദുഃഖത്തിനല്ലാതെ ആൎക്കും സുഖത്തിനു കാരണമാവുന്നില്ല. എങ്കിലും ആ പരമാൎത്ഥത്തെ അറിയാനോ അറിഞ്ഞാലും അവയെ നിശ്ശേഷം പരിത്യജിക്കാനോ ദുർല്ലഭം ചിലൎക്കേ സാധിക്കുന്നുള്ളൂ. അങ്ങനെയുള്ളവൎക്കേ സുഖവും ഉണ്ടാവാറുള്ളൂ. സംസാരത്തിന്റെ സംപൂൎണ്ണപരിത്യാഗംമാത്രമാണു് സുഖത്തിന്നു് ഏകഹേതു.

കൎത്തവ്യദുഃഖമാൎത്താണ്ഡ-
ജ്വാലാദഗ്ദ്ധാന്തരാത്മനഃ
കുതഃ പ്രശമപീയൂഷ-
ധാരാസാരമൃതേ സുഖം? 3

സാരം:—കൎത്തവ്യചിന്തകൊണ്ടു തപിക്കുന്നവരാണു് പ്രായേണ ലോകത്തിൽ മിക്കപേരും. ഇഷ്ടാനിഷ്ടചിന്തയും ഇച്ഛാദ്വേഷങ്ങളുമുള്ളേടത്തോളംകാലം ഇഷ്ടാനുഭവങ്ങളെ സമ്പാദിക്കാനും അനിഷ്ടാനുഭവങ്ങളെ അകററാനും ഇച്ഛയും പ്രയത്നവുമുണ്ടാവും. തൃഷ്ണയുടെ കാഠിന്യംകൊണ്ടു പ്രസ്തുതപ്രയത്നങ്ങൾ തന്റെ കൎത്തവ്യങ്ങളാണെന്നും അവയെ ശരിക്കു നിറവേററണമെന്നും അങ്ങനെ ചെയ്യാതിരിക്കുന്നതു കൃത്യലോപമാണെന്നും അതുകൊണ്ടു തനിക്കധഃപതനമുണ്ടാവുമെന്നുമൊക്കെ ധരിക്കും. പ്രാപ്തവ്യങ്ങളിലും ഭോക്തവ്യങ്ങളിലുമുള്ള തൃഷ്ണയാണു് അങ്ങനെയൊക്കെ തോന്നാനും ആ തോന്നൽ ശരിയാണെന്നു വിശ്വസിക്കാനും ഹേതു. അങ്ങനെ മാൎത്താണ്ഡ

ശ്മികളാലെന്നപോലെ കൎത്തവ്യതാപംകൊണ്ടു പീഡിതനായ മനുഷ്യനു് ഉപശമാമൃതധാരകൊണ്ടല്ലാതെ എങ്ങനെ സുഖമുണ്ടാവും? അതിനാൽ കൎത്തവ്യപ്രാപ്തവ്യഭോക്തവ്യങ്ങളൊക്കെ നീങ്ങുകതന്നെ വേണം ഒരാൾ സുഖിയായിത്തീരാൻ.

ഭവോഽയം ഭാവനാമാത്രോ
ന കിഞ്ചിൽ പരമാൎത്ഥതഃ
നാസ്ത്യഭാവഃ സ്വഭാവാനാം
ഭാവാഭാവവിഭാവിനാം. 4

സാരം:—മനസ്സിൻെറ സങ്കല്പം മാത്രമാണു് പ്രപഞ്ചം അല്ലെങ്കിൽ സംസാരം. സങ്കല്പമില്ലാതായാൽ സംസാരവുമില്ല. സങ്കല്പമുള്ളേടത്തോളംകാലം എന്തു ചെയ്താലും പ്രപഞ്ചമില്ലാതാവുന്നുമില്ല. സങ്കല്പം മാത്രമാണെങ്കിലും സത്യമായി തോന്നപ്പെട്ടുകൊണ്ടിരിക്കുന്ന പ്രപഞ്ചത്തിലെ ഓരോ പദാൎത്ഥത്തിൻെറയും ഉല്പത്തിയേയും നാശത്തേയും രൂപാന്തരത്തേയും കണ്ടുകൊണ്ടും അറിഞ്ഞുകൊണ്ടുമിരിക്കുന്ന ജീവനാകട്ടെ ഒരിക്കലും മാററമോ ക്ഷയവൃദ്ധികളോ ഇല്ലതാനും.

ന ദൂരം ന ച സങ്കോചാൽ
ലബ്ധമേവാഽത്മനഃ പദം
നിൎവ്വികല്പം നിരായാസം
നിൎവ്വികാരം നിരഞ്ജനം. 5

സാരം:—സജാതീയവും വിജാതീയവും സ്വഗതവുമാകുന്ന മൂന്നു പ്രകാരത്തിലുള്ള ഭേദങ്ങളാണു് സാധാരണ ഒരു വസ്തുവിനുള്ളതു്. പ്രസ്തുത ഭേദങ്ങളാണു് അതി

നെ മററു വസ്തുക്കളിൽനിന്നു വേർതിരിക്കുന്നതു്. അങ്ങനെയുള്ള മൂന്നുവിധഭേദങ്ങളും ആത്മാവിലില്ലെന്ന കാരണത്താൽ ആത്മാവൊന്നിൽനിന്നും വേറെയല്ല; ഒന്നും ആത്മാവിൽനിന്നും വേറെയല്ല. അതിനാൽ സർവ്വത്ര വ്യാപ്തമാണു് ആത്മാവു്. ഈ കാരണത്താൽ സുഗമമായും സുലഭമായും ലഭിക്കത്തക്കതും വൃദ്ധിക്ഷയങ്ങളില്ലാതെ സർവ്വത്ര സമരസമായി എങ്ങും നിറഞ്ഞുനില്ക്കുന്നതുമാണു് ആത്മാവു്. എപ്പോഴും പരിശുദ്ധമാണെന്ന കാരണത്താൽ ഒന്നുകൊണ്ടും ആത്മാവിൽ മാലിന്യശങ്കയുണ്ടാകാവുന്നതുമല്ല. അപ്രകാരമുള്ള ആത്മവസ്തു ഓരോരുത്തർക്കും സമീപത്തെന്നോ വിദൂരത്തെന്നോ പറയാൻ വയ്യ. അവരവരുടെ സംസ്കാരത്തിന്നനുസരിച്ചാണു് വിദൂരതയും സാമീപ്യവും. കർമ്മവിക്ഷിപ്തന്മാരായവർക്കു വിദൂരമാണെന്നും ശുദ്ധാന്തഃകരണന്മാർക്കു സമീപമാണെന്നും തോന്നുമെന്നു താല്പര്യം.

വ്യാമോഹമാത്രവിരതൗ
സ്വരൂപാദാനമാത്രതഃ
വീതശോകാ വിരാജന്തേ
നിരാവരണദൃഷ്ടയഃ. 6

സാരം:—ശരീരം ഞാനാണു്; ഗൃഹകുടുംബങ്ങൾ എന്റേതാണു്; ഈ പ്രപഞ്ചം സത്യമാണു്. എന്നിങ്ങനെയുള്ള വ്യാമോഹങ്ങൾ കേവലം നീങ്ങി അഖണ്ഡാദ്വൈതബ്രഹ്മവസ്തുവിൽ സുദൃഢയായ അവസ്ഥിതി കിട്ടുന്നതോടെ ഒരാൾ സംതൃപ്തനും ചരിതാർത്ഥനുമായിത്തീരും. ഭയം, വ്യസനം, ക്രോധം തുടങ്ങിയ ചിത്തമാലി

ന്യങ്ങരം എന്നൊന്നേയ്ക്കമായി അവസാനിക്കും. ഒരിക്കലും ഭേദഭാവമോ ബ്രഹ്മവിസ്മൃതിയോ സ്ഫുരിക്കാനിടവരാതെ സത്യമാത്രസ്വരൂപനായി പ്രകാശിക്കുകയും ചെയ്യും.

സമസ്തം കല്പനാമാത്ര-
മാത്മാ മുക്തഃ സനാതനഃ
ഇതി വിജ്ഞായ ധീരോ ഹി
കിമഭ്യസ്യതി ബാലവൽ. 7

സാരം:—താൻ ആത്മാവാണു്. ആത്മാവു നിത്യമുക്തനും ശാശ്വതനുമാണു്. അതിനാൽ തനിക്കൊരിക്കലും ബന്ധമോ ദുഃഖമോ ഉണ്ടായിട്ടില്ല. താനൊരിക്കലും ഉണ്ടായിട്ടില്ല; തനിക്കു നാശവുമില്ല. താൻ മാത്രമാണു് സത്യം. താനൊഴിച്ചു ബാക്കിയുള്ളതെല്ലാം തൻെറ ദൃശ്യങ്ങളും വെറും സങ്കല്പങ്ങളുമാണു്. അവയെല്ലാം ഉണ്ടായവയും നശിക്കുന്നവയുമാണു്. എന്നുള്ള സത്യത്തെ ശരിക്കറിയുകയും ബോദ്ധ്യപ്പെടുകയും ചെയ്തുകഴിഞ്ഞാൽ പിന്നെ കുട്ടികളെപ്പോലെ എന്താണൊരാരംക്കു പഠിക്കാനും അഭ്യസിക്കാനുമുള്ളതു്! പിന്നെ ഒന്നും പഠിയ്ക്കേണ്ടതോ അഭ്യസിയ്ക്കേണ്ടതോ ഇല്ലെന്നു താല്പര്യം.

ആത്മാ ബ്രഹ്മേതി നിശ്ചിത്യ
ഭാവാഭാവൌ ച കല്പിതൌ
നിഷ്കാമഃ കിം വിജാനാതി
കിം ബ്രൂതേ ച കരോതി കിം? 8

സാരം:—താൻ അപരിച്ഛിന്നസച്ചിദാനന്ദബ്രഹ്മമാണെന്നും തന്നിൽനിന്നന്യമായി മറെറാന്നുമില്ലെന്നും ഉണ്ടെന്നു തോന്നപ്പെടുന്ന പ്രപഞ്ചത്തിൻെറ ഉല്പത്തിയും

ലയവുമെല്ലാം കേവലം കല്പനാമാത്രങ്ങളാണെന്നും ബോദ്ധ്യമായ ഒരാൾക്ക പിന്നെ എന്തിലാണാഗ്രഹമുണ്ടാവുന്നതു്? ആഗ്രഹിക്കത്തക്കതായി ഒന്നുമില്ലെന്നയാൾക്ക ബോദ്ധ്യമായി. അങ്ങനെയുള്ള മുക്തനു പിന്നെ എന്താണു് അറിയാനോ പറയാനോ പ്രവൎത്തിക്കാനോ ഉള്ളതു്? ഒന്നുംതന്നെയില്ലെന്നു താല്പൎയ്യം.

അയം സോഹമയം നാഹ-
മിതി ക്ഷീണാ വികല്പനാഃ
സൎവ്വമാത്മേതി നിശ്ചിത്യ
തൂഷ്ണീംഭൂതസ്യ യോഗിനഃ. 9

സാരം:—ആത്മാവിൻെറ സൎവ്വാത്മഭാവത്തെ അറിഞ്ഞു് എല്ലാം ആത്മാവാണെന്നും ആത്മാവിൽനിന്നന്യമായി മറ്റൊന്നുമില്ലെന്നും ബോധ്യംവന്നു് ഇന്ദ്രിയമനസ്സുകൾ അടങ്ങി ശാന്തനും സത്താമാത്രസ്വരൂപനുമായ യോഗിക്ക ഞാനെന്നും നീയെന്നും, അതെന്നും ഇതെന്നുമുള്ള വ്യത്യസ്തഭാവങ്ങളും നാനാത്വകല്പനകളും കേവലം നശിക്കുന്നു. എന്നാൽ ശരീരധൎമ്മങ്ങളെയും ശരീരത്തെപ്പോലും മറന്നു സത്താമാത്രനും ആത്മാവുമായിത്തീരുമ്പോഴേ അവ നശിക്കുന്നുള്ളൂ എന്നു ധരിക്കണം. കൂടാതെ അങ്ങനെ സ്ഥിതിവിശേഷം കൈവരുന്നതിന്നു യോഗം തുടങ്ങിയ സാധനാനുഷ്ഠാനങ്ങൾ അനുപേക്ഷണീയമാണെന്നു യോഗിയെന്ന ശബ്ദംകൊണ്ടു വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു.

ന വിക്ഷേപോ ന ചൈകാഗ്ര്യം
നാതിബോധോ ന മൂഢതാ
ന സുഖം ന ച വാ ദുഃഖ-
മുപശാന്തസ്യ യോഗിനഃ. 10

സാരം:—മുൻപറഞ്ഞ തോതിൽ പ്രശാന്തനും ആത്മാവുമായിക്കഴിഞ്ഞ യോഗീശ്വരൻ അഥവാ ജ്ഞാനി യാതൊരു ഭേദബുദ്ധിയുമില്ലാത്തവനാവുന്നുവെന്നു പറഞ്ഞുവല്ലോ. അദ്ദേഹത്തിന്റെ ചിത്തംതന്നെ മിക്കവാറും നഷ്ടപ്രായമാണു്. അതിനാൽ വിക്ഷേപമെന്നോ ഏകാഗ്രതയെന്നോ ഉള്ള ഭാവവും അദ്ദേഹത്തിനില്ല. ചിത്തമുള്ളപ്പോഴല്ലേ ഏകാഗ്രതയെന്നോ നാനാത്വഭാവമെന്നോ ഉള്ള ഭേദമുള്ളൂ? ചിത്തംതന്നെയില്ലെങ്കിൽ പിന്നെ ചിത്തധർമ്മങ്ങളൊന്നുമുണ്ടാവാൻ വയ്യല്ലോ. അതിനാൽ വിക്ഷേപൈകാഗ്ര്യങ്ങൾപോലെ ജ്ഞാനാജ്ഞാനങ്ങളോ സുഖദുഃഖങ്ങളോ ആകുന്ന മററു ചിത്തധർമ്മങ്ങളും അദ്ദേഹത്തിനില്ല.

സ്വാരാജ്യേ ഭൈക്ഷവൃത്തൌ ച
ലാഭേഽലാഭേ ജനേ വനേ
നിർവ്വികല്പസ്വഭാവസ്യ
ന വിശേഷോസ്തി യോഗിനഃ. 11

സാരം:—അതുപോലെ സ്വർഗ്ഗസുഖാനുഭൂതിയും ഭിക്ഷാവൃത്തിയും അദ്ദേഹത്തിന്നൊരുപോലെയാണു്. രണ്ടിലും സുഖമോ ദുഃഖമോ രണ്ടും അദ്ദേഹത്തെ ബാധിക്കുന്നില്ല. ആത്മഭാവത്തിന്നു് അല്പമെങ്കിലും വികല്പമില്ലെന്ന കാരണത്താൽ ഒരു ദ്വന്ദ്വവും എപ്പോഴും അ

ദ്ദേഹത്തെ പീഡിപ്പിക്കുന്നില്ല. വനവും പട്ടണവും ലാഭവും ചേതവും എന്നുവേണ്ടാ എല്ലാ ദ്വന്ദ്വങ്ങളും വൈരുദ്ധ്യങ്ങളും അദ്ദേഹത്തെ വിട്ടുമാറുന്നു. എന്നാൽ വികല്പങ്ങൾ കേവലമില്ലാത്ത ഏകാന്തബ്രഹ്മനിഷ്ഠയിലാണങ്ങനെ സംഭവിക്കുന്നതു്. എന്തെങ്കിലും വികല്പമുണ്ടാവുമ്പോൾ ദ്വന്ദ്വബാധവുമുണ്ടാവും.

ക്വ ധർമ്മഃ ക്വ വാ കാമഃ
ക്വ ചാർത്ഥഃ ക്വ വിവേകിതാ
ഇദം കൃതമിദം നേതി
ദ്വന്ദ്വൈർമ്മുക്തസ്യ യോഗിനഃ. 12

സാരം:—സകല വികല്പങ്ങളും നീങ്ങി പരമനിർവ്വികല്പതാഭാവത്തിൽതന്നെ എപ്പോഴും മുഴുകി സ്വയം ബ്രഹ്മസ്വരൂപനായിത്തന്നെ കഴിയുന്ന ജ്ഞാനിക്കു ദ്വന്ദ്വപീഡകളില്ലെന്നതുപോലെ കർത്തവ്യാകർത്തവ്യങ്ങളുമില്ല. ധർമ്മം, അർത്ഥം, കാമം എന്നീ ഐഹികപുരുഷാർത്ഥങ്ങൾപോലും അദ്ദേഹത്തിനില്ല. മോക്ഷം സാധിച്ചു കഴിഞ്ഞിരിക്കയാൽ ആമുഷ്മികപുരുഷാർത്ഥവുമില്ല. ഇഹത്തിലോ പരത്തിലോ സാധിക്കേണ്ടതായിട്ടൊന്നുമില്ല. ചെയ്യേണ്ടതായിട്ടും ഒന്നുമില്ല. പിന്നെ ഇതു ചെയ്തു അതു ചെയ്തില്ല എന്നൊക്കെയുള്ള ഭാവങ്ങൾ അദ്ദേഹത്തിനെങ്ങനെയുണ്ടാവും? ഒരിക്കലും ഉണ്ടാവില്ലെന്നു താല്പര്യം.

കൃത്യം കിമപി നൈവാസ്തി
ന കാപി ഹൃദി രഞ്ജനാ
യഥാ ജീവനമേവേഹ
ജീവന്മുക്തസ്യ യോഗിനഃ. 13

സാരം:—കഴിഞ്ഞതിനെക്കുറിച്ചുള്ള ഓൎമ്മ; വരാൻ പോവുന്നതിൽ പ്രതീക്ഷ; വൎത്തമാനകാലത്തു താൻ ചെയ്യേണ്ടതായ കൎത്തവ്യം ഇവ മൂന്നും ജീവന്മുക്തനും ജ്ഞാനസമ്പന്നനുമായ ഒരു യോഗിക്കുണ്ടാവാൻ വയ്യ. അപ്പഴപ്പോഴം എന്തു വന്നു ചേരുന്നുവോ, അതിൽ ചിന്തയോ സുഖദുഃഖബാധയോ ഇല്ലാതെ അനുഭവിക്കുക എന്നുള്ളതു മാത്രമാണു് ജ്ഞാനിയായ മഹാത്മാവിൻെറ സ്ഥിതി. വന്നതിൽ പ്രീതിയോ വരാത്തതിൽ അപ്രീതിയോ പ്രതീക്ഷയോ ഒന്നുംതന്നെ അദ്ദേഹത്തിനില്ല.

ക്വ മോഹഃ ക്വ വാ വിശ്വം
ക്വ തദ്ധ്യാനം ക്വ മുക്തതാ
സൎവ്വസങ്കല്പസീമായാം
വിശ്രാന്തസ്യ മഹാത്മനഃ. 14

സാരം:—നിത്യമുക്തവും സൎവ്വത്ര വ്യാപ്തവുമായ ഏതൊരു പരചൈതന്യത്തിലാണോ എല്ലാവിധസങ്കല്പങ്ങളും ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നതു്, ആ അപരിച്ഛിന്നാത്മസ്വരൂപത്തിൽ സ്വയം ലയിച്ച നിത്യവിശ്രാന്തിയെ പ്രാപിച്ച മഹാത്മാവിനെങ്ങനെയാണജ്ഞാനമുണ്ടാവുന്നതു്? അദ്ദേഹത്തെ അപേക്ഷിച്ചു് അജ്ഞാനമോ പ്രപഞ്ചംതന്നെയോ ഇല്ല. അതിനാൽ അതിൻെറ നിവൃത്തിക്കുവേണ്ടി ധ്യാനം തുടങ്ങിയ പ്രയത്നവും ആവശ്യമില്ല. നിത്യമുക്തനായിക്കഴിഞ്ഞ അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ ബന്ധമേ ഉണ്ടായിട്ടില്ല. പിന്നെ ആൎക്കാണു് മുക്തിയുടെ ആവശ്യം?

യേന വിശ്വമിദം ദൃഷ്ടം
സ നാസ്തീതി കരോതു വൈ
നിർവ്വാസനഃ കിം കുരുതേ
പശ്യന്നപി ന പശ്യതി. 15

സാരം:—ദ്രഷ്ടൃദൃശ്യങ്ങൾ രണ്ടിന്നും അതീതനാണു് ജ്ഞാനി. അതിനാൽ ഒന്നിനെ കാണുമ്പോഴും അദ്ദേഹം ദ്രഷ്ടാവോ, ചെയ്യുമ്പോഴും കർത്താവോ, അനുഭവിക്കുമ്പോഴും ഭോക്താവോ അല്ല. കേവലം സാക്ഷിമാത്രം. അതിനാൽ ഈ ജഗത്തു മിത്ഥ്യയെന്നു തീർച്ചപ്പെടുത്തുന്നതുപോലും ജ്ഞാനിക്കാവശ്യമുള്ള കാര്യമല്ല. ജഗത്തിനെ കാണുന്നവൻ അതു സത്യമോ അസത്യമോ എന്നു തീർച്ചപ്പെടുത്തിക്കൊള്ളട്ടെ. തള്ളേണ്ടതെങ്കിൽ തള്ളുകയും കൊള്ളേണ്ടതെങ്കിൽ കൊള്ളുകയും ചെയ്യട്ടെ. താനൊന്നും ചെയ്യേണ്ടതായിട്ടില്ല. തനിക്കൊന്നിൻെറയും ബാധയുമില്ല. ഇതാണു് ജ്ഞാനിയുടെ നില. വാസന അല്പംപോലും തന്നിൽ ശേഷിച്ചിട്ടില്ലെന്നതിനാൽ ഒന്നിനോടും ജ്ഞാനി കൂടിച്ചേരുന്നില്ല. കാണുമ്പോഴും ദ്രഷ്ടാവല്ല. അതിനാൽ ജ്ഞാനിക്കൊന്നും ചെയ്യേണ്ടതായിട്ടില്ല.

യേന ദൃഷ്ടം പരം ബ്രഹ്മ
സോഹം ബ്രഹ്മേതി ചിന്തയേൽ
കിം ചിന്തയതി നിശ്ചിന്തോ
ദ്വിതീയം യോ ന പശ്യതി. 16

സാരം:—എന്നാൽ മറ്റൊന്നും ചെയ്യാനില്ലെങ്കിലും ബ്രഹ്മോപാസനയെങ്കിലും ചെയ്യേണ്ടിവരില്ലേ ജ്ഞാനിക്കെന്നാണെങ്കിൽ അതും ആവശ്യമില്ലെന്നു സമർത്ഥി

ക്കുന്നു. ബ്രഹ്മം തന്നിൽനിന്നന്യമാണെന്ന നിലയുള്ള പ്പോഴല്ലേ ഉപാസനയുടെ ആവശ്യം? സ്വയം ബ്രഹ്മമായിക്കഴിഞ്ഞവനാണു് ജ്ഞാനി. തന്നിൽനിന്നന്യമായി ഒന്നിൻെറയും പ്രതീതിയോ ചിന്തയോ അല്പംപോലുമില്ലാത്തവനാണു് ജ്ഞാനി. പിന്നെ അദ്ദേഹമെന്തുപാസനയാണു് ചെയ്യേണ്ടതു്? ബ്രഹ്മത്തെ തന്നിൽനിന്നു വേറെയായിക്കാണുന്നവൻ ഞാൻ ബ്രഹ്മമാണെന്നുപാസിക്കേണ്ടതാവശ്യവുമാണു്. എന്നാൽ ജ്ഞാനി ബ്രഹ്മംതന്നെയായിത്തീർന്നിരിക്കയാൽ ഒരു ഉപാസനത്തിൻെറപോലും ആവശ്യമില്ല.

ദ്രഷ്ടോ യേനാത്മവിക്ഷേപോ
നിരോധം കുരുതേ ത്വസൌ
ഉദാരസ്തു ന വിക്ഷിപ്തഃ
സാദ്ധ്യാഭാവാൽ കരോതി കിം? 17

സാരം:—തൻെറ ചിത്തത്തിന്നു വിക്ഷേപവും നാനാത്വബോധവുമുണ്ടെന്നു ബോദ്ധ്യമുള്ള ഒരാൾ ചിത്തത്തിൻെറ ഏകാഗ്രതാപരിശീലനംകൊണ്ടു് അതിനെ ജയിക്കാൻ ശ്രമിക്കേണ്ടതത്യാവശ്യമാണു്. എന്നാൽ ജ്ഞാനിക്കു വിക്ഷേപമില്ല, നാനാത്വബോധവുമില്ല. പിന്നെ ഏകാഗ്രതാപരിശീലനംകൊണ്ടും സമാദ്ധ്യഭ്യാസംകൊണ്ടും എന്തു സാധിക്കാനാണു്? ഒന്നും സാധിക്കാനില്ല. അതിനാൽ ജ്ഞാനിക്കൊന്നും ചെയ്യേണ്ടതായിട്ടില്ല.

ധീരോ ലോകവിപര്യസ്തോ
വർത്തമാനോപി ലോകവൽ
ന സമാധിം ന വിക്ഷേപം
ന ലേപം സ്വസ്യ പശ്യതി. 18

സാരം:—ലോകത്തിൽ മററുള്ളവരെപ്പോലെ ജീവിക്കുന്നുവെങ്കിലും ആത്മജ്ഞാനി ലൌകികനല്ല, ലോകാതീതനാണു്. സാധാരണ ലൌകികൎക്കുള്ള വിക്ഷേപം, ഏകാഗ്രത, വിഷയസംഗം എന്നിവയൊന്നും ജ്ഞാനിക്കില്ല. കൂടാതെ അദ്ദേഹം അത്യന്തധീരനാണു്. ഒന്നിനും ജ്ഞാനിയുടെ ചിത്തത്തെ ചലിപ്പിക്കാൻ സാദ്ധ്യവുമല്ല.

ഭാവാഭാവവിഹീനോ യ-
സ്തൃപ്തോ നിൎവ്വാസനോ ബുധഃ
നൈവ കിഞ്ചിൽ കൃതം തേന
ലോകദൃഷ്ട്യാഽപി കുൎവ്വതാ. 19

സാരം:—ജ്ഞാനിയുടെ ചിത്തത്തിൽ വിഷയങ്ങളുടെ ഉദയാസ്തമനങ്ങളില്ല. വിഷയങ്ങളെ അറിയുന്നുവെന്നോ, അറിയുന്നില്ലെന്നോ ഉള്ള രണ്ടു ഭാവങ്ങളുമില്ല. ജ്ഞാനി വിഷയങ്ങളെ അറിയുന്നേയില്ല. വൈഷയികവാസന മുഴുവൻ നീങ്ങിയിരിക്കുന്നു എന്നാണതിനു കാരണം. അല്പമായിട്ടെങ്കിലും വാസനയുള്ളപ്പോൾ വിഷയങ്ങളെ ഓൎമ്മിക്കുകയെങ്കിലും ചെയ്യും. എന്നാൽ അല്പമായും വാസനാബീജം ജ്ഞാനിയിലില്ലാത്തതിനാൽ വിഷയങ്ങളെ ഓൎക്കാൻതന്നെ വിഷമം. അങ്ങനെയുള്ള മഹാത്മാവു ലോകദൃഷ്ടിയിൽ എന്തെങ്കിലും ചിലതു ചെയ്താലും ഒന്നും ചെയ്യാത്ത ഫലമേ ഉള്ളു.

പ്രവൃത്തൌ വാ, നിവൃത്തൌ വാ
നൈവ ധീരസ്യ ദുൎഗ്രഹഃ
യദാ യൽ കൎത്തുമായാതി
തൽ കൃത്വാ തിഷ്ഠതഃ സുഖം. 20

സാരം:—ജ്ഞാനിക്കു പ്രവൃത്തിയും നിവൃത്തിയും രണ്ടല്ല; അഃദ്ദേഹത്തിൻെറ ദൃഷ്ടിയിൽ അങ്ങനെ രണ്ടു പ്രസ്ഥാനങ്ങൾതന്നെ ഇല്ലെന്നു പറയണം. എന്തെങ്കിലും ചെയ്യുമ്പോഴും ഒന്നും ചെയ്യാതിരിക്കുമ്പോഴും ജ്ഞാനിയുടെ അവസ്ഥയ്ക്കു മാററമൊന്നുമില്ല. അദ്ദേഹമെപ്പോഴും സുഖിയാണു്. കമ്മങ്ങളെ ചെയ്യണമെന്നോ, ചെയ്യരുതെന്നോ രണ്ടും വിചാരിക്കുന്നില്ല. കമ്മം ചെയ്യണമെന്നു് എപ്രകാരം വിചാരിക്കുന്നില്ലയോ, അതുപോലെ ചെയ്യില്ലെന്നും വിചാരിക്കുന്നില്ല. കമ്മങ്ങളെ അന്വേഷിക്കുന്നില്ല, വന്നുചേൎന്നതിനെ ഉപേക്ഷിക്കുന്നുമില്ല. എന്തെങ്കിലും ചെയ്താലും അതിൽ യാതൊരു സംബന്ധവുമില്ലതാനും. യാദൃച്ഛികമായി എന്തെങ്കിലും ചെയ്യേണ്ടിവന്നാൽ നിസ്സംഗനായി അതിനെ ചെയ്തുതീൎത്തു മിണ്ടാതിരിക്കുകയും ചെയ്യുന്നു. ഇതാണു് ജ്ഞാനികളുടെ സ്വഭാവം.

നിൎവ്വാസനോ നിരാലംബഃ
സ്വച്ഛന്ദോ മുക്തബന്ധനഃ
ക്ഷിപ്തഃ സംസ്കാരവാതേന
ചേഷ്ടതേ ശുഷ്കപൎണ്ണവൽ. 21

സാരം:—വാസനകൾ മുഴുവൻ നശിച്ചുകഴിഞ്ഞ ജ്ഞാനി ഒന്നിനോടും ബന്ധപ്പെടാതെയും ഒന്നിനെയും ആശ്രയിക്കാതെയും കേവലം നിരാലംബനായിക്കഴിയുന്നു. അദ്ദേഹത്തിന്നു ചെയ്യേണ്ടതോ കിട്ടേണ്ടതോ അനുഭവിക്കേണ്ടതോ ആയിട്ടൊന്നുംതന്നെയില്ല. കേവലം സ്വതന്ത്രനാണു് ജ്ഞാനി. അദ്ദേഹത്തിൻെറ എല്ലാ ബ

ന്ധങ്ങളും അററുപോയിരിക്കുന്നു. എന്നാൽ എന്തുകൊണ്ടു ശരീരം നിലനില്ക്കുന്നു എന്നാണെങ്കിൽ എന്തോ ചില പ്രാരബ്ധങ്ങൾ ബാക്കിയായിരിക്കുന്നു. പ്രാരബ്ധം മുഴുവൻ അവസാനിച്ചിട്ടില്ലെന്നുമാത്രമാണു് കാരണം. എന്നാൽ അതിൻെറ ബന്ധമില്ലേ എന്നാണെങ്കിൽ അതും ഇല്ല. പ്രാരബ്ധത്തെ അദ്ദേഹം അറിയുന്നേ ഇല്ല. കാററിൽ കരിയിലയെന്നപോലെ പ്രാരബ്ധത്തിൽ കേവലം പാറി ക്കളിക്കമാത്രമാണു് ചെയ്യുന്നതു്. കരിയിലയ്ക്കു കാററി ൻെറ ബോധമില്ലാത്തതുപോലെ ജ്ഞാനിക്കു പ്രാരബ്ധ ത്തിൻെറയും യാതൊരറിവുമില്ല.

അസംസാരസ്യ തു ക്വാപി
ന ഹർഷോ ന വിഷാദിതാ
സശീതളമനാ നിത്യം
വിദേഹ ഇവ രാജതേ. 22

സാരം:—ജ്ഞാനി സംസാരാതീതനാണു്. സംസാ രത്തിൻെറ ഒരു ധർമ്മവും അദ്ദേഹത്തെ ബാധിക്കുന്നില്ല. സുഖം ദുഃഖം പുണ്യം പാപം തുടങ്ങിയ സകല സംസാര ധർമ്മങ്ങളിൽനിന്നും അദ്ദേഹം കേവലം മുക്തനും അതീ തനുമാണു്. എപ്പോഴും അമൃതായമാനമായ കുളുർമ്മയിൽ ത്തന്നെ മുഴുകിയ ജ്ഞാനിക്കു ലോകദൃഷ്ട്യാ ശരീരമുണ്ടെ ങ്കിലും ഇല്ലാത്ത ഫലമാണു്. ശരീരികൾക്കുള്ള ക്ലേശങ്ങ ളിൽ ഒന്നുപോലും അദ്ദേഹത്തിനില്ല.

കുത്രാപി ന ജിഹാസാഽസ്തി
ജിഘൃക്ഷാഽപി ന കുത്രചിൽ
ആത്മാരാമസ്യ ധീരസ്യ
ശീതളാച്ഛതരാത്മനഃ. 23

സാരം:—ഒന്നിനെ അകത്തണമെന്നോ മററൊന്നിനെ സമ്പാദിക്കണമെന്നോ ജ്ഞാനിക്കില്ല. എന്തു വന്നാലും പോയാലും കൊള്ളാം. അദ്ദേഹത്തിനതിനെപ്പററി യാതൊരു ചിന്തയുമില്ല. മററൊരുപകരണത്തിൻെറ അപേക്ഷയില്ലാതെ തന്നെക്കൊണ്ടുതന്നെ തന്നിൽ രമിച്ചുകൊണ്ടിരിക്കുന്ന ആത്മാരാമനായിരിക്കുന്ന അദ്ദേഹത്തിൻെറ മനസ്സെപ്പോഴും കുളിൎത്തിരിക്കുന്നു. ഭയം പരിഭ്രമം വ്യസനം ക്രോധം തുടങ്ങിയ വികാരങ്ങൾ എന്തൊരു കാരണത്താലും ജ്ഞാനിയിൽ ഒരു കാലത്തും ഉണ്ടാവുന്നതുമല്ല.

പ്രകൃത്യാ ശൂന്യചിത്തസ്യ
കുൎവ്വതോഽസ്യ യദൃച്ഛയാ
പ്രാകൃതസ്യേവ ധീരസ്യ
ന മാനോ നാഽവമാനിതാ. 24

സാരം:—സ്വാഭാവികമായിത്തന്നെ വിഷയങ്ങളുടെ ഉദയാസ്തമനങ്ങളില്ലാത്തതും ശൂന്യപ്രായവുമാണു് ജ്ഞാനിയുടെ ചിത്തം. യാദൃച്ഛികമായി വന്നുചേരുന്നതിനെ ചിന്തകൂടാതെ ചെയ്യുന്നുവെന്നല്ലാതെ കൎമ്മശ്രദ്ധയും അദ്ദേഹത്തിനില്ല. സൎവ്വഥാശാന്തനുമാണു്. അതിനാൽ ശരീരാഭിമാനികളും പ്രാകൃതന്മാരുമായ വിഷയികൾക്കെന്നപോലെ മാനാവമാനങ്ങളൊന്നും ജ്ഞാനിക്കില്ല. അദ്ദേഹം എപ്പോഴും സ്ഥിരചിത്തനാണു്.

കൃതം ദേഹേന കൎമ്മേദം
ന മയാ ശുദ്ധരൂപിണാ
ഇതി ചിന്താനുരോധീ യഃ
കുൎവ്വന്നപി കരോതി നഃ. 25

സാരം:—ഞാൻ ശുദ്ധചൈതന്യമാത്രസ്വരൂപനാണ്. ശരീരാദ്യുപാധികൾ എന്റേതോ എനിക്കുള്ളതോ അല്ല. അവയുടെ ധർമ്മങ്ങൾ എനിക്കു ബാധകവുമല്ല. എല്ലാററിന്നും ഞാൻ സാക്ഷിമാത്രമാണ്. അല്ലാതെ ഒന്നിന്നും കർത്താവോ ഭോക്താവോ അല്ല. എന്നിങ്ങനെ ദൃഢമായി ബോദ്ധ്യപ്പെട്ടുകയും ഉപാധിധർമ്മങ്ങളോട്ടുകൂടി ചേർരാതിരിക്കുകയും ചെയ്യുന്ന ഒരാൾ ലോകദൃഷ്ട്യാ ചില കർമ്മങ്ങളൊക്കെ ചെയ്താലും അതിനൊന്നിനും അദ്ദേഹം കർത്താവാവുന്നില്ല. അങ്ങനെ ചെയ്യപ്പെടുന്ന കർമ്മം വെറും യാന്ത്രികം മാത്രമാകയാൽ അദ്ദേഹത്തെ അതു ബന്ധിക്കുന്നുമില്ല.

അതദ്വാദീവ കുരുതേ
ന ഭവേദപി ബാലിശഃ
ജീവന്മുക്തഃ സുഖീ ശ്രീമാൻ
സംസരന്നപി ശോഭതേ. 26

സാരം:—ജ്ഞാനി എപ്പോൾ എന്തു ചെയ്താലും അങ്ങനെയുള്ള കർമ്മങ്ങളൊന്നുംതന്നെ അദ്ദേഹത്തെ ബന്ധിക്കുന്നില്ല. ഏതൊരു കർമ്മത്തെ അപേക്ഷിച്ചും താനതിന്റെ കർത്താവാണെന്ന് അദ്ദേഹമവകാശപ്പെടുന്നുമില്ല. എന്നാൽ അതേ സമയത്ത് അദ്ദേഹം വിഡ്ഢിയല്ലതാനും. ലോകകാര്യങ്ങളിലും അദ്ദേഹം എല്ലാ പ്രകാരത്തിലും സമർത്ഥനാണ്. എന്നാൽ തനിക്കൊന്നിന്റെയും കർത്തൃത്വവും ഭോക്തൃത്വവും ആവശ്യമില്ലെന്നുമാത്രം. കർത്തൃത്വത്തേയും ഭോക്തൃത്വത്തേയും അവകാശപ്പെടുന്ന ജീവൻതന്നെ ലയിച്ചു ജീവന്മുക്തനായിരിക്കുന്ന അദ്ദേഹ

ത്തിനെന്തു കർത്തൃത്വമാണു്? സംസാരകാൎയ്യങ്ങളെ ചെയ്യുമ്പോഴും അദ്ദേഹം സുഖിയും ശ്രീമാനുമാണു്.

നാനാവിചാരസുശ്രാന്തോ
ധീരോ വിശ്രാന്തിമാഗതഃ
ന കല്പതേ ന ജാനാതി
ന ശൃണോതി ന പശ്യതി. 27

സാരം:—വളരെക്കാലം സ്ഥിരവും ദൃഢവുമായ നിലയിൽ ആത്മവിചാരം ചെയ്തതിന്റെ ഫലമാണു് തനിക്കു സംസാരദോഷങ്ങൾ നീങ്ങി ആത്മാവിനെ അറിഞ്ഞു് ആത്മാവിൽ വിശ്രാന്തി കിട്ടാനിടയായതു്. അങ്ങനെ വിശ്രാന്തി കിട്ടുന്നതിനു മുമ്പുതന്നെ സംസാരത്തിലെ ശ്രവണദൎശനാദിക്രിയകളിലും അനുഭവങ്ങളിലും അദ്ദേഹത്തിനു വെറുപ്പും മടുപ്പും വന്നുകഴിഞ്ഞിരിക്കുന്നു. ആ സ്ഥിതിക്കു് ആത്മവിശ്രാന്തി കിട്ടിയതിനുശേഷവും ഒരു ജ്ഞാനി സംസാരത്തിലെ ശ്രവണദൎശനങ്ങളിൽ രസിക്കുകയെന്നതുണ്ടാവാൻ പോവുന്നില്ല. അതിനാൽ വിശ്രാന്തനായ ജ്ഞാനി സംസാരത്തിലെ ഒന്നിനേയും അറിയുകയോ കാണുകയോ കേൾക്കുകയോ ചെയ്യാൻ ഇഷ്ടപ്പെടുന്നില്ല.

അസമാധേരവിക്ഷേപാൽ
ന മുമുക്ഷുൎന്ന ചേതരഃ
നിശ്ചിത്യ കല്പിതം പശ്യൻ
ബ്രഹ്മൈവാഽസ്തേ മഹാശയഃ. 28

സാരം:—ജീവന്മുക്തനായ മഹാത്മാവിന്നു വിഷയനിവൃത്തമായ സമാധിയും ചിത്തവിക്ഷേപകരമായ വി

ഷയവ്യവഹാരവും രണ്ടും ഒരുപോലെയാണ്. രണ്ടിനേയും അദ്ദേഹമാഗ്രഹിക്കുന്നില്ല. രണ്ടിലും പ്രവേശിക്കുന്നുമില്ല. ജഗത്തിലെ ഏതൊരനുഭവവും കേവലം കല്പനവും ഭ്രമവുമാണെന്നദ്ദേഹത്തിനറിയാം. അതിനാൽ ഒന്നിനേയും ഒരു പ്രകാരത്തിലും സ്പൃശിക്കുന്നില്ല. അതു കാരണത്താൽ അദ്ദേഹം എപ്പോഴും സംസാരസംബന്ധമില്ലാത്ത ബ്രഹ്മംതന്നെയാണെന്നു പറയണം.

യസ്യാന്തഃ സ്യാദഹങ്കാരോ
ന കരോതി കരോതി സഃ
നിരഹംകാരധീരേണ
ന കിഞ്ചിദകൃതം കൃതം. 29

സാരം:—ആരുടെ ചിത്തത്തിലാണോ 'ഞാനെ'ന്ന അഹങ്കാരം എപ്പോഴും വിട്ടുമാറാതെ തടിച്ചു കൊഴുത്തിരിക്കുന്നതു്, അങ്ങിനെയുള്ള അവിവേകിയാണ് ചിലപ്പോഠം ചിലതിൻെറ കർത്താവും ചിലതിൻെറ അകർത്താവുമൊക്കെയാവുന്നതു്. എന്നാൽ ജീവന്മുക്തനായ ജ്ഞാനിയുടെ അഹങ്കാരം നേരത്തെത്തന്നെ ലയിച്ചു് അദ്ദേഹം സർവ്വാത്മാവും അപരിച്ഛിന്നനുമായിരിക്കുന്നതിനാൽ അദ്ദേഹമൊന്നിൻേറയും കർത്താവും അകർത്താവുമല്ല. ഒന്നു ചെയ്യുവെന്നോ, ചെയ്തില്ലെന്നോ ഉള്ള രണ്ടുവിധമായ തോന്നലും അദ്ദേഹത്തിന്നില്ല.

നോദ്വിഗ്നം ന ച സന്തുഷ്ട-
മകർത്തൃ സ്പന്ദവർജ്ജിതം
നിരാശം ഗതസന്ദേഹം
ചിത്തം മുക്തസ്യ രാജതേ. 30

സാരം: —ജീവന്മുക്തനായ ജ്ഞാനിക്ക് ഒന്നിലും ഭയപരിഭ്രമങ്ങളോ, സന്തോഷമോ ഇല്ല. എന്തുതന്നെ സംഭവിച്ചാലും സംഭവിക്കാതിരുന്നാലും അദ്ദേഹം ഭയപ്പെടുകയോ പരിഭ്രമിക്കുകയോ സന്തോഷിക്കുകയോ ഒന്നും ചെയ്യുന്നില്ല. ഒന്നിനും താൻ കത്താവാണെന്നഭിമാനിക്കുന്നുമില്ല. ഒരാഗ്രഹവും അദ്ദേഹത്തിനില്ലായ്കയാൽ എപ്പോഴും ഒന്നിലും നിരാശയുമില്ല. സംശയത്തിൻെറ കണികപോലും അദ്ദേഹത്തെ അലട്ടുന്നില്ല. സ്വയം വസ്തുസ്വരൂപനായിക്കഴിഞ്ഞിരിക്കയാൽ ഒരു സംശയവുമുണ്ടാവാൻ വയ്യ. അതിനാൽ എപ്പോഴും ഉൽബുദ്ധവും എന്നാൽ പ്രശാന്തവുമായി പ്രകാശിക്കുന്നു ജ്ഞാനിയുടെ ചിത്തം.

നിർധ്യാതും ചേഷ്ടിതും വാപി
യച്ചിത്തം ന പ്രവത്തതേ
നിർന്നിമിത്തമിദം കിന്തു
നിർധ്യായതി വിചേഷ്ടതേ. 31

സാരം: —ജ്ഞാനിയുടെ ചിത്തത്തിൻെറ സ്വഭാവത്തെയാണ് മുൻശ്ലോകംകൊണ്ടു പറഞ്ഞതു്. എന്നിരുന്നാലും ഇന്ന പ്രകാരത്തിലാണ് ജ്ഞാനിയുടെ ചിത്തമെന്നാക്കും കണക്കാക്കാൻ വയ്യ. ഒരു വസ്തുവിനെത്തന്നെ സ്ഥിരമായി വിചാരിച്ചുകൊണ്ടിരിക്കുക, അല്ലെങ്കിൽ പല വിഷയങ്ങളേയും മാറിമാറി വിചാരിച്ചുകൊണ്ടിരിക്കുക—ഇങ്ങനെ രണ്ടു പ്രകാരത്തിലാണല്ലോ ചിത്തം വ്യാപരിച്ചുകൊണ്ടിരിക്കുന്നതു്. ഇതിൽ ആദ്യം പറഞ്ഞതാണ് സാധകന്മാരുടെ ചിത്തത്തിൻെറ സ്വഭാ

വം. രണ്ടാമത്തേതു വിഷയികളുടെ ചിത്തത്തിൻേറയും സ്വഭാവമാണു്. എന്നാൽ ജ്ഞാനികളുടെ ചിത്തത്തിൻേറ സ്വഭാവം പ്രസ്തുത രണ്ടു പ്രകാരത്തിലുമല്ല. ചിലപ്പോൾ യാദൃച്ഛികമായി എന്തിനെയെങ്കിലും വിചാരിച്ചുകൊണ്ടിരിക്കും. മററു ചിലപ്പോൾ പല വിഷയങ്ങളിലും വ്യാപരിക്കും. എന്നാൽ ചിലപ്പോൾ എന്തൊക്കെ കാരണമുണ്ടായാലും ഒന്നിനേയും വിചാരിക്കാതേയുമിരിക്കും. അതിനാൽ ജ്ഞാനിയുടെ ചിത്തത്തിൻേറ സ്വാഭാവികപ്രകൃതി എന്തെന്നാക്കുമറിഞ്ഞുകൂടാ.

തത്വം യഥാത്ഥമാകർണ്യ
മന്ദഃ പ്രാപ്നോതി മൂഢതാം
അഥവാ യാതി സങ്കോച-
മമൂഢഃ കോപി മൂഢവൽ. 32

സാരം:—മന്ദബുദ്ധികളായ അജ്ഞന്മാക്കു യഥാത്ഥമായ തത്വശ്രവണം മിക്കവാറും സാധിക്കാൻ പോവുന്നില്ല. അഥവാ സാധിച്ചാലും ചിത്തത്തിന്നു കൂമ്മതയും ശുദ്ധിയും പോരാത്തതുകൊണ്ടു ലക്ഷ്യത്തെ ശരിയാംവണ്ണം ഗ്രഹിക്കാനോ ഉറപ്പിക്കാനോ കഴിയുന്നില്ല. വിപരീതഭാവന അല്ലെങ്കിൽ അസംഭാവന തുടങ്ങിയ ചിത്തദോഷങ്ങളെക്കൊണ്ടു ലക്ഷ്യത്തിൽ ഉണരാൻ കഴിയുന്നില്ല. അല്ലെങ്കിൽ പെട്ടെന്നു ചിത്തംതന്നെ ലയിക്കുന്നു. എന്നാൽ ചിത്തശുദ്ധിവന്ന ഒരാൾ തത്വശ്രവണംചെയ്യുന്നതോടെ വസ്തുസ്വരൂപത്തിൽ ദൃഢമായ അവസ്ഥിതിയെ പ്രാപിക്കുന്നു. അങ്ങനെ സംഭവിച്ചാൽ അതുവരെ ജ്ഞാനിയാണെന്നഭിമാനിച്ചിരുന്ന അദ്ദേഹം

മൂഢനൊന്നപോലെ കാണപ്പെട്ടുകയും ചെയ്യും. പക്ഷേ ആ മൂഢത ജ്ഞാനത്തിൻെറ വിളംബരമാണുതാനും.

ഏകാഗ്രതാ നിരോധോ വാ
മൂഢൈരഭ്യസ്യതേ ഭൃശം
ധീരാഃ കൃത്യം ന പശ്യന്തി
സുപ്തവൽ സ്വപദേ സ്ഥിതാഃ. 33

സാരം:—ആത്മജ്ഞാനസമ്പന്നനല്ലാത്ത മൂഢനാണു് ചിത്തത്തിൻെറ ഏകാഗ്രതയേയും ഇന്ദ്രിയങ്ങളുടെ അടക്കത്തേയുമൊക്കെ അഭ്യസിക്കുന്നതു്. ആത്മജ്ഞാനത്തിൽ ദൃഢത വന്നവൻ തനിക്കു യാതൊരു കത്തവ്യവുമുള്ളതായിക്കാണുന്നില്ല. അദ്ദേഹം ഗാഢനിദ്രയിലെന്നപോലെ സംസാരത്തെ അറിയാതെ എപ്പോഴും ആത്മാവിൽത്തന്നെ ലയിച്ചു തന്മയനായിരിക്കുന്നു.

അപ്രയത്നാൽ പ്രയത്നാദ്വാ
മൂഢോ നാപ്നോതി നിർവൃതിം
തത്വനിശ്ചയമാത്രേണ
പ്രാജ്ഞോ ഭവതി നിർവൃതഃ. 34

സാരം:—പ്രയത്നിച്ചാലും ഇല്ലെങ്കിലും തത്വനിശ്ചയം വന്നിട്ടില്ലാത്ത മൂഢൻ ആത്മനിർവൃതിയെ പ്രാപിക്കുന്നില്ല. നിസ്സംശയമായ തത്വബോധമില്ലാത്തതിനാൽ മൂഢൻെറ ആത്മസാക്ഷാൽക്കാരത്തിന്നുള്ള പ്രയത്നവും മിക്കപ്പോഴും തെററായ വഴിയിൽക്കൂടെ ആവാനേ ഇടയുള്ളു. എന്നാൽ അതേ സമയത്തു് ഒന്നും ചെയ്യാതെ തന്നെ സുദൃഢവും നിസ്സംശയസ്വരൂപവുമായ തത്വനിശ്ചയം ഒന്നുകൊണ്ടുതന്നെ വിവേകി ആത്മനിർവൃതി

യെ അനുഭവിക്കുന്നു. ശരിയായ ജ്ഞാനം അല്ലെങ്കിൽ തത്വബോധം മാത്രമാണു് ആത്മനിർവൃതിക്കു കാരണമെന്നു താല്പര്യം.

ശുദ്ധം ബുദ്ധം പ്രിയം പൂൎണ്ണം
നിഷ്പ്രപഞ്ചം നിരാമയം
ആത്മാനം തം ന ജാനന്തി
തത്രാഽഭ്യാസപരാ ജനാഃ. 35

സാരം:—യോഗാദ്യഭ്യാസംകൊണ്ടു് ആത്മജ്ഞാനമുണ്ടാവില്ലെന്നു സമൎത്ഥിക്കുന്നു. സത്വാദിഗുണങ്ങളുടെ സ്പശ്ലേശമില്ലാത്തതും ജ്ഞാനൈകസ്വരൂപവും സൎവ്വജീവികളുടേയും പ്രീതിക്കു ഹേതുവാകയാൽ ആനന്ദസ്വരൂപവും സൎവ്വത്ര പരിപൂൎണ്ണവും പ്രപഞ്ചാതീതവും ദുഃഖസ്പശമില്ലാത്തതുമാണു് ആത്മാവു്. അപ്രകാരമുള്ള ആത്മസ്വരൂപത്തെ യോഗാദ്യഭ്യാസങ്ങളെക്കൊണ്ടു് അറിയാൻ സാദ്ധ്യമല്ല. ആത്മധൎമ്മങ്ങളും യോഗധൎമ്മങ്ങളും വ്യത്യസ്തങ്ങൾ മാത്രമല്ല, അന്യോന്യവിരുദ്ധങ്ങൾകൂടിയാണു് എന്നു കാണിക്കാനാണു് ശ്ലോകത്തിൻെറ പൂൎവ്വാൎദ്ധത്തിൽ ആത്മധൎമ്മങ്ങളെ വിവരിച്ചിരിക്കുന്നതു്. ഗുണാതീതമാണു് ആത്മസ്വരൂപം. എന്നാൽ ത്രിഗുണാന്തൎഗ്ഗതമാണു് യോഗാഭ്യാസം. ജ്ഞാനൈകസ്വരൂപമാണു് ആത്മസ്വരൂപം; അജ്ഞാനസ്വരൂപമാണു് യോഗം. ആനന്ദമയനാണു് ആത്മാവു്. ദുഃഖമയമാണു് യോഗാഭ്യാസം. സൎവ്വത്ര സമ്പൂൎണ്ണമാണു് ആത്മാവു്. പ്രാദേശികം മാത്രമാണു് യോഗം. പ്രപഞ്ചാതീതമാണു് ആത്മാവെങ്കിൽ പ്രപഞ്ചാന്തൎഗ്ഗതമാണു് യോഗം. ക്ലേശ

രഹിതമാണു് ആത്മാവു്. എന്നാൽ ക്ലേശപൂർണ്ണമാണു് യോഗം. ഇങ്ങനെ ആത്മധർമ്മത്തേയും യോഗധർമ്മത്തേയും നിരൂപിക്കുമ്പോൾ വൈരുദ്ധ്യം സ്പഷ്ടമാകയാൽ യോഗാഭ്യാസംകൊണ്ടു് ആത്മസാക്ഷാൽക്കാരം സാദ്ധ്യമല്ലെന്നു സമർത്ഥിക്കുകയാണു് ചെയ്യുന്നതു്. അഭ്യാസശബ്ദംകൊണ്ടു യോഗത്തെത്തന്നെയാണു് മുഖ്യമായി സൂചിപ്പിക്കുന്നതെങ്കിലും കർമ്മം തുടങ്ങിയ മററു സാധനകളൊന്നും ആത്മസാക്ഷാൽക്കാരത്തിന്നു കാരണങ്ങളല്ലെന്നു് ഇതേ കാരണംകൊണ്ടു സമർത്ഥിക്കപ്പെട്ടു. നിരുപാധികവും നിസ്സംശയവും അദ്വൈതവുമായ ജ്ഞാനമൊഴിച്ചു മററൊന്നുംതന്നെ ആത്മാനുഭൂതിക്കു കാരണമല്ലെന്നു താല്പര്യം.

നാഽപ്നോതി കർമ്മണാ മോക്ഷം
വിമൂഢോഽഭ്യാസരൂപിണാ
ധന്യോ,വിജ്ഞാനമാത്രേണ
മുക്തസ്തിഷ്ഠത്യവിക്രിയഃ. 36

സാരം:—മുൻശ്ലോകത്തിൽ യോഗം മുക്തിക്കു കാരണമല്ലെന്നു സമർത്ഥിച്ചതുപോലെ കർമ്മവും മുക്തികാരണമല്ലെന്നു് ഈ ശ്ലോകംകൊണ്ടു സമർത്ഥിക്കുന്നു. കർമ്മം അജ്ഞാനസ്വരൂപമാണെന്നു പ്രസിദ്ധമാണു്. അജ്ഞാനം ബന്ധത്തെ ദൃഢപ്പെടുത്താനല്ലാതെ ബന്ധത്തെ അകററാൻ കാരണമാവില്ലെന്നു പറയേണ്ടതില്ലല്ലോ. ആ സ്ഥിതിക്കു കർമ്മംകൊണ്ടു മുക്തനാവുമെന്നു തെററിദ്ധരിച്ചു് ഒരാൾ മുക്തിക്കുവേണ്ടി പല കർമ്മങ്ങളേയും ചെയ്യുന്നുവെങ്കിൽ അവൻ മൂഢനാണെന്നതിന്നു സംശയമില്ല. മൂഢൻ എത്രതന്നെ കർമ്മം ചെയ്താലും അജ്ഞാനം വർദ്ധി

ക്കലെല്ലാതെ ജ്ഞാനമോ മുക്തിയോ ഒന്നുമുണ്ടാവാൻ പോവുന്നില്ല. എന്നാൽ അതേ സമയത്തു നിസ്സംശയസ്വരൂപേണ തത്വനിശ്ചയംവന്ന സുകൃതിയാകട്ടെ ആ ജ്ഞാനം ഒന്നുകൊണ്ടുതന്നെ സർവ്വബന്ധങ്ങളുമററു മുക്തനായിത്തീൎന്നു സർവ്വവികാരങ്ങൾക്കും—മാററങ്ങൾക്കും—അതീതനാവുന്നു.

കൎമ്മമാണു് ബന്ധത്തിന്നും ജന്മത്തിന്നും ദുഃഖത്തിന്നുമെല്ലാം ഹേതു. അതു പ്രസിദ്ധമാണു്. അതിനാൽ കൎമ്മം വളരുംതോറും ജന്മജരാദിദുഃഖങ്ങൾ വൎദ്ധിക്കലെല്ലാതെ അവ ക്ഷയിക്കാൻ അൎഹതയില്ല. എങ്കിലും സർവ്വപ്രമാണമായ ശ്രുതി കാലദേശങ്ങളേയും വൎണ്ണാശ്രമങ്ങളേയും അവയിൽ ഒതുക്കിനിൎത്തിക്കൊണ്ടു പലവിധ കൎമ്മങ്ങളേയും വിധിച്ചിട്ടുണ്ടു്. ജീവൻെറ ശ്രേയസ്സിനെമാത്രം ഉപദേശിക്കുന്ന ശ്രുതി കൎമ്മങ്ങളെ വിധിച്ചിട്ടുണ്ടെങ്കിൽ അതും ജീവൻെറ പരമശ്രേയസ്സിന്നുള്ളതാവണം. അതിനാൽ കൎമ്മംകൊണ്ടും മുക്തിയുണ്ടാവാം. കൂടാതെ ജ്ഞാനംകൊണ്ടേ മുക്തിയുള്ളു എന്നു വിധിച്ച അതേ ശ്രുതിതന്നെയാണു് കൎമ്മങ്ങളേയും വിധിച്ചിരിക്കുന്നതു്. അതിനാൽ സത്യമായ വേദത്തിൻെറ ഒരു ഭാഗംമാത്രം ശരി; ഒരു ഭാഗം തെററു് എന്നു വരാൻ വയ്യ. അതിനാൽ ജ്ഞാനംകൊണ്ടു മുക്തിയുണ്ടെങ്കിൽ കൎമ്മംകൊണ്ടും മുക്തിയുണ്ടെന്നു തെററിദ്ധരിക്കുകയും ശഠിക്കുകയും ചെയ്യുന്നവരുണ്ടു്. എന്നാൽ അവരുടെ ശാഠ്യം വെറും വ്യാമോഹം മാത്രമാണു്. ഒരിക്കലും കൎമ്മം മുക്തിക്കു കാരണമാവാൻ വയ്യ. എന്തുകൊണ്ടെന്നാൽ കൎമ്മങ്ങളെല്ലാം

അജ്ഞാനസ്വരൂപങ്ങളാണു്. അതിനാൽ അവ വളരുംതോറും അജ്ഞാനം വദ്ധിക്കലെല്ലാതെ ജ്ഞാനമോ മുക്തിയോ ഉണ്ടാവാൻ പോവുന്നില്ല.

എന്നാൽ പിന്നെ എന്തിനുവേണ്ടി ശ്രുതി കമ്മങ്ങളെ വിധിച്ചു എന്നാണെങ്കിൽ അദ്വൈതജ്ഞാനഗ്രഹണത്തിന്നഹ്തവന്നിട്ടില്ലാത്ത അജ്ഞരുടെ ചിത്തമാലിന്യത്തെ നീക്കാൻവേണ്ടിമാത്രം. ചിത്തമാലിന്യംകൊണ്ടാണു് മുക്തിക്കു ജ്ഞാനം ആവശ്യമില്ലെന്നു തോന്നുന്നതു്. നിഷ്കാമരൂപേണ കുറെ കമ്മം ചെയ്യുമ്പോൾ ചിത്തമാലിന്യങ്ങൾ ക്ഷയിക്കും. അതിനുവേണ്ടിയാണു് ശ്രുതി കമ്മങ്ങളെ വിധിച്ചതു്. കൂടാതെ കാലം ദേശം ദ്രവ്യം കത്താവു് തുടങ്ങിയ ഉപാധികളെ അവലംബിച്ചാണു് കമ്മം നിലകൊള്ളുന്നതു്. എന്നാൽ മുക്തിയാകട്ടെ നിരുപാധികവും സാവ്വത്രികവുമാണു്. ഈ കാരണംകൊണ്ടും കമ്മം മുക്തികാരണമല്ല. നിരുപാധികവും അദ്വൈതവുമായ ജ്ഞാനം ഒന്നുമാത്രമേ മുക്തിക്കു കാരണമാവൂ.

മൂഢോ നാപ്നോതി തൽ ബ്രഹ്മ
യതോ ഭവിതുമിച്ഛതി
അനിച്ഛന്നപി ധീരോ ഹി
പരബ്രഹ്മസ്വരൂപഭാക്. 37

സാരം:—തത്വസ്വരൂപത്തെ ശരിയായി ഗ്രഹിച്ചിട്ടില്ലാത്ത മൂഢനു ബ്രഹ്മാനുഭൂതിയുണ്ടാവുകയെന്നതു വിഷമംതന്നെ. എന്തുകൊണ്ടെന്നാൽ അവൻ എപ്പോഴും ബ്രഹ്മത്തെ തന്നിൽനിന്നു വേറെയായിട്ടാണു് കാണുന്ന

തും അന്വേഷിക്കുന്നതും. താൻ ജീവനോ ജീവിയോ മനുഷ്യനോ സ്ത്രീയോ പുരുഷനോ കയ്യെയാണു്. അങ്ങനെയാണു് അജ്ഞന്റെ വിശ്വാസം. പ്രസ്തുതവിശ്വാസത്തെ നിലനിർത്തിക്കൊണ്ടാണു് അവൻ ബ്രഹ്മാന്വേഷണം ചെയ്യുന്നതു്. താൻ ബ്രഹ്മമാണു്, അല്ലെങ്കിൽ താൻതന്നെയാണു് അന്വേഷിക്കപ്പെടുന്ന ബ്രഹ്മമെന്നവന്നു ബോദ്ധ്യമില്ല. അതിനാൽ വളരെക്കാലം കഴിഞ്ഞിട്ടും പലതും ചെയ്തിട്ടും അജ്ഞന്നു ബ്രഹ്മഭാവം കിട്ടുന്നില്ല. എന്നാൽ അതേസമയത്തു യാതൊരന്വേഷണവും ചെയ്യാതെതന്നെ അഭിജ്ഞൻ സ്വയം ബ്രഹ്മസ്വരൂപമായിത്തീരുകയും ചെയ്യുന്നു. അദ്വൈതജ്ഞാനം മാത്രമാണു് മുക്തിക്കു ഹേതുവെന്നു് ഈ അനുഭവംകൊണ്ടും അറിയാൻ കഴിയുന്നു.

നിരാധാരാഗ്രഹവ്യഗ്രാഃ
മൂഢാഃ സംസാരപോഷകാഃ
ഏതസ്യാനർത്ഥമൂലസ്യ
മൂലച്ഛേദഃ കൃതോ ബുധൈഃ. 38

സാരം:—സംസാരത്തിൽനിന്നു നിവർത്തിക്കാനും കൈവല്യത്തെ പ്രാപിക്കാനും ആഗ്രഹമുണ്ടായതുകൊണ്ടു മാത്രം അതു സംഭവിക്കാൻ പോവുന്നില്ല. അങ്ങനെയുള്ള ആഗ്രഹം നല്ലതുതന്നെ. എന്നാൽ അതിനാവശ്യമായ പ്രയത്നവും ഒഴിക്കാൻ പാടുള്ളതല്ല. ശാസ്ത്രപാഠം, ഗുരുസേവ, സൽസംഗം, ശ്രവണമനനനിദിദ്ധ്യാസങ്ങൾ എന്നിവയെല്ലാം അതിനുള്ള ഉപായങ്ങളാണു്. അവയെല്ലാം അവശ്യം സേവിക്കപ്പെടുകയും വേണം. അ

ങ്ങനെയൊന്നും ചെയ്യാതെ തൻെറ ഇഷ്ടംപോലെയോ അല്ലെങ്കിൽ അനുഭവമില്ലാത്ത ഗുരുവിൻെറ അഭിപ്രായ പ്രകാരമോ എന്തെങ്കിലും ചിലതു ചെയ്യുന്നുവെങ്കിൽ അതുകൊണ്ടു സംസാരനിവൃത്തിയോ ബ്രഹ്മപ്രാപ്തിയോ ഒന്നുംതന്നെ ഉണ്ടാവാൻ പോവുന്നില്ല. സംസാരാനുഭവങ്ങളുടെ ക്ഷയത്തിന്നു പകരം അഭിവൃദ്ധിയായിരിക്കും ഉണ്ടാവുന്നതു്. സ്വതവേ അനുഭവിച്ചിരുന്ന അജ്ഞാനത്തെ സാധനയെന്ന പേരോടുകൂടി മറെറാരു സ്വരൂപത്തിൽ അനുഭവിക്കുന്നതുകൊണ്ടു ബ്രഹ്മപ്രാപ്തിയുണ്ടാവുമെന്നു ധരിക്കുന്നതിൽപരം മൂഢത മറെറന്താണുള്ളതു്! സംസാരത്തിലെ ചില വസ്തുക്കളെയോ ചില അനുഭവങ്ങളെയോ ഉപേക്ഷിക്കലെല്ല, സവ്വാനത്ഥങ്ങൾക്കും ഹേതുവായ സംസാരത്തെ ഒട്ടാകെത്തന്നെയും ഉപേക്ഷിക്കുന്നതാണു് ബുദ്ധിപൂവ്വകമായ പ്രവൃത്തി. അതുകൊണ്ടേ ബ്രഹ്മഭാവം കിട്ടാൻ പോവുന്നുള്ളൂ. വസ്തുസ്വരൂപത്തെ അറിഞ്ഞ അഭിജ്ഞന്മാർ അങ്ങനെയാണു് ചെയ്തുവരുന്നതും.

ന ശാന്തിം ലഭതേ മൂഢോ
യതഃ ശമിതുമിച്ഛതി
ധീരസ്തത്വം വിനിശ്ചിത്യ
സവ്വദാ ശാന്തമാനസഃ. 39

സാരം:—വസ്തുബോധമുറച്ചിട്ടില്ലാത്ത മൂഢനു ചിത്തശാന്തിയുണ്ടാവാൻ വയ്യ. താൻ ശരീരമാണു്; മനുഷ്യനാണു് എന്നുതുടങ്ങി ഒരായിരം അഭിമാനങ്ങളും അവയോടു ബന്ധപ്പെട്ട കത്തവ്യങ്ങളും സുഖദുഃഖങ്ങളും രാഗാദിവികാരങ്ങളും എപ്പോഴും മൂഢനെ അലട്ടിക്കൊണ്ടി

രിക്കുന്നു. ചിത്തശാന്തിക്കുവേണ്ടി അയാൾ പലേടത്തും പോവുകയും പലതും പ്രവൎത്തിക്കുകയും ചെയ്യുന്നു. അതുകൊണ്ടൊക്കെ ചിത്തശാന്തിയുണ്ടാവുമെന്നു വ്യാമോഹിക്കുകയും ചെയ്യുന്നു. ശാന്തി സ്വതവേയുള്ളതാണു്. തന്റെ ചിത്തവിക്ഷേപങ്ങളാണു് അതിനെ മറച്ചിരിക്കുന്നതു്. വിക്ഷേപങ്ങൾ നീങ്ങി ചിത്തം വിശ്രാന്തവും സന്തുഷ്ടവുമായിക്കഴിഞ്ഞാൽ ശാന്തിക്കു തടസ്ഥമില്ലാതായി. അതറിയാതെ തന്നിൽ സ്വാഭാവികമായുള്ള ശാന്തിയെ കാലത്തിലും ദേശത്തിലും കൎമ്മത്തിലുമൊക്കെ അന്വേഷിച്ചുകൊണ്ടു നടക്കുന്നു. അങ്ങനെ ചെയ്യുന്നതുകൊണ്ടു് എവിടെനിന്നും താനന്വേഷിക്കുന്ന ശാന്തി കിട്ടുന്നില്ലെന്നു മാത്രമല്ല, കൂടുതൽ വിക്ഷേപങ്ങളെ സൃഷ്ടിക്കുന്നതിനാൽ ആ ശാന്തി അധികമായിത്തീരുകയും ചെയ്യുന്നു. അതേസമയത്തു തത്വബോധംകൊണ്ടു വിക്ഷേപങ്ങളടങ്ങി പ്രശാന്തനായ അഭിജ്ഞൻ യാതൊരു പ്രയത്നവും കൂടാതെതന്നെ ശാന്തിസുഖത്തെ നുകരുകയും ചെയ്യുന്നു. തത്വാനുഭൂതിതന്നെ ശാന്തിയുടെ രൂപമെന്നു താല്പൎയ്യം.

ക്വാത്മനോ ദൎശനം തസ്യ
യൽ ദൃഷ്ടമവലംബതേ
ധീരാസ്തേ തം ന പശ്യന്തി
പശ്യന്ത്യാത്മാനമവ്യയം. 40

സാരം:—തത്വബോധമുറച്ചിട്ടില്ലാത്ത അജ്ഞൻ എപ്പോഴും വിഷയങ്ങളെമാത്രമാണു് കാണുന്നതു്. ചിലപ്പോൾ ധ്യാനമാണെന്നു പറഞ്ഞു കണ്ണടച്ചിരുന്നാൽ

അപ്പോഴും വിഷയങ്ങളെമാത്രമാണു് അകത്തും കാണുന്ന തു്. ഒരിക്കലും അജ്ഞൻെറ പ്രജ്ഞ ശബ്ദാദിവിഷയങ്ങ ളെ വിട്ടു നില്ക്കുന്നില്ല. ബാഹ്യവൃത്തിയാണു് അവൻെറ പ്രജ്ഞക്കെപ്പോഴുമുള്ളതു്. അന്തർമ്മുഖത്വമോ ആത്മദ ശ്നമോ ആത്മാന്വേഷണംപോലുമോ അവനു സാദ്ധ്യമ ല്ല. അങ്ങനെയുള്ളവക്കു് ആത്മസാക്ഷാൽക്കാരവും കൈ വല്യപ്രാപ്തിയുമൊക്കെ വിഷമംതന്നെ. എന്നാൽ അ തേസമയത്തു് അഭിജ്ഞന്മാരാകട്ടെ കണ്ണു തുറന്നു ബാഹ്യ പ്രപഞ്ചത്തിലേയ്ക്കു നോക്കുമ്പോഴപ്പോലും വിഷയങ്ങളെ യല്ല, ആത്മാവിനെയാണു് കാണുന്നതു്. വസ്തുബോധ ത്തിൻെറ ദൃഢതയും അതില്ലായ്മയുമാണു് ഈ വൈരുദ്ധ്യ ത്തിന്നു ഹേതു. അതിനാൽ നിസ്സംശയസ്വരൂപേണയു ള്ള വസ്തുബോധമാകുന്ന ജ്ഞാനംതന്നെ ആത്മസാക്ഷാൽ ക്കാരത്തിന്നും മുക്തിക്കും എല്ലാം ഹേതു.

ക്വ നിരോധോ വിമൂഢസ്യ
യോ നിർബ്ബന്ധം കരോതി വൈ
സ്വാരാമസൈ്യവ ധീരസ്യ
സർവ്വദാഽസാവകൃത്രിമഃ. 41

സാരം:—ചിത്തത്തെ നിരോധിക്കാതെ സംസാരം എങ്ങനെ അടങ്ങും? വാസനാപ്രവാഹവും പ്രാണസ്പന്ദവു മുള്ളേടത്തോളംകാലം ചിത്തനിരോധം സാദ്ധ്യമല്ലെന്നും പറയണം. ശരീരാദിഉപാധികളിൽ ഞാനെന്നും എൻേറ തെന്നും അഭിമാനമുള്ള മൂഢൻെറ വാസനാപ്രവാഹം അവസാനിക്കാവുന്നതല്ല. വാസനാപ്രവാഹമവസാനി ക്കാതെ ചിത്തസ്പന്ദവും അടങ്ങുന്നില്ല. അതിനാൽ അ

ജ്ഞനു ചിത്തനിരോധം സാദ്ധ്യമല്ലെന്നു താല്പൎയ്യം. ചിത്തം നിരോധിക്കപ്പെടാതിരിക്കുംകാലത്തോളം സംസാരം വൎദ്ധിക്കലല്ലാതെ ക്ഷയിക്കലില്ല. എന്നാൽ വസ്തുബോധത്തിൻെറ ദൃഢതകൊണ്ടു സംസാരത്തിൽ അസത്യബുദ്ധി ഉറച്ചുകഴിഞ്ഞ അഭിജ്ഞനാകട്ടെ വിഷമം കൂടാതെ ചിത്തനിരോധം സാധിക്കുന്നു. യാതൊരു ബലാൽക്കാരവുമില്ലാതെ സ്വാഭാവികമായി വന്നുചേൎന്ന ചിത്തനിരോധം അകൃത്രിമമാണു്. അതിനാൽ അതു ദൃഢപ്പെട്ടു കാലംകൊണ്ടു സംസാരസ്മരണംപോലുമില്ലാതെ അഭിജ്ഞൻ ബ്രഹ്മനിൎവൃതിയെ അനുഭവിക്കുന്നു.

ഭാവസ്യ ഭാവകഃ കശ്ചി-
ന്ന കിഞ്ചിൽ ഭാവകോഽപരഃ
ഉഭയാഭാവകഃ കശ്ചി-
ദേവമേവ നിരാകുലഃ. 42

സാരം:—കേവലം ഭാവനാമാത്രമാണു് ജഗത്തു് അല്ലെങ്കിൽ സംസാരം. ഭാവനയുള്ളേടത്തോളംകാലം സംസാരം നിലനില്ക്കുന്നു. ഒരു ഭാവനയുമില്ലാതായിക്കഴിഞ്ഞ ഒരാൾക്കു സംസാരത്തിൻെറ യാതൊരു ബാധയുമില്ല. എന്നാൽ ഭാവനാത്മകമായ സംസാരത്തെ അകററാൻ ഭാവനയില്ലാതാക്കിത്തീൎക്കലല്ലാതെ മറെറാരു ഭാവനകൊണ്ടു സാധിക്കുമെന്നു വിചാരിക്കുന്നതു കേവലം മൂഢതയാണു്. ചിലരീ സംസാരമുള്ളതാണെന്നും സത്യമാണെന്നും വിചാരിക്കുന്നു. അവർ കേവലം അജ്ഞന്മാരാണു്. അവർ ദയനീയന്മാരാണു്. എന്നാൽ അഭിജ്ഞന്മാരെന്നഭിമാനിക്കുന്ന മററുചിലർ ഈ സംസാരമില്ലാത്തതാ

ണെന്നു വിചാരിക്കുന്നു. സംസാരം ഇല്ലാത്തതാണെന്നു വിചാരിക്കുന്നതു മറെറാരു ഭാവനയാണല്ലോ. അതുകൊണ്ടു് അവർ പണ്ഡിതന്മാരാണെങ്കിലും അവക്കു സംസാരബാധയില്ലാതായിത്തീരുന്നില്ല. എന്നാൽ യഥാർത്ഥജ്ഞാനികളാകട്ടെ ഒന്നും വിചാരിക്കുന്നില്ല. സംസാരം ഉള്ളതെന്നോ ഇല്ലാത്തതെന്നോ രണ്ടും വിചാരിക്കുന്നില്ല. അവർ സംസാരത്തെ ഓമ്മിക്കുകതന്നെ ചെയ്യുന്നില്ല. അതിനാൽ ബ്രഹ്മസ്വരൂപന്മാരായിക്കഴിഞ്ഞ അങ്ങനെയുള്ള ജ്ഞാനികൾമാത്രം സംസാരബാധയിൽനിന്നു മുക്തന്മാരായിത്തീരുന്നു.

ശുദ്ധമദ്വയമാത്മാനം
ഭാവയന്തി കുബുദ്ധയഃ
ന തു ജാനന്തി സമ്മോഹാൽ
യാവജ്ജീവമനിർവൃതാഃ. 43

സാരം:—മന്ദബുദ്ധികളായ മററുചിലർ ശുദ്ധാതീതവും പരമാദ്വൈതസ്വരൂപവുമായ ആത്മാവിനെ ഭാവനംചെയ്യുന്നു അല്ലെങ്കിൽ ധ്യാനിക്കുന്നു. എന്തൊരു മൂഢതയാണു്! തന്നിൽനിന്നന്യമായ വസ്തുവിനെയല്ലാതെ താനായിരിക്കുന്ന വസ്തുവിനെ എങ്ങനെ ധ്യാനിക്കും? കൂടാതെ ധ്യാനിക്കണമെങ്കിൽ ആത്മാവു മനസ്സിന്നും ബുദ്ധിക്കും വിഷയമായിത്തീരണ്ടേ? ആത്മാവൊരിക്കലും ഒന്നിനും വിഷയമാവുന്നില്ല. മറെറല്ലാം ആത്മാവിന്നു വിഷയമായിത്തീരുകയെന്നല്ലാതേ ആത്മാവൊന്നിനും വിഷയമാവുന്നില്ല. ഏതൊരു അന്തഃകരണംകൊണ്ടു് ആത്മാവിനെ അറിയാനും ധ്യാനിക്കാനും തുടങ്ങുന്നുവോ,

ആ അന്തഃകരണത്തിന്നും അതിൻെറ വൃത്തികാംക്കുംകൂടി ആത്മാവു ദ്രഷ്ടാവും സാക്ഷിയുമാണു്. അന്തഃകരണം പോലും ആത്മാവിന്നു വിഷയമാണെന്നിരിക്കെ ആ അന്തഃകരണംകൊണ്ടു പിന്നെ ആത്മാവിനെ അറിയാൻ മുതിരുന്നതു മൂഢതയെന്നല്ലാതെന്തു പറയും! വളരെക്കാലം അങ്ങിനെയൊക്കെ പരിശ്രമിച്ചാലും അവരാത്മാവിനെ അറിയലുമില്ല. മന്ദബുദ്ധികളായ അവരുടെ എല്ലാ പരിശ്രമങ്ങളും വ്യാമോഹമാത്രങ്ങളാകയാൽ ആയുഷ്ക്കാലം മുഴുവൻ പ്രവൎത്തിച്ചാലും കൃതാൎത്ഥതയ്ക്കവകാശമില്ലാതെതന്നെ കഴിയുന്നു.

മുമുക്ഷോൎബ്ബുദ്ധിരാലംബ-
മന്തരേണ ന വിദ്യതേ
നിരാലംബൈവ നിഷ്കാമാ
ബുദ്ധിൎമ്മുക്തസ്യ സൎവ്വദാ. 44

സാരം:—മുക്തനും സിദ്ധനുമാവുന്നതുവരെ സാധകൻെറ ബുദ്ധി എന്തിനെയെങ്കിലും അവലംബിച്ചുകൊണ്ടിരിക്കും. അതു സ്വഭാവമാണു്. അവലംബമില്ലാതെ ബുദ്ധിക്കു നിലനില്ക്കാൻ വയ്യ. അതിനാൽ മുക്തനാവാതിരിക്കുംകാലത്തോളം ഒരാൾ കേവലം നിൎവ്വിഷയനും നിഷ്കാമനുമായിത്തീരുകയെന്നതു സാദ്ധ്യമല്ല. അതുപോലെ നിഷ്ക്രിയനുമാവാൻ വയ്യ. എന്നാൽ മുക്തനും സിദ്ധനുമായിത്തീൎന്ന പുരുഷനാകട്ടെ തികച്ചും നിഷ്ക്രിയനും നിൎവ്വിഷയനും നിഷ്കാമനുമാണു്. മുക്തിക്കുമുമ്പു ബുദ്ധി എന്തിനെയെങ്കിലും ആശ്രയിക്കുകയോ ആഗ്രഹിക്കുകയോ പ്രവൎത്തിക്കുകയോ ചെയ്താൽ അതൊരു തെ

റല്ല; സ്വഭാവം മാത്രമാണ്. ബുദ്ധിയെ അവയിൽ നിന്നൊക്കെ വിടുത്തിക്കൊണ്ടുവന്നു ലക്ഷ്യമായ ആത്മാവിൽ ലയിപ്പിക്കലാണ് സാധനയുടെ സ്വരൂപമെന്നു താൽപര്യം.

വിഷയദ്വീപിനോ വീക്ഷ്യ
ചകിതാഃ ശരണാർത്ഥിനഃ
വിശന്തി ഝടിതി ക്രോഡം
നിരോധൈകാഗ്ര്യസിദ്ധയേ. 45

സാരം:- മന്ദബുദ്ധികളായ സാധകന്മാൎക്കു വിഷയങ്ങളെ വലിയ ഭയമാണ്. അവർ വിഷയങ്ങളെ വ്യാഘ്രങ്ങളെപ്പോലെയാണ് കാണുന്നത്. അതിനാൽ അവയെ ഓൎമ്മിക്കാൻപോലും ധൈൎയ്യപ്പെടുന്നില്ല. മുന്നിൽ കണ്ടാൽ പറയേണ്ടതില്ല; ഭയപരവശന്മാരായി വേഗത്തിൽ ഹൃദയമാകുന്ന ഗുഹയുടെ ഉള്ളിലേയ്ക്കു കടന്നു ചിത്തചലനത്തെ നിരോധിച്ച് ഏകാഗ്രതയോടെയിരിക്കുന്നു. എന്നാൽ ജ്ഞാനത്തിൻെറ കുറവാണങ്ങിനെ സംഭവിക്കുന്നത്. വിഷയങ്ങളെയല്ല, അവൻെറ വിഷയാകാരബുദ്ധിയെയാണവൻ ഭയപ്പെടുന്നത്. ബുദ്ധിയുടെ വൈഷയികസംസ്കാരം നശിച്ചുകഴിഞ്ഞാൽ എന്തിനെ കണ്ടാലും ബ്രഹ്മമായിട്ടല്ലാതെ വിഷയമായിട്ടറിയുന്നില്ല. ആത്മാവിൻെറ അപരിച്ഛിന്നതാബോധത്തിലും അദ്വൈതബോധത്തിലും ദൃഢത വന്ന ജ്ഞാനിയുടെ ചിത്തത്തിനു വിഷയസംസ്കാരമുണ്ടാവില്ല. അങ്ങിനെയായിത്തീൎന്ന ജ്ഞാനി വിഷയങ്ങളെ ഭയപ്പെടുന്നില്ല. അ

ദ്ദേഹത്തിൻെറ ദൃഷ്ടിയിൽ ബ്രഹ്മമല്ലാതെ വിഷയമെന്ന ഒരു വസ്തുതന്നെയില്ല.

നിർവ്വാസനം ഹരിം ദൃഷ്ട്വാ
തൂഷ്ണീം വിഷയദന്തിനഃ
പലായന്തേ ന ശക്താസ്തേ
സേവന്തേ കൃതചാടവഃ. 46

സാരം:—ബുദ്ധിയുടെ വൈഷയികസംസ്കാരം നിശ്ശേഷം നശിച്ചു നിർവ്വാസനനായിക്കഴിഞ്ഞ ജ്ഞാനിസിംഹം ആനകളെയെന്നപോലെ വിഷയങ്ങളെ അങ്ങോട്ടു ഭയപ്പെടുത്തുന്നു. വിഷയങ്ങളാകുന്ന ആനകൾക്ക് അദ്ദേഹത്തെ ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. ജ്ഞാനിയുടെ മുമ്പിൽനിന്നു വിഷയങ്ങൾ ഓടിയൊളിക്കലാണു് പതിവു്. അതായതു ജ്ഞാനിയുടെ സാന്നിദ്ധ്യമുള്ളിടത്തു വിഷയങ്ങളുടെ വിലാസമുണ്ടാവില്ലെന്നു താല്പര്യം. അല്ലെങ്കിൽ ദാസനെപ്പോലെ ജ്ഞാനിയെ പരിചരിക്കും. ഏതായാലും ജ്ഞാനി വിഷയങ്ങളെയല്ല, വിഷയങ്ങൾ ജ്ഞാനിയെയാണു് ഭയപ്പെടുന്നതെന്നർത്ഥം.

ന മുക്തികാരികാം ധത്തേ
നിശ്ശങ്കോ യുക്തമാനസഃ
പശ്യൻ ശൃണ്വൻ സ്പൃശൻ ജിഘ്ര-
ന്നശ്നന്നാസ്തേ യഥാസുഖം. 47

സാരം:—ജ്ഞാനികൾക്കു ഗ്രന്ഥപാരായണമോ സാധനാനുഷ്ഠാനങ്ങളോ തത്ത്വവിചാരമോ ഒന്നുംതന്നെയില്ല. കാരണം അവരുടെ എല്ലാ സംശയങ്ങളും എ

ന്നൊന്നോയ്ക്കുമായി നശിച്ചുകഴിഞ്ഞിരിക്കുന്നു. എന്തെങ്കിലും സംശയം എപ്പോഴെങ്കിലുമുണ്ടായാലല്ലേ ഗ്രന്ഥപാരായണമോ തത്ത്വവിചാരമോ ചെയ്യേണ്ടതായുള്ളൂ. എന്നാൽ ജ്ഞാനിക്കെപ്പോഴും യാതൊരു സംശയവുമില്ല. അതുപോലെ തൻെറ ആത്മഭാവത്തിനു മുറിവുണ്ടായാലല്ലേ സാധനാനുഷ്ഠാനങ്ങളുടെയും ആവശ്യം നേരിടുന്നതു്. അതും എപ്പോഴും സംഭവിക്കുന്നില്ല. എപ്പോഴും ബ്രഹ്മമായിത്തന്നെയിരിക്കുന്നു ജ്ഞാനി. സംശയത്തെയോ വിപരീതാനുഭവത്തെയോ ഉണ്ടാക്കുന്ന മനസ്സുതന്നെ നശിച്ചുകഴിഞ്ഞ മുക്തൻ എന്താണു് ചെയ്യേണ്ടതായിട്ടിരിക്കുന്നതു്? ഒന്നുംതന്നെയില്ല. അതിനാൽ ജ്ഞാനി കാഴ്ചയിൽ മററുള്ളവരിൽനിന്നു യാതൊരു വ്യത്യാസവുമില്ലാതെ സാധാരണജനങ്ങളുടെ മാതിരിതന്നെ പഞ്ചേന്ദ്രിയവ്യാപാരത്തെ ചെയ്തുകൊണ്ടു കഴിഞ്ഞുകൂടുന്നു. എന്നാൽ അനുഭവംകൊണ്ടു മററുള്ളവരിൽനിന്നു തുലോം വ്യത്യസ്തനുമാണു്. സാധാരണജനങ്ങൾ ദുഃഖികളാണു്. എന്നാൽ ജ്ഞാനി എപ്പോഴും സുഖിയാണു്. അതിനാൽ അദ്ദേഹത്തിനു യാതൊരു ചിന്തയുമില്ല.

വസ്തുശ്രവണമാത്രേണ
ശുദ്ധബുദ്ധിർന്നിരാകുലഃ
നൈവാചാരമനാചാര-
മൌദാസ്യം വാ പ്രപശ്യതി. 48

സാരം:—ആത്മതത്ത്വത്തെ ഉള്ളപോലെ അനുഭവരസികനായ ആചാര്യനിൽനിന്നു ശരിയാംവണ്ണം ശ്രവിക്കാൻ കഴിഞ്ഞാൽ ബുദ്ധിയുടെ അനാദികാലസംസ്കാര

ങ്ങളും അതുഹേതുവായിട്ടുള്ള മാലിന്യങ്ങളുമെല്ലാം നീങ്ങുന്നു. എന്നാൽ അങ്ങിനെയുള്ള ശ്രവണം മാത്രമല്ല, പിന്നെ ശരിയായ മനനവും നിദിദ്ധ്യാസവുംകൂടിച്ചെയ്തു് ആത്മസാക്ഷാൽക്കാരത്തെപ്പോലും സാധിച്ച നിരപേക്ഷനായ ജ്ഞാനിക്കു് ഈ ലോകത്തിൽ യാതൊരു കർത്തവ്യവുമില്ല. ആചാരത്തേയും അനാചാരത്തേയും ഔദാസീന്യത്തെപ്പോലും അങ്ങിനെയുള്ള ജ്ഞാനി തൻെറ കർത്തവ്യമായിക്കരുതുകയോ അതിനെ ശ്രദ്ധിക്കുകപോലുമോ ചെയ്യുന്നില്ല.

യദാ യൽ കർത്തുമായാതി
തദാ തൽ കുരുതേ ഋജുഃ
ശുഭം വാപ്യശുഭം വാപി
തസ്യ ചേഷ്ടാ ഹി ബാലവൽ. 49

സാരം:—ജ്ഞാനിക്കു് ഒന്നുംതന്നെ കർത്തവ്യമായിട്ടില്ലെന്നു പറഞ്ഞുവല്ലോ. അതുപോലെ അകർത്തവ്യമായിട്ടും ഒന്നുംതന്നെയില്ല. വിധിനിഷേധങ്ങൾക്കതീതനാണു് ജ്ഞാനി. എപ്പോഴെങ്കിലും എന്തെങ്കിലും ചെയ്യേണ്ടതായി വരുന്നുവെങ്കിൽ ചിന്തകൂടാതെ അതിനെ ചെയ്യുന്നു. അതിൽ ശുഭത്തെയോ അശുഭത്തെയോ കർത്തവ്യതയെയോ അകർത്തവ്യതയെയോ ഒന്നുംതന്നെ അദ്ദേഹം കാണുന്നില്ല. കേവലം ബാലൻെറ മാതിരി യാതൊരുദ്ദേശവുമില്ലാത്തതാണു് ജ്ഞാനിയുടെ പ്രവൃത്തി.

സ്വാതന്ത്ര്യാൽ സുഖമാപ്നോതി
സ്വാതന്ത്ര്യാൽ ലഭതേ പരം
സ്വാതന്ത്ര്യാൽ നിർവൃതിം ഗച്ഛേൽ
സ്വാതന്ത്ര്യാൽ പരമം പദം. 50

സാരം:—അവിദ്യാബന്ധത്തിൽനിന്നു മുക്തനും സ്വതന്ത്രസ്വതന്ത്രനുമായ ജ്ഞാനിയെ സംസാരപീഡകളൊന്നും ബാധിക്കുന്നില്ല. അദ്ദേഹം സുഖിയും പരമതത്ത്വത്തെ ശരിയായറിഞ്ഞവനും ആത്മനിർവൃതിയെ അനുഭവിക്കുന്നവനുമാണ്. ശരീരാകാരമായ പ്രാരബ്ധത്തിൻെറ പര്യവസാനത്തിൽ ജ്ഞാനി വിദേഹമുക്തിയാകുന്ന പരമപദത്തെ പ്രാപിക്കുകയും ചെയ്യുന്നു.

അകർത്തൃത്വമഭോക്തൃത്വം
സ്വാത്മനോ മന്യതേ യദാ
തദാ ക്ഷീണാ ഭവന്ത്യേവ
സമസ്താശ്ചിത്തവൃത്തയഃ. 51

സാരം:—കർത്തൃത്വവും ഭോക്തൃത്വവുമാകുന്ന അഭിമാനമാണ് ജീവത്വത്തെ നിലനിർത്തുകയും ബന്ധത്തെ വളർത്തുകയും ചെയ്യുന്നതു്. വാസ്തവത്തിൽ ആർക്കും ഒന്നിൻെറയും കർത്തൃത്വമോ ഭോക്തൃത്വമോ ഒന്നുമില്ല. പരമാർത്ഥദൃഷ്ടിയിൽ കർമ്മംതന്നെ സംഭവിക്കുന്നില്ലെന്നിരിക്കെ ആർക്ക് എന്തിൻെറ കർത്തൃത്വമാണുള്ളതു്? എന്നിരുന്നാലും തത്ത്വവിസ്മൃതിയും ഭ്രാന്തിയും വളരുന്നതോടെ തനിക്ക് അനേകം കർത്തവ്യങ്ങളും ഭോക്തവ്യങ്ങളും പ്രാപ്തവ്യങ്ങളുമുണ്ടെന്നു തെററിദ്ധരിക്കുന്നു. അതിൻെറ ഫലമായി താൻ പലതിൻേറയും കർത്താവാണെന്നും ഭോക്താവാണെന്നും അഭിമാനിക്കാനിടവരുന്നു. പ്രസ്തുത അഭിമാനം നിലവിലുള്ളേടത്തോളംകാലം വൃത്തികളടങ്ങി ചിത്തം ലയിക്കുകയെന്നതുണ്ടാവാൻ വയ്യ. ചിത്തം ലയിക്കാതിരിക്കുംകാലത്തോളം ചിത്തവികല്പിതമായ സം

സാരവും അതിലുള്ള ബന്ധവും നിലനില്ക്കുകയും ചെയ്യും. അതിനാൽ തനിക്കൊന്നിന്റേയും കർത്തൃത്വമോ ഭോക്തൃത്വമോ ഇല്ലെന്നുള്ള ദൃഢനിശ്ചയത്തെ എപ്പോഴും നിലനിർത്തിക്കൊണ്ടിരിക്കണം. താൻ കേവലം അകർത്താവും അഭോക്താവുമാണെന്ന ബോധത്തിനുറപ്പുവന്നാൽ വൃത്തികൾ മുഴുവൻ നീങ്ങി ചിത്തം ലയിക്കും. അപ്പോൾ വസ്തുസ്ഫുരണവും സ്വാനുഭൂതിയുമുണ്ടാവുകയും ചെയ്യും.

ഉച്ഛൃംഖലാഽപ്യകൃതികാ
സ്ഥിതിർധീരസ്യ രാജതേ
ന തു സസ്പൃഹചിത്തസ്യ
ശാന്തിർമ്മൂഢസ്യ കൃത്രിമാ. 52

സാരം:—ധർമ്മാധർമ്മങ്ങൾക്കും വിധിനിഷേധങ്ങൾക്കും അതീതനും സർവ്വതന്ത്രസ്വതന്ത്രനുമാണ് ജ്ഞാനി. കർത്തവ്യങ്ങൾക്കോ, കർമ്മാനുഭവങ്ങൾക്കോ കാലദേശങ്ങൾക്കോ ഒന്നിനും പരതന്ത്രനല്ല ജ്ഞാനി. അങ്ങിനെയുള്ള മഹാത്മാവിന്റെ അകൃത്രിമവും പരമപ്രശാന്തവുമായ ധന്യജീവിതം സർവ്വോൽക്കർഷേണ വിജയിക്കുന്നു. എന്നാൽ ചിലപ്പോൾ വിഷയികളായ മൂഢന്മാർക്കും പ്രശാന്തസുന്ദരമായ ജീവിതമുണ്ടെന്നു തോന്നാം. പക്ഷേ അതു കൃത്രിമവും കേവലം താൽക്കാലികവുമാണ്. അടുത്ത നിമിഷത്തിൽത്തന്നെ അതു പ്രക്ഷുബ്ധമാവാൻ വിഷമമില്ല. എന്നാൽ ഒരിക്കലും ജ്ഞാനിയുടെ ശാന്തിക്കു ഭംഗമോ കൃത്രിമത്വമോ ഇല്ല. അതിനാൽ അവ രണ്ടും തമ്മിൽ വളരെ ഗണ്യമായ അന്തരമുണ്ട്.

വിലസന്തി മഹാഭോഗൈ-
ർവ്വിശന്തി ഗിരിഗഹ്വരാൻ -
നിരസ്തകല്പനാ ധീരാ
അബദ്ധാ മുക്തബുദ്ധയഃ. 53

സാരം:—ദ്വൈതഭ്രമം അല്പംപോലുമില്ലാത്തതിനാൽ ബന്ധമുക്തികളെത്തന്നെ വിസ്മരിച്ച ബ്രഹ്മസ്വരൂപികളായ ജ്ഞാനികളുടെ ജീവിതം വിചിത്രമാണു്. അവരുടെ ഇന്ദ്രിയങ്ങൾക്കും വിഷയങ്ങൾക്കും തമ്മിൽ സംബന്ധമേ ഇല്ല. സംസാരകല്പനയ്ക്കും ശരീരബോധത്തിന്നും ആശ്രയമായ ചിത്തംതന്നെ അവക്കില്ലെന്നു പറയണം. ചിത്തം കേവലം നഷ്ടപ്രായമാണു്. എന്നിരുന്നാലും അങ്ങിനെയുള്ള മഹാത്മാക്കൾ ചിലപ്പോൾ മഹാരാജവിഭവങ്ങളോടുകൂടി സുഖിക്കുകയാണോ എന്നു തോന്നാം. മററു ചിലപ്പോൾ എല്ലാം ഉപേക്ഷിച്ച ശരീരത്തെപ്പോലും വിസ്മരിച്ച ഭയങ്കരവനാന്തർഭാഗത്തോ ജനദൃഷ്ടിയെത്താത്ത ഗുഹകളിലോ കഴിയുന്നതും കാണാം. എന്നാൽ ഈ രണ്ടവസ്ഥയും തമ്മിൽ അവക്കു യാതൊരു വ്യത്യാസവുമൊട്ടില്ലതാനും.

ശ്രോത്രിയം ദേവതാം തീർത്ഥ-
മംഗനാം ഭൂപതിം പ്രിയം
ദൃഷ്ട്വാ സംപൂജ്യ ധീരസ്യ
ന കാപി ഹൃദി വാസനാ. 54

സാരം:—വേദജ്ഞനായ ബ്രാഹ്മണനേയും ദേവനേയും ആചാര്യനേയും പ്രാകൃതയായ സ്ത്രീയേയും മഹാരാജാവിനേയും തനിക്കിഷ്ടനായ ആളേയും എല്ലാം ഒരേ ദൃഷ്ടി

യിൽകൂടെ മാത്രമാണു് ഒരു ജ്ഞാനി കാണുന്നതു്. അദ്ദേഹത്തിനാരിലും അല്പംപോലും വ്യത്യാസമില്ല. അങ്ങിനെയുള്ളവരെ കാണുകയോ അവരെ സ്ഥിതിക്കനുസരിച്ചു സൽക്കരിക്കുകയോ ചെയ്യുമ്പോഴും അദ്ദേഹത്തിന്നു യാതൊരു ഭാവവ്യത്യാസവുമുണ്ടാവുന്നില്ല. അവരുടെയൊക്കെ സമ്പൎക്കംകൊണ്ടു് ഒരു ചെറിയ വാസനയെങ്കിലും അദ്ദേഹത്തിൻെറ ചിത്തത്തിൽ ബാക്കിയാവുന്നില്ല. ഒന്നുകൊണ്ടും അദ്ദേഹത്തിൻെറ സാമ്യഭാവത്തിന്നു ഭംഗമുണ്ടാവുന്നുമില്ല.

ഭൃത്യൈഃ പുത്രൈഃ കളത്രൈശ്ച
ദൌഹിത്രൈശ്ചാപി ഗോത്രജൈഃ
വിഹസ്യ ധിക്കൃതോ യോഗീ
ന യാതി വികൃതിം മനാക്. 55

സാരം:—ഭൃത്യന്മാരോ പുത്രന്മാരോ ഭാൎയ്യയോ പുത്രീപുത്രന്മാരോ എന്നുവേണ്ട തന്നോടു ബന്ധപ്പെട്ട ഏതൊരാളായാലും തന്നെ പരിഹസിക്കുകയോ അവമാനിക്കുകയോ ചെയ്താൽപ്പോലും ജ്ഞാനിക്കു യാതൊരു ഭാവഭേദവുമുണ്ടാവുന്നില്ല. ഭൃത്യനെന്നും പുത്രനെന്നും ഭാൎയ്യയെന്നും മററുമുള്ള വ്യത്യസ്തങ്ങളായ ഭാവങ്ങളും തോന്നലുകളുമൊക്കെ മററുള്ളവരുടെ ദൃഷ്ടിയിൽ കാണപ്പെട്ടവയാണു്. ജ്ഞാനിയുടെ ദൃഷ്ടിയിൽ അവരും മററുജനങ്ങളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഭാൎയ്യയെന്നോ പുത്രനെന്നോ ഭൃത്യനെന്നോ ഉള്ള വ്യത്യസ്തഭാവം ജ്ഞാനിയിൽ നശിച്ചേ കഴിഞ്ഞിരിക്കുന്നു. അദ്ദേഹം ഒരാളെയും പ്രത്യേകമായി തിരിച്ചറിയുകയോ വ്യത്യസ്തദൃഷ്ടിയിൽക്കൂടെ

നോക്കുകപോലുമോ ചെയ്യുന്നില്ല. ഒന്നുകൊണ്ടും ജ്ഞാനിയുടെ സാമ്യഭാവത്തിന്നു ഭംഗമുണ്ടാവുന്നില്ല.

സന്തുഷ്ടോപി ന സന്തുഷ്ടഃ
ഖിന്നോപി ന ച ഖിദ്യതേ
തസ്യാശ്ചര്യ്യദശം താം താം
താദൃശാ ഏവ ജാനതേ. 56

സാരം:—ജ്ഞാനി ചിലപ്പോൾ മററുള്ളവരുടെ ദൃഷ്ടിയിൽ സന്തുഷ്ടനോ ദുഃഖിയോ ആയി കാണപ്പെട്ടേയ്ക്കാം. എന്നാൽ സന്തുഷ്ടനെന്നു തോന്നുമ്പോഴും വാസ്തവത്തിൽ സന്തുഷ്ടനോ ദുഃഖിതനെന്നു തോന്നുമ്പോഴും ദുഃഖിതനോ അല്ലതാനും. സാധാരണജനങ്ങൾക്കു ജ്ഞാനികളുടെ ഓരോ അവസ്ഥയും പ്രവൃത്തിയും ആശ്ചര്യ്യജനകമാണു്. മാത്രമല്ല, അവരുടെ അവസ്ഥാവിശേഷങ്ങളേയും പ്രവൃത്തികളുടെ താല്പര്യ്യങ്ങളേയും സാധാരണജനങ്ങൾക്കറിയാനും കഴിയില്ല. അവരെപ്പോലെയുള്ള ജ്ഞാനികൾക്കു മാത്രമേ അവരുടെ ആശയങ്ങളെ അറിയാനും കഴിയൂ.

കർത്തവ്യതൈവ സംസാരോ
ന താം പശ്യന്തി സൂരയഃ
ശൂന്യാകാരാ നിരാകാരാ
നിർവ്വികാരാ നിരാമയാഃ. 57

സാരം:—ഒരു പ്രകാരത്തിൽപ്പറഞ്ഞാൽ കർത്തവ്യതാബോധവും അഭിമാനവും മാത്രമാണു് സംസാരം. കർത്തവ്യബുദ്ധി നഷ്ടപ്പെട്ടവക്കു സംസാരത്തിൻെറ ബാധ

യില്ലെന്നുതന്നെ പറയണം. പ്രാപ്തവ്യങ്ങൾ പലതുമു ണ്ടെന്ന തോന്നലുള്ളടത്തോളംകാലം കർത്തവ്യതാബോ ധം നഷ്ടപ്പെടാൻ വയ്യ. അങ്ങിനെയുള്ളവരാണ് ലൌ കികജനങ്ങളെല്ലാവരും. എന്നാൽ ജ്ഞാനികൾക്കാവ ട്ടെ പ്രാപ്തവ്യങ്ങളോ കർത്തവ്യങ്ങളോ ഒന്നുംതന്നെയില്ലെ ന്ന കാരണത്താൽ അവരെ അപേക്ഷിച്ച് സംസാരവുമി ല്ല. ശരീരാഭിമാനം, വികാരങ്ങൾ, ദുഃഖങ്ങൾ എന്നിവ യാണ് പ്രാപ്തവ്യങ്ങളുണ്ടാവാൻ കാരണം. പ്രാപ്തവ്യങ്ങ ളാണ് കർത്തവ്യങ്ങളേയും സൃഷ്ടിക്കുന്നത്. ജ്ഞാനിയു ടെ ശരീരാഭിമാനവും വികാരങ്ങളും ദുഃഖങ്ങളുമെല്ലാം നേ രത്തേതന്നെ നശിച്ചുകഴിഞ്ഞിരിക്കയാൽ അദ്ദേഹത്തിനു പ്രാപ്തവ്യമോ കർത്തവ്യമോ ഇല്ല. അതിനാൽ ജ്ഞാനി യുടെ ദൃഷ്ടിയിൽ സംസാരംതന്നെ ഇല്ലാത്തതായിത്തീ രുന്നു.

അകുർവ്വന്നപി സംക്ഷോഭാ-
ദ്വ്യഗ്രഃ സർവ്വത്ര മൂഢധീഃ
കുർവ്വന്നപി തു കൃത്യാനി
കുശലോ ഹി നിരാകുലഃ. 58

സാരം:—കർമ്മങ്ങളും അദ്ധ്വാനവുമാണ് ശാന്തിക്കു ഭംഗമുണ്ടാക്കുന്നതെന്നാണ് സാധാരണ ലൌകികന്മാരു ടെ വിശ്വാസം. എന്നാൽ ഒന്നുംചെയ്യാതെയിരിക്കുമ്പോ ഴും ഒരു മൂഢനു ശാന്തിയുടെ ഗന്ധംപോലുമില്ല. പല വികാരങ്ങളെക്കൊണ്ടും ചിന്തകളെക്കൊണ്ടും അയാളുടെ മനസ്സു പ്രക്ഷുബ്ധമായിരിക്കും. എന്നാൽ അതേ സമയത്തു ജ്ഞാനിയാകട്ടെ മററുള്ളവരുടെ ദൃഷ്ടിയിൽ പലതും ചെ

ശൂന്യനായും അദ്ധ്വാനിക്കുന്നതായും കണ്ടാൽക്കൂടി അദ്ദേഹത്തിൻെറ ചിത്തം തിരയടങ്ങിയ കടൽപോലെ പരമപ്രശാന്തമാണു്. യാതൊരു വിക്ഷോഭത്തിനും അതിൽ സ്ഥാനമില്ല. നിർവ്വതിക്കു മുറിവുമില്ലല്ലോ. മൂഢൻ സുഖിക്കുകയാണെന്നു തോന്നുമ്പോഴും വിചാരങ്ങളെക്കൊണ്ടാത്തനാണു്. ജ്ഞാനി ദുഃഖിക്കുകയാണെന്നു തോന്നപ്പെട്ടാൽക്കൂടി അദ്ദേഹത്തിൻെറ നിർവ്വതിക്കു ഭംഗമില്ല.

സുഖമാസ്തേ സുഖം ശേതേ
സുഖമായാതി യാതി ച
സുഖം വക്തി സുഖം ഭുംക്തേ
വ്യവഹാരേപി ശാന്തധീഃ. 59

സാരം:—വ്യവഹാരിയാണെന്നു മററുള്ളവരുടെ ദൃഷ്ടിയിൽ തോന്നപ്പെട്ടമ്പോഴും ഒരു ജ്ഞാനി സുഖിയാണു്. ഏതു ദശയിലും ദുഃഖം അദ്ദേഹത്തെ അലട്ടുന്നില്ല. ഇരിക്കുമ്പോഴും കിടക്കുമ്പോഴും വരുമ്പോഴും പോവുമ്പോഴും സംസാരിക്കുമ്പോഴുമെല്ലാം ഒരു ജ്ഞാനി നിർവ്വതനാണു്. കാരണം അദ്ദേഹത്തിൻെറ ചിത്തം പരമപ്രശാന്തമാണു്. അതിലെ സംസാരഭാവങ്ങൾ മുഴുവൻ ദഹിച്ചു കഴിഞ്ഞിരിക്കുന്നു. അതിനാൽ ഒന്നുകൊണ്ടും ജ്ഞാനിയുടെ നിർവ്വതിയോ ശാന്തിയോ ഭംഗപ്പെട്ടുന്നില്ല. അതേ സമയത്തു മൂഢൻ സുഖിയാണെന്നു തോന്നപ്പെട്ടമ്പോഴും ആത്തനാണു്.

സ്വഭാവാദസ്യ നൈവാർത്തി–
ല്ലോകവദ്വ്യവഹാരിണഃ
മഹാഹ്രദ ഇവാക്ഷോഭ്യോ
ഗതക്ലേശഃ സ ശോഭതേ. 60

സാരം:—എന്തൊക്കെ സംഭവിച്ചാലും ഇല്ലെങ്കിലും സ്വാഭാവികമായിത്തന്നെ ജ്ഞാനിക്കു ദുഃഖമെന്നൊന്നില്ല. ലോകവ്യവഹാരികളായ സാധാരണജനങ്ങളുടെ മാതിരി ചിലപ്പോഠം ജ്ഞാനികളും കമ്മം ചെയ്യുന്നതു കാണാം. എന്നാൽ അവക്കുണ്ടാകുന്നതുപോലുള്ള ദുഃഖമോ നിരാശയോ ജ്ഞാനിക്കില്ല. കയമെന്നപോലെ അഗാധമായ ആശയത്തോടും പവ്വതമെന്നപോലെ അക്ഷോഭ്യമായ ജ്ഞാനനിശ്ചയത്തോടുംകൂടിയ ജ്ഞാനി ഒന്നുകൊണ്ടും ആത്തനാവാതെ തന്റെ സ്വാഭാവികമായ നിർവൃതിക്കെപ്പോഴും ഭംഗമില്ലാതെ വിജയിച്ചുകൊണ്ടിരിക്കുന്നു.

നിവൃത്തിരപി മൂഢസ്യ
പ്രവൃത്തിരുപജായതേ
പ്രവൃത്തിരപി ധീരസ്യ
നിവൃത്തിഫലഭാഗിനീ. 61

സാരം:—സംസാരിയും മൂഢനുമായ ഒരാഠം എന്തു ചെയ്യുമ്പോഴും അഭിമാനമുണ്ടാവും. അഭിമാനസ്പശമില്ലാതെ ഒന്നുംതന്നെ ചെയ്യാൻ വയ്യെന്നതു് അവരുടെ സ്വഭാവമാണു്. പലപ്പോഴും ചെയ്യാത്തതിനെപ്പോലും അഭിമാനിക്കലൊണു് പതിവു്. ഈ കാരണത്താൽ മൂഢന്റെ നിവൃത്തിയും ഈശ്വരഭജനവുംകൂടി പ്രവൃത്തിയും സംസാരസേവയുമായിത്തീരലാണു് പതിവു്. എന്നാൽ അതേ സമയത്തു് എന്തു ചെയ്താലും അഭിമാനമില്ലാത്ത ജ്ഞാനികളാകട്ടെ എന്തെങ്കിലും ചിലതൊക്കെ ചെയ്താൽകൂടി അവരുടെ നിവൃത്തിക്കു ഭംഗമുണ്ടാവുന്നുമില്ല. അ

ന്യോന്യവിരുദ്ധവും ബാഹ്യദൃഷ്ടികൊണ്ടറിയാൻ കഴിയാത്തവയുമാണു് ജ്ഞാനിയുടേയും മൂഢന്റേയും രണ്ടാളുടേയും സംസ്കാരം.

പരിഗ്രഹേഷു വൈരാഗ്യം
പ്രായോ മൂഢസ്യ ജായതേ
ദേഹേ വിഗളിതാശസ്യ
ക്വ രാഗഃ? ക്വ വിരാഗതാ? 62

സാരം:—സംസാരത്തിൽ സത്യബുദ്ധിയും ശരീരധൎമ്മത്തിൽ സുഖബോധവുമുള്ള മൂഢന്മാൎക്കു ചിലപ്പോൾ ഗൃഹകുടുംബാദികളിൽ വൈരാഗ്യബുദ്ധിയുണ്ടാവാറുണ്ടു്. എന്നാൽ അതുപോലും സ്ഥിരമല്ലതാനും. അഥവാ വല്ല വിഷയത്തിലും ചിലപ്പോൾ ചില കാരണംകൊണ്ടു വൈരാഗ്യമുണ്ടായി എന്നു വന്നാൽപ്പോലും ശരീരത്തിലോ ശരീരധൎമ്മങ്ങളിലോ അവൎക്കു വൈരാഗ്യമുണ്ടാവാറില്ല. അതേ സമയത്തു ശരീരം നിലനില്ക്കണമെന്നോ ആരോഗ്യത്തോടുകൂടിയിരിക്കണമെന്നോപോലും ആശയില്ലാത്ത ജ്ഞാനി രാഗവൈരാഗ്യങ്ങൾക്കു രണ്ടിനും അതീതനായിരിക്കുന്നു.

ഭാവനാഭാവനാസക്താ
ദൃഷ്ടിൎമ്മൂഢസ്യ സൎവ്വദാ
ഭാവ്യഭാവനയാ സാ തു
സ്വസ്ഥസ്യാഽദൃഷ്ടിരൂപിണീ. 63

സാരം:—ഇഷ്ടങ്ങളായ വിഷയങ്ങളെ ചിന്തിച്ചുകൊണ്ടിരിക്കലും അനിഷ്ടവിഷയങ്ങളെ മറക്കലും മൂഢന്മാൎക്കു രസകരങ്ങളാണു്. അതിലവർ ശ്രദ്ധിക്കാറുമുണ്ടു്. എ

നാൽ മനസ്സിനെ ഭാവനാശൂന്യമാക്കിത്തീക്കകയെന്നതു് അവർ ചിന്തിക്കാറേ ഇല്ല. അതിലവക്ക തൃപ്തിയുമില്ല. അനിഷ്ടഭാവനകറം വരാതിരിക്കാൻ മാത്രമേ അവർ ശ്രദ്ധിക്കാറുള്ളു. മനസ്സിൽ അനേകം ഭാവനകളെയും ഇച്ഛകളെയും വെച്ചുപുലത്തിക്കൊണ്ടു ചിലപ്പോറം തങ്ങളും ജ്ഞാനികളാണെന്നു ഭാവിക്കുകപോലും ചെയ്യാറുണ്ടു്. എന്നാൽ അതേ സമയത്തു ജ്ഞാനിക്കാകട്ടെ ഭാവനയെന്ന ക്രിയതന്നെ ഇല്ല. ആത്മാവൊഴിച്ചു മറെറല്ലാം അസത്യമാണെന്നു് അദ്ദേഹം നന്നായറിയുന്നു. അസത്യത്തിൽ ചിത്തത്തെ രമിപ്പിക്കാൻ എങ്ങിനെ തുനിയും? അതിനാൽ ജ്ഞാനിയുടെ പ്രജ്ഞ ഏതു സമയത്തും ആത്മാവിനെ ഒഴിച്ചു മറെറാന്നിനേയും അറിയുന്നില്ല.

സർവ്വാരംഭേഷു നിഷ്കാമോ
യശ്ചരേൽ ബാലവന്മുനിഃ
ന ലേപസ്തസ്യ ശുദ്ധസ്യ
ക്രിയമാണേപി കമ്മണി. 64

സാരം:– നിഷ്കളങ്കനായ ബാലനും മനസ്സടങ്ങിയ ജ്ഞാനിയും ഒരുപോലെയാണെന്നു പറയാം. എന്തും ബാലനെന്നപോലെ നിഷ്കാമനായാണു് ജ്ഞാനിയും ചെയ്യുന്നതു്. അതു കാരണത്താൽ എന്തെങ്കിലുമൊക്കെ ചെയ്താലും യാതൊരു സംഗവും ജ്ഞാനിക്കില്ല.

സ ഏവ ധന്യ ആത്മജ്ഞഃ
സർവ്വഭാവേഷു യഃ സമഃ
പശ്യൻ ശൃണ്വൻ സ്പൃശൻ ജിഘ്ര-
ന്നശ്നന്നിസ്തഷ്മാനസഃ. 65

സാരം:— ആത്മജ്ഞാനി ധന്യൻതന്നെയാണു്, സംശയമില്ല. എന്തുകൊണ്ടെന്നാൽ എന്തൊക്കെ ചെയ്താലും യാതൊന്നും ജ്ഞാനിയെ ബന്ധിക്കുന്നില്ല. കാണുക, കേൾക്കുക, തൊടുക, ഘ്രാണിക്കുക, തിന്നുക എന്നീ ഇന്ദ്രിയവ്യാപാരങ്ങൾ ജ്ഞാനിയും മററുള്ളവരെപ്പോലെ ചെയ്താലും മററുള്ളവൎക്കുണ്ടാകുന്ന ബന്ധമോ സംഗമോ ജ്ഞാനിക്കുണ്ടാവുന്നില്ല. ഒന്നും ചെയ്തില്ലെങ്കിൽ അതുകൊണ്ടു് അപ്രീതിയുമില്ല. അതിനാൽ ധന്യധന്യം തന്നെ ജ്ഞാനിയുടെ ജീവിതം.

ക്വ സംസാരഃ ക്വ ചാഭാസഃ
ക്വ സാദ്ധ്യം ക്വ ച സാധനം?
ആകാശസ്യേവ ധീരസ്യ
നിൎവ്വികല്പസ്യ സൎവ്വദാ. 66

സാരം:—ചിത്തം ചിദാകാശമായ്ക്കഴിഞ്ഞവനും ആകാശമെന്നപോലെ ഒന്നിനോടും സംബന്ധമില്ലാതെ എപ്പോഴും വികല്പങ്ങളകന്നു നിൎവ്വികല്പസ്വരൂപേണ കഴിയുന്നവനുമായ ജ്ഞാനിക്കു് എന്തു സംസാരമാണു്! എന്തു സാദ്ധ്യമാണു്! അദ്ദേഹത്തിനൊന്നും സാധിക്കാനില്ല. ഒന്നിനോടും ബന്ധവുമില്ല.

സ ജയത്യൎത്ഥസന്ന്യാസീ
പൂൎണ്ണസ്വരസവിഗ്രഹഃ
അകൃത്രിമോഽനവച്ഛിന്നഃ
സമാധിൎയ്യസ്യ വൎത്തതേ. 67

സാരം:—ഇഹപരങ്ങളായ ലോകങ്ങളിലെ സൎവ്വാൎത്ഥങ്ങളേയും ഉപേക്ഷിച്ചവനും ആത്മാനന്ദംതന്നെ സഹ

ജസ്വഭാവവും സ്വരൂപവുമായിത്തീൎന്നവനും, മായാധൎമ്മങ്ങളാകുന്ന കൃത്രിമഭാവങ്ങളിൽനിന്നു കേവലം അകന്നവനും, ശരീരാദ്യുപാധികളെ മറന്നു് എപ്പോഴും അപരിച്ഛിന്നഭാവത്തെ അനുഭവിക്കുന്നവനുമായ ജ്ഞാനി ഇരിക്കുക, നടക്കുക തുടങ്ങി എന്തെങ്കിലും ചിലതു മററുള്ളവരുടെ ദൃഷ്ട്യാ ചെയ്താലും ഒന്നും ചെയ്യുന്നില്ല. കേവലം സമാധിയിൽത്തന്നെയാണു് എപ്പോഴും വൎത്തിക്കുന്നതു്. സമാധി അദ്ദേഹത്തിന്നു സഹജസ്വഭാവമായിരിക്കുന്നുവെന്നു പറയണം.

ബഹുനാത്ര കിമുക്തേന
ജ്ഞാതതത്ത്വോ മഹാശയഃ
ഭോഗമോക്ഷനിരാകാംക്ഷീ
സദാ സൎവ്വത്ര നീരസഃ. 68

സാരം:—അല്ലെങ്കിൽ എന്തിനധികം പറയുന്നു. ജ്ഞാനി സ്വരൂപനിർവൃതിയിൽ മത്തനാണു്. അതിനാൽ ഒന്നിൻേറയും അപേക്ഷയില്ല. ഭോഗത്തിലും മോക്ഷത്തിലും ഒരുപോലെ നിരപേക്ഷനാണു്.

മഹദാദി ജഗൽ ദ്വൈതം
നാമമാത്രവിജൃംഭിതം
വിഹായ ശുദ്ധബോധസ്യ
കിം കൃത്യമവശിഷ്യതേ. 69

സാരം:—മഹത്തത്ത്വംമുതൽക്കുള്ള എല്ലാ തത്ത്വങ്ങളും കേവലം കല്പനാമാത്രങ്ങളാണെന്നു നല്ലവണ്ണം ബോധിച്ചവനാണു് ജ്ഞാനി. വെള്ളത്തിലെ കുമിളയെന്നപോലെ ശബ്ദത്തിൻേറ വിജൃംഭണമല്ലാതെ പദാൎത്ഥമി

ല്ലെന്നറിയാം. ആ സ്ഥിതിക്കു തള്ളേണ്ടതും കൊള്ളേണ്ടതുമായിട്ടെന്താണുള്ളതു്? ഒന്നുംതന്നെയില്ല. കേവലം ബോധമാത്രനായ ജ്ഞാനിക്കു പിന്നെയെന്തു കർത്തവ്യമാണുള്ളതു്?

ഭ്രമഭൂതമിദം സർവ്വം
കിഞ്ചിന്നാസ്തീതി നിശ്ചയീ
അലക്ഷ്യസ്ഫുരണഃ ശുദ്ധഃ
സ്വഭാവേനൈവ ശാമ്യതി. 70

സാരം:—ദൃഷ്ടശ്രുതമായ പ്രപഞ്ചം മുഴുവൻ കേവലം ഭ്രമം മാത്രമാണു്; പരമാർത്ഥം അല്പംപോലുമില്ല എന്ന നിശ്ചയത്തിന്നു് അത്യന്തം ദൃഢത വന്നിരിക്കുന്നുവെന്ന കാരണത്താൽ ജ്ഞാനിയുടെ ചിത്തത്തിൽ എപ്പോഴും ഒന്നിൻേറയും സ്ഫുരണംപോലുമുണ്ടാവുന്നില്ല. ചിത്തം എപ്പോഴും സ്ഫുരണമില്ലാതെ പരമപരിശുദ്ധമായിരിക്കുന്നതിനാൽ സ്വഭാവേനതന്നെ ശാന്തവുമായിത്തീരുന്നു.

ശുദ്ധസ്ഫുരണരൂപസ്യ
ദൃശ്യഭാവമപശ്യതഃ
ക്വ വിധിഃ ക്വ ച വൈരാഗ്യം
ക്വ ത്യാഗഃ ക്വ ശമോപി വാ. 71

സാരം:—ദൃശ്യങ്ങളുടെ സ്ഫുരണം എപ്പോഴുമില്ലാത്തതുകൊണ്ടും ശുദ്ധഭാവം എപ്പോഴും സ്ഫുരിക്കുന്നതുകൊണ്ടും വിധിനിഷേധങ്ങളോ ത്യാഗവൈരാഗ്യങ്ങളോ ശമദമങ്ങളോ ഒന്നുംതന്നെ ജ്ഞാനിക്കു ബാധകമല്ല. അവയെല്ലാം അതീതനാണു് ജ്ഞാനിയെന്നു പറയണം.

സ്സുരതോനന്തരൂപേണ
പ്രകൃതിം ച ന പശ്യതഃ
ക്വ ബന്ധഃ ക്വ ച വാ മോക്ഷഃ
ക്വ ഹർഷഃ ക്വ വിഷാദിതാ. 72

സാരം:—എപ്പോഴും അപരിച്ഛിന്നാകാരനായി പ്രകൃതിയെപ്പോലെ വീക്ഷിക്കാതെ കേവലം ബ്രഹ്മസ്വരൂപനായിരിക്കുന്ന ജ്ഞാനിക്കു ബന്ധമോക്ഷങ്ങളോ സന്തോഷസന്താപങ്ങളോപോലും ബാധകമല്ല. ബന്ധമോക്ഷങ്ങൾക്കുപോലും അതീതനാണു് ജ്ഞാനി.

ബുദ്ധിപര്യന്തസംസാരേ
മായാമാത്രം വിവർത്തതേ
നിർമ്മമോ നിരഹങ്കാരോ
നിഷ്കാമഃ ശോഭതേ ബുധഃ. 73

സാരം:—ശരീരം മുതൽ ബുദ്ധിയടക്കമുള്ള എല്ലാ ഉപാധികളും മായാമാത്രങ്ങളും അജ്ഞാനസ്വരൂപങ്ങളുമാണെന്നറിഞ്ഞ ജ്ഞാനി അവയിലോ അവയുടെ ധർമ്മങ്ങളിലോ അല്പംപോലും അഹന്തയോ മമതയോ ഇല്ലാത്തവനായിത്തീരുന്നു. അതിനാൽ സർവ്വകാമങ്ങളിൽനിന്നും അതിക്രമിച്ച പരമനിഷ്കാമനായി പ്രകാശിക്കുന്നു ജ്ഞാനി.

അക്ഷയം ഗതസന്താപ-
മാത്മാനം പശ്യതോ മുനേഃ
ക്വ വിദ്യാ ക്വ ച വാ വിശ്വം
ക്വ ദേഹോഽഹം മമേതി വാ, 74

സാരം:—ശാശ്വതവും, സർവ്വത്ര പൂർണ്ണവും, സന്താപരഹിതവും, ആനന്ദസമ്പൂർണ്ണവുമായ ആത്മസ്വരൂപത്തെ എപ്പോഴും കണ്ടും അനുഭവിച്ചും അതായിത്തന്നെ കഴിഞ്ഞുകൂടിക്കൊണ്ടിരിക്കുന്ന ജ്ഞാനിയുടെ കഥ ഒന്നു വേറെത്തന്നെയാണു്. അദ്ദേഹത്തിന്നു വിദ്യാവിദ്യകളോ പ്രപഞ്ചമോ ശരീരമോ ജനനമരണങ്ങളോ അഹന്താമമതകളോ ഒന്നുംതന്നെയില്ല. അവയെല്ലാം അതീതനാണു് ജ്ഞാനി.

നിരോധാദീനി കർമ്മാണി
ജഹാതി ജഡധീർയ്യദി
മനോരഥാൻ പ്രലാപാംശ്ച
കർത്തുമാപ്നോതി തൽക്ഷണാൽ. 75

സാരം:—ജ്ഞാനികളുടെയും മൂഢന്മാരുടെയും സമ്പ്രദായങ്ങൾക്കു് എപ്പോഴും ഗണ്യമായ വ്യത്യാസവുമുണ്ടു്. നിഷ്ഠാസ്വരൂപേണ ശമദമങ്ങളെയൊക്കെ ഉപേക്ഷിക്കുന്നപക്ഷം പല വിഷയങ്ങളെയും ആഗ്രഹിക്കാൻ തുടങ്ങും മൂഢന്മാർ. അവയുടെ ലാഭാലാഭങ്ങളിൽ സന്തോഷസന്താപങ്ങളെ പ്രകാശിപ്പിക്കാൻ തുടങ്ങുകയും ചെയ്യും. എന്നാൽ ജ്ഞാനികളുടെ കഥ അങ്ങനെയല്ല. അവർ ശമദമങ്ങളെ അഭ്യസിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും വിഷയങ്ങളിൽ അവക്കു പ്രീതിയുണ്ടായിരിക്കയില്ല. അവയുടെ ലാഭാലാഭങ്ങളിൽ അവക്കാവലാതിയുമില്ല.

മന്ദഃ ശ്രുത്വാപി തദ്വസ്തു
ന ജഹാതി വിമൂഢതാം
നിർവ്വികല്പോ ബഹിര്യ്യത്നാ-
ദന്തർവ്വിഷയലാലസഃ. 76

സാരം:—അല്പബുദ്ധികളായ മൂഢന്മാർ ആത്മതത്വത്തെ ശരിക്കു ശ്രവിച്ചാൽപോലും അതിനെ ഗ്രഹിക്കുകയോ വിഷയവാസനയെ നിരോധിക്കുകയോ ചെയ്യുന്നില്ല. അതിനുള്ള വീര്യം അവരുടെ ചിത്തത്തിനില്ലെന്നു താല്പര്യം. ചിലപ്പോൾ പുറമെ കാണുമ്പോഴും പറയുമ്പോഴും അവർ നല്ല വേദാന്തികളും അദ്വൈതികളുമായിരിക്കും. എന്നാൽ അകം നിറയേ വിഷയവാസനയാണു്. നിർവ്വികല്പതയൊക്കെ അവൎക്കുമുണ്ടാവാം പക്ഷേ വിഷയങ്ങളിലാവും; ആത്മസ്വരൂപത്തിലാവില്ല. എന്നാൽ ജ്ഞാനികളുടെ കഥ അങ്ങനെയല്ല, ഒരു പ്രാവശ്യം ശ്രവിച്ചാൽ മതി. അവരുടെ ചിത്തത്തിലെ വിഷയവാസനകൾ മുഴുവൻ നീങ്ങി അവൎക്കു് ആത്മസ്വരൂപത്തിൽ മുറിവില്ലാത്ത നിർവ്വികല്പഭാവം കിട്ടാൻ തുടങ്ങും. ശുദ്ധികൊണ്ടു് അവരുടെ ചിത്തത്തിന്നു് അത്രമാത്രം വീര്യമുണ്ടെന്നൎത്ഥം. അശുദ്ധികൊണ്ടു മൂഢന്റെ ചിത്തത്തിന്നു് അല്പംപോലും വീര്യമില്ലെന്നും താല്പര്യം. അതുകൊണ്ടാണു് വിഷയവാസനയെ അകററാനോ ആത്മസ്വരൂപത്തെ ഗ്രഹിക്കാനോ കഴിയാത്തതു്.

ജ്ഞാനാൽ ഗളിതകൎമ്മാ യോ
ലോകദൃഷ്ട്യാപി കൎമ്മകൃൽ
നാപ്നോത്യവസരം കൎത്തും
വക്തുമേവ ന കിഞ്ചന. 77

സാരം:—അദ്വൈതജ്ഞാനത്തിൽ അനുഭൂതി വന്നു സിദ്ധനായ മഹാത്മാവിന്നു് ഒരു കൎമ്മവുമില്ല. അദ്ദേഹത്തിന്റെ കൎമ്മങ്ങളെല്ലാം വീണുപോയ്ക്കഴിഞ്ഞിരിക്കുന്നു.

എങ്കിലും സുഷുപ്തിയിൽ കൈകാലുകളെ ചലിപ്പിക്കുകയും മാററിവെയ്ക്കുകയും ചെയ്യുന്നതുപോലെ എന്തെങ്കിലും ചിലതു ചെയ്തുവെന്നു വരാം. ലോകദൃഷ്ടിക്ക് അപ്പോൾ അദ്ദേഹം കർമ്മംചെയ്യുന്നുവെന്നും തോന്നാം. എന്നാൽ അദ്ദേഹം ഒരു കർമ്മത്തെയും ചെയ്യുന്നതായറിയുന്നില്ല. സ്വരൂപാനുഭൂതിക്കു മുറിവില്ലാത്തതിനാൽ കർമ്മത്തിൻെറ ഓർമ്മതന്നെ അദ്ദേഹത്തിനുണ്ടാവുന്നില്ല. പിന്നെ എങ്ങനെ ചെയ്യാനാണു്? കരചരണാദ്യവയവങ്ങൾ ചിരപരിചയംഹേതുവായിട്ടു് എന്തെങ്കിലും ചിലതു ചേഷ്ടിച്ചേയ്ക്കാം. എന്നാൽ അതു കർമ്മമായോ താൻ ചെയ്യുന്നതായോ ആ മഹാത്മാവറിയുന്നില്ല. സ്വരൂപാനുഭൂതിയുടെ മുറിവോ, വിജ്ഞാനത്തിൻെറ പരിച്ഛേദമോ, ദൃശ്യങ്ങളുടെ പ്രതീതിയോ കേവലം ഇല്ലാത്തതിനാൽ എന്തെങ്കിലും ഒരു വാക്കു സംസാരിക്കാൻപോലും അദ്ദേഹത്തിനവസരമുണ്ടാവാനില്ലെന്നു പറയണം.

ക്വ തമഃ ക്വ പ്രകാശോ വാ
ഹാനം ക്വ ച ന കിഞ്ചന
നിർവ്വികാരസ്യ ധീരസ്യ
നിരാതങ്കസ്യ സർവ്വദാ. 78

സാരം:—വികാരരഹിതനും ഭയത്തിൻെറ സ്പർശംപോലുമില്ലാത്തതിനാൽ ധീരധീരനും ആധിവ്യാധികളുടെ സ്ഫുരണംപോലുമില്ലാത്തവനുമായ ജ്ഞാനിക്കു് എപ്പോഴും ഒരുവിധദ്വന്ദ്വത്തിൻെറയും ബാധയില്ല. ഇരുട്ടും വെളിച്ചവുമെന്നോ ത്യാഗസ്വീകാരങ്ങളെന്നോ യാതൊരു വ്യത്യസ്തഭാവവുമില്ല. എപ്പോഴും ഒരുപോലെ തിരയടങ്ങി

യ കടലെന്നപോലെ പ്രശാന്തനും സവ്വത്ര ആനന്ദമയനു മാണു് ജ്ഞാനി.

കച്ച ധൈയ്യം കച്ച വിവേകിത്വം
കച്ച നിരാതങ്കതാപി വാ
നിവ്വികാരസ്യ ധീരസ്യ
നിസ്വഭാവസ്യ സവ്വദാ. 79

സാരം:—സ്വഭാവത്തെ അല്ലെങ്കിൽ പ്രകൃതിയെ ജയിച്ചവനാണു് ജ്ഞാനി. ഒരു സ്വഭാവവുമില്ല ജ്ഞാനിക്കെന്നൊ കാരണത്താൽ അദ്ദേഹം എപ്പോഠം എന്തു ചെയ്യും? ചെയ്യില്ല? എന്നൊന്നും ആക്കും പറയാൻ വയ്യ. അതുപോലെ ധീരത്വം വിവേകിത്വം തുടങ്ങിയ ഗുണങ്ങഠം അദ്ദേഹത്തിലുണ്ടെന്നു പറയുന്നതും കേവലം ആരോപണം മാത്രമാണു്. ഭാവങ്ങഠംക്കും അഭാവങ്ങഠംക്കും അതീതനാണു് ജ്ഞാനി. ജീവത്വമാകുന്ന വ്യക്തിഭാവം ജീവന്മുക്തനായ അദ്ദേഹത്തിലുണ്ടാവാൻ വയ്യ. അതിനാൽ കത്തൃത്വഭോക്തൃത്വങ്ങളോ, കത്തവ്യപ്രാപ്തവ്യങ്ങളോ ഒന്നുംതന്നെ ജ്ഞാനിക്കില്ല. ചുരുക്കിപ്പറഞ്ഞാൽ ജ്ഞാനി കേവലം നിവ്വികാരബ്രഹ്മമാണു്.

ന സ്വഗ്ഗോ നൈവ നരകോ
ജീവന്മുക്തിന്ന ചൈവ ഹി
ബഹുനാത്ര കിമുക്തേന
യോഗദൃഷ്ട്യാ ന കിഞ്ചന. 80

സാരം:—ജ്ഞാനിയുടെ ദൃഷ്ടിയിൽ സ്വഗ്ഗനരകങ്ങളോ ജീവന്മുക്തിപോലുമോ ഇല്ല. ജീവത്വമോ ബന്ധ

മോ ഉണ്ടായിട്ടില്ലെന്നു ബോദ്ധ്യംവന്ന ഒരാറംക്കു ജീവന്മുക്തിയുണ്ടാവാൻ വയ്യല്ലോ. ചുരുക്കിപ്പറഞ്ഞാൽ ജ്ഞാനിയുടെ യൌഗികദൃഷ്ടിയിൽ ആത്മാവല്ലാതെ ഒന്നുംതന്നെയില്ല. അതിനാൽ എപ്പോഴും അഭേദമായ അദ്വൈതാവസ്ഥ മാത്രമാണു് ജ്ഞാനിയുടെ അനുഭവം.

നൈവ പ്രാർത്ഥയതേ ലാഭം
നാലാഭേനാനുശോചതി
ധീരസ്യ ശീതളം ചിത്ത-
മമൃതേനൈവ പൂരിതം. 81

സാരം:—എന്തിൻെറയെങ്കിലും ലാഭത്തെ ആഗ്രഹിക്കുകയോ എന്തൊക്കെ നഷ്ടപ്പെട്ടാലും വ്യസനിക്കുകയോ ചെയ്യുന്നില്ല ജ്ഞാനി. വിഷയങ്ങളോടെതിത്തു ധീരധീരം പൊരുതി വിജയിച്ച ജ്ഞാനിയുടെ ചിത്തം അമൃതം നിറച്ചാലെന്നപോലെ എപ്പോഴും അത്യന്തശീതളമായിരിക്കും. ഒരു ചിന്തയും അതിനെ അലട്ടാനോ കലക്കിമറിക്കാനോ ഉണ്ടാവുന്നില്ല.

ശാന്തോ ന സ്തൌതി നിഷ്കാമോ
ന ദുഷ്ടമപി നിന്ദതി
സമദുഃഖസുഖസ്തൃപ്തഃ
കിഞ്ചിൽ കൃത്യം ന പശ്യതി. 82

സാരം:—ജ്ഞാനി കേവലം നിഷ്കാമനാണു്. ഒന്നിൻെറയും ചിന്തയോ ഇച്ഛയോ അദ്ദേഹത്തിനില്ല. ഭേദബുദ്ധിയുമില്ല. അതിനാൽ ഒന്നിനെ നല്ലതായോ മററൊന്നിനെ ചീത്തയായോ അദ്ദേഹം കാണുന്നില്ല. ശാന്തി തുടങ്ങിയ സൽഗുണങ്ങളുള്ള ആളെ നല്ലവനായോ

ദുഷ്ടനെ ചീത്ത ആളായോ അദ്ദേഹം കാണുന്നില്ല. അതിനാൽ ശാന്തനെ സ്തുതിക്കുകയോ ദുഷ്ടനെ നിന്ദിക്കുകയോ രണ്ടും അദ്ദേഹം ചെയ്യുന്നില്ല. തനിക്കു കർത്തവ്യങ്ങളുള്ളതായും അദ്ദേഹം ബോധിക്കുന്നില്ല.

ധീരോ ന ദ്വേഷ്ടി സംസാര-
മാത്മാനം ന ദിദൃക്ഷതി
ഹർഷാമർഷവിനിർമ്മുക്തോ
ന മൃതോ ന ച ജീവതി. 83

സാരം:—ഒരു മൂഢനെപ്പോലെ സംസാരത്തെ നിന്ദിക്കുകയോ ആത്മദർശനത്തിൽ ഉത്സുകനായിരിക്കുകയോ ചെയ്യുന്നില്ല ജ്ഞാനി. അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ സംസാരമെന്നും ആത്മാവെന്നുമുള്ള രണ്ടു വസ്തുക്കൾതന്നെയില്ല. സന്തോഷം ക്രോധം തുടങ്ങിയ വികാരങ്ങളൊന്നും ജ്ഞാനിക്കില്ല. വാസ്തവത്തിൽ അദ്ദേഹം മരിച്ചിട്ടില്ലെന്നു പറയണമെങ്കിലും ജീവിക്കുന്നില്ലെന്നതാണു് പരമാർത്ഥം. അഹങ്കാരം അല്ലെങ്കിൽ ശരീരാഭിമാനം നശിച്ചവരാറു ഒരു പ്രകാരത്തിൽ പറഞ്ഞാൽ മരിച്ചവൻതന്നെയാണു്.

നിസ്നേഹഃ പുത്രദാരാദൗ
നിഷ്കാമോ വിഷയേഷു ച
നിശ്ചിന്തഃ സ്വശരീരേപി
നിരാശഃ ശോഭതേ ബുധഃ. 84

സാരം:—ഭാര്യാപുത്രാദികളിലോ ഗൃഹകുടുംബാദികളിലോ യാതൊരു സ്നേഹവും ജ്ഞാനിക്കുണ്ടാവില്ല. അവരും താനുമായി ചില ബന്ധങ്ങളുണ്ടെന്ന കഥതന്നെ

അദ്ദേഹം മറന്നിരിക്കയാണു്. വിഷയങ്ങളിൽ യാതൊരു പ്രകാരത്തിലുള്ള ആഗ്രഹവും അദ്ദേഹത്തിനില്ല. തൻെറ ശരീരത്തെക്കുറിച്ചുകൂടിയും ചിന്തയില്ല ജ്ഞാനിക്കെന്നു വന്നാൽ പിന്നെ എന്തിനെക്കുറിച്ചാണദ്ദേഹത്തിനു ചിന്തയുണ്ടാവുന്നതു്? കേവലം ആശാരഹിതനായി പ്രകാശിക്കുന്നു ജ്ഞാനിയായ മഹാത്മാവു്.

തുഷ്ടിഃ സൎവ്വത്ര ധീരസ്യ
യഥാ പതിതവൎത്തിനഃ
സ്വച്ഛന്ദം ചരതോ ദേശാൻ
യത്രാസ്തമിതശായിനഃ. 85

സാരം:—എവിടെപ്പോയാലും എന്തു ചെയ്താലും ഇല്ലെങ്കിലും ആനന്ദമല്ലാതെ മററൊന്നുമില്ല ജ്ഞാനിക്കു്. ഇന്ന ദിക്കിൽ കിടക്കണം, ഇന്ന ദിക്കിൽ ഇരിക്കണം അങ്ങിനെയൊന്നുമില്ല ജ്ഞാനിക്കു്. എവിടെയായാലും എന്തായാലും സന്തോഷമാണദ്ദേഹത്തിനു്. പകൽമുഴുവൻ യാതൊരുദ്ദേശവുമില്ലാതെ എവിടെയെങ്കിലും ചുററി നടക്കും. എവിടെവെച്ചു് ആദിത്യൻ അസ്തമിച്ചുവോ, അവിടെ കിടക്കുകയും ചെയ്യും. ശരീരം എവിടെ വീണുവോ അവിടെ കിടക്കുക എന്നേ ജ്ഞാനിക്കു നിയമമുള്ളു.

പതത്വുദേതു വാ ദേഹോ
നാസ്യ ചിന്താ മഹാത്മനഃ
സ്വഭാവഭൂമിവിശ്രാന്തി-
വിസ്മൃതാശേഷസംസൃതേഃ. 86

സാരം:—ശരീരം നശിക്കലും നിലനില്ക്കലുമൊക്കെ ജ്ഞാനിക്കൊരുപോലെയാണു്. വീണു നശിച്ചാലും കൊ

ള്ളാം, ആരോഗ്യത്തോടുകൂടി നിലനിന്നാലും കൊള്ളാം. രണ്ടിനെക്കുറിച്ചും അദ്ദേഹത്തിനു ചിന്തയില്ല. ശരീരത്തെത്തന്നെ മറന്നവനാണു് ജ്ഞാനി. പിന്നെ അതിൻെറ നാശോൽപത്തികളെപ്പററി ആരു ചിന്തിക്കാനാണു്? സ്വാഭാവികമായ ആത്മസ്വരൂപത്തിൽ നിത്യവിശ്രമംഹേതുവായിട്ടു് അദ്ദേഹം സംസാരത്തെത്തന്നെ കേവലം മറന്നുകഴിഞ്ഞിരിക്കുന്നു.

അകിഞ്ചനഃ കാമചാരോ
നിർദ്വന്ദ്വഃ ഛിന്നസംശയഃ
അസക്തഃ സർവ്വഭാവേഷു
കേവലോ രമതേ ബുധഃ. 87

സാരം:—ജ്ഞാനി നിസ്വനാണെങ്കിലും സ്വച്ഛന്ദസഞ്ചാരിയാണു്. തൻേറതെന്നവകാശപ്പെടാവുന്ന ഒന്നും തന്നെ ജ്ഞാനിക്കില്ല. ശരീരത്തെപ്പോലും അദ്ദേഹം ത്യാഗം ചെയ്തുകഴിഞ്ഞിരിക്കുന്നു. എങ്കിലും ചിന്തയോ ഉദ്ദേശമോ ഇല്ലാതെ എവിടെയെങ്കിലും ഇഷ്ടംപോലെ സഞ്ചരിച്ചുകൊണ്ടിരിക്കും. എവിടെ പോയാലും ശീതോഷ്ണാദിദ്വന്ദ്വങ്ങളുടെ ബാധ അദ്ദേഹത്തിനില്ലെന്ന കാരണത്താൽ എല്ലായിടവും ഒരുപോലെയാണു്. ബ്രഹ്മമല്ലാതെ മറെറാന്നുംതന്നെ ഇല്ലെന്ന ബോധം ദൃഢപ്പെട്ടുകഴിഞ്ഞിരിക്കയാൽ എന്തുകണ്ടാലും സംശയമില്ല; നിസ്സംശയനുമാണു്. ഒന്നിനോടും യാതൊരു സമ്പർക്കവുമില്ലാതെ പരമനിസ്സംഗനായി സഞ്ചരിക്കുന്നു ജ്ഞാനി. ഒന്നിൻേറയും അപേക്ഷയില്ല. എന്നാൽ അതേ സമയത്തു് ആത്മാവിൽ ആത്മാവിനെക്കൊണ്ടുതന്നെ ആനന്ദിച്ചു് ആത്മാരാമനുമായിരിക്കുന്നു.

നിർമ്മമഃ ശോഭതേ ധീര-
സ്സമലോഷ്ടാശ്മകാഞ്ചനഃ
സുഭിന്നഹൃദയഗ്രന്ഥി-
ർവ്വിനിർദ്ധൂതരജസ്തമഃ. 88

സാരം:—ഹൃദയഗ്രന്ഥി ശരിയാംവണ്ണം പൊട്ടിപ്പോയവനാണു് ജ്ഞാനി. അതുകാരണത്താൽ അജ്ഞാനത്തിൻെറയോ അഭിമാനത്തിൻെറയോ സ്പർശംപോലും അദ്ദേഹത്തിനില്ല. മണ്ണിൻകട്ടയും കല്ലും സ്വർണ്ണക്കട്ടിയും എല്ലാം അദ്ദേഹത്തിന്ന തുല്യമാണു്. രജസ്സും തമസ്സും കേവലം നശിച്ചിരിക്കയാൽ ഞാൻ എന്നോ എൻേറതെന്നോ ഉള്ള ഭാവം എപ്പോഴും ഒന്നിലും ജ്ഞാനിക്കുണ്ടാവുന്നില്ല.

സർവ്വത്രാനവധാനസ്യ
ന കിഞ്ചിദ്വാസനാ ഹൃദി
മുക്താത്മനോ വിതൃപ്തസ്യ
തുലനാ കേന ജായതേ. 89

സാരം:—ഒരു വിഷയത്തോടും എപ്പോഴും ആദരവില്ല ജ്ഞാനിക്കു്. ഹൃദയത്തിൽ ഒന്നിൻെറയും വാസനാശിഷ്ടമില്ലെന്നാണതിന്ന കാരണം. വാസനാസ്മരണമോ വിഷയസംഗമോ എപ്പോഴും ഇല്ലെന്ന കാരണത്താൽ ജ്ഞാനി എപ്പോഴും മുക്തനാണു്. അജ്ഞാനബന്ധത്തിൻെറ യാതൊരു ബാധയും അദ്ദേഹത്തിനെപ്പോഴുമില്ല. വിഷങ്ങളിൽ പ്രിയവുമില്ല. അങ്ങനെയുള്ള ജ്ഞാനിയോടു തുല്യനായിട്ടാരാണുള്ളതു്? ആരുമില്ല. ജ്ഞാനിക്കു തുല്യൻ ജ്ഞാനിമാത്രം.

ജാനന്നപി ന ജാനാതി
പശ്യന്നപി ന പശ്യതി
ബ്രുവന്നപി ച ന ബ്രൂതേ
കോന്യോ നിർവ്വാസനാദൃതേ. 90

സാരം:—അറിയലും അറിയാതിരിക്കലും, കാണലും കാണാതിരിക്കലും, പറയലും പറയാതിരിക്കലും എല്ലാം ഒന്നാണു് ജ്ഞാനിക്കു്. അറിയുമ്പോഴും അദ്ദേഹം അറിയുന്നില്ല. അങ്ങനെതന്നെ അറിയാതിരിക്കുമ്പോഴും അറിയുന്നു. കാണുമ്പോഴും കണ്ണു കാണുന്നില്ല; കാണാത്തപ്പോഴും കാണുന്നു. പറയുമ്പോഴും പറയുന്നില്ല. പറയാത്തപ്പോഴും പറയുന്നു. എന്തൊരു വൈരുധ്യവും ആശ്ചര്യവുമാണിതു്! കേവലം നിർവ്വാസനനായിരിക്കുന്ന ജ്ഞാനിക്കല്ലാതെ ആർക്കാണിങ്ങനെ വ്യവഹരിക്കാൻ കഴിയുന്നതു്?

ഭിക്ഷുർവ്വാ ഭൂപതിർവ്വാപി
യോ നിഷ്കാമസ്സ ശോഭതേ
ഭാവേഷു ഗളിതാ യസ്യ
ശോഭനാ ശോഭനാ മതിഃ. 91

സാരം:—നിസ്വനായ ഭിക്ഷുവോ മഹാസമ്പന്നനായ രാജാവോ ആകട്ടെ അതൊന്നും ജീവിതത്തിന്റെ വിജയത്തിന്നു ഹേതുവല്ല. ആരു കേവലം നിഷ്കാമനായിരിക്കുന്നുവോ, അവനാണു് സന്തൃപ്തികൊണ്ടും സമാധാനംകൊണ്ടും ചാരിതാർത്ഥ്യംകൊണ്ടും സമ്പൂർണ്ണനായി ശോഭിക്കുന്നതു്. വസ്തുക്കളിൽ നല്ലതെന്നും ചീത്തയെന്നുമുള്ള ഭേദബുദ്ധിയാണു് സകാമതയ്ക്കു ഹേതു. ഭേദബുദ്ധി

മുഴുവൻ നശിച്ചവനാണു് ജ്ഞാനി അതിനാൽ അദ്ദേഹം പരമനിഷ്കാമനാണു്. അപ്രകാരമുള്ള നിഷ്കാമത ഹേതുവായിട്ടു നിസ്സംഗനും എല്ലാററിനും അതീതനുമാണു് ജ്ഞാനി.

ക്വ സ്വാച്ഛന്ദ്യം ക്വ സങ്കോചഃ
ക്വ വാ തത്ത്വവിനിശ്ചയഃ
നിർവ്യാജാർജ്ജവഭൂതസ്യ
ചരിതാർത്ഥസ്യ യോഗിനഃ. 92

സാരം:—നിഷ്കപടമായ ആർജ്ജവത്തെ—ശുദ്ധിയെ—സമ്പാദിച്ചവനാണു് യോഗി. മററുള്ളവരെ ബോധ്യപ്പെടുത്താൻവേണ്ടിയുള്ളതാണു് സാധാരണജനങ്ങളുടെ ശുദ്ധി ആരുടെയും ദൃഷ്ടിയെത്താത്ത പരോക്ഷതയിൽ എന്തു ചെയ്യാനും മടിയില്ലാത്തവനും പ്രത്യക്ഷത്തിൽ ജനമദ്ധ്യത്തിലെത്തുമ്പോൾ ശുദ്ധിയേയും നീതിയേയും മാനിക്കുകയും വാഴ്ത്തുകയും ചെയ്യുന്നു. അങ്ങനെയുള്ളവരുടെ ശുദ്ധി നിഷ്കപടമാണെന്നു പറഞ്ഞുകൂടാ. എന്നാൽ യോഗികളുടെ സ്ഥിതി അതല്ല; ആരു കണ്ടാലും ഇല്ലെങ്കിലും ഏതു വിജനതയിലും അവർ അശുദ്ധഭാവത്തെ സ്പർശിക്കില്ല. അതേ കാരണത്താൽ അവർ ചരിതാർത്ഥന്മാരുമാണു്. അങ്ങനെയുള്ള സുകൃതികൾക്കു സ്വാതന്ത്ര്യം പാരതന്ത്ര്യം എന്നോ തത്ത്വബോധം സംശയാവസ്ഥ എന്നോ ഉള്ള വ്യത്യാസങ്ങളൊന്നുമില്ല. അവരെപ്പോഴും സ്വതന്ത്രന്മാരും ദൃഢനിശ്ചയന്മാരുമാണു്.

ആത്മവിശ്രാന്തിതൃപ്തേന
നിരാശേന ഗതാർത്തിനാ
അന്തര്യദനുഭൂയേത
തത് കഥം കസ്യ കഥ്യതേ. 93

സാരം:—ആത്മവിശ്രാന്തികൊണ്ടു നിത്യതൃപ്തനാണു് ജ്ഞാനി. എന്തു കിട്ടട്ടെ കിട്ടാതിരിക്കട്ടെ, അദ്ദേഹത്തിന്റെ തൃപ്തിക്കൊരുപ്രകാരത്തിലും ഭംഗമില്ല. ആഗ്രഹം അദ്ദേഹത്തെ സ്പർശിക്കപോലും ചെയ്യുന്നില്ല. ആഗ്രഹം കേവലം ഇല്ലെന്ന കാരണത്താൽ മററു യാതൊരു വികാരവും ജ്ഞാനിയിലില്ല. അതുകാരണത്താൽ വേദനകൾക്കോ പരിതാപങ്ങൾക്കോ ഒന്നിനും സന്ദർഭമില്ല. ചുരുക്കിപ്പറഞ്ഞാൽ ലൗകികപുരുഷന്മാരുടെ അനുഭവങ്ങളൊന്നും ജ്ഞാനിക്കില്ല. ജ്ഞാനിയുടെ അനുഭവം ലൗകികന്മാർക്കുമില്ല. അദ്ദേഹം എന്തനുഭവിക്കുന്നുവെന്നു് ആരോട്ടു് എങ്ങനെ പറയും? ഒന്നാമതു വാക്കിന്നതീതമാണു് ജ്ഞാനിയുടെ അനുഭവം. അതിനാൽ വാക്കുകൊണ്ടു പറയത്തക്കതല്ല. ഇനി എങ്ങനെയെങ്കിലും ചിലതു പറഞ്ഞു എന്നിരുന്നാലും പരിചയമുള്ളവർക്കല്ലേ അതു ഗ്രഹിക്കാൻ സാധിക്കൂ? അങ്ങനെയുള്ളവർ ചുരുങ്ങുമെന്ന കാരണത്താൽ ആരോട്ടും ഒന്നും പറയാനുമില്ല. സാധാരണജനങ്ങളുടെ പ്രജ്ഞയ്ക്കഗോചരയാണു് ജ്ഞാനിയുടെ അനുഭൂതി.

സുപ്തോപി ന സുഷുപ്തൗ ച
സ്വപ്നേപി ശയിതോ ന ച
ജാഗരേപി ന ജാഗർത്തി
ധീരസ്തൃപ്തഃ പദേ പദേ. 94

സാരം:—കർത്തൃത്വവും ഭോക്തൃത്വവും തനിക്കുണ്ടെന്നഭിമാനിക്കുന്ന അജ്ഞനായ ജീവനാണു് ബുദ്ധിവൃത്തികളാകുന്ന അവസ്ഥാത്രയത്തെ അനുഭവിക്കുന്നതു്. വാസ്ത

വത്തിൽ ജാഗ്രദാദി അവസ്ഥാത്രയം തനിക്കുള്ളതല്ല. എന്നിരുന്നാലും അജ്ഞാനംകൊണ്ടു തനിക്കുള്ളതായി ബോധിച്ചുകൊണ്ടുതന്നെ അനുഭവിക്കുന്നു. എന്നാൽ കർത്തൃത്വ ഭോക്തൃത്വങ്ങളും അവയ്ക്കാസ്പദമായ ജീവത്വവും ലയിച്ചു ജീവന്മുക്തനായിക്കഴിഞ്ഞിരിക്കുന്നു ജ്ഞാനിയെന്ന കാരണത്താൽ അദ്ദേഹത്തിന്നിതൊന്നും ബാധകമല്ല. ജാഗ്രൽ സ്വപ്നസുഷുപ്തികളാകുന്ന മൂന്നവസ്ഥകളിലുമല്ല ജ്ഞാനി സ്ഥിതിചെയ്യുന്നതു്. ചിലപ്പോൾ സുഷുപ്തിയിലാണെന്നോ മററു ചിലപ്പോൾ സ്വപ്നത്തിലാണെന്നോ വേറെ ചിലപ്പോൾ ജാഗ്രത്തിലാണെന്നോ ഒക്കെ തോന്നാം. എന്നാൽ പ്രസ്തുത മൂന്നവസ്ഥയിലുമല്ല ജ്ഞാനി വിശ്രമിക്കുന്നതെന്നാണു് പരമാർത്ഥം.

ജ്ഞഃ സചിന്തോപി നിശ്ചിന്തഃ
സേന്ദ്രിയോപി നിരിന്ദ്രിയഃ
സുബുദ്ധിരപി നിർബുദ്ധിഃ
സാഹങ്കാരോനഹംകൃതിഃ 95

സാരം:—അതുപോലെ ചിലപ്പോൾ ചിന്താവിഷ്ടനാണു് ജ്ഞാനിയെന്നു തോന്നാം മററുള്ളവർക്കു്. എന്നാൽ അദ്ദേഹത്തിനെന്തു ചിന്തയാണു്? യാതൊരു ചിന്തയും എപ്പോഴും ഇല്ലാത്തവനാണു് ജ്ഞാനി. മാത്രമല്ല, ചിന്തിക്കാനുള്ള മനസ്സുതന്നെ മിക്കപ്പോഴും അദ്ദേഹത്തിലില്ലെന്നു പറയണം. അതിനാൽ മററുള്ളവരുടെ ദൃഷ്ടിയിൽ ഒരു ജ്ഞാനി ചിന്താവിഷ്ടനാണെന്നു തോന്നപ്പെട്ടാലും അദ്ദേഹം കേവലം നിശ്ചിന്തനാണു്. അങ്ങനെതന്നെ ഇന്ദ്രിയങ്ങളുടെയും ബുദ്ധിയുടെയും അഹങ്കാരത്തിൻെറ

യുമൊക്കെ വികാസവും വ്യാപാരവുമുള്ളവനാണു് ജ്ഞാനി യെന്നും ചിലപ്പോൾ ചിലൎക്കു തോന്നിയേയ്ക്കാം. അങ്ങ നെയൊക്കെ തോന്നപ്പെട്ടാലും വാസ്തവത്തിൽ ജ്ഞാനി ക്കു് അങ്ങനെയുള്ള യാതൊരു വ്യാപാരവുമില്ല. അദ്ദേഹം എപ്പോഴും സ്വയം തൃപ്തനും ബ്രഹ്മീഭൂതനുമായിട്ടിരിക്കു ന്നു.

ന സുഖീ ന ച വാ ദുഃഖീ
ന വിരക്തോ ന സംഗവാൻ
ന മുമുക്ഷുൎന്ന വാ മുക്തോ
ന കിഞ്ചിൽ ന ന കിഞ്ചന. 96

സാരം:—ജ്ഞാനിയെ സുഖിയെന്നോ ദുഃഖിയെ ന്നോ രണ്ടും പറഞ്ഞുകൂടാ. സുഖദുഃഖാദിദ്വന്ദ്വങ്ങളിൽ നിന്നൊക്കെ അദ്ദേഹം അതീതനാണു്. അതുപോലെ വിരക്തനെന്നോ വിഷയാലുവെന്നോ ഉള്ള ഭേദവും ജ്ഞാ നിക്കില്ല. മോക്ഷപ്രയത്നമില്ലാത്തതിനാൽ മുമുക്ഷുവോ ബന്ധമുണ്ടായിട്ടില്ലെന്ന പരമാൎത്ഥം ബോധ്യംവന്നിരി ക്കയാൽ മുക്തനോ അല്ല. ഇങ്ങനെ നോക്കുമ്പോൾ ല ക്ഷണങ്ങളെക്കൊണ്ടോ വൃത്തികളെക്കൊണ്ടോ അനുഭവ ങ്ങളെക്കൊണ്ടോ ഒന്നുകൊണ്ടും ജ്ഞാനിയെ ഇന്നവനെ ന്നു വേർതിരിക്കാൻ ആരെക്കൊണ്ടും സാധ്യമല്ല. എന്തു കൊണ്ടെന്നാൽ ഒന്നുമല്ല ജ്ഞാനി; അതേ സമയത്തു് എ ല്ലാമാണുതാനും. അത്ഭുതമാണു് ജ്ഞാനികളുടെ ചരി ത്രം.

വിക്ഷേപേപി ന വിക്ഷിപ്തഃ
സമാധൗ ന സമാധിമാൻ
ജാഡ്യേപി ന ജഡോ ധന്യഃ
പാണ്ഡിത്യേപി ന പണ്ഡിതഃ. 97

സാരം:—വിക്ഷേപം സമാധി ജാഡ്യം ഇങ്ങനെ മൂന്നു സ്വഭാവമാണു് മനസ്സിനുള്ളതു്. ജാഗ്രൽസ്വപ്നങ്ങളിൽ വിക്ഷേപസ്വരൂപമാണു്. അപ്പോൾ വിഷയങ്ങളെ മാറിമാറി പ്രാപിക്കലും വിടലും അതുഹേതുവായിട്ടുണ്ടാവുന്ന രാഗാദിവികാരങ്ങളെ വളത്തലുമാണു്. വിഷയങ്ങളെ വിടുകയും വികാരങ്ങളടങ്ങുകയും ചെയ്തു് ഏകാഗ്രമായിത്തീരുമ്പോൾ സമാധിയാണു്. സുഷുപ്തിയിൽ ജാഡ്യവുമാണു്. പ്രസ്തുത മൂന്നു സ്വഭാവങ്ങളുള്ളപ്പോഴും മനസ്സിന്നു വിധേയന്മാരാണു് സാധാരണ ജനങ്ങൾ. സാധാരണക്കാരുടെ മനസ്സിന്നു സമാധിസ്വഭാവമില്ല. എന്നാൽ ഉള്ള സ്വഭാവങ്ങൾക്കു വിധേയന്മാരാണു് പ്രായേണ ജനങ്ങൾ. എന്നാൽ ജ്ഞാനിയുടെ കഥയൊന്നു വേറെയാണു്. എപ്പോഴും മനസ്സിൻെറ ഒരു വിക്രിയയ്ക്കും ജ്ഞാനി വിധേയനല്ല. എല്ലാ വ്യവഹാരങ്ങളെയും സാക്ഷിരൂപേണ വീക്ഷിക്കുകമാത്രമാണു് ചെയ്യുന്നതു്. അതുപോലെ പലതും അറിയാവുന്ന പാണ്ഡിത്യം മനസ്സിന്നുണ്ടെങ്കിലും ആ പാണ്ഡിത്യത്തിന്നും ജ്ഞാനി വിധേയനല്ല.

മുക്തോ യഥാസ്ഥിതഃ സ്വസ്ഥഃ
കൃതകർത്തവ്യനിർവ്വതഃ
സമഃ സർവ്വത്ര വൈതൃഷ്ണ്യാൽ
ന സ്മരത്യകൃതം കൃതം. 98

സാരം:—യഥാതഥമായ സ്വസ്വരൂപത്തിൽ എപ്പോഴും സ്ഥിതിചെയ്യുന്നവനാണ് മുക്തനായ ജ്ഞാനി. അവിടെ യാതൊരു പ്രകാരത്തിലുള്ള വിഷയബാധയുമില്ലാത്തതിനാൽ യാതൊരു ചലനംപോലും ജ്ഞാനിക്കുണ്ടാവുന്നില്ല. കൎത്തവ്യങ്ങളെല്ലാം നിറവേററിക്കഴിഞ്ഞിരിക്കയാൽ എപ്പോഴും ചരിതാൎത്ഥനും നിർവൃതനുമാണ്. ഒന്നിനെപ്പററിയും യാതൊരുവിധ ആഗ്രഹവും എപ്പോഴുമില്ലെന്നതിനാൽ എപ്പോഴും എവിടെയും സമഭാവനനാണ്. അതിനാൽ ചെയ്തതിനെയോ ചെയ്യാത്തതിനെയോ ഓൎക്കാൻപോലും ഇടയാവുന്നില്ല.

ന പ്രീയതേ വന്ദ്യമാനോ
നിന്ദ്യമാനോ ന കുപ്യതി
നൈവോദ്വിജതി മരണേ
ജീവിതേ നാഭിനന്ദതി. 99

സാരം:—ശരീരബോധം വളരെ കുറവാണ് ജ്ഞാനിക്ക്. അഭിമാനം തീരെ ഇല്ല. അതുകാരണത്താൽ തന്നെ വന്ദിക്കുന്നവരിൽ സന്തോഷിക്കുകയോ നിന്ദിക്കുന്നവരിൽ കോപിക്കുകയോ രണ്ടും ചെയ്യുന്നില്ല. അതുപോലെ മരണത്തിൽ പരിഭ്രമിക്കുകയോ ജീവിതത്തിൽ സന്തോഷിക്കുകയോ ചെയ്യുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ സാധാരണജനങ്ങൾക്കുള്ള ശരീരധൎമ്മങ്ങളോ ഭാവാഭാവങ്ങളോ സ്മരണവിസ്മരണങ്ങളോ ഒന്നുംതന്നെ ജ്ഞാനിക്കില്ല. മററുള്ളവരുടെ ദൃഷ്ടിയിൽ തനിക്കു ശരീരമുണ്ടെങ്കിലും ജ്ഞാനി ശരീരത്തെ അറിയുന്നതുതന്നെ ദുർല്ലഭമാണ്.

ന ധാവതി ജനാകീർണ്ണം
നാഽരണ്യമുപശാന്തധീഃ
യഥാ തഥാ യത്ര തത്ര
സമ ഏവാഽവതിഷ്ഠതേ. 100

സാരം:—നാട്ടും കാട്ടും വീട്ടും വെളിയും എല്ലാം ഒരുപോലെയാണു് ജ്ഞാനിക്കു്. കാട്ടിൽനിന്നു ജനമദ്ധ്യത്തിലേയ്ക്കോ അതുപോലെ ജനമദ്ധ്യത്തിൽനിന്നു വിജനമായ കാട്ടിലേയ്ക്കോ പോവാൻ ജ്ഞാനിക്കൊരു നിർബ്ബന്ധവുമില്ല. അദ്ദേഹത്തിനെല്ലാ സ്ഥലവും ഒരുപോലെയാണു്. അല്ലെങ്കിൽ മനസ്സടങ്ങി ശാന്തിവന്നവൎക്കെന്തു വ്യത്യാസമാണു്? ഇഹപരലോകങ്ങളിൽപ്പോലും അവൎക്കു വ്യത്യസ്തബുദ്ധിയില്ല. മരിക്കുന്നതും ജീവിക്കുന്നതും ഒക്കെ ഒരുപോലെയാണു് ജ്ഞാനിക്കു്. എവിടെയോ അവിടെ; എന്തോ അതു്, എന്നേ ഉള്ളൂ ജ്ഞാനിക്കു്. ഒന്നിലും അദ്ദേഹത്തിന്നു യാതൊരു വ്യത്യസ്താഭിപ്രായവുമില്ല.

# അദ്ധ്യായം 19

ജനക ഉവാച—

തത്വവിജ്ഞാനസന്ദംശ-
മാദായ ഹൃദയോദരാൽ
നാനാവിധപരാമശ്-
ശല്യോദ്ധാരഃ കൃതോ മയാ. 1

സാരം:—ജനകൻ പറയുകയാണു്. അഹോ ഭാഗ്യം! ഭാഗ്യം!! എൻെറ നാനാത്വഭ്രാന്തി നീങ്ങി. ഞാൻ കൃതകൃത്യനും ധന്യനുമായി. എൻെറ ഹൃദയത്തിൻെറ അടിയിൽ ആഞ്ഞിറങ്ങിത്തറച്ചു കിടന്നിരുന്ന നാനാത്വഭ്രാന്തിയാകുന്ന ശല്യത്തെ തത്ത്വവിജ്ഞാനമാകുന്ന കുടിലു കൊണ്ടു വലിച്ചെടുത്തു എന്നുതന്നെ പറയട്ടെ.

ക്വ ധമ്മഃ ക്വ ച വാ കാമഃ
ക്വ ചാത്ഥഃ ക്വ വിവേകിതാ
ക്വ ദ്വൈതം ക്വ ച വാദ്വൈതം
സ്വേ മഹിമ്നി സ്ഥിതസ്യ മേ. 2

സാരം:—താനാകുന്ന ആത്മസ്വരൂപമഹിമാവിൽ അതായിത്തീൻകഴിഞ്ഞു സ്ഥിതിചെയ്യുന്ന എന്നെ അപേക്ഷിച്ച ധമ്മാത്ഥകാമമോക്ഷങ്ങളാകുന്ന പുരുഷാത്ഥങ്ങളോ ദ്വൈതാദ്വൈതങ്ങളാകുന്ന ജ്ഞാനവിശേഷങ്ങളോ ഒന്നുംതന്നെയില്ല. അവയെല്ലാം ഞാനാകുന്ന ആത്മാവിൽ കല്പിക്കപ്പെട്ടവയാണെന്നു ബോധ്യമായി. അതിനാൽ ഞാനൊഴിച്ച മററൊന്നുംതന്നെയില്ലാത്തതാണു്.

കച ഭൂതാ കച ഭവിഷ്യദ്വാ
വൎത്തമാനമപി കച വാ
കച ദേശഃ കച ച വാ നിത്യം
സേച മഹിമ്നി സ്ഥിതസ്യ മേ. 3

സാരം:—സ്വരൂപമഹിമാവിൽത്തന്നെ അവസ്ഥിതിചെയ്യുന്ന എന്നെ അപേക്ഷിച്ച് കാലദേശങ്ങളും നിത്യാനിത്യങ്ങളുമെല്ലാം അസത്യങ്ങളും കേവലം കല്പനാമാത്രങ്ങളുമാണ്. ഭൂതം വൎത്തമാനം ഭാവിയെന്ന കാലവ്യത്യാസമോ, ഇവിടെ അവിടെ എന്ന ദേശവ്യത്യാസമോ, നിത്യം അനിത്യമെന്ന വസ്തുവ്യത്യാസമോ ഒന്നും തന്നെ എന്നെസ്സംബന്ധിച്ചേടത്തോളം ഇല്ലാത്തവയാണ്. എല്ലാം കല്പനമാത്രം. ഞാൻ ഒന്നുമാത്രമാണ് സത്യമായിട്ടിരിക്കുന്നത്.

കച ചാത്മാ കച ച വാ നാത്മാ
കച ശുഭം കചാശുഭം തഥാ
കച ചിന്താ കച ച വാചിന്താ
സേച മഹിമ്നി സ്ഥിതസ്യ മേ. 4

സാരം:— ഞാനെന്നും നീയെന്നും നല്ലതെന്നും ചീത്തയെന്നും, വിചാരമെന്നും നിൎവ്വിചാരമെന്നുമുള്ള യാതൊരു ഭേദവും എനിക്കിപ്പോഴില്ല. എന്തുകൊണ്ടെന്നാൽ അവയെല്ലാം അടങ്ങിയ കേവലാദ്വൈതമായ സ്വരൂപമഹിമാവിൽ ഞാൻ ലയിച്ചിരിക്കയാൽ എന്നെയൊഴിച്ചൊന്നിനെയും ഞാനറിയുന്നില്ലെന്നുതന്നെ പറയണം.

ക്വ സ്വപ്നഃ ക്വ സുഷുപ്തിർവ്വാ
ക്വ ച ജാഗരണം തഥാ
ക്വ തുരീയം ഭയം വാ ക്വ
സ്വേ മഹിമ്നി സ്ഥിതസ്യ മേ. 5

സാരം:—ജാഗ്രദാദി അവസ്ഥകൾ പ്രായേണ എല്ലാവരെയും ബാധിക്കുന്നു. എന്നാൽ അദ്വൈതമായ സ്വരൂപമഹിമയിൽ അവസ്ഥിതി കിട്ടിയ ഞാൻ അവസ്ഥകൾക്കും അതീതനാണു്. ജാഗ്രത്തു്, സ്വപ്നം, സുഷുപ്തി, തുരീയം എന്ന നാലവസ്ഥകളേയും ഞാനറിയുന്നില്ല. അവസ്ഥകളും അവയിൽ പ്രതിഫലിക്കുന്ന നാനാത്വഭ്രമവും എനിക്കില്ലെന്നുവന്നാൽപ്പിന്നെ ഭയത്തിന്റെ കഥ പറയേണ്ടതില്ലല്ലോ. ഭയത്തെ ഞാൻ അറിയുന്നേയില്ല.

ക്വ ദൂരം ക്വ സമീപം വാ
ബാഹ്യം വാഽഭ്യന്തരം ക്വ വാ
ക്വ സ്ഥൂലം ക്വ ച വാ സൂക്ഷ്മം
സ്വേ മഹിമ്നി സ്ഥിതസ്യ മേ. 6

സാരം:—മദ്ധ്യത്തിൽ ഒന്നുണ്ടാവുമ്പോഴാണു് അകം പുറമെന്ന ഭേദബുദ്ധിയുണ്ടാവുന്നതു്. ഒന്നിന്റെയും പ്രതീതിയില്ലാത്തതിനാൽ അകം പുറമെന്ന വ്യത്യാസമോ ഞാനെങ്ങും നിറഞ്ഞിരിക്കുന്നതിനാൽ ദൂരം സമീപമെന്ന വ്യത്യാസമോ എനിക്കില്ല. സ്വരൂപമഹിമാവിൽ ദൃഢാവസ്ഥിതി കിട്ടിയതുകൊണ്ടു സ്ഥൂലസൂക്ഷ്മവ്യത്യാസംപോലുമോ എനിക്കില്ല. അവയ്ക്കെല്ലാം അതീതനാണു് ഞാൻ.

ക്വ മൃത്യുജ്ജീവിതം വാ ക്വ
ലോകാഃ ക്വാസ്യ ക്വ ലൗകികം
ക്വ ലയഃ ക്വ സമാധിർവ്വാ
സ്വേ മഹിമ്നി സ്ഥിതസ്യ മേ. 7

സാരം:—സ്വരൂപമഹിമാവിൽ സ്ഥിതിചെയ്യുന്ന എനിക്കു മരണമോ ജീവിതമോ ലോകങ്ങളോ ലൗകികമോ ലയമോ സമാധിയോ ഒന്നുംതന്നെയില്ല. അവയെല്ലാം അതീതനാണു് ഞാൻ.

അലം ത്രിവർഗ്ഗകഥയാ
യോഗസ്യ കഥയാപ്യലം
അലം വിജ്ഞാനകഥയാ
വിശ്രാന്തസ്യ മമാത്മനി. 8

സാരം:—ആത്മവിശ്രാന്തി വന്നുകഴിഞ്ഞ എനിക്കിനി ഒന്നിൻെറയും അപേക്ഷയില്ല. ധർമ്മാർത്ഥകാമങ്ങളോ യോഗമോ ജ്ഞാനമോ ഒന്നുംതന്നെ അറിയേണ്ടതോ നിറവേറേണ്ടതോ ആയിട്ടില്ല. ഞാൻ ധന്യനും കൃതകൃത്യനുമായിക്കഴിഞ്ഞു.

# അദ്ധ്യായം 20

ജനക ഉവാച—

കച ഭൂതാനി കച ദേഹോ വാ
കേന്ദ്രിയാണി കച വാ മനഃ
കച ശൂന്യം കച ച നൈരാശ്യം
മൽസ്വരൂപേ നിരഞ്ജനേ. 1

സാരം:—ജനകരാജാവു് പറകയാണു്: മൂന്നു പ്രകാരത്തിലുള്ള ഭേദങ്ങളുമില്ലാത്ത കേവലസത്താമാത്രവും നിർല്ലേപവുമായ എന്നിൽ—ഞാനാകുന്ന സച്ചിദാനന്ദ ബ്രഹ്മത്തിൽ—എന്താണുള്ളതു്? ഒന്നുമില്ല. ആകാശാദിഭൂതങ്ങളും സ്ഥൂലാദിദേഹങ്ങളും വാഗാദീന്ദ്രിയങ്ങളും മനസ്സും നൈരാശ്യവും എല്ലാം കേവലം ആരോപണംമാത്രം. ഞാനൊഴിച്ചു മററൊന്നുംതന്നെ വാസ്തവത്തിൽ ഇല്ല.

കച ശാസ്ത്രം കചാത്മവിജ്ഞാനം
കച വാ നിർവ്വിഷയം മനഃ
കച തൃപ്തിഃ കച വിതൃഷ്ണതാ
ഗതദ്വന്ദ്വസ്യ മേ സദാ. 2

സാരം:—ഞാൻ സർവ്വഥാ ആപ്തകാമനും ചരിതാർത്ഥനുമാണു്. ശാസ്ത്രവിചാരംകൊണ്ടോ ആത്മജ്ഞാനംകൊണ്ടോ വിഷയനിവൃത്തമാക്കപ്പെട്ട മനസ്സുകൊണ്ടോ മനസ്സിൻെറ സംതൃപ്തികൊണ്ടോ വൈരാഗ്യംകൊണ്ടോ

എനിക്കൊന്നും നേടേണ്ടതായിട്ടില്ല. സവ്വദ്വന്ദ്വങ്ങളിൽ നിന്നും ഞാൻ അതീതനും പൂണ്ണനുമാണു്.

ക്വ വിദ്യാ ക്വ ച വാവിദ്യാ
ക്വാഹം ക്വേദം മമ ക്വ വാ
ക്വ ബന്ധഃ ക്വ ച വാ മോക്ഷഃ
സ്വരൂപസ്യ ക്വ രൂപിതാ. 3

സാരം:—എനിക്കു് അറിയപ്പെടേണ്ടതായ വിദ്യയോ നശിപ്പിക്കപ്പെടേണ്ടതായ അജ്ഞാനമോ രണ്ടുമില്ല. ജ്ഞാനത്തിന്നും അജ്ഞാനത്തിന്നും അതീതനാണു് ഞാൻ. ഞാനെന്ന അഭിമാനത്തിന്നാസ്പദങ്ങളായ ശരീരാദികളോ എൻേറതെന്ന അഭിമാനത്തിന്നാസ്പദങ്ങളായ ഗൃഹകുട്ടംബാദികളോ എനിക്കില്ല. ബന്ധമുണ്ടായിട്ടേ ഇല്ലെന്ന കാരണത്താൽ മോക്ഷവും സാധിക്കേണ്ടതില്ല. ബന്ധമോക്ഷങ്ങറംക്കും അതീതനാണു് ഞാൻ. അരൂപനും അവ്യക്തനുമായ എന്നിൽ ശരീരപ്രതീതിയോ മനുഷ്യാദിഭാവമോ എങ്ങനെയുണ്ടാവും? ഒരിക്കലും ഉണ്ടായിട്ടില്ല. അതിനാൽ ഞാൻ നാമരൂപങ്ങറംക്കെല്ലാം അതീതനും സാക്ഷാൽ കൈവല്യസ്വരൂപനുമാണു്.

ക്വ പ്രാരബ്ധാണി കമ്മാണി
ജീവന്മുക്തിരപി ക്വ വാ
ക്വ തദ്വിദേഹകൈവല്യം
നിവ്വിശേഷസ്യ മേ സദാ. 4

സാരം:—യാതൊരു വിക്രിയയുമില്ലാതെ കേവലം നിവ്വിശേഷനും സാമ്യഭാവംമാത്രമുള്ളവനുമായ എനി

ക്കെന്തു പ്രാരബ്ധമാണു്? ഞാനെപ്പോഴെങ്കിലും കർമ്മം ചെയ്യുകയോ കർത്താവായിത്തീരുകയോ ചെയ്തിട്ടുണ്ടെങ്കിലല്ലേ പ്രാരബ്ധമുണ്ടാവാനിടയുള്ളു. ഞാനെപ്പൊഴുമൊന്നും ചെയ്തിട്ടില്ല, ഒന്നുമായിട്ടുമില്ല. സ്വരൂപാവസ്ഥയ്ക്കു യാതൊരു മാററവും എപ്പോഴും സംഭവിച്ചിട്ടില്ല. പിന്നെ ജീവന്മുക്തിയും വിദേഹകൈവല്യവുമൊക്കെ എനിക്കെങ്ങനെ സാദ്ധ്യങ്ങളായിത്തീരും?

ക്വ കർത്താ ക്വ ച വാ ഭോക്താ
നിഷ്ക്രിയം സ്ഫുരണം ക്വ വാ
ക്വാപരോക്ഷം ഫലം വാ ക്വ
നിഃസ്വഭാവസ്യ മേ സദാ. 5

സാരം:—കർത്തൃത്വം, ഭോക്തൃത്വം, നിഷ്ക്രിയത്വം, വിചാരം, അപരോക്ഷജ്ഞാനം, വിഷയാനുഭവം എന്നിവയെല്ലാം ജീവൻെറ കാര്യങ്ങളാണു്. എന്നാൽ ഒരിക്കലും ഒരു ജീവനോ വ്യക്തിയോ ആയിട്ടില്ലാത്ത എനിക്കെങ്ങനെ അവയെല്ലാം ബാധകമായിത്തീരും? ജീവത്വം തുടങ്ങിയ എല്ലാ അദ്ധ്യാരോപങ്ങൾക്കും അധിഷ്ഠാനമാണു് ഞാൻ; പ്രകൃതിസംബന്ധമില്ലാത്തവനുമാണു്. അതിനാൽ ഞാൻ കേവലസ്വരൂപൻതന്നെ.

ക്വ ലോകഃ ക്വ മുമുക്ഷുർവ്വാ
ക്വ യോഗീ ജ്ഞാനവാൻ ക്വ വാ
ക്വ ബദ്ധഃ ക്വ ച വാ മുക്തഃ
സ്വസ്വരൂപേഹമദ്വയേ. 6

സാരം:—സ്വസ്വരൂപവും അദ്വൈതവുമായ കൈവല്യസ്വരൂപത്തിൽ ലോകമോ മുമുക്ഷുവോ യോഗിയോ

ജ്ഞാനിയോ ബദ്ധനോ മുക്തനോ ഒന്നുംതന്നെയില്ല. ഞാനാകുന്ന അദ്വൈതപരചൈതന്യത്തിൽ ഞാനൊഴിച്ചു മറെറാന്നുംതന്നെയില്ല.

ക്വ സൃഷ്ടിഃ ക്വ ച സംഹാരഃ
ക്വ സാധ്യം ക്വ ച സാധനം
ക്വ സാധകഃ ക്വ സിദ്ധിർവ്വാ
സ്വസ്വരൂപേഹമദ്വയേ. 7

സാരം:—ഞാനാകുന്ന കേവലാദ്വൈതവസ്തുവിൽ ഞാനൊഴിച്ചു മറെറാന്നുംതന്നെയില്ല. സൃഷ്ടിയും സംഹാരവും സാധ്യമാകുന്ന മോക്ഷവും സാധനമാകുന്ന യോഗാദ്യഭ്യാസവും സാധകനാകുന്ന മുമുക്ഷുവും സിദ്ധിയാകുന്ന കൈവല്യവും എല്ലാം ജ്ഞാനകല്പനങ്ങൾമാത്രം. അദ്വൈതനായ എന്നിൽ മറെറാന്നുംതന്നെയില്ല.

ക്വ പ്രമാതാ പ്രമാണം വാ
ക്വ പ്രമേയം ക്വ ച പ്രമാ
ക്വ കിഞ്ചിൽ ക്വ ന കിഞ്ചിദ്വാ
സർവ്വദാ വിമലസ്യ മേ. 8

സാരം:—എപ്പോഴും പരമനിർവ്വികല്പസ്വരൂപിയായ എന്നെ അപേക്ഷിച്ചു ഞാനല്ലാതെ മറെറാന്നുംതന്നെ ഇല്ല. ജീവനാകുന്ന പ്രമാതാവോ വിഷയങ്ങളുടെ അസ്തിത്വത്തിൻെറ പ്രമാണങ്ങളായ ഇന്ദ്രിയങ്ങളോ അറിയത്തക്കതായ ഒരു വസ്തുവോ പരമാത്മമായ അറിവോ നിസ്സാരമോ സാരമോ ആയ ഒരു വസ്തുവോ ഒന്നുംതന്നെയില്ല. എല്ലാം അജ്ഞാനകല്പനംമാത്രം.

ക്വ വിക്ഷേപഃ ക്വ ചൈകാഗ്ര്യം
ക്വ നിർബ്ബോധഃ ക്വ മൂഢതാ
ക്വ ഹർഷഃ ക്വ വിഷാദോ വാ
സർവ്വദാ നിഷ്ക്രിയസ്യ മേ. 9

സാരം:—എപ്പോഴും കേവലം നിഷ്ക്രിയനായ എനിക്ക വിക്ഷേപമെന്നോ, ചിത്തത്തിൻെറ ഏകാഗ്രതയെന്നോ, സമാധിയെന്നോ മൗഢ്യമെന്നോ, സന്തോഷമെന്നോ വിഷാദമെന്നോ ഒന്നുമില്ല. അവയെല്ലാം അജ്ഞാനകല്പനകൾമാത്രം.

ക്വ ചൈഷ വ്യവഹാരോ വാ
ക്വ ച സാ പരമാർത്ഥതാ
ക്വ സുഖം ക്വ ച വാ ദുഃഖം
നിർവ്വിമർശസ്യ മേ സദാ. 10

സാരം:—എപ്പോഴും നിർവ്വിചാരനും നിർവ്വികാരനുമായ എനിക്ക ലോകവ്യവഹാരമെന്നോ പരമാർത്ഥസ്ഥിതിയെന്നോ, ആത്മനിർവ്വൃതിയെന്നോ സംസാരദുഃഖമെന്നോ ഉള്ള വ്യത്യാസങ്ങളൊന്നുമില്ല. അവയെല്ലാം അജ്ഞാനകല്പനകൾമാത്രമാണു്. എൻെറ ദൃഷ്ടിയിൽ എല്ലാം കൈവല്യസ്വരൂപംമാത്രമാണു്.

ക്വ പ്രവൃത്തിർന്നിവൃത്തിർവ്വാ
ക്വ മുക്തിഃ ക്വ ച ബന്ധനം
കൂടസ്ഥനിർവ്വിഭാഗസ്യ
സ്വസ്ഥസ്യ മമ സർവ്വദാ. 11

സാരം:—അപരിച്ഛിന്നനും എപ്പോഴും നിൎവ്വികാര നും ആത്മാവുമായ എനിക്കു പ്രവൃത്തിയോ നിവൃത്തിയോ മുക്തിയോ ബന്ധമോ ഒന്നുംതന്നെയില്ല. ഞാൻ അവ യെല്ലാം അതീതനും കേവലസ്വരൂപിയുമാണു്.

ക്വ മായാ ക്വ ച സംസാരഃ
ക്വ പ്രീതിൎവ്വിരതിഃ ക്വ വാ
ക്വ ജീവഃ ക്വ ച തൽ ബ്രഹ്മ
സൎവ്വദാ വിമലസ്യ മേ. 12

സാരം:—എപ്പോഴും കേവലം നിൎവ്വികല്പസ്വരൂപി യായ എന്റെ ദൃഷ്ടിയിൽ മായയോ സംസാരമോ വിഷ യങ്ങളിൽ രാഗമോ വൈരാഗ്യമോ ജീവത്വമോ ബ്രഹ്മ മോ ഒന്നുംതന്നെയില്ല. അവയെല്ലാം മായാകല്പനങ്ങളും ഞാൻ അവക്കെല്ലാം അതീതനുമാണു്.

ക്വോപദേശഃ ക്വ വാ ശാസ്ത്രം
ക്വ ശിഷ്യഃ ക്വ ച വാ ഗുരുഃ
ക്വ ചാസ്തി പുരുഷാൎത്ഥോ വാ
നിരുപാധേഃ ശിവസ്യ മേ. 13

സാരം:—ശരീരാദിഉപാധിസംബന്ധമില്ലാത്തവനും അതുകാരണത്താൽ നിരുപാധികനും കേവലം ശിവനുമാ യ എന്നെ അപേക്ഷിച്ചേടത്തോളം തത്വോപദേശം, ത ത്വശാസ്ത്രം, ഉപദേഷ്ടവ്യനായ ശിഷ്യൻ, ഉപദേഷ്ടാവാ യ ഗുരു, സാദ്ധ്യമായ പരമപുരുഷാൎത്ഥം എന്നിവയൊന്നു മില്ല. അവയെല്ലാം മായാകല്പനങ്ങളും ഞാൻ അവയ്ക്കെ ല്ലാം അതീതനുമാണു്.

കച്ചാസ്തി കച്ച വാ നാസ്തി
കച്ചാസ്തി ചൈകം കച്ച ദ്വയം
ബഹുനാത്ര കിമുക്തേന
കിഞ്ചിന്നോത്തിഷ്ഠതേ മമ. 14

സാരം:—അസ്തിത്വനാസ്തിത്വവ്യവഹാരങ്ങൾക്കും ദ്വൈതാദ്വൈതവ്യവഹാരങ്ങൾക്കുമെല്ലാം അധിഷ്ഠാനമാണു് ഞാൻ. എന്നിൽ ആരോപിക്കപ്പെട്ട അജ്ഞാനകല്പനകൾമാത്രമാണു് അവയെല്ലാം. എൻെറ സ്വരൂപം അതൊന്നുമല്ല. എന്തിനധികം പറയുന്നു. വാക്കിന്നും മനസ്സിന്നും അതീതമാണു് എൻെറ രൂപം.

സമാപ്തം

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M200 Acc. No. 38082

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M

200

NJA.A

38082

ജ്ഞാനാനന്ദഭാഷ്യം

അഷ്ടാവക്രഗീത.

KOTTAYAM PUBLIC LIBRARY

Call No M200 Acc. No 38082

Author ജ്ഞാനാനന്ദസ്വാമി

Title അഷ്ടാവക്രഗീത

Indic Digital Archive Foundation

gpura.org